# മീനച്ചിൽ

## ഗ്രാമപഞ്ചായത്ത്

1996

# വികസനരേഖ

51-5



"ഇന്ത്യയിലെ ഓരോ ഗ്രാമവും ഓരോ
സ്വതന്ത്ര റിപ്പബ്ലിക്കായിരിക്കണം"

*മഹാത്മാഗാന്ധി*

# മീനച്ചിൽ ഗ്രാമപഞ്ചായത്തിനെ വിവിധ തലങ്ങളിൽ പ്രതിനിധീകരിക്കുന്നവർ



ശ്രീ. കെ.എം. മാണി M.L.A.
(പാലാ നിയോജകമണ്ഡലം)



ശ്രീ. പി,.സി. തോമസ് M.P.
(മൂവാറ്റുപുഴ പാർലമെന്റ് നിയോജകമണ്ഡലം)



ശ്രീ. ജോസഫ് വാഴയ്ക്കൻ
(ജില്ലാ പഞ്ചായത്ത് മെമ്പർ)



ശ്രീ. സെബി പറമുണ്ട
(മെമ്പർ, ളാലം ബ്ലോക്ക് പഞ്ചായത്ത്)



ശ്രീമതി കുഞ്ഞൂഞ്ഞമ്മ തോമസ്
(മെമ്പർ, ളാലം ബ്ലോക്ക് പഞ്ചായത്ത്)



മീനച്ചിൽ ഗ്രാമപഞ്ചായത്ത് കാര്യാലയം

# മീനച്ചിൽ ഗ്രാമപഞ്ചായത്ത് - സാരഥികൾ



റ്റി.ആർ. കമലമ്മ
വാർഡ് I



സി.വി. ജോൺ
വാർഡ് II



സരസമ്മ സോമനാഥൻ
വാർഡ് III



അഡ്വ. ജോസ് ടോം
വാർഡ് IV
(മുൻ ജില്ലാ കൗൺസിലർ)



പി.വി. രാഘവപ്പണിക്കർ
വാർഡ് V
(മുൻ പ്രസിഡന്റ്)



കൊച്ചുറാണി തോമസ്
വാർഡ് VI
(വൈസ് പ്രസിഡന്റ്)



മോൻസ് കുമ്പളന്താനം
വാർഡ് VII



എ.പി. ശ്രീധരൻ
വാർഡ് VIII
(സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)



പി.റ്റി. ജോസഫ്
വാർഡ് IX



പി.ജി. മത്തായി
(മുൻസെക്രട്ടറി)



റ്റി.റ്റി. ജോസഫ്
(സെക്രട്ടറി)



കെ.എൻ. ധനഞ്ജയൻ
(ജോയിന്റ് കൺവീനർ)

# മീനച്ചിൽ ഗ്രാമപഞ്ചായത്ത്
# മുൻ സാരഥികൾ



അഡ്വ.വി.റ്റി മത്തായി
വെള്ളാപ്പാട്ട്
(പ്രഥമ പ്രസിഡന്റ്)



റ്റി. വി. ജോസഫ്
തറപ്പേൽ



അഡ്വ. എൻ.എ. എബ്രാഹം



ഇ.എം. തോമസ്
ഈറ്റത്തോട്ട്



സി.വി. വർക്കി
ചെമ്പകശ്ശേരി



പി.വി. രാഘവപണിക്കർ



ജനകീയാസൂത്രണം ഒരു തുടക്കം

# ഉള്ളടക്കം


1. ആമുഖം........................................................................ 7
2. മീനച്ചിൽ ഒരു തിരിഞ്ഞുനോട്ടം.................................. 11
3. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി........................ 15
4. പഞ്ചായത്ത് പൊതുവിവരം........................................ 17
5. സാമൂഹിക സാമ്പത്തിക മേഖലകൾ
   5.1. കൃഷി, ജലസേചനം........................................... 18
   5.2. മൃഗസംരക്ഷണം ............................................... 26
   5.3. വിദ്യാഭ്യാസം..................................................... 32
   5.4. പൊതുജനാരോഗ്യം, കുടിവെള്ളം......................... 36
   5.5. വ്യവസായം........................................................ 44
   5.6. ഗതാഗതം, ഊർജ്ജം.......................................... 49
   5.7. പാർപ്പിടം, സാമൂഹ്യക്ഷേമം............................... 56
   5.8. സംസ്കാരം........................................................ 68
   5.9. വനിതാക്ഷേമം................................................... 74
   5.10. സഹകരണം...................................................... 77
   5.11. പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം........................... 81
   5.12. വിഭവസമാഹരണം 86

## വികസനറിപ്പോർട്ട് തയ്യാറാക്കാൻ സഹകരിച്ച കോർ ഗ്രൂപ്പ്

1. രാജൻ കൊല്ലംപറമ്പിൽ
2. കെ.ജെ. സെബാസ്റ്റ്യൻ കൊരട്ടിയിൽ
3. വി.ഒ. മത്തായി ഓലിയ്ക്കൽ
4. പി.റ്റി. തോമസ് പുത്തൻപുരയ്ക്കൽ
5. എ.കെ. ചന്ദ്രമോഹൻ
6. എ.ജെ. വർക്കി അരിമറ്റത്തിൽ
7. വി.ജെ. മത്തായി
8. കെ.എൻ. പ്രസാദ് കൊണ്ടുപ്പറമ്പിൽ
9. എൻ.ജെ. കുര്യാക്കോസ് നെല്ലിക്കുന്നേൽ
10. പി.എൻ. നാരായണൻനായർ
11. ജി. അനിൽകുമാർ അമ്പാട്ട്
12. ശശി. എം.പി. മുരിയ്ക്കനാട്ടുശ്ശേരിൽ
13. റ്റി.എം. ജോസഫ് തൈപ്പറമ്പിൽ
14. സ്കറിയാ എബ്രാഹം തെക്കുപുറത്ത്
15. എൻ.സി. തോമസ് നീലിയറ
16. മറിയക്കുട്ടി വി.ജെ.
17. സണ്ണി പാലൂക്കുന്നേൽ
18. കെ.ജി. ചന്ദ്രശേഖരൻനായർ
19. ജോയി കുഴിപ്പാല
20. തങ്കപ്പൻനായർ കണയങ്കൽ
21. പി.എസ് രാധാകൃഷ്ണൻ പുതുപ്പള്ളിൽ
22. കെ.എം. ചാക്കോ കോക്കാട്ട്
23. വി.വി.ജോസഫ് വടാശേരിൽ
24. കൃഷ്ണമേനോൻ തേവരോലിൽ

*Cover Designing* : **Aji Media**

*Typesetting, Layout & Printing* : **Impress Pala**

1

# ആമുഖം

ഏതു ശ്രേഷ്ഠതകളേയും കൈയ്യെത്തിപ്പിടിക്കുവാൻ വൈഭവമുള്ളതാണ് മനുഷ്യമനസ്സ്. ആ മനസ്സിന്റെ സമ്പൂർണ്ണമായ വികസനം എന്നതായിരുന്നു ഗാന്ധിജിയുടെ സ്വപ്നം. ആ സ്വപ്നസാക്ഷാത്ക്കാരയത്നത്തിന്റെ തുടികൊട്ട് ഗ്രാമഗ്രാമാന്തരങ്ങളിൽ ആരംഭിച്ചിരിക്കുന്നു എന്നു വേണം കരുതാൻ. ഒരു പഞ്ചായത്ത് അതിന്റെ സമഗ്രമായ വികസനം എന്ന വിഷയത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ അവിടെ അധിവസിക്കുന്നവരുടെ ഭൗതികപുരോഗതിക്കാണ് മുൻതൂക്കം നൽകുക. ഈ ഭൗതിക പുരോഗതി ദുസ്സാമർത്ഥ്യം നിറഞ്ഞ ഒരു വിഭാഗത്തിനാണുണ്ടാകുന്നതെങ്കിൽ അത് ഒരു വിപത്തായിത്തന്നെ പരിണമിയ്ക്കും. ചുവരുണ്ടെങ്കിലേ ചിത്രമെഴുതാനൊക്കൂ. ചിത്രത്തിനുവേണ്ടി ചുവരുകൾ തകർക്കേണ്ടതില്ല. ധനം കുമിഞ്ഞുകൂടുന്നിടത്ത് മനുഷ്യത്വം അധപ്പതിക്കും എന്ന ആശയം ഇവിടെ നമ്മളോർക്കേണ്ടതുണ്ട്. എല്ലാം മനുഷ്യനന്മയ്ക്ക് എന്നതാവട്ടെ നമ്മുടെ സ്വപ്നം. ശ്രീകോവിലിൽ വിഗ്രഹത്തെ തേടുന്നത് ആ വിഗ്രഹത്തെ ചവിട്ടിയരച്ചുകൊണ്ടാവരുതല്ലോ. പരാശ്രിതസമൂഹമല്ലാത്ത ഒരു സാമൂഹ്യ ജീവിതാവസ്ഥയുടെ ഉണർത്തുപാട്ടിന് നമ്മുടെ ഗ്രാമങ്ങൾ ഈണം പകരട്ടെ.

വിദേശാധിപത്യത്തിൽ നൂറ്റാണ്ടുകൾ കഴിഞ്ഞശേഷം സ്വതന്ത്രയിന്ത്യ പിറന്നിട്ടിപ്പോൾ അഞ്ചു പതിറ്റാണ്ടായിരിക്കുന്നു. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം പലനേട്ടങ്ങളും നാം കൈവരിച്ചിട്ടുണ്ടെങ്കിലും നമുക്കു കൈവരിക്കുവാനാകുമായിരുന്നത്ര പുരോഗതി നേടിയിട്ടുണ്ടെന്നു പറയാനാവുമോ?

മാനവ ജനതയെ ഒന്നായിക്കണ്ട മഹാത്മാഗാന്ധിയുടെ ദർശനത്തിൽ ഉറച്ചുവിശ്വസിച്ചുകൊണ്ട് തന്നെ, അല്പം സങ്കുചിതത്വം കലർത്തി പറഞ്ഞാൽ ആരുടേയും ദുരയെ തൃപ്തിപ്പെടുത്തുവാൻ വേണ്ട വിഭവങ്ങൾ ഇല്ലായെങ്കിലും എല്ലാവർക്കും അവരുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ പര്യാപ്തമായ വിഭവങ്ങൾ നമുക്കുണ്ട്.

ഒരു ജനാധിപത്യ രാഷ്ട്രമായ ഇൻഡ്യയിൽ ഉള്ള വിഭവങ്ങൾ സമാഹരിച്ച് പരമാവധി നേട്ടങ്ങൾ കൈവരിക്കുവാൻ നമുക്ക് കഴിയാതെ പോയതിന് പല കാരണങ്ങളുമുണ്ടാകാം. എങ്കിലും പ്രധാനമായി ചൂണ്ടിക്കാണിക്കുവാനുള്ളത് കേന്ദ്രീകൃത ആസൂത്രണവും ഡിപ്പാർട്ടുമെന്റലിസവുമാണ്.

അധികാരമോ, ആസൂത്രണമോ എന്തായിരുന്നാലും അത് കേന്ദ്രീകൃതമായിരിക്കുമ്പോൾ എല്ലാ തീരുമാനങ്ങളും ഉയർന്നതട്ടിൽ മാത്രം എടുക്കപ്പെടുന്നു. അതിവിസ്തൃതമായ ഇൻഡ്യയിൽ ഇതുവരെ ആസൂത്രണം കേന്ദ്രീകൃതമായിരുന്നല്ലോ. അതുകൊണ്ടുതന്നെ ഭൂരിഭാഗ പദ്ധതി പ്രദേശവും ഉൾക്കൊള്ളുന്ന ഗ്രാമപ്രദേശങ്ങളുടെ പ്രത്യേകതകളും, അവയ്ക്കനുഗുണമായ പദ്ധതികളും ഏതെന്നു കൃത്യമായി പഠിക്കാതെ 'തെങ്ങിനും കവുങ്ങിനും ഒരേ തായിപ്പിൽ' എന്ന പാച്ചിൽ പോലെയായിരുന്നു ആസൂത്രണത്തിന്റെ രൂപകല്പന എന്നു തോന്നിപ്പോകും.

പല പദ്ധതികളും ജനങ്ങൾക്കു വേണ്ടവിധം പ്രയോജനം സിദ്ധിക്കുന്നവയായിരുന്നുവെന്ന് പറയാനാവുകയില്ല. ഉപഭോക്താക്കൾക്ക് പ്രയോജനം ഉണ്ടോ ഇല്ലയോ എന്നതിലല്ല, മുകളിൽ നിന്നുള്ള കല്പന നടപ്പാക്കുക എന്ന നിലയിലായിരുന്നു മിക്ക വകുപ്പുകളുടേയും ഉദ്യോഗസ്ഥന്മാരുടെയും നിലപാട്. ഈ ചുമതലതീർക്കലിൽ ജനനന്മയെന്ന ആത്യന്തിക ലക്ഷ്യം വിസ്മരിച്ചിട്ടില്ലേ?. ദരിദ്രരാഷ്ട്രമാ ഇൻഡ്യയിൽ ആസൂത്രണം വളരെ ശാസ്ത്രീയമാകേണ്ട സ്ഥാനത്തല്ലേ ഈ അശാസ്ത്രീയത? ജനസേവകരാകേണ്ട ഉദ്യോഗസ്ഥന്മാർ യജമാനരൂപം പൂണ്ടില്ലേ? ജനപ്രതിനിധികളായ രാഷ്ട്രനായകന്മാർ

വേണ്ടവിധം പ്രവർത്തിച്ചുവെന്ന് പറയാനാകുമോ?

'കാട്ടിലെ തടിയും തേവരുടെ ആനയും വലിയടാവലി' എന്ന മട്ടിലുള്ള പദ്ധതിനടത്തിപ്പ് അഴിമതിയും ചൂഷണവും വർദ്ധിക്കുവാനിടയാക്കിയിട്ടില്ലേ? ജനാധിപത്യസംവിധാനത്തിലെ യജമാനന്മാരായ പൊതുജനങ്ങൾ ഇതൊക്കെക്കണ്ട് പകച്ചു നില്ക്കുന്നു.

തങ്ങൾക്ക് അറിവും പങ്കാളിത്തവും ഇല്ലാതെയുള്ള പദ്ധതികളായതുകൊണ്ട്, പദ്ധതികൾ ഏതെല്ലാമെന്നോ, ആര് എങ്ങനെ നടപ്പാക്കുന്നു എന്നുപോലുമോ ജനങ്ങൾ ശ്രദ്ധിക്കുന്നില്ല. ആയതുകൊണ്ട് പദ്ധതിനടപ്പാക്കൽ ഡിപ്പാർട്ടുമെന്റലിസമായി അധഃപതിച്ചു. തങ്ങൾക്ക് പങ്കില്ലെന്നതുകൊണ്ട്, പദ്ധതിനടത്തിപ്പിൽ എന്തു ദോഷങ്ങൾ ഉണ്ടായാലും ആയത് ഉദ്യോഗസ്ഥന്മാരുടെമേൽ കെട്ടിവച്ചുകൊണ്ട് ജനങ്ങൾക്ക് ഒഴിഞ്ഞുനില്ക്കാം.

നാട്ടിൽ പൂർത്തിയായിട്ടുള്ള പദ്ധതികളുടെയും സ്ഥാപനങ്ങളുടെയും നടത്തിപ്പും സംരക്ഷണവും സർക്കാരിന്റെ മാത്രം ചുമതലയിലാണെന്ന് ജനങ്ങൾ ധരിച്ചുവരായിട്ടുള്ളപോലെ തോന്നും. യഥാർത്ഥ ഉടമസ്ഥരും ഉപഭോക്താക്കളുമായ ജനങ്ങൾ പലപ്പോഴും അവയെ കൈകാര്യം ചെയ്യുന്ന രീതി കാണുമ്പോൾ സർക്കാർ ജനങ്ങളിൽനിന്നു വസൂലാക്കി ചെലവിടുന്ന തുകയോടുകൂടി ജനശക്തികൂടി വിനിയോഗിച്ചിരുന്നെങ്കിൽ നമുക്കു നേടാനാകുമായിരുന്ന വളർച്ച എത്രയോ വലുതായിരുന്നുവെന്ന് തോന്നിപ്പോകും. നമുക്കു കൈവരിക്കാനാകുമായിരുന്ന സാമൂഹികപുരോഗതി നേടുവാനായില്ലെന്നുള്ളത് മാത്രമല്ല, ഖജനാവിൽ നിന്നും ചെലവിടുന്ന തുകയിൽ വലിയൊരളവ് ഇടനിലക്കാർ കൈക്കലാക്കുകയും ചെയ്തു. പലപ്പോഴും പദ്ധതിക്ക് പ്രതീക്ഷിച്ച പ്രയോജനവും കാലദൈർഘ്യവും ലഭിക്കുന്നില്ലെന്നും വന്നു. അധികാരകേന്ദ്രീകരണത്തിന്റെ തിക്തഫലങ്ങളാണിവയൊക്കെ. ഈ വിലയിരുത്തലുകൾ നമ്മെ അധികാരവികേന്ദ്രീകരണം നടപ്പാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് കൊണ്ടെത്തിച്ചിരിക്കുന്നു. അധികാരവികേന്ദ്രീകരണം എന്ന ആശയത്തിന് നമ്മുടെ സ്വാതന്ത്ര്യസമരചരിത്രത്തോളം തന്നെ പഴക്കമുണ്ട്. അതു നടപ്പാക്കാതിരിക്കുന്നതിന് നാം പലപ്പോഴും ന്യായങ്ങൾ കണ്ടെത്താൻ ശ്രമിച്ചിരുന്നു. അതൊന്നും നിലനില്ക്കത്തക്കതല്ലെന്നു കാലം നമ്മെ പഠിപ്പിച്ചു. നമ്മുടെ സമ്പദ്‌വ്യവസ്ഥതന്നെ ചോദ്യം ചെയ്യപ്പെടുന്ന ഘട്ടംവരെയെത്തി. ഈ രീതിയിൽ മുന്നോട്ടുപോകാൻ നമുക്ക് കഴികയില്ലെന്നു ഭരണത്തിലിരുന്ന ചിലർക്കെങ്കിലും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പഴയ ആശയം നമ്മെ പുതുതായി നടപ്പാക്കാൻ പ്രേരിപ്പിച്ചത്.

അധികാരവികേന്ദ്രീകരണത്തിന് മനഃശാസ്ത്രപരമായ ഒരു പിൻബലം കൂടിയുണ്ട്. താഴേതട്ടിലുള്ള ഉദ്യോഗസ്ഥന് അഥവാ തലത്തിന് ഉത്തരത്തിൽ ലഭിക്കുന്ന അധികാരം അയാളുടെ (തലത്തിൽ/ സ്ഥാപനത്തിന്റെ) കർമ്മശേഷിയും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നു. ഉത്തരവാദിത്വബോധത്തെ അത് ശക്തിമത്താക്കുന്നു. എല്ലാ തീരുമാനങ്ങളും ഉയർന്ന തട്ടിൽ നിന്നു മാത്രം എടുക്കപ്പെടുന്ന ഒരു സംവിധാനത്തിൽ കീഴുദ്യോഗസ്ഥൻ (സ്ഥാപനം) ഒന്നിനും കൊള്ളാത്തതായി മാറുകയും അത് സ്ഥാപനത്തിന്റെ (ഉദ്യോഗസ്ഥന്റെ) കാര്യക്ഷമതയെ ദോഷകരമായി ബാധിക്കുകയും ചെയ്യും. അധികാരവികേന്ദ്രീകരണം സ്ഥാപനത്തിന്റെ മൊത്തം പ്രവർത്തനത്തെ ഊർജ്ജസ്വലമാക്കുന്നു. അതു കാലതാമസത്തെ ലഘൂകരിക്കുകയും ചെയ്യുന്നു.

ഓരോ ഗ്രാമത്തിന്റെയും പ്രത്യേകതകളും സൗകര്യങ്ങളും പരിമിതികളും കണക്കിലെടുത്തും ജനങ്ങളുടെ ആവശ്യവും ആഗ്രഹവും അഭിപ്രായങ്ങളും അറിഞ്ഞുകൊണ്ട് വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ട് അവരുടെ ബഹുജനപങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി നടപ്പാക്കുന്ന പദ്ധതികൾകൊണ്ട് ഭാരതത്തിനാകമാനം വഴികാട്ടിയാകാവുന്ന തരത്തിലുള്ള നേട്ടങ്ങൾ കേരളത്തിലെ ഗ്രാമങ്ങളും നഗരങ്ങളും കൈവരിക്കും.

അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാനത്തിലുള്ള ആസൂത്രണം ഏറ്റവും അടിത്തട്ടിൽ നിന്നുതന്നെ അതായത് ഗ്രാമപഞ്ചായത്തിന്റെ വാർഡുതലത്തിൽ നിന്നും ആരംഭിക്കണമെന്നും ആയത് ബന്ധപ്പെട്ട വാർഡിലെ ഓരോ സമ്മതിദായകന്റെയും ആഗ്രഹാഭിലാഷങ്ങൾക്ക് അനുസൃതമായിട്ടുകൂടിയാവണമെന്നുള്ള കാഴ്ചപ്പാടോടെയാണ് 73-ാം ഭരണഘടനാ ഭേദഗതി തന്നെ ഉണ്ടായിട്ടുള്ളത്. ഈ ഭേദഗതി ഓരോ വോട്ടർമാരുടേയും ഇക്കാര്യത്തിലുള്ള അവകാശം അരക്കിട്ടുറപ്പിച്ചിരിക്കുന്നു. അഥവാ ഗ്രാമസഭകളിൽ വോട്ടർമാർ പങ്കെടുക്കുകയും അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നത് ഔദാര്യമല്ല, മറിച്ച് അവകാശമാണെന്ന് അവരെ ശക്തമായി ഓർമ്മിപ്പിക്കുന്നു.

കടുത്ത സാമ്പത്തിക ബുദ്ധിമുട്ടും, നിയമത്തിന്റെ അപര്യാപതതയും ഗ്രാമ പഞ്ചായത്തുകൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്. ഇതിനു പരിഹാരമെന്നവണ്ണം 9-ാം പദ്ധതിയിലെ സംസ്ഥാന അടങ്കലിന്റെ 35-40% വരുന്ന തുക ഗ്രാമപഞ്ചായത്തുകളിൽകൂടി ചെലവഴിക്കുമെന്നും സെൻകമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിയമഭേദഗതികൾ നടത്തുമെന്നും സർക്കാർ ഇതിനകം പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ ഒരു ഗ്രാമപഞ്ചായത്തിന്റെ നാനാവിധമായ പുരോഗതിക്ക് കമ്മിറ്റിയോടൊപ്പം അനുപൂരകമായി പ്രവർത്തിക്കുന്നതിന് ഓരോ വോട്ടർമാർക്കും ധാർമ്മികമായി കടമയുണ്ട്. ഈ കടമ ആത്മാർത്ഥമായി നിറവേറ്റപ്പെടുന്നില്ലെങ്കിൽ ആയത് അവരുടെ ഒരു ബാദ്ധ്യതയായി നിലകൊള്ളും. ഭാവനാസമ്പന്നരും സങ്കുചിതചിന്താഗതികൾ കൈവെടിഞ്ഞ് ദീർഘവീക്ഷണത്തോടുകൂടി പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിൽ സഹകരിക്കുന്ന കർമ്മനിരതരായ ഒരു ചെറുസംഘം വോട്ടർമാരെങ്കിലും നമുക്കുള്ളപക്ഷം നമ്മുടെ ഗ്രാമ പഞ്ചായത്ത് എല്ലാ തുറകളിലും പുരോഗതിയും സ്വയം പര്യാപ്തതയും നേടുമെന്നതിൽ രണ്ടുപക്ഷമില്ല. ഈ ആത്മവിശ്വാസമാണ് ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ കൈമുതൽ.

9-ാം പഞ്ചവത്സരപദ്ധതി ജനപങ്കാളിത്വത്തോടുകൂടി രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി മീനച്ചിൽ ഗ്രാമപഞ്ചാത്തിൽ ജനകീയാസൂത്രണത്തെക്കുറിച്ച് വിശദീകരിക്കുന്നതിനു(ജനങ്ങൾക്കിടയിൽ)ള്ള പ്രഥമയോഗം 12-9-96 വ്യാഴാഴ്ച പകൽ 2 മണിക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. പി.വി. രാഘവപണിക്കരുടെ അദ്ധ്യക്ഷതയിൽ മീനച്ചിൽ സർവ്വീസ് സഹകരണബാങ്ക് ഓഡിറ്റോറിയത്തിൽ കൂടി. യോഗത്തിൽ അംഗീകൃത രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, സന്നദ്ധസംഘടനാ ഭാരവാഹികൾ, അംഗൻവാടി ജീവനക്കാർ തുടങ്ങിയ സമൂഹത്തിന്റെ വിവിധ തുറകളിൽപ്പെട്ട നിരവധി ആളുകൾ പങ്കെടുത്തു. ജനകീയാസൂത്രണപ്രസ്ഥാനമെന്തെന്നും അവയുടെ ഉദ്ദേശലക്ഷ്യങ്ങൾ ഏതൊക്കെയെന്നും ഒന്നാംഘട്ട ജില്ലാതലട്രെയിനിംഗ് ലഭിച്ച അഡ്വ. ജോസ് ടോം, വൈസ് പ്രസിഡണ്ട് ശ്രീമതി കൊച്ചുറാണിതോമസ്, സെക്രട്ടറി പി.ജി. മത്തായി, ശ്രീ കെ.എം. ചാക്കോ കോക്കാട്ട് എന്നിവർ വിശദീകരിച്ചുകൊണ്ട് സംസാരിച്ചു. യോഗത്തിൽ ളാലം ബ്ലോക്ക്പഞ്ചായത്ത് മെമ്പർമാരായ ശ്രീ സെബി പറമുണ്ട, ശ്രീമതി കുഞ്ഞൂഞ്ഞമ്മ തോമസ് എന്നിവരടക്കം 80 പേർ(20സ്ത്രീകൾ ഉൾപ്പെടെ) സംബന്ധിച്ചു.

മീനച്ചിൽ ഗ്രാമപഞ്ചായത്തിലെ ആദ്യ പഞ്ചായത്ത്തല കൺവെൻഷൻ 19-9-96 വ്യാഴാഴ്ച പകൽ 9 മണി മുതൽ മണിവരെ ഇടമറ്റം N.S.S T.T.I യിൽ വച്ചു നടക്കുകയുണ്ടായി. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി.വി. രാഘവപണിക്കരുടെ അദ്ധ്യക്ഷതയിൽ ചേർന്നയോഗം സംസ്ഥാന റിസോഴ്സ്പേഴ്സൺ പ്രൊഫ. ലോപ്പസ് മാത്യു ഉദ്ഘാടനം ചെയ്യുകയും ജനകീയാസൂത്രണത്തെക്കുറിച്ച് സുദീർഘമായി സംസാരിക്കുകയും ചെയ്തു. ബ്ലോക്ക് മെമ്പർ ശ്രീമതി കുഞ്ഞമ്മ തോമസും സന്നിഹിതയായിരുന്നു. ശ്രീ. കെ.എം. ചാക്കോ കോക്കാട്ട്, ശ്രീ. കെ. ജെ. സെബാസ്റ്റ്യൻ, അഡ്വ. ജോസ് ടോം, ശ്രീമതി കൊച്ചുറാണി തോമസ്, ശ്രീ ജോയി കുഴിപ്പാല, മീനച്ചിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി.ജി. മത്തായി എന്നിവർ ക്ലാസെടുത്തു, ഈ കൺവൻഷനിൽ സ്ത്രീകൾ അടക്കം 85 പേർ പങ്കെടുത്തു.

21-9-96 മുതൽ 2-10-96 വരെയുള്ള ദിവസങ്ങളിലായി പഞ്ചായത്തിലെ 9 വാർഡുകളിലും സ്പെഷ്യൽ ഗ്രാമസഭകൾ നടന്നു. മുൻകൂട്ടി നിശ്ചയിച്ചിരുന്ന തീയതികളിലും സമയത്തും സ്ഥലങ്ങളിലും വച്ചാണ് ഗ്രാമസഭ ചേർന്നത്. ശരാശരി 110 പേർ എന്ന കണക്കിൽ ഗ്രാമസഭയിൽ പങ്കാളിത്തമുണ്ടായിരുന്നു. ഇതിൽ സ്ത്രീകളും ഗണ്യമായ തോതിൽ പങ്കെടുത്തിരുന്നു.

പഞ്ചായത്തിലെ യു.പി, എച്ച്.എസ് സ്കൂൾ വിദ്യാർത്ഥികൾക്കായി അതത് സ്കൂളുകളിൽ വച്ച് 18-10-96-ൽ ക്വിസ് മത്സരം നടത്തുകയുണ്ടായി. സ്കൂളുകളിൽ വിജയികളായ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്ത്തല ക്വിസ്മത്സരം ഇടമറ്റം K.T.J.M ഹൈസ്കൂളിൽ വച്ച് 25-10-96-ൽ നടത്തുകയുണ്ടായി. ക്വിസ് മാസ്റ്റർ സെക്രട്ടറി. പി. ജി. മത്തായി ആയിരുന്നു. സ്കൂളിലെ എല്ലാ വിദ്യാർത്ഥിനീവിദ്യാർത്ഥികളും ശ്രോതാക്കളായിരുന്നു. അദ്ധ്യാപകരുടെ സഹകരണവും സജീവമായിരുന്നു. ക്വിസ് മത്സരത്തിനുശേഷം തുടർന്നു നടന്ന യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ ചാർജ്ജിലുള്ള കൊച്ചുറാണി തോമസ് അദ്ധ്യക്ഷയായിരുന്നു. സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. എ.പി. ശ്രീധരൻ, മെമ്പർ ശ്രീമതി കെ.എസ് സരസമ്മ എന്നിവർ സന്നിഹിതരായിരുന്നു. മുൻപ്രസി

ഡന്റ് ശ്രീ. പി.വി. രാഘവപണിക്കർ മത്സരവിജയികൾക്ക് സമ്മാനദാനം നിർവ്വഹിച്ചു.

ഒന്നാം ഘട്ടത്തിൽ വീടുവീടാന്തരം കയറിയിറങ്ങി വിഭവശേഖരണം നടത്തി. ഓരോ വിഭാഗത്തിനും നിയോഗിക്കപ്പെട്ടിരുന്ന കമ്മിറ്റികൾ അവയുടെ വിശദവിവരങ്ങൾ (പ്രത്യേക) മാതൃകാ ഫോറത്തിൽ ശേഖരിക്കുകയും അത് സമന്വയിപ്പിച്ച് (സംഗ്രഹിച്ച്) എടുക്കുകയും ചെയ്തു.

5-11-96 മുതൽ 7-11-96 വരെയുള്ള ദിവസങ്ങളിൽ പാലായിൽ വച്ചു നടന്ന ജില്ലാതല ട്രെയിനിംഗിൽ ഈ പഞ്ചായത്തിൽ നിന്നും 8 പേർ പങ്കെടുത്തു.

8-11-96 മുതൽ 26-11-96 വരെയുള്ള തീയതികളിൽ രണ്ടാംഘട്ട പരിശീലനം മുതൽ ചരിത്രപഠനംവരെയുള്ള പ്രവർത്തനങ്ങൾ നടത്തി. പഞ്ചായത്തിന്റെ മുൻകാല പ്രവർത്തനത്തെപ്പറ്റിയും ചരിത്രത്തെപ്പെറ്റിയും അറിയാവുന്ന പ്രഗത്ഭരായ നിരവധി വ്യക്തികളെ അവരുടെ വസതികളിൽ പോയി കണ്ട് വിവരങ്ങൾ ശേഖരിച്ചു.

പഞ്ചായത്ത് പരിധിക്കുള്ളിൽ വരുന്ന ഓഫീസുകളിലെ അദ്ധ്യാപകരടക്കമുള്ള ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചു ചേർത്ത് ജനകീയാസൂത്രണത്തെക്കുറിച്ചും, അതിൽ ഉദ്യോഗസ്ഥന്മാരുടെ പങ്കിനെപ്പറ്റിയും വിശദീകരിക്കുകയുണ്ടായി.

19-11-96 ചൊവ്വാഴ്ച സ്വാഗതസംഘം വിളിച്ചുക്കൂട്ടി. അതിവിപുലമായ രീതിയിൽ തന്നെ മീനച്ചിൽ പഞ്ചായത്തിന്റെ വികസനസെമിനാർ നടത്തുന്നതിന് തിരുമാനിച്ചു. നടത്തിപ്പിന് സഹായകമായി വിവിധ കമ്മിറ്റികൾ (ജനകീയ) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ജനറൽകൺവീനറായ ശ്രീ. സി.വി. ജോണിന്റെയും ജോയിന്റ് കൺവീനറായ ശ്രീ കെ.എൻ. ധനഞ്ജയന്റേയും പ്രവർത്തനം വളരെ ശ്ലാഘനീയമായിരുന്നു.

ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പഞ്ചായത്ത് ഓഫീസിൽ നിന്നു ലഭ്യമായ വിവരങ്ങൾക്ക് ഉപരി പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വരുന്ന വിവിധ ഓഫീസുകൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിച്ച സ്ഥിതി വിവരങ്ങളും, പഞ്ചായത്ത് നടത്തിയ സർവ്വേറിപ്പോർട്ടുകളും പഠനകുറിപ്പുകളും ഇവയ്ക്കെല്ലാമുപരി ഓരോവാർഡിലും നടന്നഗ്രാമസഭകളിൽ നിന്നു ഉയന്നു വന്ന ഗ്രാമസഭാ റിപ്പോർട്ടുകളും സഹായകമാക്കിയിട്ടുണ്ട്.

റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹകരിച്ച ശ്രീ. മാത്യു ജോസഫ് കുരുവിനാക്കുന്നേൽ, ശ്രീ. ജോസഫ് പുലിക്കുന്നേൽ, ഫാ. കുര്യൻ വേങ്ങത്താനം (C.M.I. ആശ്രമം), ശ്രീ. കെ.എം. ഡോമിനിക് (ഹെഡ്മാസ്റ്റർ K.T.J.M.H.S.), വർക്കി ജോസഫ് തറപ്പേൽ, എം.കെ. പ്രഭാകരൻപിള്ള വരകപ്പള്ളിൽ, കെ.എൻ. മാധവൻനായർ കല്ലൂര്, തോമസ് മാത്യു കൊട്ടാരത്തുംകുഴി, റ്റി.എം. തോമസ് തുരുത്തിയിൽ, അഡ്വ. ജോസഫ് മണ്ഡപം, എന്നിവരെ നന്ദിപൂർവ്വം ഇത്തരുണത്തിൽ സ്മരിക്കുന്നു. ഇനിയും ഒട്ടുവളരെ പേരുകൾ എടുത്തുപറയേണ്ടതായിട്ടുണ്ടെങ്കിലും സ്ഥലപരിമിതിമൂലം എല്ലാവരോടും ഒറ്റവാക്കിൽ കൃതജ്ഞത പ്രകാശിപ്പിക്കുന്നു.

✧ ✧

2

# മീനച്ചിൽ - ഒരു തിരിഞ്ഞുനോട്ടം

കുംഭക്കോണത്തെ വെങ്ങാലൂർ നിന്നു വന്ന ശ്രീദേവി, അംബികാദേവി എന്നീ രണ്ടു സ്ത്രീരത്നങ്ങളിൽനിന്ന് ഉത്ഭവിച്ച ഞാവക്കാട്ട് കർത്താക്കന്മാരിലൊരുവനായിരുന്ന ശ്രീവീരദാമോദരസിംഹരുവായിരുന്നു ആദ്യത്തെ മീനച്ചിൽ രാജാവ്. മീനാക്ഷിഭക്തന്മാരായിരുന്ന ഇവർ കുമ്പാനിക്കടുത്ത് പണിതീർത്ത മീനാക്ഷി ക്ഷേത്രം സ്ഥിതി ചെയ്യുന്ന പ്രദേശം എന്നതിൽ നിന്ന് കാലപരിണാമം കൊണ്ട് രൂപം കൊണ്ടതാണ് 'മീനച്ചിൽ' എന്ന നാമധേയമെന്നാണ് ഐതീഹ്യം. എന്നാൽ ഇന്ന് മീനച്ചിൽ രാജക്കന്മാരായിരുന്ന ഞാവക്കാട്ട് കർത്താക്കന്മാരും മീനച്ചിലെന്ന നാമധേയത്തിന് കാരണഭൂതമായിത്തീർന്ന മീനാക്ഷി ക്ഷേത്രവും ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിലല്ല സ്ഥിതി ചെയ്യുന്നത് എന്നുള്ളത് ഏറ്റവും വിരോധാഭാസവും വേദനാജനകവുമാണ്. അതുപോലെതന്നെ മീനച്ചിൽ രാജക്കന്മാരുടെ മുഖ്യമന്ത്രിപദം അലങ്കരിച്ചിരുന്ന അറക്കൽ മേനോൻ കുടുംബവും ധനകാര്യമന്ത്രിപദം അലങ്കരിച്ചിരുന്ന വളപ്പിൽ മേനോൻ കുടുംബവും ഇന്ന് അന്യംനിന്നു പോയിരിക്കുന്നു.

1751-ൽ തിരുവിതാംകൂറിലെ മാർത്താണ്ഡവർമ്മ മഹാരാജാവ് മീനച്ചിൽ രാജ്യത്തെ കീഴടക്കുന്നതുവരെ മീനച്ചിൽ രാജാക്കന്മാർ ഓരോ കരയിലും രൂപീകരിച്ചിരുന്ന നാട്ടുക്കൂട്ടങ്ങളും അതിന്റെ അദ്ധ്യക്ഷന്മാരായിരുന്ന മില്ലക്കാരന്മാരും മുഖാന്തിരം രാജ്യഭരണം നടത്തിയിരുന്നു. ഇടമറ്റത്ത് ഇന്ന് സ്ഥിതിചെയ്യുന്ന കെ.എൻ. രാമകൃഷ്ണൻനായർ കാക്കനാടിന്റെ കാരണവന്മാരായിരുന്നു ഇടമറ്റം കരയിലെ മില്ലക്കാരൻ പദം അലങ്കരിച്ചുപോന്നിരുന്നത്.

1888-ൽ തിരുവിതാംകൂർ മഹാരാജാവ് ആയിരുന്ന ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കാലത്ത് ഇന്ത്യയിലാദ്യമായി തിരുവിതാംകൂറിൽ രൂപം കൊടുത്ത ജനപ്രതിനിധിസഭയായ ലെജിസ്ലേറ്റീവ് കൗൺസിൽ 1904-ൽ ശ്രീമൂലം പ്രജാസഭാ എന്ന പേരിൽ പുനഃസംഘടിപ്പിക്കപ്പെട്ടു. 1932-ൽ ഇത് ശ്രീമൂലം അസംബ്ലി, ശ്രീചിത്തിര സ്റ്റേറ്റ് കൗൺസിൽ എന്നീ രണ്ടു മണ്ഡലങ്ങളായി വേർതിരിച്ചു. വിവിധ കാലഘട്ടങ്ങളിലായി ഈ പഞ്ചായത്തിലെ പൗരപ്രമുഖരായിരുന്ന തൊമ്മൻ തൊമ്മൻ കുരുവിനാകുന്നേൽ, പാമ്പ്ലാനിയിൽ മാത്തുണ്ണി തൊമ്മൻ, പേരേക്കാട്ട് കുരുവിള മാത്തൻ (ഇദ്ദേഹത്തിന്റെ പിതാമഹൻ കുരുവിള തരകൻ മഹാരാജവിൽ നിന്നും തരകസ്ഥാനം ലഭിച്ചയാളാണ്), പുത്തൻ പുരയ്ക്കൽ ഗോവിന്ദൻനായർ (ഇദ്ദേഹത്തിന്റെ പൗത്രനായിരുന്നു അന്തരിച്ച പ്രസിദ്ധ സിനിമാസംവിധാകൻ അരവിന്ദൻ) പുതുപ്പള്ളി നാരായണപിള്ള, വരകപ്പള്ളിൽ കേശവപിള്ള (ആദ്യത്തെ മീനച്ചിൽ പഞ്ചായത്ത് കമ്മറ്റിയിൽ അംഗമായിരുന്നു) എന്നീ മഹത്‌വ്യക്തികൾ ശ്രീമൂലം പ്രജാസഭാ അംഗങ്ങളായി പ്രവർത്തിച്ചിട്ടുണ്ട്.

### മീനച്ചിലാറ്

ഇന്നത്തെ കുടമുരുട്ടിമലയിൽ തപസുചെയ്തിരുന്ന കവണമഹർഷിയുടെ കുടംഉരുണ്ടുപോയ വഴിക്ക് രൂപംകൊണ്ടുവെന്ന് പറയപ്പെടുന്ന മീനച്ചിലാറ് ആദ്യകാലങ്ങളിൽ അറിയപ്പെട്ടിരുന്നത് കവണാർ എന്നപേരിലായിരുന്നു. പിന്നീട് മീനച്ചിൽ രാജ്യത്തുകൂടി കടന്നുപോകുന്ന ആറ് എന്നകാരണത്താൽ ഇത് മീനച്ചിലാറ് എന്ന് അറിയപ്പെട്ടു. റോഡുഗതാഗതം ഇന്നത്തെപോലെ പുരോഗമിക്കാതിരുന്ന പ്രാചീനകാലഘട്ടത്തിൽ ജലഗതാഗതത്തിന്

തീർത്തും അനുയോജ്യമായിരുന്നു മീനച്ചിലാറ്. കാരണം, വെള്ളച്ചാട്ടമില്ലാത്ത കേരളത്തിലെ ചുരുക്കംചില നദികളിൽ ഒന്നാണ് ഇത്. സുഗന്ധവിളകളുടെയും കുരുമുളകിന്റെയും അതുവഴി സമ്പൽസമൃദ്ധിയുടെയും നാടായിരുന്ന മീനച്ചിൽരാജ്യവുമായി അതിപ്രാചീനകാലംമുതൽ വിദേശികളും വടക്കേ ഇന്ത്യക്കാരും വ്യാപാരബന്ധംപുലർത്തിയിരുന്നുവെന്നതിന് തെളിവായി 1948-ൽ എലിക്കുളത്തിൽ നിന്ന് കണ്ടെടുത്ത 2400-ലേറെ വർഷം പഴക്കമുള്ള മഗധമൗര്യൻ കാലഘട്ടത്തിലെ 162 വെള്ളി നാണയങ്ങൾ (ഇന്നത് തൃപ്പൂണിത്തറ, തൃശൂർ, കൊട്ടാരക്കര മൂസിയങ്ങളിൽ സൂക്ഷിച്ചിരുക്കുന്നു) കണക്കാക്കുന്നു. ഇടമറുകിൽ കദളിക്കാട്ട് പുരയിടത്തിൽ നിന്നും ലഭിച്ച 2000-ത്തിലേറെ വർഷം പഴക്കമുള്ള റോമൻ സ്വർണ്ണനാണയം (കോട്ടയം ട്രഷറിയിൽ സൂക്ഷിച്ചിരിക്കുന്നു) പൂഞ്ഞാർ C.M.I ആശ്രമപരിസരത്തുനിന്നും ലഭിച്ച സ്വർണ്ണനാണയങ്ങൾ (കുമ്മണ്ണൂർ ഫാ. ജോസഫ് താഴത്തേടത്തിന്റെ കൈവശം) ഇതിനുള്ള മറ്റുതെളിവുകളാണ്.

ജലഗതാഗതത്തിന് അനുയോജ്യമായിരുന്ന മീനച്ചിലാറ് ഇതരരാജ്യക്കാരുമായി വ്യാപാരബന്ധത്തിന് ഈ പ്രദേശത്തെ സഹായിച്ചതുപോലെ തന്നെ സമ്പൽസമൃദ്ധമായിരുന്ന ഈ പ്രദേശം വിദേശികൾ കൊള്ളയടിക്കുന്നതിനും സഹായിച്ചിട്ടുണ്ട്. ടിപ്പുസുൽത്താന്റെ പടയോട്ടകാലത്ത് എലിക്കുളം നിവാസികളായിരുന്ന സമ്പന്നന്മാർ തങ്ങളുടെ സമ്പാദ്യമായിരുന്ന സ്വർണ്ണവും രത്നങ്ങളും ഒരു ചെമ്പിൽ നിറച്ച് പൊന്നൊഴുകുംതോട്ടിലൂടെ ഒഴുക്കിവിട്ടതിന്റെ പരിണിതഫലമായിട്ടാണ് ആ തോടിന് പൊന്നൊഴുകുംതോട് എന്നു പേർ കിട്ടിയത് എന്നും, ഇന്നും ആ സ്വർണ്ണത്തിൽ ഒരു ഭാഗം ഭരണങ്ങാനം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിനടുത്തുള്ള വൈപ്പിനിലുണ്ട് എന്നും ഒരു ഐതീഹ്യം നിലനില്ക്കുന്നുണ്ട്. ഏതായാലും പ്രാചീനകാലഘട്ടത്തിൽ ഇന്നത്തെ മീനച്ചിൽ പഞ്ചായത്ത് പ്രദേശമുൾപ്പെടുന്ന മീനച്ചിൽ രാജ്യം നിരവധി തവണ കൊള്ളയടിക്കപ്പെട്ടിട്ടുണ്ട് എന്നുള്ളത് കാരണവന്മാർ സമ്മതിക്കുന്നുണ്ട്. അന്നത്തെ പടയോട്ടക്കാർ ആ കാലഘട്ടത്തിലെ ഏറ്റവും പ്രശസ്തമായിരുന്ന തറവാടുകളിലൊന്നായിരുന്ന പുതുപ്പള്ളി തറവാട്ടിൽ കൊണ്ടുവന്ന് ഏല്പിച്ച കുഞ്ചുക്കുട്ടി, കുതിരപ്പക്ഷി എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന എന്തോ ഒരു വലിയ നിധികുംഭം ഇന്നും ആ തറവാട്ടിലുണ്ട് എന്ന് പറയപ്പെടുന്നു. ധർമ്മപുത്രർ സ്ഥാപിച്ചുവെന്ന് അവകാശപ്പെടുന്ന ശ്രീകൃഷ്ണസ്വാമിക്ഷേത്രം ഉൾപ്പെടുന്ന പ്രദേശം പിന്നീട് 1950കളിൽ ഉണ്ടായ ഒരു വലിയ ഉരുൾപൊട്ടലും വെള്ളപ്പൊക്കവും മൂലം മീനച്ചിലാറ് ദിശമാറിയൊഴുകുന്നതുവരെ ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിലായിരുന്നുവെന്നും പറയപ്പെടുന്നു.

## സാമൂഹ്യ- സാമുദായിക സാംസ്കാരിക രാഷ്ട്രീയ രംഗം

1800-കളുടെ ആരംഭത്തിൽ തന്നെ മീനച്ചിൽ പഞ്ചായത്ത് പ്രദേശത്ത് നാനാജാതിമതസ്ഥരായ ഹിന്ദു-ക്രിസ്ത്യ സമുദായാഗംങ്ങൾ ഏകോദര സഹോദരങ്ങളെപ്പോലെ കഴിഞ്ഞുകൂടിയിരുന്നു. 1849-ൽ മീനച്ചിൽ പഞ്ചായത്തിലെ ആദ്യത്തെ ക്രൈസ്തവ ദേവാലയമായ വിളക്കുമാടം സെന്റ് സേവ്യേഴ്സ് പള്ളി പണിയുന്നതുവരെ ഇവിടെ ഹൈന്ദവദേവാലയങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു എന്നു മാത്രവുമല്ല ഈ പ്രദേശത്ത് അധിവസിച്ചിരുന്ന നനാജാതിക്കാരായ ഹൈന്ദവ കുടുംബങ്ങൾക്കായി നിരവധി ക്ഷേത്രങ്ങൾ ഉണ്ടായിരുന്നു. അവയൊക്കെ അക്കാലഘട്ടത്തിലെ പ്രശസ്തമായ ഏതെങ്കിലും കുടുംബങ്ങളുടെ മേൽനോട്ടത്തിലും ഭരണത്തിൽ കീഴിലുമായിരുന്നു. കാലപ്പഴക്കത്തിൽ ഈ കുടുംബങ്ങൾക്കുണ്ടായിട്ടുള്ള സാമ്പത്തികക്ഷയത്തിന്റെ പരിണിതഫലമായി കുറെയേറെ ഹൈന്ദവദേവാലയങ്ങൾ ജീർണ്ണാവസ്ഥയിലെത്തുകയും ചിലതെങ്കിലും അന്യംനിന്നു പോകുകയും ചെയ്യുകയുണ്ടായിട്ടുണ്ട്. ഈ ക്ഷേത്രങ്ങളോടും പള്ളികളോടും അനുബന്ധിച്ച് ആയിരുന്നു നമ്മുടെ സാംസ്കാരിക- സാമൂഹ്യപുരോഗതി രൂപപ്പെട്ടുവന്നത്. പാണ്ഡവകഥകൾ ചൊല്ലിയാടുന്ന ഐവർകളി, ക്രിസ്ത്യൻപാട്ടുകൾക്കൊപ്പം ചുവടുവെയ്ക്കുന്ന ചവിട്ടുനാടകം എന്നീ കലാരൂപങ്ങൾ ഇവയോടനുബന്ധിച്ച് രൂപപ്പെട്ടുവരുകയും ചെയ്തിരുന്നു. പിന്നീട് കാലപ്രവാഹത്തിൽ ഇവയിൽ ഒട്ടുമിക്കകലാരൂപങ്ങളും അന്യംനിന്നു പോയതായിട്ടാണ് അറിയുന്നത്.

പോയ നൂറ്റാണ്ടിന്റെ അവസാനത്തിൽ മീനച്ചിൽ പഞ്ചായത്തിലാദ്യമായി സ്ഥാപിച്ച ഔപചാരിക വിദ്യാഭ്യാസസ്ഥാപനമായ ആലുംമൂട് സ്കൂൾ (മീനച്ചിൽL.P.S)തുടങ്ങുന്നതിനുമുമ്പ് ആശാൻ പള്ളിക്കൂടങ്ങളെയായിരുന്നു വിദ്യാഭ്യാസകാര്യങ്ങൾക്ക് ജനങ്ങൾക്കാശ്രയിക്കുവാൻ കഴിയുമായിരുന്നത്. ഈ രംഗത്ത് നിരവധി പ്രഗത്ഭന്മാരുണ്ടായിരുന്നതിൽ എടുത്തുപറയേണ്ട ചിലരാണ് പു

ത്തൻ പുരയ്ക്കൽ ആശാന്മാർ, കുറ്റിയാനിക്കൽ ആശാന്മാർ എന്നിവർ. മീനച്ചിൽ പഞ്ചായത്തതിർത്തിക്കുള്ളിൽ നിന്നും ആദ്യമായി ഇംഗ്ലീഷ് പഠിച്ചവരിൽ ചിലരാണ് പൂവരണിക്കാരനായ പൂവത്താനി എബ്രാഹം കത്തനാർ, കിഴപറയാർകാരനായ തറവട്ടത്തിൽ ഇല്ലാരിയോസ് കത്തനാർ എന്നിവർ. ഇംഗ്ലീഷ് വിദ്യാഭ്യാസം വരാപ്പുഴസഭാമേലധികാരികളുടെ വിലക്കിനെ മറികടന്നുകൊണ്ട് കോട്ടയം C.M.S സ്കൂളിൽ ചേർന്ന് പഠിച്ച് നേടിയത് പേരക്കാട്ട് കുരുവിള മാത്തൻ അവറുകളായിരുന്നു. ഈ പഞ്ചായത്തിന്റെ അരുമസന്തതികളായ വി. ജോസഫ് തോമസ് IPS (അഡീഷണൽ ഡി.ജി.പി), വി.ജെ. കുര്യൻ I.A.S (നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ മുഖ്യശില്പി) എന്നിവരുടെ പിതാമഹനായിരുന്ന വി.ജെ. ജോസഫ് വട്ടവയലിൽ ആയിരുന്നു ഈ പഞ്ചായത്തിൽ നിന്നുള്ള ആദ്യ ഇംഗ്ലീഷ്നിയമ ബിരുദധാരികളിലൊരുവൻ. ഈഴവസമുദായത്തിന് ക്ഷേത്രപ്രവേശനം നിഷേധിച്ചിരുന്ന ഒരു കാലഘട്ടത്തിൽ ആരംഭിച്ച ഇടപ്പാടി ക്ഷേത്രത്തിന് സ്ഥലം വാങ്ങാൻ 100 രൂപ അന്നത്തെ കാലത്ത് സംഭാവന നല്കിയത് ഈ പഞ്ചായത്തിനെഇന്നത്തെ നിലയിൽ രൂപം കൊടുക്കുന്നതിന് പ്രധാനപങ്കുവഹിച്ച കുരുവിനാക്കുന്നേൽ കുടുംബത്തിലെ തൊമ്മൻ തൊമ്മൻ ആയിരുന്നുവെന്ന് നമുക്ക് അഭിമാനപൂർവ്വം ഓർക്കാം.

ഈ പഞ്ചായത്തിലെ പ്രധാന റോഡുകളിൽ ചിലതായ ഭരണങ്ങാനം- ഇടമറ്റം- പൈക, ഭരണങ്ങാനം- വിളക്കുമാടം- പൈക, ഇടമറ്റം- കിഴപറയാർ- പാല, ഇടമറ്റം- പാലാക്കാട്- പന്ത്രണ്ടാംമൈൽ എന്നീ റോഡുകൾ വെട്ടിത്തുറക്കുന്നതിന് മുൻകൈയെടുത്തത് പുലിക്കുന്നേൽ അവിരാ സ്കറിയാ (മീനച്ചിൽ പഞ്ചായത്തിന്റെ ആദ്യ വൈസ് പ്രസിഡണ്ട്), കുരുവിനാക്കുന്നേൽ തൊമ്മൻ തൊമ്മൻ, കുരുവിനാക്കുന്നേൽ തോമസ് ജോസഫ്, പുതുപ്പള്ളി നാരായണപിള്ള, വരകപ്പള്ളിൽ കേശവപിള്ള എന്നീ പൗരപ്രമുഖരായിരുന്നു.

ആധുനിക പാലായുടെ ശില്പികളിൽ ഏറ്റവും പ്രധാനിയായ ദിവംഗതനായ Rt. Rev.Dr. സെബാസ്റ്റ്യൻ വയലിൽ തിരുമേനി ഈ പഞ്ചായത്തിന്റെ അഭിമാനസന്തതിയാണ്. ഇന്ന് കേരളത്തിലെ സാമുദായിക രംഗത്ത് ഏറെ ശ്രദ്ധപിടിച്ചുപറ്റിയിരിക്കുന്നവരിലൊരുവനായ പൗലോസ് മാർ പൗലോസ് തിരുമേനി നയിക്കുന്ന കാൽഡിയൻ സഭക്കാർ ഒരു പുണ്യശ്ലോകനായി കരുതുന്ന അവരുടെ സഭാസ്ഥാപകൻ തൊണ്ടനാട് അന്തീശമെത്രാൻ കിഴപറയാർ പന്തലാടിക്കൽ കുടുംബാംഗമാണ്. മാനന്തവാടി ബിഷപ്പ് മാർ ജേക്കബ് തൂങ്കുഴി, മദ്ധ്യപ്രദേശിലെ റെയപൂർ മെത്രാനായ ഡോ. ജോസഫ് ചരണകുന്നേൽ എന്നിവരും ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ജനിച്ചുവളർന്നവരാണ്.

ഇന്ന് കേരളത്തിലെ എന്നല്ല ഭാരതത്തിലെ തന്നെ പുരോഗമനചിന്താഗതിക്കാരുടെയിടയിൽ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുള്ള ജോസഫ് പുലിക്കുന്നേൽ പഞ്ചായത്ത് മെമ്പർ അഡ്വ. ജോസ് ടോമിന്റെ പിതൃസഹോദരനാണ്. പോയകാലത്ത് ഈ പഞ്ചായത്തിൽനിന്ന് നേതൃപദവിയിലേക്കുയർന്നുവന്ന നിരവധി മഹത്വ്യക്തികൾ ഉണ്ടെങ്കിലും ഇന്ന് സാമൂഹ്യ- രാഷ്ട്രീയ നേതൃരംഗത്ത് ഈ നാട് ഏറെ പ്രതീക്ഷ വച്ചു പുലർത്തുന്നവരാണ് മുൻ കേരള യൂണിവേഴ്സിറ്റി യൂണിയൻ ജനറൽ സെക്രട്ടറിമാരായിരുന്ന ഡിജോകാപ്പനും ജോസ് ടോമും.

പൈകയിൽ പ്രവർത്തനം ആരംഭിച്ച മീനച്ചിൽ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിനും മീനച്ചിൽ സർവ്വീസ് സഹകരണബാങ്കിനും ഇടമറ്റത്ത് സൗജന്യമായി സ്ഥലവിട്ടുതരുന്നതിന് സൗമനസ്യം കാണിച്ച കുരുവിനാക്കുന്നേൽ (കോളഭാഗത്ത്) മാത്യുജോസഫിന്റെ കുടുംബത്തെയും ഇടമറ്റം KTJM ഹൈസ്കൂൾ, KTTM LPS എന്നിവ കൊണ്ടുവരുന്നതിൽ വളരെയേറെ കഷ്ടപ്പാടുകൾ സഹിച്ച് പിന്നണിയിൽ നിന്ന് പ്രവർത്തിച്ച നരിതൂക്കിൽ തൊമ്മൻ എന്ന മത്തായി തോമസിനെ ഈ അവസരത്തിൽ നന്ദിയോടുകൂടി സ്മരിക്കുന്നു.

## പഞ്ചായത്ത് മുൻ ഭരണസമിതികൾ

**1954 ഫെബ്രുവരി 28 മുതൽ 1-1- 1963 വരെ**

1. ശ്രീ.M.K.കേശവപിള്ള വരകപ്പള്ളിൽ
2. ശ്രീ.എൻ.എസ്. ജോസഫ് കോഴികൊത്തിക്കൽ
3. ശ്രീ.കുരുവിള ഫ്രാൻസീസ് പുഞ്ചേക്കുന്നേൽ
4. ശ്രീ.വി.റ്റി മത്തായി B.A.B.L. (President)
5. ശ്രീ.അവിരാസ്കറിയാ പുലിക്കുന്നേൽ
6. ശ്രീ.പി.ജി. ശങ്കരൻനായർ പുത്തൻപുരയ്ക്കൽ
7. ശ്രീ.ജോസഫ് തോമസ് വെച്ചൂർ

9-9-1955-ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി ശ്രീ ജോസഫ് തോമസ് വെച്ചൂർ രാജിവച്ച ഒഴിവിലേക്ക് പുതിയ തെരഞ്ഞെടുപ്പ് നടത്തുവാൻ തീരുമാനിച്ചു. തെരഞ്ഞെടുപ്പിൽ ശ്രീ വർക്കി കുര്യൻ വട്ടോത്ത് തെരഞ്ഞെടുക്കപ്പെട്ടു. പൈകയിൽ പ്രവർത്തിച്ചിരുന്ന പഞ്ചായത്തോഫീസ് കെട്ടിടമുട

മസ്ഥൻ വാടകയാവശ്യപ്പെട്ടതിനാൽ വാടകകൂടാതെ കെട്ടിടം വിട്ടുതരുവാൻ സൗമനസ്യം പ്രകടിപ്പിച്ച ഇടമറ്റത്തേക്ക് 4-12-55-ൽ മാറ്റാൻ തീരുമാനിച്ചു.

കേശവപിള്ള വരകപ്പള്ളിൽ അന്തരിച്ചതിനെത്തുടർന്നുണ്ടായ ഒഴിവിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ വിജയിച്ച എം.കെ. പ്രഭാകരപിള്ള വരകപ്പള്ളിൽ 8-4-59-ൽ ചേർന്ന പഞ്ചായത്ത് കമ്മിററിയിലാണ് ആദ്യമായി ഹാജരായത്.

### 18-12-1963 മുതൽ

1. വർക്കി ജോസഫ് തറപ്പേൽ,കിഴപറയാർ (President)
2. എം.കെ. പ്രഭാകരപിള്ള ശാന്തിഭവനം
3. റ്റി.എം. തോമസ് തുരുത്തിയിൽ
4. എം.എൻ. രാജപ്പൻനായർ കാവുങ്കണ്ടത്തിൽ
5. ജോസഫ് കുരുവിള ചരളേൽ (വൈ.പ്രസിഡന്റ്)
6. ഔസേഫ് ജോസഫ് വാതല്ലൂർ
7. ഇ.എം. തോമസ് ഈററത്തോട്ട്
8. ജോസഫ് വയലിക്കളപ്പുര

വനിതാമെമ്പർ ആയി 18-1-1964-ൽ അക്കാമ്മ ജോൺ വാഴംപ്ലാക്കൽ പൂവരണി നോമിനേറ്റു ചെയ്യപ്പെട്ടു.
3-7-1965-ൽ അച്ചാമ്മ സിറിയക് വനിതാമെമ്പർ ആയി നോമിനേറ്റു ചെയ്യപ്പെട്ടു.

സർക്കാർ ശമ്പളം പറ്റുന്ന ആളുകൾക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനോ ജനപ്രതിനിധിയായിരിക്കുന്നതിനോ അയോഗ്യത കല്പിച്ചുകൊണ്ട് 1965 ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവുപ്രകാരം എം.എൻ. രാജപ്പൻനായർ കാവുങ്കണ്ടത്തിലിനു അയോഗ്യത കല്പിച്ചപ്പോൾ ഉണ്ടായ ഒഴിവിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ C.V. വർക്കി ചെമ്പകശേരി തെരഞ്ഞെടുക്കപ്പെട്ടു.

### 28.9.79 മുതൽ 1987 വരെ

1. എൻ.സി. തോമസ് നീലിയറ (Vice President)
2. കെ.എം. ഫിലിപ്പ് കൂറ്റനാൽ
3. ശ്രീ. കേശവൻ പരമേശ്വരൻ
4. ശ്രീമതി അന്നക്കുട്ടി
5. ശങ്കരൻനായർ ശങ്കരൻനായർ പുത്തൻപുരയ്ക്കൽ
6. ജോസഫ് മാണി മണിക്കൊമ്പേൽ
7. വർഗ്ഗീസ് തോമസ് (കുഞ്ഞാപ്പൻചേട്ടൻ)
8. എൻ.എ. എബ്രാഹംBABL (President)
9. പി.കെ. ദേവസ്യ പുഞ്ചക്കുന്നേൽ

### 5-2-88 മുതൽ 1995 വരെ

1. ജോസഫ് ചാണ്ടി പുത്തൻപുരയ്ക്കൽ
2. ശ്രീമതി മാധവിയമ്മ ഇല്ലത്ത്
3. ശ്രീ മുണ്ടൻ മുണ്ടാട്ട്
4. അഡ്വ. ജോസ് ടോം പുലിക്കുന്നേൽ
5. സി. വി. വർക്കി ചെമ്പകശ്ശേരിൽ (Vice President)
6. ഇ.സി. ദേവസ്യാ ഈറ്റത്തോട്ട്
7. ഇ.എം. തോമസ് ഈറ്റത്തോട്ട് (President)
8. റ്റി.ആർ. കമലമ്മ തെക്കേൽ
9. പി.റ്റി. ജോസഫ് പന്തലാനി

1991 മുതൽ സി.വി. വർക്കി ചെമ്പകശ്ശേരിൽ പ്രസിഡണ്ടായും പി.റ്റി. ജോസഫ് വൈസ് പ്രസിഡണ്ടായും സേവനമനുഷ്ടിച്ചു.

### 1-10-95 മുതൽ

1. റ്റി. ആർ കമലമ്മ തെക്കേൽ
2. സി.വി. ജോൺ ചെറുതാനിക്കൽ
3. സരസമ്മ സോമനാഥൻ കുന്നപ്പള്ളിൽ
4. അഡ്വ. ജോസ് ടോം പുലിക്കുന്നേൽ
5. പി.വി. രാഘവപ്പണിക്കർ (President)
6. കൊച്ചുറാണി തോമസ് (Vice President)
7. മോൻസ് കുമ്പളന്താനം
8. എ.പി. ശ്രീധരൻ കാർത്തികഭവനം
9. പി.റ്റി. ജോസഫ് പന്തലാനി

15-10-'96 ൽ പ്രസിഡന്റ് പി.വി. രാഘവപണിക്കർ രാജിവച്ചു. 9-12-'96- ൽ ശ്രീ. മോൻസ് കുമ്പളന്താനം പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.

✧ ✧

3

# ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം

ഭൂപ്രകൃതിയനുസരിച്ച് മീനച്ചിൽ പഞ്ചായത്തിനെ നാലായി തരംതിരിക്കാം. 1) ഉയർന്ന കുന്നിൻ പ്രദേശം 2) കുത്തനെയുള്ള ചെരിവോടുകൂടിയ പ്രദേശം 3) ഇടത്തരം ചെരിവോടുകൂടിയ പ്രദേശം 4) സമതല പ്രദേശം.

പഞ്ചായത്തിന്റെ വടക്കുഭാഗത്തുകൂടി ഒഴുകുന്ന മീനച്ചിലാർ പഞ്ചായത്തിൽകൂടിയാണ് കടന്നുപോകുന്നതെങ്കിലും മീനച്ചിൽ പഞ്ചായത്തിനെ ഭരണങ്ങാനം പഞ്ചായത്തിൽനിന്നും വേർതിരിച്ചു നിർത്തുന്ന പ്രകൃതിദത്തമായ അതിരായി നിലകൊള്ളുന്നു. അതുപോലെ ഈ പഞ്ചായത്തിന്റെ തെക്കുഭാഗത്തുകൂടി കടന്നുപോകുന്ന മീനച്ചിൽതോടും കൊഴുവനാൽ - മുത്തോലി പഞ്ചായത്തുകളിൽ നിന്നും ഈ പഞ്ചായത്തിനെ വേർതിരിക്കുന്നപ്രകൃതിദത്തമായ മറ്റൊരു അതിർവരമ്പാണ്. കിഴക്കുഭാഗത്ത് തിടനാട് - എലിക്കുളം പഞ്ചായത്തുകളിൽനിന്നു വേർതിരിക്കുന്ന ചാത്തൻകുളം - കാഞ്ഞിരത്താനം - വട്ടപ്പാറ എന്നീ കുന്നിൽ പ്രദേശങ്ങളും പടിഞ്ഞാറുഭാഗത്ത് പാലാ മുനിസിപ്പാലിറ്റിയിൽനിന്നു ഈ പഞ്ചായത്തിനെ വേറിട്ടുനിർത്തുന്ന പാലാക്കാട് കുന്നിൻ പ്രദേശവും നിലകൊള്ളുന്നു.

പ്രധാനമായും റബ്ബർകൃഷി ചെയ്യുന്ന ഈ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശത്തും ചെമ്മണ്ണ് കലർന്ന വളക്കൂറുള്ള മണ്ണ് കാണപ്പെടുന്നു. ഒരു കാലത്ത് ആകെ ഭൂവിസ്തീർണ്ണത്തിന്റെ പത്തുശതമാനമെങ്കിലും നെൽകൃഷി ചെയ്യുന്ന പാടശേഖരങ്ങളായിരുന്നുവെങ്കിൽ ഇന്നത് ഒട്ടുമിക്കാവാറും നികത്തി റബ്ബറും തെങ്ങും കൃഷിചെയ്യുന്നതായിട്ടാണ് കാണുവാൻ കഴിയുന്നത്. മുഴുവൻ സമയകർഷകരുടെ അഭാവവും കർഷകത്തൊഴിലാളികളെ സമയത്ത് ലഭിക്കാനുണ്ടാകുന്ന ബുദ്ധിമുട്ടും ജലസേചന സൗകര്യത്തിന്റെ അപര്യാപ്തയുമൊക്കെയാണ് ഇങ്ങനെ സംഭവിച്ചതിന് കാരണമായി പറയുന്നത്. എല്ലാറ്റിലും ഉപരിയായി നെൽകൃഷി ചെലവേറിയതും അതിനുതക്ക പ്രതിഫലം കൃഷിയിൽ നിന്ന് ലഭിക്കുന്നില്ലായെന്നുമുള്ള തോന്നലും ഇതിന് ഉപോൽബലകമായിത്തീർന്നിരിക്കാം. കൃഷിയോഗ്യമല്ലാത്ത 10 ഹെക്ടറോളം വരുന്ന പാറക്കെട്ടുകൾ ഒഴിച്ച് ബാക്കി ഭൂവിഭാഗം മുഴുവൻ ജനങ്ങൾ അധിവസിക്കുന്ന കൃഷിയിടങ്ങൾ തന്നെയാണ്.

മീനച്ചിൽ പഞ്ചായത്തിൽ നടത്തിയ വീടുവീടാന്തരം കയറിയിറങ്ങിയുള്ള സർവ്വേപ്രകാരം ഇവിടുത്തെ ജനസംഖ്യ 16197 അതിൽ 8150 പുരുഷന്മാരും 8047 സ്ത്രീകളും അഞ്ചുവയസിൽ താഴെയുള്ള 1148 കുട്ടികളും 737 പട്ടിക ജാതിവിഭാഗത്തിൽപെട്ടവരും 41 പട്ടിക വർഗവിഭാഗത്തിൽപെട്ടവരും ഉൾപ്പെടുന്നു.

| | |
|---|---|
| ആകെജനസംഖ്യ | 16197 |
| പുരുഷന്മാർ | 8150 |
| സ്ത്രീകൾ | 8047 |
| പട്ടികജാതികൾ | 737 |
| പട്ടിക വർഗക്കാർ | 41 |
| 1 വയസിൽ താഴെയുള്ളകുട്ടികൾ | 255 |
| 1നും 2നും ഇടയ്ക്ക് | 204 |
| 2നും 5നും ഇടയ്ക്ക് | 689 |

സാക്ഷരതാ പ്രവർത്തനങ്ങളുടെ പരിണിത ഫലമായി 95% ആളുകളും സാക്ഷരരായി ത്തീർന്നിട്ടുണ്ടെങ്കിലും തുടർവിദ്യാഭ്യാസ പ്രവർത്ത നങ്ങളോട് ജനങ്ങൾ തീർത്തും അവഗണനാമനോ ഭാവം വെച്ചുപുലർത്തുന്നതായിട്ടാണ് കാണുവാൻ കഴിയുന്നത്. അഭ്യസ്തവിദ്യരായ, ബിരുദവും ബിരു ദാനന്തര ബിരുദവും കൈമുതലായിട്ടുള്ള യുവതീ യുവാക്കൾ പട്ടികജാതി വിഭാഗത്തിൽ പോലും തൊഴിൽ രഹിതരായി ഈ പഞ്ചായത്തിലുണ്ട് എന്നുള്ളതാണ് എടുത്തുപറയേണ്ട ഒരു വസ്തുത. അഭ്യസ്തവിദ്യരുടെയിടയിലുണ്ടായിട്ടുള്ള നിരാശാ ബോധം പുത്തൻതലമുറയ്ക്ക് വിദ്യാഭ്യാസകാര്യ ങ്ങളിലുള്ള താല്പര്യം കുറച്ചുകൊണ്ടു വരുന്നുണ്ട്. ഇതിന്റെ പരിണിതഫലമായിട്ടുകൂടിയാണ് അപ്പർ പ്രൈമറി-ഹൈസ്കൂൾ തലത്തിൽ നിന്ന് വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തുടർന്നു കൊണ്ടിരിക്കുന്നത്.

മുഴുവൻ സമയകർഷകരുടെ എണ്ണത്തിലു ണ്ടായിട്ടുള്ള കുറവിന്റെ പരിണിതഫലമായി ഓരോ ഇഞ്ച് കൃഷിഭൂമിയും പരമാവധി ഉപയോഗപ്രദമാ ക്കാൻ കഴിഞ്ഞിട്ടില്ലായെങ്കിൽകൂടി ഈ പഞ്ചായ ത്തിലെ മുഖ്യ വരുമാനസ്രോതസ് കൃഷി തന്നെ യാണ്. കാർഷികവൃത്തിയോട് ആഭിമുഖ്യമുള്ള പുതിയ തലമുറയെ വളർത്തിക്കൊണ്ടുവരാതിരു ന്നതും വിദ്യാഭ്യാസ സമ്പ്രദായത്തിൽ കൃഷിക്ക് യാതൊരുവിധ പരിഗണനയും ഇല്ലാതിരുന്നതും എ ല്ലാറ്റിലുമപരിയായി കാർഷികവൃത്തി മാന്യമായ തൊഴിലാണ് എന്ന ബോധം ജനങ്ങളുടെയിടയിൽ നിന്ന് നഷ്ടമായതും ഇന്ന് കാർഷികമേഖല നേരി ടുന്ന വെല്ലുവിളികൾക്ക് കാരണമായി. പഞ്ചായ ത്തിലെ ആകെ ജനസംഖ്യയിൽ തീരെ ചെറിയൊരു ന്യൂനപക്ഷത്തിനു മാത്രമേ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി തരമായിട്ടു ള്ളുവെന്നുള്ളതും ജോലി കിട്ടുന്നമുറയ്ക്ക് ഇത്ത രക്കാരെ പഞ്ചായത്തിന് നഷ്ടമായിക്കൊണ്ടിരിക്കു ന്നുവെന്നുള്ളതും എടുത്തു പറയേണ്ട മറ്റൊരു സ്വാഭാവവിശേഷമാണ്. മീനച്ചിൽ പഞ്ചായത്ത് അ തിർത്തിക്കുള്ളിൽ വിവിധസ്ഥാപനങ്ങളിലായി ജോലി ചെയ്യുന്നവർ പോലും ദൂരസ്ഥലങ്ങ ളിൽനിന്ന് അന്നന്ന് വന്നുപോയിക്കൊണ്ടിരിക്കുന്നു. എന്തിനേറെ പറയുന്നു. മീനച്ചിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സാംസ്കാരിക നിലയത്തിലെ താത്ക്കാലിക ലൈബ്രേറിയൻ തസ്തിക പോലും ഈ പഞ്ചായത്തുകാർക്ക് അന്യമായിരിക്കുന്നു. ആ സ്ഥാപനത്തിന്റെ ദുരവസ്ഥക്ക് പ്രധാനകാരണമായി നാട്ടുകാർ പറയുന്നത് ഇതുതന്നെയാണ്.

മീനച്ചിലാറിന്റെ ഫലഭൂയിഷ്ഠിയായ ഈ തീര പ്രദേശങ്ങളിൽ ആധിവസിച്ചിരുന്ന നാനാജാതി മത സ്ഥരും വമ്പിച്ച ഭൂസ്വത്തിന് ഉടമകളായിരുന്നുവെന്ന സംഗതികൂടി ഇത്തരുണത്തിൽ അനുസ്മരിക്കുന്നു.

കേരളത്തിലെതന്നെ പ്രധാനനദികളിലൊ ന്നായ മീനച്ചിലാറ് ഈ പഞ്ചായത്തിൽകൂടിയാണ് കടന്നു പോകുന്നതെന്ന് ആദ്യം പറഞ്ഞിരുന്നുവ ല്ലോ, ചെറുതും വലുതുമായ നിരവധി തോടുകളും

| നദികൾ | ഒഴുക്ക് |
|---|---|
| മീനച്ചിലാറ് | പടിഞ്ഞാറ് |
| വാകത്തോട് | വടക്ക്-പടിഞ്ഞാറ് |
| പൊന്നൊഴുകുംതോട് | വടക്കോട്ട് |
| ചെറുതോട് | പടിഞ്ഞാറ് |
| പാറപ്പള്ളിതോട് | പടിഞ്ഞാറ് |
| പന്തലാടിക്കൽതോട് | വടക്കോട്ട് |
| മീനച്ചിൽതോട് | പടിഞ്ഞാറ് |

കൈത്തോടുകളും ഈ പഞ്ചായത്തിൽകൂടി കടന്നു പോകുന്നുണ്ടെങ്കിലും വേനലിന്റെ ആരംഭത്തോടു കൂടി ഇവയൊക്കെ വറ്റിവരണ്ട് പഞ്ചായത്തിലാകമാനം അതിരൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. വർഷകാലങ്ങളിൽ ഇരുകരമു റ്റിയൊഴുകന്ന മീനച്ചിലാറിന്റെ ഇരുകരകളിലും താമ സിക്കുന്നവർപോലും ഒരിറ്റു ശുദ്ധജലത്തിനായി മൈലുകൾ താണ്ടേണ്ടിവരുന്നുവെന്ന് പറഞ്ഞാൽ അതൊട്ടും അതിശയോക്തിയായി കണക്കാക്കേ ണ്ടതില്ല. മീനച്ചിൽ പഞ്ചായത്തിന് മാത്രമല്ല കോ ട്ടയം ജില്ലയ്ക്ക് ആകമാനം ജലസേചനസൗകര്യം ലഭ്യമാക്കുവാൻ കഴിയുമെന്നുള്ള പ്രതീക്ഷയിൽ ആരംഭിച്ച മീനച്ചിൽ നദീതടപദ്ധതി യുദ്ധകാലാടി സ്ഥാനത്തിൽ പുനരാരംഭിക്കുകയോ അതല്ലാത്ത പക്ഷം 12 മാസവും മീനച്ചിലാറ്റിൽ കൂടി വെള്ളം ഒഴുകുന്നതിന് ഉപകരിക്കുമെന്ന് പറയപ്പെടുന്ന മല ങ്കര പദ്ധതി പ്രവർത്തനം ആരംഭിക്കുകയോ ചെയ്യ ണമെന്ന് ഈ പഞ്ചായത്ത് ഒന്നാകെ ആവശ്യപ്പെ ട്ടുകൊണ്ടിരിക്കുകയാണ്.

✧ ✧

4

# പഞ്ചായത്ത് പൊതുവിവരണം.

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | മീനച്ചിൽ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | മീനച്ചിൽ, പൂവരണി |
| താലൂക്ക് | : | മീനച്ചിൽ, |
| ജില്ല | : | കോട്ടയം |
| ബ്ലോക്ക് പഞ്ചായത്ത് | : | ളാലം, തപാൽ ആഫീസും ഇടമറ്റം |
| അസംബ്ലി മണ്ഡലവും എം.എൽ.എ.യും | : | പാലാ, ശ്രീ. കെ.എം. മാണി |
| പാർലിമെന്റും മണ്ഡലവും എം.പി.യും | : | മൂവാറ്റുപുഴ, ശ്രീ പി.സി. തോമസ് |
| ജില്ലാ പഞ്ചായത്ത് അംഗം | : | ശ്രീ. ജോസഫ് വാഴയ്ക്കൻ |
| ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ | : | ശ്രീ. ജെസബി മാത്യു പറമുണ്ട<br>ശ്രീമതി കുഞ്ഞൂഞ്ഞമ്മ തോമസ് |
| വിസ്തീർണ്ണം | : | 15.49 ച.കി.മീ. |
| ജനസംഖ്യ | : | 16197, (പു. 8150, സ്ത്രീ. 8047) |
| പട്ടികജാതിക്കാർ | : | 737 (പു.376, സ്ത്രീ. 361) |
| പട്ടികവർഗ്ഗക്കാർ | : | 45 (പു. 28, സ്ത്രീ. 17) |
| പ്രസിഡണ്ടിന്റെ പേര് | : | ശ്രീമതി കൊച്ചുറാണി തോമസ്<br>(പ്രസിഡണ്ടിന്റെ ചാർജിലുള്ള വൈസ് പ്രസിഡന്റ്) |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | : | എ.പി. ശ്രീധരൻ |
| പഞ്ചായത്തിന്റെ ആരംഭം | : | 10-1-1953 |

**പഞ്ചായത്തിന്റെ അതിരുകൾ**

| | | |
|---|---|---|
| കിഴക്ക് | : | തിടനാട് പഞ്ചായത്ത് |
| പടിഞ്ഞാറ് | : | പാലാ മുനിസിപ്പാലിറ്റിയും, മീനച്ചിൽ തോടും |
| വടക്ക് | : | മീനച്ചിലാറ് |
| തെക്ക് | : | എലിക്കുളം ഗ്രാമപഞ്ചായത്ത്. |

**മുൻ പ്രസിഡന്റുമാർ കാലക്രമത്തിൽ**

അഡ്വ. വി.റ്റി. മത്തായി, വെള്ളാപ്പാട്ട് കിഴപറയാർ (1953-1962)

ശ്രീ. റ്റി.വി. ജോസഫ്, തറപ്പേൽ, കിഴപറയാർ (1963-1979)

ശ്രീ. എൻ.എ. ഏബ്രഹാം, നന്തികാട്ട്കണ്ടത്തിൽ (1979-1988)

ശ്രീ. ഇ.എം. തോമസ് ഈറ്റത്തോട്ട്, പൂവരണി (1988-1991)

ശ്രീ. സി.വി. വർക്കി, ചെമ്പകശ്ശേരിൽ വിളക്കുമാടം (1991-1995)

ശ്രീ. പി.വി. രാഘവപണിക്കർ വിളക്കുമാടം (1995-1996)

5-1



# കൃഷി ജലസേചനം

ജീവജാലങ്ങളുടെ നിലനില്പിനും വളർച്ചയ്ക്കും ആവശ്യമായ ഊർജ്ജം പ്രകൃതിയിൽ നിന്നു തന്നെ കണ്ടെത്തേണ്ടിയിരിക്കുന്നു. മനുഷ്യന്റെ നിലനില്പിനും വളർച്ചയ്ക്കും ആവശ്യമായ ഊർജ്ജം കണ്ടെത്തുന്നത് ഭക്ഷണപദാർത്ഥങ്ങളിൽ നിന്നാണ്: ആദിമകാലത്ത് പ്രകൃതിസമ്പത്ത് സുലഭമായി ലഭിച്ചിരുന്നപ്പോൾ മനഷ്യന് കായ്കനികളും കിഴങ്ങുവർഗ്ഗങ്ങളും പ്രകൃതിയിൽനിന്ന് വിശപ്പടക്കാനുള്ള ഭക്ഷണമായി ലഭിച്ചിരുന്നു. എന്നാൽ പിൽകാലത്ത് ജനസംഖ്യ വർദ്ധിക്കുകയും പ്രകൃതിവിഭവങ്ങൾ സുലഭമല്ലാതായിവരികയും ചെയ്തപ്പോൾ അവൻ ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കൃഷി ആരംഭിച്ചു.

പുരാതനകാലത്ത് 2000- ത്തിലേറെ വർഷങ്ങൾക്ക് മുമ്പ് ഈ പ്രദേശത്ത് ജനവാസം ഉണ്ടായിരുന്നു എന്നതിനും കാർഷികോല്പന്നങ്ങളുടെ സമൃദ്ധിയും വൈവിധ്യവും കൊണ്ട് ശ്രദ്ധിക്കപ്പെട്ടിരുന്നു എന്നതിനും തെളിവുകൾ ഉണ്ട്. മീനച്ചിൽ പഞ്ചായത്തിന്റെ തെക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന ഏലിക്കുളം പ്രദേശത്തുനിന്നു 1948-ൽ കണ്ടുകിട്ടിയ 162 വെള്ളിനാണയങ്ങൾ (തൃശൂർ, തൃപ്പൂണിത്തുറ, കൊട്ടാരക്കര മുസിയങ്ങളിൽ സുക്ഷിച്ചിരിക്കുന്നു. ഇത് വടക്കേ ഇൻഡ്യൻ ഭരണകർത്താവായിരുന്ന മഗധമൗര്യൻ (മൗര്യ രാജവംശം, 322 ബിസി - 185 ബിസി) കാലഘട്ടത്തിലെയായിരുന്നു.) 2400-ലേറെ വർഷങ്ങൾക്കു മുമ്പ് ഈ പ്രദേശം സമ്പൽസ മൃദ്ധികൊണ്ട് വിദേശിയരെ ആകർഷിച്ചിരുന്നുവെന്നുള്ളതാണ് കാണിക്കുന്നത്.

ചരിത്രത്തിന്റെ ഏടുകളിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ മനസിലാകുന്ന ഏറ്റവും ശ്രദ്ധേയമായ വസ്തുത ഇവിടെ ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ (1900-കളിൽ) കാര്യമായ ജനകീയ മുന്നേറ്റങ്ങളോ ശ്രദ്ധേയങ്ങളായ സമരങ്ങളോ ഉണ്ടായിട്ടില്ലായെന്നുള്ളതാണ്. ഇതിന്റെ പ്രധാനകാരണമായി കാണാൻ കഴിയുന്നത്, ഈ മേഖല കൃഷിക്കാരുടെയും സമ്പൽസമൃദ്ധിയുടെയും നാടായിരുന്നു എന്നുള്ളതാണ്. ഇവിടെയുള്ള നാനാജാതി മതസ്ഥരായ ജനങ്ങൾ വലിയ ഭൂസ്വത്തിന് ഉടമകളും ഭക്ഷ്യോൽപ്പാദനരംഗത്ത് സ്വയം പര്യാപ്തരും ആയിരുന്നു. എങ്കിലും അന്ന് സാധാരണക്കാർക്ക് അനുഭവപ്പെട്ടിരുന്ന പണദൗർലഭ്യം സുഖഭോഗ വസ്തുകളുടെ ക്രമാതീതമായ ഉപയോഗത്തിന് നിയന്ത്രണം ഉണ്ടാക്കിയിരുന്നു.

1800-കളുടെ അവസാനത്തിലും 1900-കളുടെ ആരംഭത്തിലും മീനച്ചിൽ പഞ്ചായത്തിൽ പുനംകൃഷിരീതിയും (Shifting cultivation) സമ്മിശ്രകൃഷിരീതിയും നിലനിന്നിരുന്നു. നാനാജാതിമതസ്ഥരായ എല്ലാ ജനവിഭാഗങ്ങളും ചെറുതല്ലാത്ത ഭുസ്വത്തിന് ഉടമകളായിരുന്നു. എങ്കിലും കൃഷിഭൂമി കൂടുതലും വെറുതെയിടുന്ന സ്വഭാവക്കാരയിരുന്നു അവർ. ഇതൊക്കെയാണെങ്കിലും കിഴങ്ങുവർഗ്ഗവിളകളായ കപ്പ, ചേന, ചേമ്പ്, കാച്ചിൽ, മുതലായവ ധാരാളമായി കൃഷിചെയ്തിരുന്നതുകൊണ്ട് ഭക്ഷ്യോത്പാദന രംഗത്ത് ഈ പഞ്ചായത്ത് ഏതാണ്ട് സ്വയംപര്യാപ്തമായിരുന്നുവെന്നാണ് പഴയ കാരണവന്മാരിൽനിന്ന് അറിയുവാൻ കഴിഞ്ഞിട്ടുള്ളത്. ഇക്കാലത്തെ മറ്റൊരു പ്രധാന ഭക്ഷ്യവിഭവമായിരുന്നു ചക്കയും ചക്കപ്പഴവും. എല്ലാം വിളകളും കൃഷിചെയ്യുന്നതിൽ തല്പരരായിരുന്ന ജനങ്ങൾ നെൽകൃഷിക്ക് വളരെ പ്രാധാന്യം കൽപ്പിച്ചിരുന്നുവെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് അക്കാലങ്ങളിൽ കരഭൂമിയിൽ പോലും ഉഴവുകൃഷി ഉണ്ടായിരുന്നുവെന്നുള്ളത്. നാണ്യവിള

കളായ കുരുമുളകിന്റെയും കല്പവൃക്ഷമായ തെങ്ങിന്റെയും നാടായിരുന്നു 1800-ളുടെ അവസാനം വരെ ഈ പ്രദേശം.

1902-ൽ ഇൻഡ്യയിലാദ്യമായി പെരിയാറിന്റെ തിരത്തുള്ള തട്ടേക്കാട്ട് എന്ന സ്ഥലത്ത് ബ്രിട്ടിഷുകാർ പരീക്ഷണാടിസ്ഥാനത്തിൽ റബ്ബർകൃഷി തുടങ്ങി. 8 വർഷത്തിനുള്ളിൽ 1910-കളിൽ ഈ പഞ്ചായത്തിന്റെ വിളക്കുമാടം കള്ളിവയലിൽ കുടുംബക്കാർ റബ്ബർ കൃഷി ആരംഭിച്ചിരുന്നു എന്നു പറയുമ്പോൾ കാർഷിക രംഗത്ത് നമ്മൾ പ്രകടിപ്പിച്ചിരുന്ന സാഹസിക ബുദ്ധിയും പരിക്ഷണ - നിരിക്ഷണോത്സുകതയും എത്രമാത്രം വലുതായിരുന്നുവെന്ന് ഊഹിക്കാം. ഇങ്ങനെ പരീക്ഷണ നിരീക്ഷണങ്ങളിൽ തല്പരരായിരുന്നു കർഷകർ എങ്കിലും 1950-തിന്റെ ആരംഭത്തിൽ കാർഷികോല്പന്നങ്ങൾക്ക് പ്രയത്നശേഷിക്കനുസരണമായ വില ലഭിക്കാതിരുന്നതുകൊണ്ട് സാധാരണക്കാരന്റെ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കഴിയുമായിരുന്നില്ല. കാർഷികോല്പന്നങ്ങളുടെ വിളവെടുപ്പ് സിസണിൽ ഉണ്ടാവുന്ന വില കുറവും അതുമൂലം സാധാരണക്കാർക്ക് അഭിമുഖീകരിക്കേണ്ടിവന്ന ചൂക്ഷണ വ്യവസ്ഥിതിയും അന്നത്തെ വലിയ വെല്ലുവിളിയായിരുന്നു. ചുരുക്കത്തിൽ ഈ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം വരെ കാർഷികവൃത്തി ഉപജീവനമാർഗ്ഗമാക്കി കഴിഞ്ഞിരുന്ന ആളുകളായിരുന്നു ഈ പഞ്ചായത്തിൽ ബഹുഭൂരിപക്ഷവും.

എന്നാൽ കൃഷി ഉപജീവനമാർഗ്ഗം എന്നുള്ള നിലയിൽനിന്ന് മാറി ഒരു ഉപതൊഴിൽ എന്ന നിലയിലേക്ക് ഇന്ന് നമ്മുടെ നാട് എത്തിച്ചേർന്നിട്ടുണ്ട്. കാർഷികവസ്തുക്കൾ അവയുടെ ഉപയോഗത്തിന്റെ മാനദണ്ഡത്തിൽനിന്നു മാറി വിനിമയത്തിന്റെ അടിസ്ഥാനത്തിലേക്ക് പോയപ്പോൾ ഉപയോഗമൂല്യം മറികടന്ന് നമ്മൾ വിനിമയമൂല്യത്തിന് പ്രധാന്യം കൊടുത്തപ്പോൾ ഭക്ഷ്യോത്പന്നങ്ങളുടെ കൃഷിയിൽ നിന്നു നാണ്യവിളകളുടെ കൃഷിയിലേക്കും അവിടെനിന്നു ഏകവിളസമ്പ്രദായത്തിലേക്കും ശ്രദ്ധ ചെലുത്തിത്തുടങ്ങി. പണ്ട് കൃഷി ചെയ്യുന്നത് തനിക്കും തന്റെ ആശ്രിതർക്കും വേണ്ടത് ഉല്പാദിപ്പിക്കുന്നതിനായിരുന്നെങ്കിൽ ഇന്ന് കൃഷി തന്റെ ലാഭം അഥവാ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി മാത്രമായി. തന്മൂലം സമൂഹത്തിൽ നിലനിന്നിരുന്ന അന്യോന്യസഹകരണവും കൂട്ടായ്മയും നഷ്ടമാവുകയും ചെയ്തു. നമ്മുടെ കാർഷിക മേഖലയിൽ കൃഷി ചെയ്തിരുന്ന ഭക്ഷ്യോത്പന്നങ്ങളായ നെല്ലും കപ്പയും കാച്ചിലും ചേനയും, ചേമ്പും എന്തിന് കാന്താരി മുളക് പോലും കൃഷിയിടങ്ങളിൽ നിന്നു കുറഞ്ഞു വരുകയും സാവകാശം അന്യംനിന്നുകൊണ്ടിരിക്കുകയുമാണ്. മേല്പറഞ്ഞ ഭക്ഷ്യോല്പന്നങ്ങൾക്കു വേണ്ടി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട ഗതികേടിലേക്ക് ഇന്ന് നമ്മൾ കുപ്പുകുത്തിയിരുന്നു. തമിഴ്നാട്ടിൽ നിന്നോ ആന്ധ്രായിൽ നിന്നോ ഒരു ദിവസം ലോറി വരാൻ കഴിയാതെ വന്നാൽ നമ്മുടെ പച്ചകറി മാർക്കറ്റിൽ ഉണ്ടാവുന്ന ഭികരാന്തരീഷം എന്താണെന്ന് നമ്മൾ അടുത്തനാളിൽ അനുഭവിച്ചറിഞ്ഞവരാണ്. അതുകൊണ്ട് നമ്മുടെ നിലനില്പിന് ആവശ്യമായിട്ടുള്ള ഭക്ഷണപദാർത്ഥങ്ങൾ എങ്കിലും നാം ഇവിടെ ഉല്പാദിപ്പിക്കണം അത് നെല്ലാവാം, കപ്പയാവാം, കച്ചിലാവാം, വാഴപ്പഴമാകാം, പച്ചക്കറികളാവാം. അദ്ധ്യായത്തിന്റെ അവസാനം കൊടുത്തിരിക്കുന്ന പട്ടിക ഈ വസ്തുതയുടെ ആവശ്യം കൂടുതൽ വ്യക്തമാക്കുന്നു.

## നെല്ലുല്പാദനം

റബ്ബറിന്റെ രംഗപ്രവേശത്തിനു മുമ്പ് മീനച്ചിൽ പഞ്ചായത്ത് നെല്ലുല്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിച്ചിരുന്നു. എന്നാൽ ഇന്ന് നെൽപ്പാടങ്ങൾ നികത്തി റബ്ബർകൃഷിയും തെങ്ങുകൃഷിയും വ്യാപിച്ചുവരുന്നു. കെട്ടിടങ്ങൾ നിർമ്മിക്കുന്ന പ്രവണതയും ഈ അടുത്തകാലത്തായി കണ്ടുവരുന്നുണ്ട്. നിലവിലുള്ള നെല്പ്പാടങ്ങൾ എങ്കിലും സംരക്ഷിക്കുന്നതിന് ചരിത്രാവബോധവും ജലസേചനസൗകര്യവും വർദ്ധിപ്പിക്കുക എന്നുള്ളത് മാത്രമേ മാർഗ്ഗമുള്ളു.

## മണ്ണൊലിപ്പ് നിവാരണം

ഫലപുഷ്ടിയുള്ള മേൽമണ്ണ് ഒരിഞ്ച് ഘനത്തിൽ ഉണ്ടാകുന്നതിന് അറുന്നൂറു മുതൽ ആയിരം വരെ വർഷങ്ങൾ വേണ്ടിവരുന്നു. പക്ഷേ ഇത് ഒലിച്ചു നഷ്ടപ്പെടാൻ ശക്തിയായ ഒന്നോ രണ്ടോ മഴ മതിയായെന്നു വരാം. അതുകൊണ്ടുതന്നെ മണ്ണൊലിപ്പുനിവാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി അതാത് പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനു ബോധവത്ക്കരണം നടത്തണം. 1992-ൽ ടി പഞ്ചായത്തിൽ പൊന്നൊഴുകും തോട് നീർമറി പദ്ധതി ആരംഭിക്കുകയും മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടന്നുവരുകയും ചെയ്യുന്നു. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് പുതിയ

നീർമറി പദ്ധതികൾ മീനച്ചിൽ തോട്, ചെറുതോട്, പാറപ്പള്ളിതോട് എന്നിവിടങ്ങളിൽ ആരംഭിക്കുകയും അതുവഴി പഞ്ചായത്തിലെ എല്ലാ പ്രദേശത്തും മണ്ണൊലിപ്പുനിവാരണ പ്രവർത്തനങ്ങൾ നടത്തുകയും വേണം.

## മനുഷ്യപ്രയത്നശേഷി

ആവശ്യമായ കർഷകത്തൊഴിലാളികളുടെ അഭാവമാണ് പലപ്പോഴും കൂടുതൽ മനുഷ്യപ്രയത്നശേഷി ആവശ്യമുള്ള കൃഷിയിൽനിന്നു കർഷകരെ പുറകോട്ട് നയിക്കുന്നത്. ഇത് പരിഹരിക്കുന്നതിന് പഞ്ചയാത്ത് തലത്തിൽ ഒരു തൊഴിൽ സേന രൂപീകരിക്കുകയും അവരുടെ അഭിരുചിക്കനുസരണമായി ആവശ്യമായ വിദഗ്ദ്ധ പരിശീലനം നല്കുകയും ചെയ്യണം. ഒപ്പം തന്നെ നമ്മുടെ കാർഷിക മേഖലയ്ക്ക് അനുയോജ്യമായ ചെറുകിട യന്ത്രങ്ങൾ വികസിപ്പിക്കുകയും പഞ്ചായത്ത് തലത്തിൽ ഇത്തരം യന്ത്രങ്ങൾ വാങ്ങി കർഷകർക്കും കർഷകത്തൊഴിലാളികൾക്കും വാടക വ്യവസ്ഥയിൽ കൊടുക്കുന്നതിനും സൗകര്യം ഏർപ്പെടുത്തണം.

## സെമിനാറുകളും കാർഷികമേളകളും വിളമത്സരങ്ങളും

പഞ്ചായത്തു തലത്തിൽ കാർഷിക മേളകൾ സംഘടിപ്പിക്കുകയും മുഴുവൻ സമയകർഷകരെ ആദരിക്കുകയും കർഷകർക്കും കർഷകത്തൊഴിലാളികൾക്കം പെൻഷൻപോലുള്ള ക്ഷേമ പദ്ധതികൾ ഉറപ്പുവരുത്തുകയും ചെയ്യണം. വിളകളുടെ സീസൺ അനുസരിച്ച് വിളമത്സരവും പ്രദർശനവും സംഘടപ്പിക്കണം. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മാതൃകാ കൃഷിത്തോട്ടങ്ങൾ പ്രത്യേകിച്ചു ഭക്ഷ്യധാന്യങ്ങൾ ഉല്പാദിപ്പിക്കുന്ന രംഗത്ത് സ്ഥാപിക്കുകയും ചെയ്യണം. മിശ്രകൃഷി, സസ്യ-ജീവജാലങ്ങളുടെ സംതുലനം കാത്തുസൂക്ഷിക്കുകയും എലി, വിവിധ കിടങ്ങൾ എന്നിവ പെറ്റുപെരുകുന്നത് തടയുകയും ചെയ്യും എന്നുള്ള വസ്തുതയും, വസ്തുക്കളുടെ വിനിമയമൂല്യത്തോടൊപ്പമോ അതിൽ കൂടുതലോ പ്രാധാന്യത്തോടുകൂടി കാണേണ്ട വിനിയോഗമൂല്യത്തെകൂടി കണക്കിലെടുക്കേണ്ടതിന്റെ ആവശ്യകതയും സ്വയം പര്യാപ്തമായ പഞ്ചായത്തുകൾക്ക് ഉണ്ട്. ജൈവവളവും ജൈവകീടനാശിനികളും മാത്രം ഉപയോഗിച്ച് കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ നിന്നുള്ള കാർഷികോല്പന്നങ്ങൾക്ക് ഇന്ന് പ്രത്യേക വിപണി തന്നെ രൂപം കൊണ്ട് വരുന്നുണ്ട്. ഈ ഉല്പന്നങ്ങൾക്ക് പാശ്ചാത്യനാടുകളിൽ മാത്രമല്ല. ഇവിടെ നമ്മുടെ വൻകിടനഗരങ്ങളിലും കൂടുതൽ വില ലഭ്യമാകുന്നുണ്ട്. അത്തരം ഉല്പന്നങ്ങൾ വിശ്വസ്ത ഗുണമേന്മയോടെ എത്തിച്ചകൊടുക്കാൻ കഴിഞ്ഞാൽ കർഷകർക്ക് ന്യായമായ വില ലഭ്യമാവും.

## ഭക്ഷ്യോത്പന്നങ്ങളുടെ ഉത്പാദനവും വിപണനവും

ആവർത്തനകൃഷി ചെയ്യുന്ന റബ്ബർ തോട്ടത്തിൽ ഭക്ഷ്യോൽപന്നങ്ങൾ ആദ്യത്തെ 3 വർഷമെങ്കിലും കൃഷിചെയ്യുന്നതിന് ഭൂവുടമകളെ നിർബന്ധിക്കുകയും അതിന് ആവശ്യമായ നിയമഭേദഗതി വരുത്താൻ റബർബോർഡിനെ നിർബന്ധിപ്പിക്കുകയും ഭൂവുടമകൾ തയ്യാറാവാതെ വരുന്നപക്ഷം പഞ്ചായത്തിൽ രൂപീകരിക്കുന്ന തൊഴിൽസേനയുടെ നേതൃത്വത്തിൽ കൃഷി പാട്ട വ്യവസ്ഥയിൽ നടത്തുകയും ചെയ്യണം. തെങ്ങും തോട്ടങ്ങളിൽ ഇടവിളകൃഷി വ്യാപകമാക്കുകയും അവയുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനാവശ്യമായ മാർക്കറ്റിംങ്ങ് സഹകരണ സംഘങ്ങൾ എല്ലാ വർഡുകളിലും രൂപീകരിക്കുകയും ചെയ്യണം. ഇത്തരം സംഘങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ ഏകീകരണവും കർഷകരുടെ പൂർണ്ണപങ്കാളിത്തവും ഉണ്ടായിരിക്കണം.

നാണ്യവിളകളിൽ നിന്നു ശരിയായ ആദായം ഇന്ന് കർഷകന് ലഭിക്കുന്നില്ല. ഇത് പലപ്പോഴും ഇടത്തട്ടുകാർ തട്ടി എടുക്കുകയാണ് പതിവ്. ഇതിൽ നിന്നു കർഷകരെ രക്ഷിക്കുന്നതിന് സഹകരണസംഘങ്ങൾക്ക് പങ്ക് വഹിക്കാനാവും. കാർഷിക മേഖലയിൽ ഇന്ന് ഏറ്റവും കൂടുതലായി നാം മുന്നേറേണ്ടത് പച്ചക്കറി കൃഷിമേഖലയിലാണ്. ഇതിനായി ഒരു തീവ്രയത്ന പരിപാടി പഞ്ചായത്തു തലത്തിൽ ആവിഷ്കരിക്കണം. 1987-ൽ നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ച കൃഷി ഭവന് ഇക്കാര്യത്തിൽ നിർണ്ണായക പങ്ക് വഹിക്കാനാവും. കൃഷിഭവനുകളുടെ മേൽനോട്ടത്തിൽ കർഷക പങ്കാളിത്തത്തോടെ അടുക്കളത്തോട്ടങ്ങൾ ആരംഭിക്കുകയും വിത്ത്, വളം , മരുന്നുതളിക്കുന്നതിനുള്ള ഉപകരണങ്ങൾ എന്നിവ സൗജന്യനിരക്കിൽ വിതരണം ചെയ്യുകയും വേണം.

സ്കൂൾ വിദ്യാഭ്യാസകാലഘട്ടത്തിൽ തന്നെ വിദ്യാർത്ഥികളുടെ കാർഷികാഭിരുചി വളർത്തിക്കൊണ്ടുവരുകയും, കൃഷി മാന്യമായ തൊഴിലാണെന്നും അതിന് മാന്യമായ വേതനം ലഭ്യമാവുമെന്നുള്ള വസ്തുത അവരെ പഠിപ്പിക്കുക. പാഠ്യ

..പുസ്തകത്തോടൊപ്പം തന്നെ പ്രയോഗിക രംഗത്ത് കൃഷി പരിശീലിപ്പിക്കുകയും ഈ രംഗത്ത് മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യണം. വിവിധ കാർഷിക തൊഴിലുകൾക്ക് - റബ്ബർവെട്ട്, തെങ്ങുകയറ്റം, നെൽകൃഷി, വാഴകൃഷി - സ്കൂൾതലത്തിൽ പരിശീലനം ഏർപ്പെടുത്തുകയും ആധുനിക ശാസ്ത്രസാങ്കേതികനേട്ടങ്ങൾ കർസ്റ്റഷകർക്ക് പരിചയപ്പെടുത്തുകയും, മെച്ചപ്പെട്ട വിത്തിനങ്ങൾ ലഭിക്കുന്നതിനുള്ള സാഹചര്യവും കാർഷികകോല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാവുകയും, കൃഷി ആഭിമുഖ്യമുള്ള പുതിയ തലമുറയെ വാർത്തെടുക്കുകയും ചെയ്യുവാൻ ആയാൽ കാർഷിക മേഖലയിൽ ഈ പഞ്ചായത്ത് സ്വയം പര്യാപ്തമാകുന്നതിന് സഹായിക്കും.

# ജലസേചനം

കാർഷിക മേഖല നേരിടുന്ന ഏറ്റവും വലിയ രണ്ടു വെല്ലുവിളികൾ അതിരൂക്ഷമായ വരൾച്ചയും അതിഭീകരമായ വെള്ളപ്പൊക്കവുമാണ്. നമ്മുടെ പഞ്ചായത്തിൽ മാത്രമല്ല നാടിന്റെ എല്ലാ ഭാഗത്തും മഴവെള്ളം സൂക്ഷിച്ചുനിറുത്തുന്നതിനും ആറുകളിലും തോടുകളിലും കൂടി ആവശ്യത്തിന് വെള്ളം ലഭിക്കുന്നതിനുമുള്ള സാഹചര്യം സൃഷ്ടിച്ചാൽ ഈ രണ്ടു പ്രശ്നങ്ങളും ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയും. അതാത് പ്രദേശങ്ങളിൽ വീഴുന്ന മഴവെള്ളം യാതൊരുവിധ തടസവുമില്ലാതെ അപ്പോൾതന്നെ തോടുകളിലും ആറുക

## ഭൂവിനിയോഗം

വിളവിസ്തീർണ്ണവും ഉൽപാദനവും (അവലംബം കൃഷിഭവൻരേഖകൾ)

| | വിള | വിസ്തീർണ്ണം | ശതമാനം | മൊത്തം ഉൽപാദനം | ഉത്പാദനക്ഷമത ഹെക്ടറിൽ |
|---|---|---|---|---|---|
| 1. | നെല്ല് (ഒന്നാംവിള) | 55 ha | 4.0 | 176 | 3200kg/ha |
| | നെല്ല് (രണ്ടാംവിള) | 55 ha | | 192.5 | 3500kg/ha |
| | നെല്ല് (മൂന്നാംവിള) | | | | |
| 2. | പയർ | 50 ha | 2.0 | 100 | 2000kg/ha |
| 3. | എള്ള് | | | | |
| 4. | പച്ചക്കറികൾ | 4 ha | 0.1 | 20 | 5000kg/ha |
| 5. | തെങ്ങ് | 268 ha | 10.0 | 21,44,000 nuts | 8000 nuts/ha |
| 6. | വാഴ | 195 ha | 7.0 | 2100 | 10800 kg/ha |
| 7. | മരച്ചീനി | 60 ha | 2.0 | 1470 | 24500kg/ha |
| 8. | കരുമുളക് | 260 ha | 10.0 | 136.5 | 525 kg/ha |
| 9. | പ്ലാവ് | 4 ha | 0.1 | 100 | 2500 kg/ha |
| 10. | കശുമാവ് | 8 ha | 0.2 | 7.8 | 975 kg/ha |
| 11. | മാവ് | 12 ha | 0.3 | 42 | 3500kg/ha |
| 12. | റബ്ബർ | 1600 ha | 58.0 | 1520 | 950 kg/ha |
| 13. | കവുങ്ങ് | 125 ha | 5.0 | 2750 | 22000 nuts/ha |
| 14 | ഇഞ്ചി | 4 ha | 0.1 | 24 | 6000 kg/ha |
| 15. | കൊക്കൊ | 12 ha | 0.4 | 7.2 | 600 kg/ha |
| 16. | മറ്റുള്ളവ | 30 ha | — | — | — |

### രാസവള- കീടനാശിനി വിപണനം (അവലംബം കൃഷിഭവൻ രേഖകൾ)

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം കി. ഗ്രാം | കീടനാശിനി | | രാസവളം കി.ഗ്രാം | കീടനാശിനി | | രാസവളം കി.ഗ്രാം. | കീടനാശിനി | |
| | | | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം |
| 1. | സഹകരണം | 875 MT | — | — | 988 | — | — | 890 | — | — |
| 2. | സ്വകാര്യം | 325MT | 600/ | 565/kg | 420 | 680/ | 625/kg | 310 | 580/ | 620/kg |
| | | 1200 MT | 600/ | 565/kg | 1408MT | 680/ | 625/kg | 1200MT | 580/ | 620kg |

### നടിൽ വസ്തുവിതരണം (അവലംബം കൃഷിഭവൻ രേഖകൾ)

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-1994 | 1994-95 | 1995-96 |
| 1. തെങ്ങ് | 450 | 190 | 1634 |
| 2. കശുമാവ് | — | — | — |
| 3. കുരുമുളക് | — | — | 3230 |
| 4. കവുങ്ങ് | — | — | — |
| 5. വാഴ | 600 | 200 | 1176 |
| 6. കൊക്കൊ | 1500 | — | 150 |
| 7. പഴവർഗ്ഗചെടികൾ | — | — | 387 |
| 8. പച്ചക്കറി വിത്ത് | — 1635 | — 359 | 500 packets |
| 9. പയർ വിത്ത് | 163 packets+ 500kg | 40kg | 120kg |
| 10. കറുവ | — | 100nos | 25 nos |
| 11. ഗ്രാമ്പു | — | — | |

### കാർഷികോപകരണങ്ങൾ

| വാർഡ് | ഉഴവുപകരങ്ങൾ | | | മരുന്നു തളിഉപകരങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ടില്ലർ | നാടൻ കലപ്പ | റോക്കർ സ്പ്രെയർ | നാവ്സ്റ്റാക് സ്പ്രെയർ | മറ്റുള്ളവ | മെതി യന്ത്രം | തെങ്ങു കയറ്റയന്ത്രം | പോർട്ടബിൾ പമ്പ് സെറ്റ് |
| 1to 9 | — | 3 | 0 | 154 | 25 | — | 1 | 1 | 7 |

### കൈവശ ഭൂമി വിസ്തീർണ്ണം (അവലംബം കൃഷിഭവൻ രേഖകൾ)

| വാർഡ് | നാമ മാത്ര കർഷകർ 1ഹെക്ടറിൽ താഴെ | ചെറുകിട കർഷകർ 1-2-ഹെക്ടർ | വൻകിട കർഷകർ 2 ഹെക്ടറിനു മുകളിൽ |
|---|---|---|---|
| 1to9 | 1443 | 1114 | 345 |

ളിലും എത്തുന്നതാണ് രൂക്ഷമായ വെള്ളപ്പൊക്കത്തിന് ഇടവരുത്തുന്നത്. ഒരു പരിധി വരെ കൃഷിഭൂമികളിൽ മഴവെള്ളം പിടിച്ചുനിർത്തുവാൻ ആവശ്യമായ ചെറിയ - വലിയ കുഴികളുടെയും വലിയ കുളങ്ങളുടെയും നിർമ്മാണത്തിലൂടെയും ചെറിയ - വലിയ തോടുകൾക്ക് ഇടവിട്ടിടവിട്ട് കെട്ടുന്ന തടയണകളുടെ നിർമ്മാണത്തിലൂടെയും മഴവെള്ളം ആതിദ്രുതം ആറ്റിലെത്തിച്ചേരുന്നത് തടയാം. ഒപ്പം തടയണകളും സംരക്ഷണഭിത്തികളും കെട്ടുമ്പോൾ തോടുകൾക്കും ആറുകൾക്കും ഇന്നുള്ള വീതി നഷ്ടമാവുന്നില്ലെന്ന് ഉറപ്പുവരുത്തുകയുംകൂടി വേണം. അതുപോലെതന്നെ ആറുകളിൽകൂടി ഒഴുകിപ്പോകുന്ന മഴവെള്ളം തടഞ്ഞുനിറുത്തി നമ്മുടെ കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും ജലനിരപ്പ് ഉയരുന്നതിനും കിണറുകളിലെ ജലലഭ്യത വർദ്ധിക്കുന്നതിനും ഇടയാകും. മീനച്ചിലാറ്റിൽ വേനൽകാലത്ത് സമൃദ്ധമായി ജലം ലഭിക്കുന്നതിന് ആവശ്യമായ പദ്ധതി - മീനച്ചിൽ നദീതടപദ്ധതിയോ അല്ലെങ്കിൽ മലങ്കര പദ്ധതിയോ നടപ്പിലാക്കണം.

## പ്രശ്നങ്ങൾ

1. ഭക്ഷ്യോത്പന്നങ്ങളുടെ ഉത്പാദനത്തിലനുഭവപ്പെടുന്ന മാന്ദ്യം
2. പഞ്ചായത്തിന്റെ കൃഷിവികസനത്തിന് ഗുണകരമായ യാതൊരുവിധ ജലസേചന പദ്ധതികളും നാളിതുവരെ ആരംഭിച്ചിട്ടില്ല. ജലസേചനത്തിന്റെ ആപര്യാപ്തത ഏറ്റവും കൂടുതൽ ബാധിച്ചത് നെൽകൃഷിയെയാണ്. ആകെ ഭൂവിസ്തൃതിയുടെ 10% നെൽകൃഷിയുണ്ടായിരുന്നത് ഇന്ന് കേവലം 4% മാത്രമാണ്. മിക്കപാടശേഖരങ്ങളിലും ഇന്ന് ഒരു കൃഷി മാത്രമായി ചുരുങ്ങിയിരിക്കുന്നു. പഞ്ചായത്തിലെ ഭൂരിഭാഗം നിലംഉടമകളും നെൽകൃഷി ഉപകൃഷിയാക്കിയതു നെൽകൃഷിയുടെ ഉത്പാദനം കുറയുന്നതിന് കാരണമായി. ഗ്രൂപ്പ് ഫാമിംഗ് സമിതികളുടെ പ്രവർത്തനം വേണ്ടത്ര രീതിയിൽ നടക്കുന്നില്ല. ഗ്രൂപ്പ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനോ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ സ്വാശ്രയശീലം വളർത്തിയെടുക്കുന്നനോ ഉള്ള ശ്രമങ്ങളും ഉണ്ടായിട്ടില്ല. കർഷകന് നെൽകൃഷിയോടുള്ള ആഭിമുഖ്യം ശക്തിപ്പെടുത്തുന്നതിന് അനുകൂലമായ അന്തരീക്ഷമല്ല ഇപ്പോൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.
3. മുഖ്യകൃഷിയായ റബ്ബറാകട്ടെ മെച്ചപ്പെട്ട ഉത്പാദനം ഉണ്ടെങ്കിലും ഉത്പാദന ചെലവിലുണ്ടായ വർദ്ധനവ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. റബ്ബറിന്റെ പ്രധാന രോഗമായ "പട്ടമരപ്പി"ന് ഇനിയും യാതൊരു പരിഹാരവും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. ടാപ്പിങ്ങ് ജോലിക്ക് തൊഴിലാളികളെ കിട്ടാൻ ഇന്ന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ദീർഘകാലവിളയായ റബ്ബർ ആവർത്തന കൃഷി നടത്തുന്ന തോട്ടങ്ങളിൽ ആദ്യത്തെ 3 വർഷം കുറുമ്പുപ്പ് കൃഷികൾ നടത്താത്തത് ഭക്ഷ്യോല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു. കർഷന്റെ ഗുണമേന്മകൂടിയ ഷീറ്റിന് കൂടിയ വില ലഭിക്കുന്നില്ല. റബ്ബർഅധിഷ്ഠിത വ്യവസായങ്ങൾ പഞ്ചായത്തിൽ കുറവാണ്.
4. ആകെ ഭൂവിസ്തൃയുടെ 10% മാത്രമെ തെങ്ങ് കൃഷി അവശേഷിക്കുന്നുള്ളൂ. അശാസ്ത്രീയമായ പരിചരണം തെങ്ങിന്റെ ഉത്പാദനക്ഷമത കുറക്കുന്നു. ജലസേചനത്തിന്റെ അപര്യാപ്തത, നാളികേരത്തിന്റെ വിലക്കുറവ്, നല്ലയിനം തൈകൾ ലഭിക്കുക തുടങ്ങിയവയൊക്കെ തെങ്ങിന്റെ ഉത്പാദനത്തെ ബാധിച്ച ഘടകങ്ങളാണ്. സമഗ്രനാളികേരവികസന പദ്ധതി പ്രകാരം നല്കി വരുന്ന രാസവള കിറ്റുകൾ യഥാസമയം കർഷകർക്ക് ലഭിക്കുന്നില്ല. കേരവികസനസമിതിയുടെ പ്രവർത്തനവും കാര്യക്ഷമമായി നടക്കുന്നില്ല. തേങ്ങാ ഇടുന്നതിന് ജോലിക്കാരെ ലഭിക്കുന്നില്ല. ഇതിനുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല.
5. ആധുനിക കൃഷിസമ്പ്രദായങ്ങളുടെ ഫലമായി പരമ്പരാഗതമായി നമ്മുടെ കർഷകർ അനുവർത്തിച്ചുവന്നിരുന്ന നിലമൊരുക്കലിലെ ശ്രദ്ധ, കൃത്യസമയത്തു കൃഷി ഇറക്കാനുള്ള വ്യഗ്രത, ജൈവവള പ്രയോഗത്തിലുള്ള നിർബന്ധബുദ്ധി തുടങ്ങിയ നിരവധി മികച്ച കൃഷിരീതികൾ അവഗണിക്കപ്പെട്ടു. ജൈവ വളത്തെ അവഗണിച്ച് രാസവളങ്ങളെ മാത്രം സ്ഥിരമായി ആശ്രയിക്കുന്നത് മണ്ണിന്റെ രാസ, ഭൗതിക, ജൈവ സ്വഭാവങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിൽ സംശയമില്ല. ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടത്താത്തത് ഉത്പാദനക്ഷമത കുറയുന്നതിന്റെ കാരണങ്ങളിലൊന്നാണ്. കനത്ത വർഷപാതവും ചരിവേറിയ കൃഷിഭൂമികളും കാരണം പഞ്ചായത്തിലെ മണ്ണൊലിപ്പ് അപകടകരമാം വിധം ഉയർന്നിട്ടുണ്ട്. 1992-ൽ പഞ്ചായത്തിൽ പൊന്നൊഴംകു

തോട് നീർമറി പദ്ധതി ആരംഭിക്കുകയും മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുകയും ചെയ്യുന്നുണ്ടെങ്കിലും ഇത് വേണ്ടത്ര പ്രയോജനം ചെയ്യുന്നില്ല.

6. പഞ്ചായത്തിലെ കൃഷിഭവന്റെ പ്രവർത്തനവും പോരായ്മയായി നില്ക്കുന്നു ചില വാർഡുകളിലെ ചുരുക്കം പ്രദേശങ്ങളൊഴികെ പഞ്ചായത്തിന്റെ ഭൂരിഭാഗത്തും കൃഷിഭവന്റെ പ്രവർത്തനം എത്തുന്നില്ല. കൃഷിഭവനിൽ വേണ്ടത്ര ജോലിക്കാർ ഇല്ലാത്തതു മോശപ്പെട്ട പ്രവർത്തനത്തിന് കാരണമാണ്. ആവശ്യമായ സന്ദർഭങ്ങളിൽ സങ്കരയിനം വിത്തുകൾ ലഭിക്കുക, വിദഗ്ദ്ധ ഉപദേശങ്ങൾ നൽകൽ, സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളെപ്പറ്റിയുള്ള അജ്ഞത തുടങ്ങിയവയെല്ലാം പലപ്പോഴും കൃഷിയുടെ പുരോഗതിയ്ക്ക് തടസ്സമായി നിലനിൽക്കുന്നു.

7. 260 ha പ്രദേശത്ത് കുരുമുളക് കൃഷി ചെയ്തുവരുന്നു. കുരുമുളക് കൃഷിക്ക് കൂടുതൽ സാദ്ധ്യതകൾ ഉള്ള പ്രദേശമാണ് ഈ പഞ്ചായത്ത്. ദ്രുതവാട്ടം എന്ന മാരകരോഗം മൂലം കുരുമുളക് കൃഷി നശിച്ചുകൊണ്ടിരിക്കുന്നു. ശാസ്ത്രീയമായ പരിചരണം ഇല്ലാത്തതു കുരുമുളകിന്റെ ഉത്പാദനക്ഷമത കുറയ്ക്കുന്ന ഘടകമാണ്.

   വാഴയുടെ പിണ്ടി തുരന്നുതിന്നുന്ന ഒരു തരം ചെള്ള് (തടപുഴു) ഇന്ന് വാഴകൃഷിക്ക് ഭീഷണിയായിത്തീർന്നിട്ടുണ്ട്. ഇതിനു ശാശ്വത പരിഹാരം ഉണ്ടായിട്ടില്ല.

## നിർദ്ദേശങ്ങൾ

1. പച്ചക്കറി ഉത്പാദനം : ഗുണമേൻമയുള്ള വിത്തിനങ്ങൾ ശേഖരിച്ച് ജൈവവളത്തിന് മുൻതൂക്കം നൽകി സഹകരണാടിസ്ഥാനത്തിൽ കുറഞ്ഞത് രണ്ടിനമെങ്കിലും ഒരു വീട്ടിൽ നട്ടു വളർത്തുന്നതിന് ശ്രദ്ധിച്ചുകൊണ്ട് പച്ചക്കറികൃഷി വാർഡുകളിൽ വ്യാപിപ്പിക്കാൻ കഴിയും. അയൽകൂട്ടങ്ങൾ കേന്ദ്രീകരിച്ച് അടുക്കളത്തോട്ടം ഉണ്ടാക്കണം. പഞ്ചായത്തിലെ സ്കൂളുകളിൽ കൃഷിത്തോട്ടങ്ങൾ നടപ്പിൽ വരുത്തുവാൻ സാധിക്കണം.

2. മീനച്ചിലാറ്റിൽ വേനൽക്കാലത്ത് സമൃദ്ധമായി ജലം ലഭിക്കുന്നതിന് ആവശ്യമായ മീനച്ചിൽ നദീതട പദ്ധതി അല്ലെങ്കിൽ മലങ്കര പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കണം. ഈ പദ്ധതി നടപ്പിലാക്കാൻ ഉണ്ടാകുന്ന കാലതാമസം പരിഗണിച്ച് മീനച്ചിലാറ്റിലും പഞ്ചായത്തിലെ എല്ലാ തോടുകളിലും ചെക്ക്ഡാമുകൾ നിർമ്മിക്കുക.

3. വിളക്കുമാടം പാടശേഖരങ്ങൾക്ക് ജലസേചന സൗകര്യത്തിനായി ചെമ്പകശ്ശേരി ചിറമുഖത്തുനിന്നു പാടശേഖര മദ്ധ്യത്തിലൂടെ പുതിയിടം ഭാഗം വരെയും മേടയ്ക്കൽ ഭാഗം മുതൽ കാവുങ്കൽ വരെയും ലീഡിംഗ് കനാൽ നിർമ്മിക്കുക. ചെമ്പകശ്ശേരി പാടങ്ങൾക്ക് മുകളിൽ ഒരു പൊതുകുളം നിർമ്മിച്ച് പൊന്നൊഴുകുംതോട്ടിൽ വെള്ളം താഴുന്ന അവസരത്തിൽ കനാലിലേക്ക് വെള്ളം പമ്പ് ചെയ്യണം. പാറപ്പള്ളിത്തോട്ടിൽ 1580 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി കെട്ടി പാറപ്പള്ളി പാടശേഖരത്തെ സംരക്ഷിക്കുക. ഗ്രൂപ്പ് ഫാമിങ്ങ് സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സമിതികളുടെ സാമ്പത്തികാടിത്തറ വിപുലമാക്കുക ആവശ്യമായ സേവന സൗകര്യങ്ങളും യന്ത്രസജ്ജീകരണങ്ങളും ലഭ്യമാക്കുക. യന്ത്രവത്ക്കരണവും കൂട്ടായ പ്രവർത്തനങ്ങളും നടത്തി കൃഷിച്ചെലവ് കുറയ്ക്കാവുന്നതാണ്.

4. നാളികേര വികസനസമിതികൾ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും രൂപീകരിക്കുകയും രോഗ-കീട നിയന്ത്രണത്തിൽ കൂട്ടായ പ്രവർത്തനം നടത്തുകയും വേണം. വിത്തിന് ഉപയോഗിക്കുന്ന നാളികേരം അതാത് പ്രദേശങ്ങളിൽനിന്ന് ശേഖരിക്കണം. സമഗ്ര നാളികേരവികസനപദ്ധതി പ്രകാരമുള്ള രാസവളകിറ്റുകൾ കർഷകർക്ക് യഥാസമയത്ത് ലഭിക്കുന്നതിനുള്ള നടപടിയുണ്ടാകണം. തെങ്ങ് കൃഷിക്ക് ജലസേചന സൗകര്യം വർദ്ധിപ്പിക്കണം. ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ളർ ഇറിഗേഷൻ എന്നിവയുടെ സാദ്ധ്യത പ്രയോജനപ്പെടുത്താം. തുടക്കം മുതൽ കൂടുതൽ മുതൽമുടക്ക് ആവശ്യമായതിനാൽ വേണ്ട ലോണുകളും സബ്സിഡികളും നല്കണം.

5. മുഖ്യകൃഷിയായ റബ്ബറിന്റെ ഉത്പാദന ചിലവ് കുറയ്ക്കുന്നതിന് കൂടുതൽ സബ്സിഡി നല്കണം. ടാപ്പിങ്ങ് ജോലിക്ക് സ്ത്രീതൊഴിലാളികൾക്ക് പ്രത്യേക പരിശീലനം നൽകണം.

6. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ മണ്ണിന്റെ സാമ്പിളുകൾ എടുത്ത് പരിശോധന

നടത്തി ആവശ്യമായ വളപ്രയോഗങ്ങളെപ്പറ്റി കർഷകർക്ക് ധാരണ നല്കുവാൻ കഴിയണം.അതിനായി മണ്ണുപരിശോധനാകേന്ദ്രം സ്ഥാപിക്കുക.

7. വിത്തിനങ്ങൾ : ഉത്പാദനശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം ലഭിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കണം. പ്രദേശികമായി വിത്ത് ഉത്പാദിപ്പിക്കുന്നതിന് പാടശേഖര സമിതികളെ ഉപയോഗപ്പെടുത്താവുന്നതാണ്. നടീൽ വസ്തുക്കൾ ലഭിക്കുന്നതിന് പഞ്ചായത്തിൽ തന്നെ നഴ്സറികൾ ആരംഭിക്കണം.

8. ഔഷധസസ്യങ്ങൾ : പഞ്ചായത്തിൽ വ്യാപകമായി കണ്ടുവരുന്ന ഔഷധസസ്യങ്ങൾ കണ്ടെത്തി അതു സംരക്ഷിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും കഴിയണം.

9. കിടനാശിനി : ശരിയായ സുരക്ഷാ സംവിധാനങ്ങളോടെയോ, ശരിയായ അളവിലോ അല്ല ഇന്ന് കിടനാശിനി ഉപയോഗിക്കുന്നത്. അത് മാറണം. ബോധവൽക്കരണക്ലാസ്സുകൾ കർഷകർക്ക് നല്കിയേ പറ്റു. ജൈവിക കീട നിയന്ത്രണത്തെപ്പറ്റി പഠിപ്പിക്കുകയും വ്യാപിപ്പിക്കുകയും വേണം.

10. വളങ്ങൾ : രാസവള വിതരണ കേന്ദ്രങ്ങൾ ആവശ്യമായത്ര ഇപ്പോൾ പഞ്ചായത്ത് കേന്ദ്രത്തിലുണ്ട്. പച്ചില വളത്തിന്റെ കുറവ് നികത്തുന്നതിന് ശീമക്കൊന്ന, ഡെയ്ഞ്ച എന്നിവ കൂടിയ തോതിൽ വളർത്താവുന്നതാണ്. ജൈവ വള പ്രയോഗം പ്രോത്സാഹിപ്പിക്കുകയും അതിന് വേണ്ട സഹായങ്ങൾ നല്കുകയും വേണം. കാലികൾക്ക് ആവശ്യമായ തിറ്റപ്പുൽ വ്യാപനവും നടത്താവുന്നതാണ്. മണ്ണിര കമ്പോസ്റ്റ് രീതി കർഷകർക്ക് പരിചയപ്പെടുത്തി വ്യാപകമാക്കാൻ കഴിയുന്നതാണ്.

11. ഇൻഷുറൻസ് പദ്ധതി : വിളകൾക്കുള്ള ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം കാലതാമസവിന ലഭ്യമാക്കണം. അതോടൊപ്പം കർഷക ധനസഹായത്തിനുള്ള വരുമാന പരിധി കുറയ്ക്കൽ, വൈദ്യുതി കുറഞ്ഞ നിരക്കിൽ നൽകൽ, ജലസേചനത്തിനുള്ള മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കൽ മുതലായവ കൃഷിയെ പരിപോഷിപ്പിക്കുവാൻ സഹായിക്കുന്ന ഘടകങ്ങളാണ്.

12. *പൊതുവിപണി* : പ്രധാന നാണ്യവിളകളായ കുരുമുളക്, റബ്ബർ, കാപ്പി എന്നിവയ്ക്ക് ശരിയായ വില ലഭിക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ സഹകരണസംഘം രൂപീകരിക്കണം. നിത്യോപയോഗ സാധനങ്ങളായ തേങ്ങ, പഴം, പച്ചക്കറി, പാൽ, മുട്ട എന്നിവയുടെ വിപണനത്തിന് എല്ലാ വാർഡുകളിലും വിപണന കേന്ദ്രങ്ങൾ തുറക്കുകയും ഇവയെ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഏകികരിക്കുകയും വേണം. കേര, റബ്ബർ സംസ്കരണ യൂണിറ്റുകൾ തുടങ്ങുവാനുള്ള എല്ലാ ഭൗതിക സാഹചര്യങ്ങളും ഇവിടെ നിലവിലുണ്ട്.

13. വളരെ ചെലവ് കുറഞ്ഞതും ലഭകരമായി കുറഞ്ഞ സമയ പരിധിക്കുള്ളിൽ വിളവെടുക്കാവുന്നതുമായ കൂൺ കൃഷി നടപ്പിലാക്കുന്നതിന് അടിയന്തിര ശ്രദ്ധപതിപ്പിക്കണം.

14. കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം, അഗ്രോക്ലിനിക്കുകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ കർഷിക പരിശീലന കേന്ദ്രങ്ങൾ മുതലായവ സ്ഥാപിക്കണം.

15. മണ്ണൊലിപ്പു നിവാരണപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി കല്ലുകയ്യാല നിർമ്മാണത്തിന് സബ്സിഡി ഏർപ്പെടുത്തണം.

16. ഒരു വീടിന് ഒരു കമ്പോസ്റ്റ് കുഴി എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കുക. പഞ്ചായത്ത് തലത്തിൽ ജൈവവളനിർമ്മാണയൂണിറ്റ് സ്ഥാപിക്കുക.

17. സമ്മിശ്രകൃഷിയെ പ്രോത്സാഹിപ്പിക്കുക

18. *തൊഴിൽസേനാ രൂപീകരണം*: തൊഴിൽരഹിതരായ ചെറുപ്പക്കാരെ ഉൾപ്പെടുത്തി ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് രൂപം നൽകണം.

19. തരിശുകിടക്കുന്ന നിലങ്ങൾ തൊഴിൽസേനയുടെ നേതൃത്വത്തിൽ കൃഷിചെയ്യുന്നതിന് ആവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ചെയ്യുക.

20. *കാർഷികമേളകൾ*: വിളവെടുപ്പ് സീസണോടനുബന്ധിച്ച് വിളമത്സരവും പ്രദർശനുവും ചർച്ചാക്ലാസുകളും സംഘടിപ്പിക്കണം.

◆ ◆

5-2



# മൃഗസംരക്ഷണം

പോയകാലത്ത് ആളുകളുടെ സമ്പത്ത് അളന്നിരുന്ന മാനദണ്ഡം ആടുമാടുകളുടെ എണ്ണ വും തൊഴുത്തിന്റെ വലിപ്പവും കണക്കാക്കിയായി രുന്നു. മുമ്പ് ഓരോ വീട്ടിലും ഒരു ജീവിതക്രമം എന്നതുപോലെ ആടുമാടുകളെ വളർത്തിയിരുന്നു. സുലഭമായി ലഭിച്ചിരുന്ന പുല്ലും മറ്റും അവയ്ക്കായി പ്രത്യേക തീറ്റയൊരുക്കുവാൻവേണ്ടി ബുദ്ധിമുട്ടി ല്ലാത്ത അവസ്ഥ സൃഷ്ടിച്ചിരുന്നു. നശിച്ചുപോകു ന്നതിനുപകരം അവയ്ക്ക് ആഹാരമാകട്ടെ എന്നും മനുഷ്യർ കരുതിയിരുന്നു. വിസ്തൃതവും വിശാല വുമായ പച്ചപ്പുൽമേടുകൾ ഉണ്ടായിരുന്ന ഈ പ്രദേ ശത്ത് അതുകൊണ്ടുതന്നെ ആടുമാടുകളെ വളർത്തുകയെന്നത് ഒരു ജീവിതക്രമമായി കരുതി യും പോന്നിരുന്നു. സംരക്ഷണചിലവുകുറവും കാർഷികവും ഗാർഹീകവുമായ കാര്യങ്ങൾക്കുപ യുക്തവുമായിരുന്നു അന്ന് അവയുടെ വളർത്തൽ. രാസവളം ലഭ്യമല്ലാതിരുന്നപ്പോൾ കാലിവളത്തെ ആശ്രയിച്ചായിരുന്നു വിളകളുടെ നിലനില്പ്. കൂടാതെ മുൻകാലങ്ങളിൽ നല്ലൊരു ശതമാനം ജനങ്ങൾ കാലിവളർത്തൽ ഉപജീവനമാർഗ്ഗമായി തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു.

കാലം മാറിയത് മൃഗസംരക്ഷണത്തേയും പരിപാലനത്തെയും പ്രതികൂലമായി ബാധിച്ചു. പുതിയ സാമ്പത്തികമേഖലയുടെ പന്ഥാവ് വെട്ടി പ്പിടിച്ചപ്പോൾ മനുഷ്യർ അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ കൂടുതൽ സമ്പത്ത് നേടുവാനുള്ള മാർഗ്ഗ ങ്ങളെക്കുറിച്ചാലോചിക്കുവാൻ തുടങ്ങി. അതിന്റെ പരിണിതഫലമായി സമ്മിശ്രകൃഷിസമ്പ്രദായം പാടേ വെടിഞ്ഞ് അദ്ധ്വാനശേഷി കുറഞ്ഞതും ലാഭകര വുമായ ഏകവിള സമ്പ്രദായത്തിലേക്കു തിരിഞ്ഞു. വിപ്ലവകരമായ ഈ മുന്നേറ്റം അന്നുവരെ നിലനിന്നിരുന്ന സമ്പദ്‌വ്യവസ്ഥയെ പാടേ മാറ്റിമ റിക്കുവാൻ പര്യാപ്തമായിരുന്നു. ആ മുന്നേറ്റം പഴയ പല വരുമാനമാർഗ്ഗങ്ങളേയും അവഗണിച്ചുകൊ ണ്ടുകൂടെയായിരുന്നു എന്നത് തർക്കമറ്റ കാര്യമാണ്.

ഏകവിള സമ്പ്രദായം വ്യാപിച്ചതോടുകൂടി കാലിവളർത്തലും പരിമിതികളിൽ ഒതുങ്ങി. അതു വരെയുണ്ടായിരുന്ന വരുമാനമാർഗ്ഗങ്ങളെ വെടിഞ്ഞ് പുതിയവ ഏറ്റെടുത്തപ്പോൾ അതുവരെയുണ്ടായി രുന്നപരിചരണവും ശ്രദ്ധയും നഷ്ടപ്പെട്ടത് കന്നു കാലികൾക്കായിരുന്നു എന്നത് എടുത്തുപറയ ത്തക്ക സംഗതിയാണ്. ഓരോ വർഷത്തെയും കന്നു കാലി സെൻസസ് ഈ വിഷയത്തെ ഊന്നി ഉറ പ്പിക്കുന്നവയാണ്. 1970- തുകളിൽ മീനച്ചിൽ പഞ്ചായത്തു പ്രദേശത്തു വളർത്തിയിരുന്ന നാൽക്കാലികളുടെ 50% പോലും 1995-96 കാല ഘട്ടത്തിൽ ഇല്ല എന്നത് എടുത്തുപറയേണ്ട വസ്തു തയാണ്. ഇന്നുകളെ സംബന്ധിച്ച് മൃഗസംരക്ഷണം ഒരുതരം ബാദ്ധ്യതയായി അവശേഷിക്കുന്നു.

പാടത്തും പണിശാലയിലും നടപ്പാക്കിയ യന്ത്രവൽക്കരണം കാലിവളർത്തലിനെ പ്രതികൂല മായി ബാധിച്ച മറ്റൊരു ഘടകമാണ്. മുൻപ് ഗ്രാമ ത്തിന്റെ മുഖമുദ്രയായി മാറിയിരുന്ന കാളവണ്ടി മൺമറഞ്ഞു. ഗ്രാമത്തുടിപ്പുകളായിരുന്ന കാളവണ്ടി കൾ ഇന്നു നമുക്കന്യമാണ്. പഴമ പുതുമയിലേ ക്കുള്ള കുതിച്ചുചാട്ടം നടത്തിയപ്പോൾ കലപ്പയും കാളയും കന്നും പാടത്തുനിന്നു നിഷ്ക്രമിച്ചു. മര ച്ചക്കുകൾ യന്ത്രച്ചക്കുകളിലേക്കു മാറിയപ്പോൾ അതും വിസ്മൃതിയിലാണ്ടു. ഇവയൊക്കെയും കന്നു കാലിവളർത്തലിനെ ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ പ്രതികൂലമായി ബാധിച്ചിരിക്കുന്ന ഘട കങ്ങളാണ്.

പണത്തേക്കാളധികം സമയത്തിനു വില കല്പിക്കേണ്ടിവന്നപ്പോൾ, ആധുനികതയുടെ കട ന്നാക്രമണം പഴമയെ മുച്ചൂടും മാറ്റിമറിക്കുന്ന സംഭ വവികാസങ്ങളിലേക്കു പരിണമിച്ചു. ഒന്നിനുവേണ്ടി

യും ക്ലിപ്തസമയത്തിനപ്പുറം വിട്ടുകൊടുക്കുവാനില്ലാതെ മനുഷ്യൻ സ്വാർത്ഥനായി. ആ സ്വാർത്ഥത കാളവണ്ടിയുഗത്തെ ബാധിച്ചു. ഒരു നാടിന്റെ ഭാവി ഭാഗധേയത്തിൽ നിർണ്ണായക പങ്കു വഹിച്ചിരുന്ന, സമ്പൽസമൃദ്ധിയെ അന്നു ദൂരദേശവുമായി ബന്ധിപ്പിച്ചിരുന്ന കാളവണ്ടികളുടെ സ്ഥാനത്ത് യാന്ത്രികയുഗത്ത് വ്യതിയാനങ്ങളുടെ സരണികൾതന്നെ വെട്ടിത്തുറന്നു. കാളവണ്ടി തെളിച്ച് ഉപജീവനം നടത്തിയിരുന്ന ഒരു വിഭാഗം ഉണ്ടായിരുന്നു. ലാഭനഷ്ടങ്ങളുടെ ആകെത്തുകയിൽ കണ്ണീരുപ്പു വിതറേണ്ടിവന്നപ്പോൾ മടിശീല ഒരിക്കലുമൊരിക്കലും ഒഴിയാതിരുന്ന കാലത്തെക്കുറിച്ചോർത്തവർ നെടുവീർപ്പിൽ മുങ്ങേണ്ടിവന്നു.

ഇത് ഈ പ്രദേശത്തിന്റെ മാത്രം കഥയല്ല. മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ തൊട്ടുകിടക്കുന്ന മറ്റു പ്രദേശങ്ങളുടേയും കഥയാണ്.

പാലുൽപാദനത്തിനുവേണ്ടിമാത്രം കന്നുകാലിവളർത്തൽ ഇന്നുകളെ സംബന്ധിച്ച് ബുദ്ധിമുട്ടും പ്രയാസവുമേറിയതാണ്. പായ്ക്കറ്റുപാൽ സുലഭമായി ലഭിക്കുമ്പോൾ അതിനെ ആശ്രയിക്കണമോ, കഷ്ടനഷ്ടങ്ങൾ സഹിച്ച് കന്നുകാലികളെ വളർത്തി പാലുൽപ്പാദിപ്പിക്കണമോ എന്ന ചിന്ത കടന്നുവരുമ്പോൾ രണ്ടാമതൊന്നു ചിന്തിക്കാതെ പായ്ക്കറ്റുപാൽ മതിയെന്ന് ഉറപ്പിക്കുകയാണ്.

പാലുൽപ്പാദനരംഗത്തെ വർദ്ധിച്ച ചെലവ് കന്നുകാലികളെ വളർത്തി പാലുൽപ്പാദിപ്പിക്കുന്നതിനേയും നല്ലൊരളവുവരെ സ്വാധീനിച്ചിട്ടുണ്ട്. വരവിൽ ഏറെ ചിലവഴിച്ചാലും മതിയാകുന്നില്ല എന്നതു ക്ഷീരകർഷകരുടെ മുറവിളിയാണ്. അവരുടെ വാദം കണക്കുകൾ വച്ചു പരിശോധിച്ചാൽ ശരിയുമാണ്. തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്, വൈക്കോലിന്റെ കുറവ്, കാലിത്തീറ്റകളുടെ വർദ്ധിച്ച വില ഇവയും കാലിവളർത്തലിനെ പ്രതികൂലമായി ബാധിക്കുന്നു. ശരാശരി ചെലവും ശരാശരി വരുമാനവും താരതമ്യപ്പെടുത്തുവാൻ ആവാത്തത്ര അന്തരത്തിലാണു നിലകൊള്ളുന്നത്.

സങ്കരവർഗ്ഗകന്നുകാലികളുടെ പോഷക ആഹാരം പച്ചപ്പുല്ലും വൈക്കോലുമാണ്. ഉല്പാദനക്ഷമത പൂർണ്ണമായും ചൂഷണം ചെയ്യണമെങ്കിൽ ഇവ രണ്ടും സുലഭമായി കിട്ടേണ്ടിയിരിക്കുന്നു. കൃത്രിമോല്പാദന കാലിത്തീറ്റകൾക്ക് ഇവ പ്രദാനം ചെയ്യുന്ന ജീവഘടകങ്ങളെ പരിപൂർണ്ണമായി നൽകുവാൻ കഴിയുന്നില്ല. അതുകൊണ്ട് ഉല്പാദനക്ഷമത കൈവരിക്കുന്ന കാര്യത്തിൽ ക്ഷീരോല്പാദകർ പിന്നോക്കം നിൽക്കുന്നു. കൂടാതെ സങ്കരയിനം ആടുമാടുകളെ കടന്നാക്രമിക്കുന്ന രോഗാവസ്ഥയ്ക്ക് സമയാസമയങ്ങളിൽ ലഭിക്കാത്ത ശുശ്രൂഷയും മൃഗസംരക്ഷണത്തെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നു.

പശു, ആട് എന്നിവയാണ് പഞ്ചായത്തു പ്രദേശത്തെ പ്രധാന വളർത്തുമൃഗങ്ങൾ. പന്നിവളർത്തലിനും അപ്രധാനമല്ലാത്ത പങ്കുണ്ട്. എരുമകളും വളർത്തുമൃഗങ്ങളുടെ പട്ടികയിൽ വരുന്ന മറ്റൊരു മൃഗമാണ്. വളർത്തുപക്ഷികളിൽ കോഴിയും താറാവുമുണ്ട്. നിരന്തരമായുണ്ടാകുന്ന കോഴിവസന്ത കോഴികളുടെ എണ്ണത്തിൽ കാര്യമായ കുറവു വരുത്തിയിട്ടുണ്ട്.

പട്ടിക - 1

| | 86-87 | 87-88 | 89-90 | 90-91 | 91-92 | 92-93 | 93-94 | 95-96 | 96-97 |
|---|---|---|---|---|---|---|---|---|---|
| പട്ടി | 46 | 272 | 16 | Nil | Nil | Nil | Nil | 1 | Nil |
| പന്നി | Nil | Nil | 1 | 1 | Nil | Nil | Nil | Nil | Nil |

വളർത്തുമൃഗങ്ങളുടെ പട്ടികയിൽ നായ്ക്കൾക്കു നല്ല സ്വാധീനം ഉള്ള മേഖലയാണു മീനച്ചിൽ ഗ്രാമപഞ്ചായത്ത്. എന്നാൽ അലഞ്ഞുതിരിയുന്ന നായ്ക്കളുടെ കുറവ് അനുഭവപ്പെടുകയും ചെയ്യുന്നുണ്ട്. വളർത്തുനായകൾ ഏതാണ്ട് 50% വീടുകളെയും അലങ്കരിക്കുന്നുണ്ടെങ്കിലും നായകളുടെ ലൈസൻസ് വിരലിൽ എണ്ണാവുന്നവ മാത്രമാണ്. പന്നിക്കും പട്ടിക്കും ലൈസൻസ് എടുക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ടെങ്കിൽത്തന്നെ അതിനു നിർബന്ധമില്ലാത്തത് ഈ രംഗത്തുനിന്നും ആളുകളെ വിട്ടുനിൽക്കുവാൻ പ്രേരിപ്പിക്കുന്നു. അതു പട്ടിക -1 ൽനിന്നുതന്നെ വ്യക്തമാണ്

അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായകൾ കുറവായതുകൊണ്ട് പേപ്പട്ടിവിഷബാധയുടെ ഭീക

പട്ടിക - 2

| കന്നുകാലി | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| നാടൻ | സങ്കരം | പോത്ത് | ആട് | എരുമ | കോഴി | പന്നി | മുയൽ | പട്ടി | താറാവ് |
| 96 | 2239 | 5 | 1135 | 187 | 4380 | 963 | 183 | 648 | 865 |

രത ഇവിടെ കൂടുതലും പ്രകടമാകുന്നില്ല. ഒറ്റപ്പെട്ട സംഭവങ്ങൾ ഇല്ലാതെയുമില്ല. പന്നിവളർത്തൽ ഉപജീവനമാർഗ്ഗമായി കരുതുന്നില്ലെങ്കിലും പലയിടങ്ങളിലും പന്നിയെ വളർത്തുന്നതായാണ് സർവ്വേയിൽനിന്നു വ്യക്തമാകുന്നത്.

പന്നിവളർത്തൽ ചെലവുകുറഞ്ഞതും ആദായകരവുമായ ഒരു ഉപജീവനമാർഗ്ഗമാണ്. എന്നാൽ ഇതിനെ ശാസ്ത്രീയമായി വളർത്താതിരിക്കുന്നത് പരിസരത്തെ മലിനീകരിക്കുന്നു. പഞ്ചായത്തുപ്രദേശത്ത് സർവ്വേകണക്കുകൾ പ്രകാരം 963 പന്നികളെ വളർത്തുന്നതായി കാണുന്നു.

വളർത്തുമൃഗങ്ങളിൽ നാടൻപശുക്കൾ, സങ്കരിയിനം ഇവയുടെ എണ്ണം യഥാക്രമം 96, 2239 ഇങ്ങനെയാണ്. പട്ടികയിൽ ഓരോ വിഭാഗത്തിന്റെയും കണക്കുകൾ കൊടുക്കുന്നു.

ലോകാരോഗ്യസംഘടന, ആരോഗ്യപരിപാലനത്തിനായി പാലിന്റെ ഉപഭോഗം നിർദ്ദേശിച്ചിരിക്കുന്ന അളവ് 280gm. ആണ്. എന്നാൽ നമ്മുടെ നാട്ടിൽ ശരാശരി 180 gm. മാത്രമേ ഉള്ളൂ എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ കണക്ക് സർവ്വേയുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതാണ്. എന്നാൽ ഇത് കൃത്യമായിരിക്കണമെന്നില്ല. കാരണം, നമുക്കുതന്നെ അറിയാം നാം എത്രമാത്രം പാൽ പ്രതിദിനം ഉപയോഗിക്കുന്നു എന്ന്. ഒരു നിർദ്ധനകുടുംബം അവരുടെ ആഹാരത്തിനുവേണ്ടി പണം ചിലവഴിക്കുന്നത് വിശപ്പിനെ പിടിച്ചുനിർത്തുന്നതിനു വേണ്ടിയാണ്. പോഷകാഹാരത്തിന്റെ കണക്ക് വിശപ്പിനു മുൻപിൽ യാതൊന്നുമാണെന്നു തോന്നുന്നില്ല. ലോകാരോഗ്യസംഘടനയുടെ കണക്ക് സമ്പന്ന വർഗ്ഗത്തെ മാത്രമേ ഉൾപ്പെടുത്തിയുള്ളു എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

പാലിന്റെ ഉല്പാദനം വർദ്ധിപ്പിക്കേണ്ടത് ഒരവശ്യഘടകമായി തീർന്നിരിക്കുന്നു. അതുപോലെതന്നെ വളർത്തുമൃഗങ്ങളുടെ വളർത്തലും സംരക്ഷണവും പരിപാലനവും മുൻപെന്നത്തേക്കാളുപരിയായി ഇന്ന് ഒരു ജീവിതക്രമം പോലെ പരിപോഷിപ്പിച്ചെടുക്കേണ്ടിയിരിക്കുന്നു. അതിനു സ്വീകരി

പട്ടിക 3

മൃഗങ്ങൾക്കു പകർന്നുപിടിക്കുന്ന, കണ്ടുവരുന്ന രോഗങ്ങൾ

| ക്രമനമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് |
|---|---|---|---|---|---|---|---|---|
| 1. | ദഹനസംബന്ധം | 1008 | 46 | 342 | 135 | - | 1148 | 18 |
| 2. | ശ്വാസകോശസംബന്ധം | 285 | 14 | 130 | 10 | - | 345 | - |
| 3. | ഉപാപചയസംബന്ധം | 169 | - | 48 | 5 | - | - | - |
| 4. | ത്വക്‌രോഗം | 210 | 12 | 26 | 53 | 80 | - | - |
| 5. | ധാതുലവണങ്ങളുടെ അഭാവം | 129 | - | 22 | 272 | - | 120 | 6 |
| 6. | പരാദരോഗം | 1261 | 33 | 345 | 58 | - | 550 | - |
| 7. | ഗൈനക്കോളജിക്കൽ | 121 | 11 | 11 | 2 | - | - | - |
| 8. | വന്ധ്യത | 237 | 2 | 8 | - | - | - | - |
| 9. | അകിടുവീക്കം | 99 | - | 10 | 4 | - | - | - |
| 10. | മുടന്തൻപനി | 137 | - | - | - | - | - | - |
| 11. | പകർച്ചവ്യാധി | - | - | - | - | - | 2200 | 98 |

പട്ടിക 4

ക്ഷീരവികസനവകുപ്പിൽ നിന്നും 8- ാം പഞ്ചവത്സര പദ്ധതിക്കാലത്തു മീനച്ചിൽ പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

| ക്രമനമ്പർ | പദ്ധതികൾ | എണ്ണം |
|---|---|---|
| 1. | ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം | NIL |
| 2. | മാതൃകാ കാലിത്തൊഴുത്തു നിർമ്മാണ സഹായധനം | Rs. 2750/- (1) |
| 3. | മാതൃകാ ഡയറിഫാം യൂണിറ്റ് സഹായധനം | Rs.6000 (1) |
| 4. | നാടൻ ക്ഷീരോൽപന്ന നിർമ്മാണയൂണിറ്റ് സഹായധനം | Rs. 44000 (No. 2) |
| 5. | കാലിപ്രദർശനം | Rs. 750 (1) |
| 6. | ഹരിജനങ്ങൾക്കുള്ള കറവപ്പശു വിതരണം | Rs. 31000/- (5 No.) |
| 7. | പുൽകൃഷി വികസനം | —— |
| 8. | വൈക്കോൽ യൂറിയാ സംപുഷ്ടമാക്കൽ | Rs. 500/- |

ക്കേണ്ട നടപടികളുടെ ഏകദേശരൂപം താഴെക്കൊടുക്കുന്നു.

## പ്രശ്നങ്ങൾ നിർദ്ദേശങ്ങൾ

1. വർഗ്ഗോദ്ധാരണം

മീനച്ചിൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കൃത്രിമബീജാദാന സൗകര്യം ഉണ്ടാക്കുക. ഇതിനായി എല്ലാ വാർഡുകളിലും ക്ഷീരസഹകരണസംഘങ്ങൾ രൂപീകരിക്കുകയും അവിടെ ഒരു ഇൻസുമിനേറ്ററെ നിയമിച്ച് ബീജദാനം നൽകുവാനുള്ള സൗകര്യം ഉണ്ടാക്കുകയും ചെയ്യുക.

ഇതുമൂലം സങ്കരവർഗ്ഗ കന്നുകാലികളുടെ എണ്ണം വർദ്ധിക്കുകയും പാലുൽപ്പാദനത്തിൽ ഒരു ധവളവിപ്ലവം തന്നെ സൃഷ്ടിക്കുവാനും കഴിയും.

തൊഴിൽ സാദ്ധ്യത: മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ ഒൻപതു വാർഡുകളിലും ഒൻപത് ഇൻസുമിനേറ്റർമാർക്ക് ജോലി കൊടുക്കുവാൻ സാധിക്കും. സഹകരണസംഘമായി പ്രവർത്തിക്കുമ്പോൾ കുറഞ്ഞത് രണ്ടുപേർക്കെങ്കിലും തൊഴിൽ നൽകുവാൻ കഴിയും. അങ്ങനെ 18 പേർക്ക് ജോലി നല്കുന്നതിനും കഴിയുന്നതാണ്.

2. കന്നുകുട്ടികളുടെ പരിചരണം

കൃത്യമായ ഇടവേളകളിൽ പശുക്കുട്ടിയുടെ ആരോഗ്യപരിപാലനത്തിനായി വൈദ്യപരിശോധന ഏർപ്പെടുത്തുകയും സബ്സിഡി നിരക്കിൽ കാലിത്തീറ്റവിതരണം നടത്തുകയും ചെയ്യുക.

3. തീറ്റപ്പുല്ല്

തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുകയും ജലസേചനസൗകര്യത്തോടെ ദീർഘകാല പുൽവിളകൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുകയും കർഷകർക്കു മിതമായ നിരക്കിൽ തീറ്റപ്പുല്ലു കൊടുക്കുവാൻ തക്കവണ്ണം ക്ഷീരസഹകരണസംഘങ്ങളെ സാമ്പത്തികവും സാങ്കേതികവുമായി സഹായിക്കുക.

4. കാലിത്തീറ്റ

കർഷകർക്ക് മിതമായ നിരക്കിൽ കാലിത്തീറ്റ നൽകുവാൻ സാധിക്കുന്നവിധം മീനച്ചിൽ പഞ്ചായത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക. ക്ഷീരസഹകരണസംഘങ്ങൾ വഴി കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുകയും ചെയ്യുക.

5. ധാതുലവണ മിശ്രിതം

വൈറ്റമിൻ സപ്ലിമെന്റും ധാതുലവണമിശ്രിതവും സൗജന്യനിരക്കിൽ എല്ലാ കന്നുകാലികൾക്കും നല്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യണം

6. മാതൃകാ ഡയറി ഫാം യൂണിറ്റ്

തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി കുറഞ്ഞത് മൂന്നു പശുക്കളെങ്കിലും ഉള്ള മാതൃകാ ഡയറി യൂണിറ്റ് സ്ഥാപിക്കുകയും അവയ്ക്ക്

ലോണും സബ്സിഡിയും അനുവദിച്ച്കൊടുക്കുകയും ചെയ്യുക. ഇങ്ങനെ യൂണിറ്റുകൾ സ്ഥാപിച്ചാൽ ബയോഗ്യാസ്പ്ലാന്റിന്റെ നിർമ്മാണവും ത്വരിതപ്പെടുത്തുവാൻ സാധിക്കുകയും ചെയ്യും.

7. പരിമിത കർഷകർക്ക് കറവപശുക്കളെ വാങ്ങുന്നതിനായി ലോൺ - സബ്സിഡി

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കർഷകർക്ക് കറവപ്പശുക്കളെ വാങ്ങുന്നതിനും തൊഴുത്തു നിർമ്മിക്കുന്നതിനും സബ്സിഡിയും ലോണും ഏർപ്പെടുത്തുക.

8. മൊബൈൽ മൃഗാശുപത്രി

പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും നിശ്ചിതദിവസങ്ങളിൽ എത്തിച്ചേരുംവിധം ഒരു മൊബൈൽ മൃഗാശുപത്രിയുടെ സേവനം വിട്ടുകൊടുക്കുക.

9. വെറ്ററിനറി പോളി ക്ലിനിക്

24 മണിക്കൂറും സേവനസന്നദ്ധമായ ഒരു വെറ്ററനറി പോളിക്ലിനിക് സ്ഥാപിക്കുക.

10. പൈക മൃഗാശുപത്രി പുനരുദ്ധാരണം

മീനച്ചിൽ ഗ്രാമപഞ്ചായത്തിലെ VI-ാം വാർഡിൽ സ്ഥിതിചെയ്യുന്ന മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും മൃഗങ്ങളെ നിയന്ത്രിച്ചുനിർത്തുന്നതിനായി ഒരു ഇരുമ്പുകൂട് ഉണ്ടാക്കുകയും ചെയ്യേണ്ടതാണ്. സ്വന്തമായി ഒരു വാഹനവും ഉണ്ടാകേണ്ടതാണ്.

11. ഭ്രൂണമാറ്റം

സൗജന്യമായി ഭ്രൂണമാറ്റത്തിനും വന്ധ്യതാനിവാരണത്തിനും ഉള്ള സൗകര്യം മൃഗാശുപത്രിയിൽ ഉണ്ടാക്കുക.

12. ഗ്രൂപ്പ് ഫാമിംഗ്

തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷീരോൽപ്പാദകരെ സാമ്പത്തികമായി സഹായിക്കുന്നതിനും അവരെ സംഘടിപ്പിച്ച് ഒരു സംഘം ഉണ്ടാക്കുകയും ആ സംഘത്തിലെ അംഗങ്ങൾക്ക് വാണിജ്യാടിസ്ഥാനത്തിൽ ഇറച്ചിക്കോഴികളെയും പന്നികളെയും വളർത്തുന്നതിനുമുള്ള സാമ്പത്തികസഹായം നൽകുകയും ചെയ്യുക.

13. തൊഴുത്തുനിർമ്മാണം

വൃത്തിയും വെടിപ്പുമുള്ള തൊഴുത്തുകൾ നിർമ്മിക്കുവാൻ സാമ്പത്തികസഹായവും അതിന് സബ്സിഡിയും അനുവദിക്കുക.

14. കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

പഞ്ചായത്തിലെ എല്ലാ കന്നുകാലികൾക്കും സൗജന്യനിരക്കിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

15. കന്നുകാലി പ്രദർശനവും മത്സരവും

വർഷംതോറും മികച്ച ക്ഷീരകർഷകനേയും കന്നുകാലികളേയും കിടാരികളേയും തെരഞ്ഞെടുക്കുകയും ക്ഷീരകർഷകന് പ്രത്യേക ക്യാഷ് അവാർഡ് ഏർപ്പെടുത്തുകയും ചെയ്യുക.

16. ബോധവൽക്കരണ ക്ലാസ്സുകൾ

പശു പരിപാലനത്തെയും പാൽ ഉൽപ്പാദനത്തേയും കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം. തീറ്റപ്പുൽകൃഷിയേക്കുറിച്ചുള്ള നൂതനമായ അറിവുകൾ ക്ഷീരകർഷകർക്കു നല്കുവാൻ വേണ്ട ബോധവൽക്കരണം കൊടുക്കണം.

17. ക്ഷീരോത്പന്ന യൂണിറ്റുകൾ

പാൽ ഉപയോഗിച്ച് വിവിധങ്ങളായ രുചിയേറിയ ഭക്ഷണസാധനങ്ങൾ ഉണ്ടാക്കുന്നതിനായി ക്ഷീരോത്പന്ന യൂണിറ്റുകൾ സ്ഥാപിക്കുക.

18. ക്ഷീര സഹകരണസംഘങ്ങൾ

പഞ്ചായത്തിൽ ഒരു ക്ഷീരസഹകരണ സംഘം ഉണ്ടാക്കുകയും എല്ലാ വാർഡുകളിലും അതിന്റെ രണ്ടു യൂണിറ്റുകൾ വീതം ആരംഭിക്കുകയും ചെയ്യുക.

19. ഡയറി എക്സ്റ്റൻഷൻ സർവ്വീസ്

പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി ക്ഷീരവികസനവകുപ്പിന്റെ യൂണിറ്റ് ഓഫീസുകൾ പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്നതിനായി ഏർപ്പാടുകൾ ചെയ്യുക.

**പന്നിവളർത്തൽ**

പഞ്ചായത്തിലുള്ള യുവജനങ്ങൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ പന്നി വളർത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും സാമ്പത്തികസഹായം നൽകുകയും ചെയ്യണം.

**ആടുവളർത്തലും കോഴി വളർത്തലും**

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് ഒരു ഉപവരുമാനമാർഗ്ഗമായി ഒരു നിശ്ചിത എണ്ണം കോഴികളേയും ആടുകളേയും വിതരണം ചെയ്യുകയും അവയെ വളർത്തുന്നതിനാവശ്യമായ സാങ്കേതികസഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യണം.

**മുയൽ വളർത്തൽ**

മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കുകയും പഞ്ചായത്ത് അടിസ്ഥാനത്തിൽ വിപണന സൗകര്യം ഏർപ്പെടുത്തുകയും ചെയ്യണം.

**മുട്ടകോഴി വളർത്തൽ പ്രോത്സാഹന പദ്ധതി**

മുട്ടകോഴി വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടത് അത്യന്താപേക്ഷിത ഘടകമാണ്. മീനച്ചിൽ പഞ്ചായത്തിൽ ഏതാണ്ട് എല്ലാ വീടുകളിലും തന്നെ അഞ്ചിനും പത്തിനും ഇടയ്ക്ക് കോഴികളെ വളർത്തുന്നു. എന്നാൽ വിപുലമായ തോതിൽ കോഴികളെ വളർത്തുവാൻ ഏറെ സൗകര്യം ഈ പ്രദേശത്തുണ്ട്.

50 മുട്ടകോഴികളിൽ കൂടുതൽ വളർത്തുന്ന ഓരോ വീട്ടമ്മയ്ക്കും വർഷം 500/- രൂപ വച്ച് പ്രോത്സാഹനസമ്മാനം നൽകുക. ഇറച്ചികോഴി വളർത്തൽ പ്രോത്സാഹിപ്പിക്കണം. ഇതിലേയ്ക്ക് ഓരോ വർഷവും ഒരു തുക ബഡ്ജറ്റിൽ വകകൊള്ളിക്കുകയും അതിന്റെ ചിലവ് അൺടൈഡ് ഫണ്ടിൽ നിന്നു വിതരണം നടത്തുകയും ചെയ്യുക.

**കാടവളർത്തൽ**

കാടകോഴികളെ വാണിജ്യാടിസ്ഥാനത്തിൽ വളർത്തുന്നത് നല്ലൊരു വരുമാനമാർഗ്ഗമാണ്. കാടകോഴികളെ വളർത്തുന്നവർക്ക് വളർത്തുവാൻ ധനസഹായവും സബ്സിഡിയും നൽകുക.

**ലൈസൻസ്**

പഞ്ചായത്തിലെ എല്ലാ വളർത്തുനായ്ക്കൾക്കും നിർബന്ധമായും ലൈസൻസ് ഏർപ്പെടുത്തണം.

**പൈക മൃഗാശുപത്രി**

28-6-1985 ൽ സർക്കാർ ഉത്തരവ് G.O. (Rt.) 703/85/AD/dt 15.3.85 പ്രകാരം പ്രവർത്തനമാരംഭിച്ചു. ഈ സ്ഥാപനത്തിന്റെ തുടർന്നുള്ള പ്രവർത്തനത്തിന് അക്ഷീണം പ്രയത്നിച്ചത് അന്നത്തെ മെമ്പറായിരുന്ന ശ്രീ.. മണികൊമ്പേൽ മാണി ജോസഫ് എന്ന മാന്യദേഹമാണ്. ഇവിടെ നാലു ജീവനക്കാരുടെ പോസ്റ്റുണ്ട്. സർജൻ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റൻഡർ, പാർട്ടൈം സ്വീപ്പർ ഇവയാണു തസ്തികകൾ.

ഇവിടെ പൊന്നൊഴുകുംതോട് വാട്ടർഷെഡ് സ്കീം പ്രകാരം ആടുകളെയും കോഴികളെയും പന്നിക്കുഞ്ഞുങ്ങളെയും കൊടുത്തുവരുന്നു. ഗോരക്ഷാക്യാമ്പ്, സെമിനാറുകൾ, പേവിഷബാധ നിർമാർജനം എന്ന വിഷയങ്ങളിൽ ക്യാമ്പുകളും മറ്റും നടത്തിയിട്ടുണ്ട്. കുളമ്പുരോഗ പ്രതിരോധകുത്തിവയ്പുകൾ, മറ്റു രോഗപ്രതിരോധ കുത്തിവയ്പുകൾ, വന്ധ്യതാ നിവാരണക്യാമ്പുകൾ, പന്നിവളർത്തൽ പദ്ധതി, കോഴിവളർത്തൽ പദ്ധതി, കൃത്രിമബീജസങ്കലനം, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ നടത്തിവരുന്നു.

**ഹോമിയോപ്പതി ചികിത്സ**

കന്നുകാലികളിൽ വ്യാപകമായി കണ്ടുവരുന്ന അകിടുവീക്കം, കുളമ്പുരോഗം തുടങ്ങിയ രോഗങ്ങൾക്ക് ഹോമിയോപ്പതിയിൽ ചിലവുകുറഞ്ഞ ഫലപ്രദമായ ചികിത്സാരീതികൾ നിലവിലുണ്ട്. ആയതിനാൽ മനുഷ്യർക്കെന്നപോലെ മൃഗങ്ങൾക്കും വിവിധ ചികിത്സാസമ്പ്രദായങ്ങൾ പരിചയപ്പെടുത്തുവാനുള്ള ബോധവത്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കുകയും നിലവിലുള്ള ഗവ. മൃഗാശുപത്രി ഇത്തരം ചികിത്സാസമ്പ്രദായങ്ങൾ കർഷകർക്കു ലഭ്യമാക്കുന്നതിനുള്ള സാഹചര്യമൊരുക്കുകയും വേണം.

✧ ✧



5-3

# വിദ്യാഭ്യാസം

നമ്മുടെ സംസ്ഥാനത്തെ ആസൂത്രണപ്രക്രിയയിൽ ഒരു പുതിയ യുഗം ആരംഭിക്കുകയാണ്. താഴെത്തട്ടിൽ നിന്ന് ജനപങ്കാളിത്തത്തോടുകൂടിയുള്ള ആസൂത്രണം. ഒമ്പതാം പദ്ധതിക്കുവേണ്ടിയുള്ള തയ്യാറെടുപ്പ് ഈ സമീപനത്തെ അടിസ്ഥാനമാക്കിയായിരിക്കും. ഈ പുതിയ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ ഒൻപതു വാർഡുകളിലും പ്രത്യേകഗ്രാമസഭകൾ ചേരുകയും അതിൽ പങ്കെടുത്തവരിൽ നിന്നും ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ അതിനുവേണ്ടി രൂപം കൊടുത്ത കമ്മറ്റികൾ വിശദമായ ചർച്ചകൾക്കുശേഷം വാർഡ് നിർദ്ദേശങ്ങളായി രൂപപ്പെടുത്തുകയുമുണ്ടായി. തുടർന്ന് ഗ്രാമപഞ്ചായത്തു തലത്തിൽ വാർഡുതലനിർദ്ദേശങ്ങൾ ക്രോഡീകരിച്ച് വിദ്യാഭ്യാസം എന്നവിഷയത്തിന്റെ വികസനനിർദേശങ്ങൾ തയ്യാറാക്കാൻ രൂപീകരിച്ച കമ്മറ്റിയംഗങ്ങൾ പഞ്ചായത്തിലെ വിവധ സ്കൂളുകൾ പലതവണ സന്ദർശിക്കുകയും സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുകയുമുണ്ടായി. ഈ രംഗത്തെ വിവിധപ്രശ്നങ്ങളെപ്പറ്റി ഹെഡ് മാസ്റ്റർമാർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, തൊഴിൽ രഹിതരായ ചെറുപ്പക്കാർ തുടങ്ങിയവരുമായി ചർച്ച നടത്തുകയും വിദ്യാഭ്യാസരംഗത്ത് U.N. Consultant ആയി ദീർഘകാലം പ്രവർത്തിച്ച ശ്രീ. എം.റ്റി. തോമസ് മുണ്ടട്ടുചുണ്ടയിൽ തുടങ്ങിയ വിദ്യാഭ്യാസ വിദഗ്ദ്ധരുടെ അഭിപ്രായം തേടുകയുമുണ്ടായി.

ചരിത്രപശ്ചാത്തലം

കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനം വരെ ഔപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങളൊന്നും പഞ്ചായത്ത് പ്രദേശത്ത് ഉണ്ടായിരുന്നില്ല. നിലത്തെഴുത്ത് ആശാന്മാർ നടത്തിയിരുന്ന കുടിപ്പള്ളിക്കൂടങ്ങൾ വഴി ലഭിച്ചിരുന്ന വിദ്യാഭ്യാസം കൊണ്ട് ജനങ്ങൾ തൃപ്തിപ്പെട്ടിരുന്നു. അടുത്തൊന്നും ലഭ്യമല്ലാതിരുന്ന ഉന്നതവിദ്യാഭ്യാസത്തിന് കുട്ടികളെ വിടുന്നകാര്യത്തിൽ ജനങ്ങൾ താല്പര്യമെടുത്തിരുന്നില്ല. ആനിമൂട് സ്കൂൾ എന്നറിയപ്പെട്ടിരുന്ന മീനച്ചിൽ ഗവ: എൽ.പി.സ്കൂൾ, ശ്രീ ചെറിയതു മിഖായേൽ പുലിക്കുന്നേൽ സൗജന്യമായി നൽകിയ സ്ഥലത്ത് ഏകദേശം 120 വർഷങ്ങൾക്കുമുൻപ് ആരംഭിച്ചു. ഇടമറ്റത്ത് സ്ഥാപിതമായ ഈ സ്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭാസ്സ്ഥാപനം. തുടർന്ന് പുത്തൻ ശബരിമലഭാഗത്ത് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുംവേണ്ടി പ്രത്യേക പ്രൈമറിസ്കൂളുകൾ സ്ഥാപിക്കുകയുണ്ടായി. ഈ ആൺ, പെൺ പള്ളിക്കുടങ്ങൾ പിന്നീട് ഏകീകരിച്ച് ഇടമറ്റം ഗവ: എൽ.പി. സ്കുളായി പ്രവർത്തിക്കുകയുണ്ടായി. തുടർന്ന് ക്രൈസ്തവ സമൂഹവും, നായർ സർവീസ് സൊസൈറ്റിയും, ചില പൗരപ്രമുഖരും മുൻകൈയെടുത്ത് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി ആവശ്യത്തിന് വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുകയുണ്ടായി. ഇപ്പോൾ ഒരു T.T.I. യും രണ്ടു ഹൈസ്കൂളുകളും മുന്ന് യു.പി. സ്കൂളുകളും ആറ് എൽ.പി.സ്കൂളുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നണ്ട്. നിലവിലുള്ള സ്കൂളുകളുടെ പട്ടിക പ്രത്യേകം ചേർത്തിരിക്കുന്നു.

1948 ൽ സ്ഥാപിതമായ വിളക്കുമാടം സെന്റ് ജോസഫ്സ് ഹൈസ്കൂളാണ് പഞ്ചായത്തിലെ ആദ്യ ഹൈസ്കൂൾ. ഈ സ്കൂൾ ആരംഭിക്കുന്നതുവരെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് പാലാ, ഭരണങ്ങാനം തുടങ്ങിയ സ്ഥലങ്ങളിൽ പോകേണ്ടിയിരുന്നു. 1966- ൽ ഇടമറ്റത്ത് K.T.J.M ഹൈസ്കൂൾ ആരംഭിച്ചു.

വിദ്യാർത്ഥികളുടെ കുറവുമൂലം മീനച്ചിൽ ഗവ. എൽ.പി.എസ്., ഇടമറ്റം ഗവ. എൽ.പി.എസ്, വിളക്കുമാടം സെന്റ് തോമസ് എൽ.പി.എസ്. വലിയകൊട്ടാരം എൽ.പി.എസ്., ഇടമറ്റം എൻ.എസ്.എസ് എൽ.പി.എസ്. എന്നിവ അടച്ചു പൂട്ടേണ്ടിവന്നു.

## പട്ടിക 1

### വിദ്യാർത്ഥികൾ, അദ്ധ്യാപകർ

| | സ്കൂൾ | മാനേജ് മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പുരുഷൻ | സ്ത്രീ | ആകെ |
| 1. | V.K.P.M. N.SS. T.T.I ഇടമറ്റം | Aided | -- | -- | -- | 1 | 4 | 5 |
| 2. | സെന്റ് ജോസഫ്സ് H.S വിളക്കുമാടം | ” | 382 | 339 | 721 | 7 | 20 | 27 |
| 3. | K.T.J.M. H.S ഇടമറ്റം | ” | 455 | 226 | 681 | 17 | 10 | 27 |
| 4. | സെന്റ് ത്രേസ്യാസ് U.P.S വിളക്കുമാടം | ” | 196 | 202 | 398 | -- | 13 | 13 |
| 5. | സെന്റ് തോമസ് U.P.S പൂവത്തോട് | ” | 61 | 40 | 101 | 1 | 3 | 4 |
| 6. | K.T.T.M L.P.S ഇടമറ്റം | ” | 162 | 126 | 288 | -- | 8 | 8 |
| 7. | L.F. L.P.S പൈക | ” | 77 | 72 | 149 | -- | 5 | 5 |
| 8. | L.P.S കൊച്ചുകൊട്ടാരം | ” | 59 | 49 | 108 | 2 | 2 | 4 |
| 9. | ഗവ: U.P.S പൂവരണി | Govt. | 198 | 206 | 404 | 5 | 11 | 16 |
| 10. | ഗവ: L.P.S വിളക്കുമാടം | ” | 61 | 43 | 104 | 1 | 3 | 4 |
| 11. | ഗവ: L.P.S പൂവത്തോട് | ” | 28 | 40 | 68 | -- | 5 | 5 |
| 12. | ഗവ: L.P.S പാറപ്പള്ളി | ” | 20 | 33 | 53 | -- | 4 | 4 |
| | ആകെ | | 1689 | 1376 | 3075 | 34 | 88 | 122 |

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അഭിപ്രായം ആരായാതെയും വിശദമായ സർവ്വേ നടത്താതെയും പുതിയ സ്കൂൾ അനുവദിച്ചതുകൊണ്ടാണ് ഇടമറ്റത്തുള്ള മൂന്നു സ്കൂളുകൾ അടച്ചുപൂട്ടേണ്ടി വന്നത്. മേലിലെങ്കിലും പ്രാദേശികമായ ആവശ്യം നിർണ്ണയിക്കുന്നതിനുള്ള അവകാശം ഗ്രാമപഞ്ചായത്തുകൾക്കുനൽകേണ്ടതാണ്.

*നിലവിലുള്ള അവസ്ഥ:* സ്വകാര്യമേഖലയിലുള്ള വിദ്യാഭ്യാസസ്ഥാപനകളിലെ ഭൗതിക സാഹചര്യങ്ങൾ സാമാന്യം തൃപ്തികരമാണെങ്കിലും പഠനനിലവാരം ഉയർത്തേണ്ടിയിരിക്കുന്നു. S.S.L.C പരീക്ഷയ്ക്ക് നൂറുമേനികൊയ്യുന്ന സ്കൂള്കളുടെ പട്ടികയിൽ ഇടമറ്റം K.T.J.M ഹൈസ്കൂൾ ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നെങ്കിലും കഴിഞ്ഞവർഷം വിജയശതമാനം 84 ആണ്. വിളക്കുമാടം സെന്റ്ജോസഫ്സ് ഹൈസ്കൂളിൽ കഴിഞ്ഞ വർഷത്തെ S.S.L.C വിജയശതമാനം 68.2 ആണ്. നിരവധി കാരണങ്ങൾ പറയാമെങ്കിലും നല്ലനിലവാരമുള്ള കുട്ടികൾ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ തേടിപോകുന്നതും, രക്ഷകർത്താക്കളുടെ താല്പര്യക്കുറവും അദ്ധ്യാപകരുടെ അർപ്പണമനോഭാവത്തിൽ വന്ന മറ്റവുമാണ് വിജയശതമാനം കുറയുന്നതിനുള്ള പ്രധാനകാരണങ്ങൾ.

സർക്കാർമേഖലയുടെ കാര്യമെടുത്താൽ സ്ഥിതി ദയനീയമാണ്. കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപണികൾ നടത്താത്തതുമൂലവും, അദ്ധ്യാപകരെ വേണ്ട സമയത്ത് നിയമിക്കാത്തതുകൊണ്ടും ആവശ്യത്തിന് ഫർണിച്ചറുകളും മറ്റ് പഠനോപകരണങ്ങളും യഥാസമയം നൽകാത്തതുകൊണ്ടും ഈ സ്ഥാപനങ്ങളിലെ പഠനനിലവാരം കുറയുകയും കുട്ടികളെ രക്ഷകർത്താക്കൾ മറ്റു സ്കൂളുകളിലേക്ക് മാറ്റുകയും ചെയ്യുന്നു. ഈ മേഖ

ലയിലുള്ള പാറപ്പള്ളി ഗവ. എൽ.പി.സ്കൂളും, പൂവത്തോട് ഗവ. എൽ.പി. സ്കൂളും അടച്ചു പൂട്ടലിന്റെ വക്കത്താണ്.

അനൗപചാരികവിദ്യാഭ്യാസരംഗത്ത് സാക്ഷരതാപ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നില്ല. നവസാക്ഷരർക്ക് തുടർവിദ്യാഭ്യാസം നിഷേധിച്ചിരിക്കുന്നതിനാൽ ജനശ്രദ്ധ ആകർഷിച്ചിരുന്ന ഈ സംരംഭം ഇപ്പോൾ നിശ്ചലാവസ്ഥയിലാണ്. ഗ്രന്ഥശാലകളിൽ മിക്കതും വർഷങ്ങായി അടഞ്ഞു കിടക്കുന്നു.

## പൊതുനിർദ്ദേശങ്ങൾ

വിദ്യാർത്ഥികളുടെ അഭിരുചികൾ താഴ്ന്ന ക്ലാസ്സുകളിൽ തന്നെ കണ്ടുപിടിക്കുകയും അവർക്ക് ആ രീതിയിലുള്ള പരിശീലനം കൊടുക്കുകയും വേണം. അതിനുവേണ്ടി ക്ലാസ്സിലുള്ള പഠനനിലവാരം അളക്കുന്നതിനുപുറമേ അഭിരുചി നിർണ്ണയ പരിശോധനയും ഇടയ്ക്കിടയ്ക്ക് നടത്തണം. ഉന്നതവിദ്യാഭ്യാസരംഗത്ത് അക്കാഡമിക് പരിശീലനം കിട്ടേണ്ടവർ കോളേജുകളിൽ ചേരുകയും അല്ലാത്താവർക്ക് അവർക്ക് താല്പര്യമുള്ള വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനും തൊഴിൽ കണ്ടെത്തുന്നതിനുമുള്ള സ്ഥാപനങ്ങൾ ഉണ്ടാവുകയും വേണം. വിദ്യാഭ്യാസരംഗത്ത് സമാന്തരവിദ്യാഭ്യാസം നടത്തുന്ന സ്ഥാപനങ്ങൾ ഒഴിവാക്കണം (പാരലൽ കോളേജുകൾ സ്വകാര്യ ITCകൾ മുതലായവ)

വിദ്യാഭ്യാസരംഗത്തെ നിലവാരതകർച്ചയെപ്പറ്റി ജനങ്ങൾ മുറവിളി കൂട്ടാൻ തുടങ്ങിയിട്ട് വർഷങ്ങളായി, നൂതന അദ്ധ്യാപന രീതികളിൽ നിലവിലുള്ള അദ്ധ്യാപകർക്ക് വേണ്ടത്ര പരിശീലനം നൽകിയും അദ്ധ്യാപകർ ചെയ്യുന്ന ജോലികൾ വിശദമായി വിലയിരുത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തും നിലവാരം ഉയർത്തിക്കൊണ്ടുവരാം. സ്വകാര്യ ഗൈഡുകളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കണം. ക്ലാസ്സ് പരിശോധനകൾ ഫലപ്രദമായി നടത്തണമെങ്കിൽ വിദ്യാഭ്യാസ ജില്ലകളും ഉപജില്ലകളും ഒരു ജില്ലയ്ക്ക് 50 സ്കൂളുളിൽ കൂടാതെ പുനഃക്രമീകരിക്കുകയും ഓരോവിഷയങ്ങൾക്കും അതതു വിഷയങ്ങളിൽ പ്രാവീണ്യം നേടിയ വിദഗ്ദ്ധരെ പരിശോധകരായി നിയമിക്കുകയുംവേണം. അദ്ധ്യാപകരക്ഷാകർത്തൃബന്ധം ദൃഢമാക്കിയാൽ വിദ്യാഭ്യാസരംഗത്തെ പല പ്രശ്നങ്ങളും പ്രാദേശികമായി പരിഹരിക്കാം. മാസത്തിലൊരിക്കലെങ്കിലും ക്ലാസ്സദ്ധ്യാപകന്റെ നേതൃത്വത്തിൽ കുട്ടികളുടെയും രക്ഷകർത്താക്കളുടെയും ആ ക്ലാസ്സിൽ പഠിപ്പിക്കുന്ന മറ്റദ്ധ്യാപകരുടെയും യോഗം വിളിച്ചുകൂട്ടി പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹരിക്കേണ്ടതാണ്. അദ്ധ്യാപകർക്ക് സ്കൂളിനടുത്ത് താമസസൗകര്യം ഏർപ്പെടുത്തേണ്ടതാണ്. L.P., U.P., H.S. വിഭാഗങ്ങളിൽ ഒരോന്നിലും തുടക്കം മുതൽ കോഴ്സ് പൂർത്തിയാക്കുന്നതുവരെ ഒരേ അദ്ധ്യാപകന്റെ ചുമതലയിൽ വിഷയങ്ങൾ പഠിപ്പിച്ചാൽ കൂടുതൽ ഫലപ്രദമായിരിക്കും. Mixed ക്ലാസ്സുകളാണ് അച്ചടക്കത്തിൽ മുൻപിൽ നില്ക്കുന്നത്. അദ്ധ്യാപകരംഗത്തെ സ്ത്രീഭൂരിപക്ഷം ഒഴിവാക്കിയും അദ്ധ്യാപകരുടെ സ്വകാര്യട്യൂഷൻ, സ്വകാര്യബിസിനസ്സുകൾ, രാഷ്ട്രീയപ്രവർത്തനം തുടങ്ങിയവ പൂർണ്ണമായി ഒഴിവാക്കുന്നതിനുള്ള നിയമനിർമ്മാണങ്ങൾ വഴിയും നിലവാരതകർച്ച എന്ന മുറവിളി ഒരു പരിധിവരെ ഒഴിവാക്കാം. ഇങ്ങനെയുള്ള പരിമിതികൾക്കിടയിലും വിവിധ മേഖലകളിൽ പ്രഗൽഭരായ ധാരാളം വ്യക്തികൾ നമ്മുടെ വിദ്യാലയങ്ങളുടെ സന്തതികളായിട്ടുണ്ടെന്നത് പ്രതീക്ഷക്കു വകനൽകുന്ന കാര്യമാണ്.

## വികസനിർദ്ദേശങ്ങൾ

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, വരുന്ന അഞ്ചുവർഷത്തേക്കുവേണ്ട വിദ്യാഭ്യാസ വികസനപ്രവർത്തനങ്ങൾ താഴെകൊടുക്കുന്നു.

1. പൂവരണി ഗവ. യുപി. സ്കൂൾ ഹൈസ്കൂളാക്കണം. സ്കൂളിനാവശ്യമായ ഫർണിച്ചർ, പഠനോപകരണങ്ങൾ ഇവ നൽകണം. കായികാദ്ധ്യാപകനെ നിയമിക്കണം. P.T.മീനിയലിന്റെ തസ്തിക പുനഃസ്ഥാപിക്കണം. കളിസ്ഥലം വികസിപ്പിക്കണം. നിലവിലുള്ള ഷെഡ് ഭിത്തി കെട്ടി അടവാക്കണം. ഒരു പുതിയ കെട്ടിടം കൂടി നിർമ്മിക്കണം. മൂത്രപ്പുര നിർമ്മിക്കണം.
2. വിളക്കുമാടം ഗവ. എൽ.പി. സ്കൂളിന്റെ നിലനിലുള്ള കെട്ടിടം ഭിത്തികെട്ടി അടവാക്കണം. ചുറ്റുമതിൽ നിർമ്മിക്കണം. ഒരു മുറികൂടി നിർമ്മിക്കണം. ഫർണിച്ചറും മറ്റു പഠനോപകരണങ്ങളും നൽകണം.
3. പാറപ്പള്ളി ഗവ. എൽ.പി. സ്കൂൾ കോമ്പൗണ്ടിൽ നില്ക്കുന്ന റബ്ബർ മരങ്ങൾ മുറിച്ചു നീക്കി കളിസ്ഥലം ഉണ്ടാക്കണം. ചുറ്റുമതിൽ നിർമ്മിക്കണം. ഫർണിച്ചറുകളുടെയും മറ്റു പഠ

നോപകരണങ്ങളുടെയും കുറവ് പരിഹരിക്കണം.

4. പൂവത്തോട് ഗവ. എൽ.പി സ്കൂളിനു സമീപത്തുകൂടി ഒഴുകുന്ന തോടിന് സംരക്ഷണഭിത്തികെട്ടണം. കഞ്ഞിപ്പുര ഉണ്ടാക്കണം. മൂത്രപ്പുരയും കക്കൂസും നിർമ്മിക്കണം. ഫർണിച്ചറുകളുടെയും മറ്റ് പഠനോപകരണങ്ങളുടെയും കുറവ് പരിഹരിക്കണം.

5. വിളക്കുമാടം സെന്റ് ജോസഫ്സ് ഹൈസ്കൂൾ ഹയർ സെക്കൻഡറി സ്കൂളാക്കണം. കംപ്യൂട്ടർ പഠനത്തിന് സൗകര്യം ഏർപ്പെടുത്തണം. സ്കൂളിൽ കുടിവെള്ളം തടസ്സം കൂടാതെ ലഭിക്കുന്നതിന് ഏർപ്പാടുകൾ ചെയ്യണം. Foot ball Court-ന് സംരക്ഷണഭിത്തികെട്ടണം. Basket ball, Volley ball Court-കൾ നവീകരിക്കണം. Sports ഉപകരണങ്ങൾ അനുവദിക്കണം.

6. ഇടമറ്റം കെ.റ്റി. ജെ. എം. ഹൈസ്കൂൾ തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി സ്കൂളാക്കണം. പോളിമർ ടെക്നോളജി, കംപ്യൂട്ടർ പഠനങ്ങൾക്ക് മുൻഗണന നൽകണം. കളി സ്ഥലം ഉണ്ടാക്കുന്നതിന് സഹായം നൽകണം.

7. വിളക്കുമാടം സെന്റ് ത്രേസ്യാസ് യു.പി.സ്കൂളിൽ കുടിവെള്ളം മുടങ്ങാതെ ലഭിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യണം. കലാ, കായിക പഠനങ്ങൾക്ക് വേണ്ട സഹായം നൽകണം.

8. പൂവത്തോട് സെന്റ് തോമസ് സ്കൂളിന്റെ കളിസ്ഥലം വികസിപ്പിക്കണം. കുട്ടികളുടെ എണ്ണത്തിൽ വരുന്ന കുറവ് പരിഹരിക്കുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്യണം.

9. കൊച്ചുകൊട്ടാരം എൽ.പി.സ്കൂളിന്റെ വൈദ്യുതീകരണം പൂർത്തിയാക്കണം. കളിസ്ഥലമുണ്ടാക്കണം. ഫർണിച്ചറുകളുടെ കുറവ് പരിഹരിക്കണം. പഞ്ചായത്തിന്റെ സഹായത്തോടെ സ്കൂളിൽ കംപ്യൂട്ടർ പഠനത്തിന് സൗകര്യം ഏർപ്പെടുത്തണം.

10. പൈക ലിറ്റിൽ ഫ്ലവർ എൽ.പി.സ്കൂളിന് കിണർ നിമ്മിക്കണം. കക്കൂസും വാട്ടർടാങ്കും നിർമ്മിക്കണം. മൈക്ക് സെറ്റ് നൽകണം.

11. വി.കെ.പി.എം. എൻ.എസ്.എസ്. ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂളിൽ അടുത്തവർഷം മുതലെങ്കിലും കുട്ടികളുടെ പ്രവേശനം പുനരാരംഭിക്കണം. സ്കൂളിനോടനുബന്ധിച്ച് കുട്ടികൾക്ക് താമസസൗകര്യം ഏർപ്പെടുത്തണം.

12. ഒരു ടെക്നിക്കൽ ഹൈസ്കൂളും വ്യവസായ പരിശീലന സ്ഥാപനവും ആരംഭിക്കണം. വ്യവസായപരിശീലന സ്ഥാപനത്തിൽ വനിതകൾക്ക് തൊഴിൽ പരിശീലനത്തിന് മുൻ ഗണന നൽകണം.

13. സർക്കാർ സ്കൂളുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ യഥാസമയം നടത്തണം. എയ്ഡഡ് സ്കൂളുകൾക്ക് മെയ്ന്റനൻസ് ഗ്രാന്റ് വർദ്ധിപ്പിച്ച് നൽകണം.

14. പി.റ്റി.എ, മാതൃസംഗമം, സ്കൂൾ കോംപ്ലക്സുകൾ ഇവയുടെ പ്രവർത്തനം സജീവമാക്കണം.

15. ഉച്ചക്കഞ്ഞി വിതരണം പഞ്ചായത്തിന്റെ ചുമതലയിലാക്കുകയും പാചകചിലവുകൾക്കു ഇപ്പോൾ നൽകുന്ന തുക ഇരട്ടിയെങ്കിലുമാക്കി വർദ്ധിപ്പിക്കുകയും വേണം.

16. KTTM LP സ്കൂളിന്റെ സ്റ്റേജ് പണി പൂർത്തിയാക്കുന്നതിന് ആവശ്യമായ സഹായം ചെയ്തുകൊടുക്കണം.

17. പഞ്ചായത്ത് തലത്തിൽ ഒരു അക്കാഡമിക് കൗൺസിൽ രൂപീകരിക്കണം.

18. എല്ലാ ഹൈസ്കൂളുകളിലും സ്കൗട്ട് & ഗൈഡിന്റെ പ്രവർത്തനം ആരംഭിക്കണം.

19. വരുംതലമുറക്ക് കാർഷികവൃത്തിയോട് ആഭിമുഖ്യം വളർത്താനുതകുന്ന ശാസ്ത്രീയമായ കൃഷികാര്യങ്ങൾ പഠിപ്പിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം ആരംഭിക്കണം. കാർഷികവൃത്തി മാന്യമായ ജീവിതശൈലിയാണെന്നും അതിൽക്കൂടെ മാത്രമേ തൊഴിലില്ലായ്മ പരിഹരിച്ചുകൊണ്ട്സാമൂഹ്യപുരോഗതി കൈവരിക്കാനാവുകയുള്ളു എന്നും ഉള്ള ബോദ്ധ്യം വരുംതലമുറയിൽ വളർത്തിയെടുക്കണം.

✧ ✧

5-4

# പൊതുജനാരോഗ്യം, പരിസരശുചിത്വം, കുടിവെള്ളം

ആരോഗ്യവും കുടിവെള്ളവും പരിസര ശുചിത്വവും പരസ്പരപൂരകങ്ങളാണ്. ആരോഗ്യം നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും കുടിവെള്ളവും പരിസരശുചിത്വവും അനിവാര്യമാണ്.

## പൊതുജനാരോഗ്യം

ലോകാരോഗ്യസംഘടനയുടെ നിർവ്വചനമനുസരിച്ച് ശാരീരികവും മാനസികവും സാമൂഹികവുമായി സുഖകരമായ അവസ്ഥയാണ് ആരോഗ്യം. കേവലം ശാരീരികമായ അസുഖമില്ലായ്മയെ ആരോഗ്യം എന്നു വിളിച്ചുകൂടാ. ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസുണ്ടാവുകയുള്ളൂ. അതുപോലെ ആരോഗ്യമുള്ള മനസുണ്ടായാലേ ആരോഗ്യമുള്ള ശരീരം ഉണ്ടാവൂ. വ്യക്തികളുടെ ആരോഗ്യം സമൂഹത്തിന്റെ ആരോഗ്യമായും സമൂഹത്തിന്റെ ആരോഗ്യം രാഷ്ട്രത്തിന്റെയാകമാനം ആരോഗ്യമായും ഗണിക്കപ്പെടുന്നു. അതുകൊണ്ടാണ് ജനസമ്പത്ത് കൈമുതലായുള്ള നമ്മുടെ രാജ്യത്തിന്റെ പഞ്ചവത്സരപദ്ധതികളിലെല്ലാം ആരോഗ്യപരിപാലനത്തിന് പ്രത്യേക പരിഗണന നൽകിയിരിക്കുന്നത്.

### ചരിത്രം

പ്രാകൃത ചികിത്സാസമ്പ്രദായങ്ങളെയും അന്ധവിശ്വാസത്തിലധിഷ്ഠിതമായ കർമ്മങ്ങളെയുമാണ് നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ ആദ്യകാലങ്ങളിൽ ആശ്രയിച്ചിരുന്നത്. ഏതാണ്ട് 300 വർഷങ്ങൾക്കുമുമ്പ് ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രത്തിനു സമീപം ചെറുശാല വീട്ടിൽനിന്നും നമ്മുടെ പഞ്ചായത്തിലെത്തി താമസമാരംഭിച്ച നാരായണനാശാൻ, ശങ്കരനാശാൻ, അദ്ദേഹത്തിന്റെ അനുജൻ ശ്രീ പി.ജി. ഗോവിന്ദപിള്ള (ശ്രീമൂലം പ്രജാസഭാ മെമ്പർ) തുടങ്ങിയവരുടെ കുടുംബമായ പുത്തൻപുരയ്ക്കൽ പിൽക്കാലത്ത് വൈദ്യവൃത്തിയിലൂടെയാണ് അറിയപ്പെടുന്നത്. ശങ്കരനാശാന്റെ പിൻഗാമിയായിരുന്ന കുഞ്ഞാശാൻ പ്രസിദ്ധനായ വൈദ്യനായിരുന്നു. അദ്ദേഹത്തിന്റെ മകൻ കുഞ്ഞാശാനും പേരുകേട്ട വൈദ്യനായിരുന്നു. നമ്മുടെ പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശങ്ങൾക്ക് അകത്തും പുറത്തുമുള്ള രോഗികളെയാകമാനം ചികിത്സിക്കുവാനുള്ള പാണ്ഡിത്യം ആശാന്മാർ എന്ന പേരിലറിയപ്പെട്ടിരുന്ന ഈ വൈദ്യൻമാർക്കുണ്ടായിരുന്നു. കുഞ്ഞാശാന്റെ മകൻ വൈദ്യകലാനിധി പി.ജി. ശങ്കരൻനായരും അദ്ദേഹത്തിന്റെ മക്കളും ഈ പാരമ്പര്യം തുടർന്നുവരുന്നു. വിഷവൈദ്യത്തിൽ പ്രാവീണ്യം നേടിയവർ നമ്മുടെ പഞ്ചായത്തിൽ വളരെമുൻപുതന്നെ ഉണ്ടായിരുന്നു. 150 വർഷങ്ങൾക്കുമുമ്പ് കുന്നുംപുറത്ത് പോതി വിഷചികിത്സ നടത്തുകയും, അദ്ദേഹത്തിന്റെ ഈ രംഗത്തുള്ള സിദ്ധികൾ അടുത്തതലമുറയിലെ കണ്ടൻ എന്നയാൾക്ക് പകർന്നുകൊടുക്കുകയും അദ്ദേഹം 60 വർഷക്കാലം പ്രസ്തുത ചികിത്സ തുടരുകയും ചെയ്തു. അദ്ദേഹത്തിന്റെ അടുത്ത തലമുറയിലെ പോതി വിഷചികിത്സ നടത്തിയിരുന്നുവെങ്കിലും ചികിത്സക്ക് ലൈസൻസ് നിർബന്ധമാക്കുകയും, അവശ്യമരുന്നുകൾ കിട്ടാതാവുകയും മൂലം അധികകാലം തുടരാനായില്ല.

നമ്മുടെ പഞ്ചായത്തിലെ കോഴികൊത്തിക്കൽ കുടുംബാംഗങ്ങൾ തങ്ങളുടെ കുടുംബം സ്ഥാപിതമായ കാലം മുതൽ ചികിത്സ നടത്തിവന്നവരാണ്. കുഞ്ചെറുക്കൻ വൈദ്യനും സഖറിയാസ് ഡോക്ടറും മുതലുള്ളവരുടെ ചരിത്രം മാത്രമേ ലഭ്യമായിട്ടുള്ളൂ. എങ്കിലും അതിനു രണ്ടു തലമുറ മുമ്പു മുതൽ ഈ കുടുംബത്തിൽപ്പെട്ടവർ ചികിത്സ നടത്തിയിരുന്നത് നമ്മുടെ പഞ്ചായത്തിൽതന്നെയാണ്. മീനച്ചിൽകർത്താക്കന്മാരെ ചികിത്സിക്കുവാനായി വടക്കൻപറവൂരിൽനിന്നും നമ്മുടെ പഞ്ചായത്തിൽ എത്തിയവരാണിവർ. സഖറിയാസ് ഡോക്ടർ അലോപ്പതി ചികിത്സ നടത്തുവാൻ രജിസ്ട്രേഷൻ ലഭിച്ചിരുന്നയാളായിരുന്നുവെങ്കിലും മറ്റുള്ളവരെല്ലാം

ആയുർവേദ ചികിത്സയായിരുന്നു നടത്തിയിരുന്നത്. 1945ൽ പൈകയിൽ കോഴികൊത്തിക്കൽ വൈദ്യശാല സ്ഥാപിച്ചത് എൻ.എസ്. ജോസഫാണ്. അതിനുശേഷം 1981 ൽ ഡോ. കെ. ജോർജ് ജോസഫ് ഈ സ്ഥാപനത്തിൽ ചികിത്സകനായെത്തി. 1990 ൽ മരുന്നുനിർമ്മാണം തുടങ്ങിയെങ്കിലും 1995 ഓടുകൂടി മരുന്നുനിർമ്മാണം അവസാനിപ്പിച്ചു. സ്വന്തം ആവശ്യങ്ങൾക്കു മാത്രം മരുന്നു നിർമ്മാണം നടത്തുന്ന ഈ കുടുംബത്തിനു കീഴിലുള്ള ചികിത്സാലയങ്ങൾ ചികിത്സാരംഗത്ത് ഇപ്പോഴും മികച്ച സേവനം തുടർന്നുവരുന്നു.

1940 ൽ വൈദ്യകലാനിധി സി.വി. ജോസഫ് വിളക്കുമാടത്ത് ചെമ്പകശ്ശേരിൽ വൈദ്യശാല സ്ഥാപിച്ചു. ഈ സ്ഥാപനം പിന്നീട് സർക്കാർ വൈദ്യശാലയായി അംഗീകരിച്ചു. ഇതിനും ഒരു തലമുറ മുൻപ് ചെമ്പകശ്ശേരിൽ വർക്കി എന്നയാൾ ആയുർവേദ ചികിത്സയിൽ പ്രശസ്തി നേടിയിരുന്നു. 1940 മുതൽ മുടങ്ങാതെ ആയുർവ്വേദ ഔഷധനിർമ്മാണം തുടർന്നുപോരുന്ന ഒരു സ്ഥാപനമാണ് ചെമ്പകശ്ശേരിൽ വൈദ്യശാല. 1988 ൽ ഡോ. സി.ജെ. മാത്യു ബി.എ.എം.എസ്. ഈ സ്ഥാപനത്തിൽ സേവനം ആരംഭിച്ചു. 1962ൽ ഇടമറ്റത്ത് വൈദ്യകലാനിധി എം.കെ. പ്രഭാകരൻപിള്ള ആയുർവ്വേദ ചികിത്സ ആരംഭിച്ചു. വരകപ്പള്ളിൽ ആയുർവ്വേദ വൈദ്യശാല എന്ന പേരിൽ ആരംഭിച്ച ഈ സ്ഥാപനം ആയുർവ്വേദ വിധിപ്രകാരമുള്ള ഔഷധനിർമ്മാണവും നടത്തുന്നുണ്ട്. ഇടമറ്റത്തുള്ള കല്ലോലിക്കുന്നേൽ കുടുംബവും ആയുർവ്വേദചികിത്സാരംഗത്ത് ദീർഘകാലം പ്രവർത്തിച്ചിരുന്നു.

ഇപ്രകാരം പ്രാകൃത ചികിത്സാ രീതികളിൽ തുടങ്ങി ആയുർവ്വേദ കുടുംബങ്ങളുടെ തണലിൽ വളർന്ന്, അലോപ്പതി, ആയുർവ്വേദ, ഹോമിയോപ്പതി ചികിത്സാശാസ്ത്രങ്ങളിലെത്തിനിൽക്കുന്നു നമ്മുടെ പഞ്ചായത്തിന്റെ ഇപ്പോഴത്തെ ആരോഗ്യരംഗം.

### നിലവിലുള്ള ആശുപത്രികളുടെ എണ്ണം

രോഗചികിത്സയെക്കാൾ എളുപ്പവും പ്രയോജനപ്രദവും രോഗപ്രതിരോധമാണ്. തക്കസമയത്ത് രോഗനിർണ്ണയം നടത്താതെവരുന്നത് ചികിത്സിച്ചു ഭേദമാക്കാവുന്ന രോഗങ്ങളെപ്പോലും ഗുരുതരാവസ്ഥയിൽ എത്തിക്കാറുണ്ട്. സാംക്രമികരോഗങ്ങൾ പൊതുവേ നമ്മുടെ പഞ്ചായത്തിൽ പൊട്ടിപ്പുറപ്പെടാറില്ലെങ്കിലും ചിക്കൻപോക്സ്, ചെങ്കണ്ണ്, മഞ്ഞപ്പിത്തം, മുണ്ടിനീര് തുടങ്ങിയ രോഗങ്ങൾ വർഷംതോറും ഉണ്ടാവാറുണ്ട്. ഐ.എം.എ. (ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ), ഐ.എച്ച്.കെ. (ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഹോമിയോപ്പത്സ്, കേരള) തുടങ്ങിയ സംഘടനകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

സർക്കാർ മേഖലയിൽ ആയുർവേദാശുപത്രികൾ ഒന്നും നിലവിലില്ല എന്നുള്ളത് പ്രത്യേകം പരിഗണനാർഹമാണ്. പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു സർക്കാർ ആയുർവേദ ആശുപത്രി സ്ഥാപിക്കുക എന്നത് വിവിധ വൈദ്യശാസ്ത്രശാഖകളുടെ സംതുലനത്തിന് അനിവാര്യമാണ്.

അലോപ്പതി വിഭാഗത്തിൽ കിഴപറയാർ പബ്ലിക് ഹെൽത്ത് സെന്റർ, വിളക്കുമാടം ഫാമിലി വെൽഫെയർ സെന്റർ എന്നിവയുടെ വികസനം സജീവപരിഗണനയർഹിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ സർക്കാർ മേഖലയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ആശുപത്രിയുടെ അഭാവം ഉണ്ട്. കിഴപറയാർ പി.എച്ച് സി. ഇത്തരത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രിയായി ഉയർത്തേണ്ടതുണ്ട്. 76,000 രൂപാ പ്രതിമാസ ഭരണച്ചിലവുള്ള കിഴപറയാർ PHC ഇന്ന് 76 ആളുകൾക്കുപോലും ഉപകാരപ്പെടുന്നില്ലായെന്നു പറയുമ്പോൾ ആസൂത്രണത്തിന്റെ പോരായ്മ വ്യക്തമാകും.

നമ്മുടെ പഞ്ചായത്തിൽ പാലാക്കാട് പ്രവർത്തിച്ചുവരുന്ന ഹോമിയോ ആശുപത്രി കൂടുതൽ ജനോപകാരപ്രദമായ രീതിയിൽ വികസിപ്പിക്കേണ്ടതുണ്ട്. സാംക്രമിക രോഗ പ്രതിരോധ രംഗത്ത് വിലപ്പെട്ട സേവനങ്ങൾ കാഴ്ചവയ്ക്കുവാൻ ഈ ഹോമിയോ ഡിസ്പെൻസറിക്കു കഴിയും. പഴകിയ രോഗങ്ങൾക്കും ശ്വാസകോശ ത്വക് രോഗങ്ങൾക്കും സാംക്രമിക രോഗങ്ങൾക്കും (പ്രത്യേകിച്ച് വൈറസ് മൂലമുണ്ടാകുന്ന രോഗങ്ങൾ)

| | ആയുർവ്വേദം | അലോപ്പതി | ഹോമിയോപ്പതി |
|---|---|---|---|
| സ്വകാര്യം | 6 | 6 | 4 |
| സർക്കാർ | — | 1 | 1 |

മീനച്ചിൽ ഗവ. ഹോമിയോ ഡിസ്പെൻസറിയെ സംബന്ധിച്ച്

| | | പ്രതിമാസ ചിലവ് |
|---|---|---|
| ഡോക്ടർമാരുടെ എണ്ണം | 1 | 5854 |
| നേഴ്സുമാരുടെ എണ്ണം | — | |
| കമ്പോണ്ടർമാരുടെ എണ്ണം | 1 | 3072 |
| മറ്റുള്ളവരുടെ എണ്ണ | 2 | അറ്റൻഡർ (1) -2246<br>PT.S. (1) -978 (Wages) |

| | |
|---|---|
| ആകെ ചിലവ് | 11172 + 978 = 12150 രൂപ |
| രോഗികളുടെ എണ്ണം (പ്രതിമാസം) | 1560 |
| ” (പ്രതിദിനം) | 52 |

ഹോമിയോ വൈദ്യശാസ്ത്രത്തിന്റെ സേവനം കൂടുതൽ ഉപയോഗപ്പെടുത്താവുന്നതാണ്. ഹോമിയോപ്പതിയെപ്പോലെ ലളിതവും സുരക്ഷിതവും ശാസ്ത്രീയവും ചിലവുകുറഞ്ഞതുമായ ചികിത്സാരീതികളെ കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

മരുന്ന് തോൽക്കുന്നിടത്ത് മനസ്സ് ജയിക്കുകയും ശാസ്ത്രം ഉയർത്തുന്ന വെല്ലുവിളികളെ പ്രകൃതി അതിജീവിക്കുകയും ചെയ്യുന്ന കാലമാണിത്. ചികിത്സാരംഗത്ത് പ്രചുരപ്രചാരം നേടിക്കൊണ്ടിരിക്കുന്ന യോഗാ, പ്രകൃതിചികിത്സ, പ്രാണിക് ഹീലിംഗ് എന്നീ ചികിത്സാസമ്പ്രദായം സർക്കാർ മേഖലയിലോ സ്വകാര്യമേഖലയിലോ നമ്മുടെ പഞ്ചായത്തിൽ ലഭ്യമല്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

എല്ലാ സ്കൂളുകളിലും വർഷത്തിൽ 2 തവണയെങ്കിലും സൗജന്യ വൈദ്യപരിശോധന നടത്തുന്നത് പോഷകക്കമ്മി രോഗങ്ങൾ നേരത്തെ കണ്ടുപിടിക്കുന്നതിന് സഹായിക്കും.ഇത്തരം പരിശോധനകളിൽ എല്ലാ വൈദ്യശാസ്ത്രശാഖയുടെയും പ്രാതിനിത്യം ഉറപ്പാക്കേണ്ടതാണ്. ചില പ്രത്യേക രോഗങ്ങൾക്ക് ഓരോ വൈദ്യശാസ്ത്ര ശാഖയ്ക്കും പ്രത്യേകമായ തനത് ചികിത്സാസമ്പ്രദായങ്ങളുണ്ട്. അത്തരം രോഗങ്ങളെ അതത് വൈദ്യശാസ്ത്രശാഖ കൈകാര്യം ചെയ്താൽ ചിലവ് കുറച്ച് ഫലപ്രദമായി രോഗനിവാരണം കൈവരിക്കാനാകും.

ആരോഗ്യപരിപാലനബോധവത്ക്കരണ പരിപാടികളും സൗജന്യ ചികിത്സാക്യാമ്പുകളും സംഘടിപ്പിക്കുന്നത് ജനങ്ങളിൽ സ്വന്തം ആരോഗ്യത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും ഒട്ടുമിക്കരോഗങ്ങളും തുടക്കത്തിലേ കണ്ടെത്തി ചികിത്സിച്ചു ഭേദമാക്കുന്നതിനും സഹായിക്കും. നമ്മുടെ പഞ്ചായത്തിലെ ഒരു വലിയ വിഭാഗം ആൾക്കാരും ചെലവ് അധികമുള്ള ചികിത്സാരീതികളെ ആശ്രയിക്കുന്നവരാണ്. ചെലവ് കുറഞ്ഞ ഫലപ്രദമായ ചികിത്സാരീതികളെക്കുറിച്ചുള്ള ബോധവത്ക്കരണത്തിനുവേണ്ടി സൗജന്യ ആയുർവ്വേദ, ഹോമിയോ ചികിത്സാക്യാമ്പുകൾ നടത്തുന്നത് ഉചിതമായിരിക്കും.

സസ്യേതര ഭക്ഷണങ്ങളിൽ നിന്ന് ഉദ്ഭവിക്കുന്നതും അതുവഴി പകരുന്നതുമായ രോഗങ്ങൾ നമ്മുടെ പഞ്ചായത്തിൽ കൂടുതലായി കണ്ടുവരുന്നുണ്ട്. ഇത് ഫലപ്രദമായി തടയുന്നതിനുവേണ്ടി പഞ്ചായത്തിലെ കശാപ്പു ശാലകളിൽ കൊല്ലപ്പെടുന്ന ഉരുക്കൾ രോഗമില്ലാത്തവയാണെന്ന് ഉറപ്പുവരുത്തണം. അതുപോലെതന്നെ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പല ഹോട്ടലുകളുടെയും അടുക്കളയും പരിസരവും പരമശോചനീയമാണ്. ഉദരസംബന്ധമായ രോഗങ്ങളുടെ വർദ്ധനവിന് ഇത്തരം ഭക്ഷണശാലകൾ ചെറുതല്ലാത്ത സംഭാവന നൽകുന്നുണ്ട്. ഇത്തരം ഹോട്ടലുകളും മാർക്കറ്റുകളും ജനകീയ സമിതികളുടെ നേതൃത്വത്തിൽ പ്രതിമാസപരിശോധനയ്ക്ക് വിധേയമാക്കണം.

## ദുശീലങ്ങൾ

മദ്യപാനം പുകവലി, വെറ്റിലമുറുക്ക് തുടങ്ങിയ ദുശ്ശീലങ്ങളിൽ നമ്മുടെ പഞ്ചായത്ത് ബഹുദൂരം മുന്നിലാണ്. പുകവലിക്കും വെറ്റിലമുറുക്കിനും മദ്യത്തിനും മയക്കുമരുന്നിനും എയ്ഡ്സിനുമെതിരെ ബോധവത്ക്കരണം നടത്തുകയും അനധി

കൃത മദ്യവില്പനയ്ക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുവാൻ നിർബന്ധിതമാക്കുകയും ചെയ്യണം. മദ്യം നമ്മുടെ പഞ്ചായത്തിലെ ആൾക്കാരുടെ ശരീരത്തെയും മനസ്സിനെയും നശിപ്പിക്കുന്നുണ്ട്. അതിന്റെ പ്രത്യാഘാതങ്ങൾ അനുഭവിക്കുന്ന നിരവധി കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ടെന്നുള്ളത് അനധികൃത മദ്യനിർമ്മാണവും വിതരണവും തടയേണ്ടതിന്റെ അനിവാര്യതയിലേക്ക് വിരൽ ചൂണ്ടുന്നു.

## നിർദ്ദേശങ്ങൾ

1. കിഴപറയാർ പി.ച്ച്.സി. വികസനം

a) സ്റ്റാഫ് ക്വാർട്ടേഴ്സ് ആശുപത്രി കോമ്പൗണ്ടിൽ നിലവിലുള്ള സ്ഥലത്ത് സ്ഥാപിക്കുക.

b) കിഴപറയാർ മിനി വാട്ടർസപ്ലൈ സ്കീം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുക. (ഇതിനായി പ്രത്യേകം പമ്പുഹൗസിനോടുചേർന്ന് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം)

c) ആശുപത്രിയിൽ ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുക.

d) ആവശ്യമായ ഉപകരണങ്ങളും മരുന്നും എത്തിക്കുവാൻ നടപടികൾ സ്വീകരിക്കുക.

e) ചുറ്റുമതിൽകെട്ടി ആശുപത്രിയെ സംരക്ഷിക്കുക.

f) കിഴപറയാർ ആശുപത്രിയിലേക്കുള്ള യാത്രാ സൗകര്യം വർദ്ധിപ്പിക്കുക.

g) പാലാ ഗവ. ആശുപത്രിയിലെ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുടെ സേവനം നിശ്ചിതദിവസങ്ങളിൽ ആശുപത്രിയിൽ ലഭ്യമാക്കുക.

2. വിളക്കുമാടം ഫാമിലി വെൽഫെയർ സെന്റർ ഉടൻ തന്നെ, സ്വന്തമായി പണിത് വെറുതെ ഇട്ടിരിക്കുന്ന കെട്ടിടത്തിലേക്ക് മാറ്റുക.

3. മീനച്ചിൽ ഗവ: ഹോമിയോ ഡിസ്പൻസറിക്ക് ആവശ്യമായ മരുന്ന് ലഭ്യമാക്കുക. ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക. ആശുപത്രി വികസന സമിതി രൂപീകരിക്കുക. ആശുപത്രിയിലേക്കുള്ള യാത്രാ സൗകര്യം വർദ്ധിപ്പിക്കുക.

4. പഞ്ചായത്തിൽ സർക്കാർ ആയുർവ്വേദാശുപത്രി സ്ഥാപിക്കുക.

5. സാംക്രമിക രോഗനിയന്ത്രണത്തിന് വേണ്ടി മീനച്ചിൽ ഗവ: ഹോമിയോ ഡിസ്പൻസറി കേന്ദ്രീകരിച്ച് ഒരു സാംക്രമിക രോഗ പ്രതിരോധ സെൽ (എപ്പിഡെമിക്സെൽ) രൂപീകരിക്കുക.

6. വർഷത്തിൽ രണ്ടുതവണയെങ്കിലും സ്കൂൾ വിദ്യാർത്ഥികൾക്ക് ആരോഗ്യ പരിശോധന നടത്തുക. എല്ലാവൈദ്യശാസ്ത്രശാഖയിലെയും അംഗങ്ങളെ ഈ പരിശോധനയിൽ ഉൾപ്പെടുത്തുക.

7. സർക്കാർ മേഖലയിൽ ദന്തചികിത്സക്കുള്ള സംവിധാനം ഏർപ്പെടുത്തുക.

8. എല്ലാ വൈദ്യശാസ്ത്രശാഖകളുടെയും കൂടി നേതൃത്വത്തിൽ രോഗനിർണ്ണയക്യാമ്പുകൾ ഗ്രാമസഭകൾ തോറും നടത്തുക.

9. ആരോഗ്യബോധവത്ക്കരണ സെമിനാറുകളും അതോടൊപ്പം സൗജന്യ രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകളും സംഘടിപ്പിക്കുക.

10. പഞ്ചായത്തുതല രക്തദാനസമിതികൾ രൂപീകരിക്കുക.

11. പഞ്ചായത്തുതലത്തിൽ സ്വകാര്യ സർക്കാർ മേഖലയിൽ കൗൺസലിംഗ് സെന്റർ ആരംഭിക്കുക. ഇതിനായി പരിശീലനം ലഭിച്ചിട്ടുള്ളവരുടെ സേവനം ഉപയോഗപ്പെടുത്തുകയോ കൂടുതൽ ആൾക്കാർക്ക് പരിശീലനം നൽകുകയോ ചെയ്യുക.

12. സ്വകാര്യ സർക്കാർ മേഖലയിൽ പ്രകൃതിചികിത്സ, യോഗ, പ്രാണിക് ഹീലിംഗ് തുടങ്ങിയ ചികിത്സാസമ്പ്രദായങ്ങൾ സമന്വയിപ്പിച്ചുകൊണ്ട് ഒരു സ്ഥാപനം ആരംഭിക്കുക.

13. പഞ്ചായത്തുതലത്തിൽ സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ള ആൾക്കാരെ ഉൾപ്പെടുത്തി ഒരു മദ്യ, മയക്കുമരുന്ന് വിരുദ്ധസമതി രൂപീകരിക്കുക. മദ്യവിമുക്തപഞ്ചായത്ത് എന്ന ലക്ഷ്യത്തിനുവേണ്ടി ദീർഘകാലപ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്യണം.

14. പൈകമാർക്കറ്റ്, ഉള്ളനാട് ഹെൽത്തുസെന്ററിനു കീഴിൽനിന്നും വേർപെടുത്തി കിഴപറയാർ ഹെൽത്തുസെന്ററിനു കീഴിലാക്കുക.

15. എയ്ഡ്സ്, സദാചാര ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

16. കശാപ്പുശാലകളിൽ കൊലചെയ്യപ്പെടുന്ന മൃഗങ്ങൾക്ക് പൈക മൃഗാശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കേറ്റ് നിർബന്ധമാക്കുക.

17. ആരോഗ്യപരിപാലനസമിതി രൂപീകരിച്ച് ഹോട്ടലുകളും മറ്റും സന്ദർശിച്ച് വിശദമായ റിപ്പോർട്ടുകൾ നല്കുക.

## പരിസര ശുചിത്വം

വ്യക്തിശുചിത്വത്തിൽ ഉന്നത നിലവാരം പുലർത്തുന്നവരാണ് മലയാളികളെങ്കിലും പരിസരശുചിത്വത്തിന്റെ കാര്യത്തിൽ നമ്മൾ വളരെ പിന്നിലാണ്. ജലലഭ്യത കുറഞ്ഞുകൊണ്ടിരിക്കുന്നതും, ആവശ്യം വർദ്ധിച്ചുവരുന്നതും നമ്മുടെ പഞ്ചായത്തിൽ പരിസര ശുചീകരണത്തിലെ മാന്ദ്യതക്കു കാരണമാവുന്നുണ്ട്. വർദ്ധിച്ചുകൊണ്ടിരിക്കുന്ന വാഹനങ്ങളുടെയും വ്യവസായശാലകളുടെയും പെരുപ്പവും അശ്രദ്ധയും പരിസരമലിനീകരണത്തിന് ആക്കം കൂട്ടുന്നു. ആരോഗ്യ പരിപാലന പരിപാടികളോട് ബന്ധപ്പെടുത്തി പരിസരശുചിത്വ ബോധവത്ക്കരണം കൂടി നടത്തണം.

നമ്മുടെ പഞ്ചായത്തിലെ എല്ലാവീടുകളിലും സെപ്റ്റിക് ടാങ്കുകളോടു കൂടിയ കക്കൂസുകളില്ല. നിർദ്ധനരായവർക്ക് ഇത്തരം കക്കൂസുകൾ നിർമ്മിച്ചുനൽകുകയോ അതിനുള്ള ധനസഹായം നൽകുകയോ ചെയ്യണം. കോളനിനിവാസികൾക്കാണ് ഇക്കാര്യത്തിൽ മുൻഗണന നൽകേണ്ടതാണ്. കക്കൂസുകളുടെ ഗ്യാസ് പൈപ്പുകൾ കൊതുകുകടക്കാത്തവിധം സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ പ്രധാന വ്യാപാര വ്യവസായ കേന്ദ്രങ്ങളിലും കോളനികളിലും വലിയ ജൈവവളപിറ്റുകൾ നിർമ്മിച്ച് മാലിന്യങ്ങളും ചപ്പുചവറുകളും പിറ്റുകളിൽ നിക്ഷേപിക്കുന്നതിന് ആവശ്യമായ ബോധവത്ക്കരണം നടത്തുകയും, അവ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. പഞ്ചായത്തിലെ വ്യവസായശാലകൾ തോടുകളിലേക്ക് മലിനവസ്തുക്കൾ ഒഴുക്കിവിടുന്ന പ്രവണതയ്ക്ക് അന്ത്യം കുറിക്കുകയും അവ വ്യവസായശാലകളോടുബന്ധിച്ചുതന്നെ സംസ്ക്കരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി അവ നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുകയും വേണം.

പബ്ലിക് കംഫർട്ട് സ്റ്റേഷനുകളുടെ അഭാവവും അവയുടെ ശുചിത്വമില്ലായ്മയും പലപ്പോഴും പൊതുസ്ഥലങ്ങളിലെ മലമൂത്രവിസർജ്ജനത്തിന് കാരണമാവാറുണ്ട്. പ്രധാന ടൗണുകളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിച്ച് അതത് സ്ഥലത്തെ വ്യാപാരി വ്യവസായി സമൂഹത്തിന്റെ സഹകരണത്തോടുകൂടി പരിപാലിക്കണം. ഇടവഴികളിലെയും തുറസ്സായസ്ഥലങ്ങളിലെയും പന്നി വളർത്തൽ മറ്റൊരു ശുചിത്വ പ്രശ്നമായി മാറിയിട്ടുണ്ട്. സമീപകാലത്ത് കേരളത്തിൽ പടർന്നു പിടിച്ച ജപ്പാൻ മസ്തിഷ്ക്കജ്വരം ഇപ്പോഴും പടർന്നു കൊണ്ടിരിക്കുന്ന മലമ്പനി തുടങ്ങിയ രോഗങ്ങൾ പരത്തുന്നത് കൊതുകുകളാണ്. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കക്കൂസ് ടാക്കുകളും, വെള്ളം നിറഞ്ഞിരിക്കുന്ന റബ്ബർ ചിരട്ടകളും, വാട്ടർടാങ്കുകളും, റബ്ബർ ഷീറ്റ് ഉറയൊഴിച്ചുവയ്ക്കുന്ന സ്ഥലങ്ങളും പരിസരങ്ങളുമൊക്കെയാണ് കൊതുകുവളർത്തുന്ന കേന്ദ്രങ്ങൾ, ഇവയുടെ ശ്രദ്ധാപൂർവ്വമായ പരിപാലനത്തിലൂടെ കൊതുകുനിവാരണ പദ്ധതികൾക്ക് ജനകീയ മുന്നേറ്റമാകാം.

### നിർദ്ദേശങ്ങൾ

1. സെപ്റ്റിക് ടാങ്കുകളോട് കൂടിയ കക്കൂസുകൾ നിർമ്മിക്കുവാൻ (കോളനി നിവാസികൾക്ക് മുൻഗണനയോടുകൂടി) ധനസഹായം നൽകുക.
2. കൊതുകുനിവാരണ മാർഗ്ഗങ്ങൾ അവലംബിക്കുക.
3. റബ്ബർചിരട്ടചകൾ കമിഴ്ത്തിവയ്ക്കുന്നതിനും റബ്ബർഷീറ്റ് അടിക്കുന്നിടത്തെ മലിനജലം സംസ്കരിക്കുന്നതിനും കർഷകരെ പ്രേരിപ്പിക്കണം.
4. പ്രധാന വ്യാപാര വ്യവസായ കേന്ദ്രങ്ങളിലും കോളനിപ്രദേശങ്ങളിലും ജൈവവളപിറ്റുകൾ നിർമ്മിക്കുക.
5. വ്യവസായശാലകളിലെ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കുക.
6. പ്രധാന കേന്ദ്രങ്ങളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിച്ച് വ്യാപിരി വ്യവസായി സമൂഹത്തിന്റെ സഹകരണത്തോടെ പരിപാലിക്കുക.
7. ആരോഗ്യപ്രവർത്തകരുടെ പ്രതിമാസ ഭവനസന്ദർശനം ഉറപ്പുവരുത്തുക.
8. പരിസര ശുചിത്വത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തുക. (ബോധവത്ക്കരണ സെമിനാറുകൾക്ക് പകരം സന്ദേശം വീടുകളിലെത്തിക്കുന്ന അയല്ക്കൂട്ട സംവിധാനമാണ് വേണ്ടത്)
9. മീനച്ചിലാറ്റിലും പൊന്നൊഴുകുംതോട്ടിലും മീന

ച്ചിൽ തോട്ടിലും മറ്റു കൈത്തോടുകളിലും സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം പ്രത്യേകം കുളിക്കടവുകൾ നിർമ്മിക്കുക.

10. ശുചിത്വത്തിന് ഭീഷണിയാവാത്തരത്തിൽ ശാസ്ത്രീയമായ പന്നിവളർത്തൽ പരിശീലിപ്പിക്കുക.

11. പഞ്ചായത്തിലെ അറവുശാലകളും പരിസരങ്ങളും ശുചിത്വപൂർണ്ണമെന്ന് ഉറപ്പുവരുത്തുക.

## കുടിവെള്ളം

മനുഷ്യജീവന്റെ നിലനിൽപ്പിന് അത്യാവശ്യമായ ഒന്നാണ് ശുദ്ധജലം നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യമർഹിക്കുന്നതും അടിയന്തിരമായി പരിഹരിക്കേണ്ടതുമാണ് കുടിവെള്ള പ്രശ്നം. നമ്മുടെ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും വേനൽക്കാലത്ത് ആവശ്യത്തിന് ശുദ്ധജലം എത്തിക്കുവാൻ കഴിഞ്ഞാൽ ഈ പഞ്ചായത്തിന്റെ 50% പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടു എന്നുതന്നെ പറയാം. ഇന്നു നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികൾ ഫലപ്രദമായി പ്രവർത്തിക്കുകയും പൂർത്തിയാവാനുള്ള പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുകയും ഇതിനെല്ലാം ഉപരിയായി എല്ലാ കുടുംബങ്ങളിലും ഒരു കിണറെങ്കിലും ഉണ്ടെന്നും അവ പൂർണ്ണമായി സംരക്ഷിക്കപ്പെട്ടിരിക്കുന്നുവെന്നും ഉറപ്പുവരുത്തുവാനുമായാൽ ഈ രംഗത്ത് നമുക്ക് വളരെയേറെ മുന്നേറുവാനാകും.

നിർദ്ദേശങ്ങൾ

1. എല്ലാ വീടുകളിലും കിണർ കുത്തുന്നതിന് പ്രോത്സാഹനം നൽകുക. നിലവിലുള്ള കിണറുകൾ വൃത്തിയായി സംരക്ഷിക്കുക.
2. മഴവെള്ളം പരമാവധി സംഭരിക്കുന്നതിന് ആവശ്യമായ വലിയ കുഴികൾ നിർമ്മിക്കുക. തോടുകൾക്കും ആറുകൾക്കും കുറുകെ തടയണകൾ നിർമ്മിക്കുക.
3. നിലവിലുള്ള വിളക്കുമാടം വാട്ടർസപ്ലൈ സ്കീം വിപുലപ്പെടുത്തുക.
4. മുടങ്ങികിടക്കുന്ന പൂവരണി വില്ലേജ് വാട്ടർ സപ്ലൈ സ്കീം, കിഴപറയാർ മിനി വാട്ടർ സപ്ലൈ സ്കീം എന്നിവ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുക.
5. ആവശ്യമായ പ്രാരംഭസർവ്വേകൾ നടത്തി കൂടുതൽ മിനി വാട്ടർ സപ്ലൈ സ്കീമുകൾ വിവിധ പ്രദേശങ്ങളിൽ ആരംഭിക്കുക. അവയുടെ സ്ഥലനിർണ്ണയത്തിന് ഗ്രാമസഭകളിൽനിന്നു വന്നിരിക്കുന്ന നിർദ്ദേശങ്ങൾ ഉപകരിക്കും.

നിർദ്ദേശങ്ങൾ വാർഡുതിരിച്ച്

I-ാം വാർഡ്

1. കിഴപറയാർ മിനി വാർട്ടർ സപ്ലൈസ്കീം നടപ്പാക്കുക.
2. കിണറുകളുടെ ജലവിഭവശേഷി വർദ്ധിപ്പിക്കുവാനായി തറപ്പേൽ കടവ്, മൂക്കൻതോട്ടം എന്നീ സ്ഥലങ്ങളിൽ തടയണകൾ നിർമ്മിക്കുക.

| വാർഡ് | വറ്റാത്ത കിണറുകൾ | ജലം ലഭ്യമാകുന്ന പൊതു കിണറുകളുടെ എണ്ണം | | | |
|---|---|---|---|---|---|
| | | 11 മാസം | 10 മാസം | 8 മാസം | 6 മാസം |
| 1 | 13 | 2 | 4 | 12 | 26 |
| 2 | 11 | 3 | 5 | 11 | 23 |
| 3 | 16 | 4 | 8 | 18 | 31 |
| 4 | 21 | 15 | 7 | 19 | 44 |
| 5 | 18 | 18 | 6 | 21 | 17 |
| 6 | 26 | 9 | 7 | 16 | 33 |
| 7 | 27 | 16 | 5 | 30 | 30 |
| 8 | 19 | 26 | 13 | 18 | 40 |
| 9 | 9 | 13 | 14 | 20 | 45 |

## പൊതു കിണറുകൾ കുളങ്ങൾ

| പൊതു കിണറുകൾ | | പൊതു കുളങ്ങൾ | |
|---|---|---|---|
| സംരക്ഷിക്കപ്പെട്ടവ | സംരക്ഷിക്കാനുള്ളവ | സംരക്ഷിക്കപ്പെട്ടവ | സംരക്ഷിക്കാനുള്ളവ |
| 18 | 4 | 4 | 14 |

## വാട്ടർ സപ്ലൈ സ്കീമുകൾ

| പേര് | ഇപ്പോഴത്തെ അവസ്ഥ |
|---|---|
| വിളക്കുമാടം വാട്ടർ സപ്ലൈ സ്കീം | നല്ലനിലയിൽ പ്രവർത്തിക്കുന്നു |
| പൂവരണി വില്ലേജ് വാട്ടർ സപ്ലൈ സ്കീം | നിർമ്മാണപ്രവർത്തനം മുടങ്ങിക്കിടക്കുന്നു. |
| കിഴപറയാർ മിനി വാട്ടർ സപ്ലൈ സ്കീം | നിർമ്മാണപ്രവർത്തനം മുടങ്ങിക്കിടക്കുന്നു. |
| പാലാക്കാട് മിനി വാട്ടർ സപ്ലൈ സ്കീം | നിർമ്മാണപ്രവർത്തനം നടന്നുവരുന്നു |

**II-ാം വാർഡ്**

1. ഐക്കര മാനാന്തടം മിനിവാട്ടർ സപ്ലൈ സ്കീമിനു രൂപം നൽകുക.
2. കുറ്റനാൽ കടവിൽ തടയണ നിർമ്മിക്കുക.
3. ചിലമ്പിൽ- വള്ളോംകുളം -പുത്തൻശബരിമല മിനിവാട്ടർ സപ്ലൈ സ്കീം രൂപീകരിക്കുക.

**III-ാം വാർഡ്**

1. ഇടമറ്റം ലക്ഷം വീടു കോളനിക്കുവേണ്ടി കിണറോ, കുഴൽകിണറോ നിർമ്മിച്ച് വെള്ളം പമ്പുചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കുക.
2. പൊൻമല ഭാഗത്തുള്ള പഞ്ചായത്തുകുളം ഉൾപ്പെടുന്ന പ്രദേശത്ത് കിണർകുഴിച്ച് ആശാൻകുന്ന് - കോട്ടേമാപ്പലക എന്നീ ഭാഗങ്ങളിൽ ടാങ്കുനിർമ്മിച്ച് പൊന്മല മിനിവാട്ടർ സപ്ലൈ സ്കീമിനു രൂപം നൽകുക.
3. കോട്ടമാപ്പല ഭാഗത്ത് ഹരിജനങ്ങൾക്കായി സർക്കാർ അനുവദിച്ച 5 വീടുകളുടെ സമീപത്തുള്ള ഓലി കൂടുതൽ താഴ്ത്തിയാൽ എല്ലാ മാസവും വെള്ളം ലഭിക്കും.

**IV-ാം വാർഡ്**

1. പൊന്നൊഴുകും തോട്ടിൽ കന്നിറങ്ങും പുഴഭാഗത്ത് കിണർകുഴിച്ച്, കുന്നും ഭാഗത്ത് ടാങ്കു നിർമ്മിച്ച് മിനിവാട്ടർ സപ്ലൈ സ്കീമിനു രൂപം നൽകുക.
2. കരോട്ട്വീട്ടിൽകടവ് ഭാഗത്ത് കിണർ കുഴിച്ച് ചിത്രക്കുന്നേൽ ഭാഗത്ത് ടാങ്ക് നിർമ്മിക്കുക.
3. കാഞ്ഞിരത്താനം ഇടവഴികിണറും, പൂവത്തോട് സ്കൂൾ പഞ്ചായത്തു കിണറും കൂടുതൽ താഴ്ത്തിനന്നാക്കുക.
4. പൊന്നൊഴുകും തോട്ടിൽ കന്നിറങ്ങും പുഴഭാഗത്ത് തടയണ നിർമ്മിക്കുക5.
5. പോക്കയത്തിൽ കിണർകുഴിച്ച് കുന്നുംഭാഗത്ത് ടാങ്കുനിർമ്മിച്ച് വെള്ളം പമ്പുചെയ്യുക.

**V-ാം വാർഡ്**

നിലവിലുള്ള വിളക്കുമാടം വാട്ടർ സപ്ലൈ സ്കീമിനെ കൂടുതൽ പ്രയോജന പ്രദമാക്കുവാനുള്ള നിർദ്ദേശങ്ങളാണ് ഈ വാർഡിൽ നിന്നും വന്നിട്ടുള്ളത്.

1. ടാപ്പുകളുടെ എണ്ണത്തിനനുസരിച്ച് പൈപ്പിന്റെ വണ്ണം കൂട്ടുവാനുള്ള നടപടികൾ സ്വീകരിക്കുക.

2. വാട്ടർ ടാങ്ക് കൂടുതൽ ഉയർന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുക.

3. പുതിയ ജലസ്രോതസുകൾ കണ്ടെത്തുകയും ഉള്ളവയുടെ ജലവിഭശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക. ഇപ്പോൾ വെള്ളം പമ്പുചെയ്യുന്ന കിണറിനു സമീപത്തായി പൊന്നൊഴുകും തോട്ടിൽ തടയണ നിർമ്മിക്കുക.

4. വിളക്കുമാടം കാവുങ്കൽ നിർമ്മിച്ചിരിക്കുന്ന കുഴൽ കിണറിൽ നിന്നും ഇപ്പോൾ പമ്പുചെയ്യുന്ന കിണറിൽ നിന്നും പ്രത്യേകം, പ്രത്യേകം പമ്പുപയോഗിച്ച് വെള്ളം പമ്പുചെയ്യുക.

### VI-ാം വാർഡ്

1. പൈക ലക്ഷം വീടുകോളനിക്കുവേണ്ടി പുതിയ കിണർ കുഴിച്ച് ഒരു മിനിവാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുക.

2. നിലവിലുള്ള പഞ്ചായത്ത് പൈപ്പ് കൂടുതൽ താഴ്ത്തിയിട്ട് വെള്ളം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

3. വാഴമറ്റം ലക്ഷംവീട് കോളനിക്കുവേണ്ടി ഒരു പുതിയ കിണർ കുഴിക്കുക.

4. പൂവത്താനിക്കുന്ന് ഭാഗത്ത് കുളംകുഴിച്ച് തയ്യിൽ ഭാഗത്ത് വാട്ടർടാങ്ക് നിർമ്മിക്കുക.

5. മുകളേൽ പീടിക ഭാഗത്ത് കുളം നിർമ്മിച്ച് നിലവിൽ പണിതിട്ടുള്ള ടാങ്ക് ഉപയോഗപ്പെടുത്തി മുട്ടിയാനിക്കുന്നു ഭാഗത്ത് വെള്ളം എത്തിക്കുക.

6. കരിമരുതുംകുന്ന് ഭാഗം മുളങ്ങാശ്ശേരിഭാഗം എന്നി വിടങ്ങളിൽ കിണറോ കുഴൽകിണറോ നിർമ്മിക്കുക.

### VII-ാം വാർഡ്

1. പള്ളിക്കോളനി, വാറ്റുകുറ്റി, വട്ടോത്തുകന്ന്, മുതിരപ്പാറ, കാവുംപുറത്ത്കുന്ന്, കൊച്ചുകൊട്ടാരം, കല്ലുകുഴി, പുന്നത്തുറഭാഗം, വലിയ കൊട്ടാരം എന്നിവിടങ്ങളിൽ കിണറോ കുഴൽകിണറോ നിർമ്മിക്കുക.

2. കുറ്റിപ്പാലയിൽ കുളംകുഴിച്ച് കാവുംപുറംകുന്നിന്റെ മുകളിൽ ടാങ്കു നിർമ്മിക്കുക.

### VIII-ാം വാർഡ്

1. വയലാമുറിക്കടവിൽ നിലവിലുള്ള കിണറിന്റെ വ്യാസവും ആഴവും കൂട്ടി കുടുംബക്ഷേമ കേന്ദ്രത്തിനു സമീപത്തു ടാങ്കുകെട്ടി വെള്ളം പമ്പു ചെയ്യുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.

2. ചെറുതോടിനോട് ചേർന്ന് മാപ്പലകയിൽ ഭാഗത്ത് കിണർ കുത്തി ഉയർന്ന പ്രദേശത്തേക്ക് വെള്ളം പമ്പു ചെയ്യുക.

3. തഴവേലിൽ ഭാഗത്ത് കണ്ടത്തിൽ കിണർ കുഴിച്ച് കുളിരുപ്ലാക്കൽ കോളനിയിൽ ടാങ്ക് കെട്ടി വെള്ളം പമ്പു ചെയ്യുക.

4. തട്ടാപറമ്പിൽ കോളനിയിൽ ഒരു പൊതുകിണർ കുഴിക്കുക.

### IX-ാം വാർഡ്

1. പാലാക്കാട് മിനി വാട്ടർ സപ്ലൈ സ്കീം പൂർത്തീകരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യുക.

2. കിഴപറയാർ മിനി വാട്ടർ സപ്ലൈ സ്കീം വിപുലപ്പെടുത്തുക

✧ ✧



5-5

# വ്യവസായം

മീനച്ചിൽ ഗ്രാമപഞ്ചായത്ത് വ്യാവസായിക രംഗത്ത് കുതിച്ചുചാട്ടത്തിന് സാദ്ധ്യതകളുള്ള പ്രദേശമാണ്. നിത്യോപയോഗത്തിനുള്ള വ്യാവസായികസാമഗ്രികൾ ഒട്ടുമുക്കാലും ഈ പഞ്ചായത്തിൽ വാങ്ങപ്പെടുന്നു. വ്യവസായത്തിനുവേണ്ട അസംസ്കൃത വസ്തുക്കൾ, റബർ, തടി, മണ്ണ്, കല്ല്, ജലം, മനുഷ്യശക്തി ഇവ സുലഭമായി ഇവിടെ ലഭ്യമാണ്. സ്വകാര്യരംഗത്ത് പണംമുടക്കാൻ സൗകര്യമുള്ള വലിയ സംഘം വ്യക്തികൾ പഞ്ചായത്തിൽ ഉണ്ട്. സഹകരണസംഘങ്ങൾക്കും വലിയ സാദ്ധ്യതയാണ്. ഇനിയും വേണ്ടത് ധനാകാര്യ സ്ഥാപനങ്ങളുടെ സഹായകരമായ സമീപനം, ഇലക്ട്രിസിറ്റി ലഭ്യത, മലിനീകരണം ഒഴിവാക്കി നാട്ടുകാരുടെ ആശങ്കയകറ്റിക്കൊണ്ടുള്ള സാമൂഹിക പദ്ധതികൾ, സംരംഭകരുടെ ആശങ്കയകറ്റാനുള്ള ബോധവത്ക്കരണം, ഗതാഗതം വർദ്ധിപ്പിക്കൽ, മെച്ചപ്പെട്ട വിപണനസൗകര്യം എന്നിവയാണ്.

എൺപത് വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഇന്ന് പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യമേഖലയിലും സഹകരണമേഖലയിലും ഗവണ്മെന്റുടമയിലുമായി 11 ബാങ്കുകൾ പ്രവർത്തിക്കുന്നു. ഫോട്ടോ സ്റ്റുഡിയോകൾ പഞ്ചായത്തിൽ മൂന്നെണ്ണമുണ്ട്.

വ്യാപാരസ്ഥാപനങ്ങൾ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലുമായി പ്രവർത്തിക്കുന്നുണ്ട്. കടകളിൽ ഭൂരിപക്ഷവും പഞ്ചായത്തിന്റെ തെക്കേ അതിരായ പൈക ടൗണിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ അത്യാവശ്യമായി ജനങ്ങൾക്ക് പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തേണ്ടതുണ്ട്.

ഇൻഡ്യയിലെ ഒന്നാമത്തെ ക്രംബ് റബ്ബർ പ്രോസ്സസിംഗ് കമ്പനി "ഹെവിയ ക്രംബ് റബർ" സ്വകാര്യ ഉടമയാൽ മീനച്ചിൽ പഞ്ചായത്തിലെ പൈകയിൽ 1972-ൽ സ്ഥാപിക്കപ്പെട്ടു. ഇരുപത്തിമൂന്നു വർഷം മുമ്പ് ഒരുപക്ഷേ റബർ പുകപ്പുരകളുടെ ചരിത്രത്തിൽ ആദ്യത്തേത് പിണമറുകിൽ പുകപ്പുര അയ്യായിരം രൂപ മുതൽ മുടക്കി നിർമ്മിച്ചതാണ്. ഇന്ന് പുകപ്പുര നിർമ്മാണത്തിന് അറുപതിനായിരം രൂപയോളം മുതൽമുടക്ക് വേണ്ടിവരും. ഹെവിയാ ക്രംബ് റബർ സ്ഥാപിക്കപ്പെട്ടത് ഏകദേശം 30 ലക്ഷം രൂപാ മുതൽ മുടക്കിയാണ്. ഇന്ന് ഒരുകോടി മുടക്കിയേ ഫാക്ടറി സ്ഥാപിക്കാൻ കഴിയൂ.

പട്ടിക 1

| ഇനവിവരം | ക്രമനമ്പർ | പേര് |
|---|---|---|
| റബർ മേഖല | 1. | ഹെവിയ ക്രംബ്, പൈക |
| | 2. | സിന്ധ്യാ ക്രീപ്പ് മിൽ, പൈക |
| | 3. | സാൽജാ ലാറ്റക്സ് ഇലഞ്ഞിമറ്റം പൂവത്തോട് |
| | 4. | തുണ്ടത്തിൽ റബേഴ്സ്(ഇലാസ്റ്റിക് ത്രെഡ്) പൂവത്തോട് |
| | 5. | വരകപ്പള്ളിൽ റബേഴ്സ് ഇടമറ്റം |
| | 6. | കെ.കെ. റബേഴ്സ് പാലാക്കാട് (ഇലാസ്റ്റിക് ത്രെഡ്) |
| | 7. | റബർ സ്റ്റാമ്പ്, നടത്തൊടിയിൽ ബിൽഡിങ്ങ് |
| | 8. | റബർ കോട്ട് ഇലഞ്ഞിമറ്റം, പൈക |

| ഇനവിവരം | ക്രമനമ്പർ | പേര് |
|---|---|---|
| ഹോളോബ്രിക്സ് | 1. | എബിസ് കാസ്റ്റിങ്ങ്, വിളക്കുമാടം |
| | 2. | റോസാൻ ഹോളോബ്രിക്സ്, ഇടമറ്റം |
| | 3. | ഏർത്തയാൽ ബ്രിക്സ് & സിമന്റ് മീനച്ചിൽ |
| | 4. | A.B.C. മീനച്ചിൽ |
| | 5. | തെക്കുംതല, പാറപ്പള്ളി |
| റെഡിമെയ്ഡ് | 1. | ഗീതാ ഗാർമെന്റ്സ്, പച്ചാത്തോട് |
| | 2. | ലൂക്കാർനോ ഷർട്ട്സ്, വിളക്കുമാടം |
| | 3. | അർപ്പണ വിളക്കുംമരുത് |
| | 4. | ജോർജ് പഴേപറമ്പിൽ, പൂവരണി |
| | 5. | ഷീലാ ടെയ്‌ലറിങ്ങ് കിഴപറയാർ |
| | 6. | ബ്യൂട്ടിപാർലർ കോഴികൊത്തിയ്ക്കൽ |
| | 7. | വർഷാ ഗാർമെന്റ്സ് വിളക്കുംമരുത് |
| ക്ഷീരോൽപാദനം | 1. | സേവന ക്ഷീരോൽപാദന യൂണിറ്റ്, പാലക്കാട് |
| | 2. | സോഷ്യൽ വെൽഫെയർ സൊസൈറ്റി, പൂവരണി |
| | 3. | ക്ഷീരോൽപാദന സഹകരണസംഘം, പൂവരണി |
| | 4. | ക്ഷീരോൽപാദന സഹകരണസംഘം, വിളക്കുമാടം |
| മെഴുകുതിരി | 1. | കളപ്പുരയ്ക്കൽ ജോസ്, ഇടമറ്റം |
| | 2. | ന്യൂ കേരളാ കാന്റിൽ, വിളക്കുമാടം |
| | 3. | സുബ്രഹ്മണ്യൻ മുളങ്കാശ്ശേരി, പൂവരണി |
| ഫുഡ് പ്രോസ്സസിംഗ് | 1. | ജസി ഫുഡ് പ്രോസ്സസിംങ്ങ്, പൂവരണി |
| | 2. | S.N.D.P. പൂവരണി പലഹാരം |
| | 3. | ഡിവൈൻ ഫുഡ് പ്രോഡക്ട്സ്, പാലക്കാട് |
| മോട്ടോർ | 1. | കെ.എം.എസ്. പൈക |
| | 2. | സുകുമാരൻ കുളത്തുങ്കൽ പൈക |
| | 3. | പൈക വട്ടക്കുന്നേൽ |
| | 4. | ബാലൻസ് വർക്ഷോപ്പ്, പൈക |
| | 5. | ഓമനക്കുട്ടൻ, കുളത്തുങ്കൽ, പൈക |
| | 6. | രാജു സൈക്കിൾ റിപ്പയറിംഗ് ഇടമറ്റം |
| | 7. | കൃഷ്ണൻകുട്ടി കുളത്തുങ്കൽ ഇടമറ്റം |
| | 8. | ശശി പൈക |
| | 9. | ബന്നീസ് സ്കൂട്ടർ ഗ്യാരേജ്, പൈക |
| | 10. | ഹെവിയ മെറ്റൽസ് പൂവരണി |
| | 11. | വളവത്ത് ജോണി, പൈക |
| | 12. | പച്ചാത്തോട് ലയിത്ത് |

| ഇനവിവരം | ക്രമനമ്പർ | പേര് |
|---|---|---|
| തടിമില്ല് | 1. | സിൻസിയർ സോമിൽ, പൈക |
| | 2. | ആഷിക് ഗുഡ് ഇൻഡസ്ട്രീസ്, പൂവരണി |
| | 3. | ന്യൂ കേരളാ എന്റർപ്രൈസസ് |
| ഫർണിച്ചർ | 1. | ശ്രീവിലാസം ചാവടി വിളക്കുമാടം |
| | 2. | അർപ്പണ പൂവരണി |
| | 3. | വിളക്കുംമരുത് കോലമ്മാക്കൽ |
| | 4. | ഹനീഫാ ഇടമറ്റം |
| | 5. | കുട്ടിയച്ചൻ, കുറ്റില്ലം |
| തീപ്പെട്ടി | 1. | റ്റോമി പൂവത്താനി, പൂവരണി |
| | 2. | മഹാത്മ പൂവരണി |
| | 3. | പൂവത്തോട് പള്ളി |
| ഇലക്ട്രോണിക് | 1. | രാജു സൈക്കിൾസ് ഇടമറ്റം |
| പൊടിമില്ല് | 1. | തെക്കുംപുറത്ത് സ്കറിയാ ഇടമറ്റം |
| | 2. | മുണ്ടാട്ട് കുര്യൻ ഇടമറ്റം |
| | 3. | ജോർജ് പാബ്ളാനി, പൈക |
| | 4. | കുന്നപ്പള്ളിൽ പൈക |
| | 5. | കോഴികൊത്തിയ്ക്കൽ ചെറിയാൻ വിളക്കുമാടം |
| | 6. | പുത്തൻപുരയ്ക്കൽ വിളക്കുമാടം |
| | 7. | സെന്റ് ജോർജ് പൂവരണി |
| | 8. | ഡിവൈൻ ഫുഡ്സ് പൂവരണി |
| | 9. | നീലിയറ കിഴപറയാർ |
| | 10. | നടുത്തൊട്ടിയിൽ പൈക |
| ആയുർവേദം | 1. | പുത്തൻപുരയ്ക്കൽ വിളക്കുമാടം |
| | 2. | ചെമ്പകശ്ശേരിൽ വിളക്കുമാടം |
| | 3. | വരകപ്പള്ളിൽ ഇടമറ്റം |
| | 4. | കോഴികൊത്തിയ്ക്കൽ പൈക |
| | 5. | ശങ്കരൻനായർ പുത്തൻപുരയ്ക്കൽ വിളക്കുമാടം |
| റബർ പുകപ്പുര | 1. | കുന്നത്തുപുരയിടം ചാത്തൻകുളം |
| | 2. | വി. രാധാകൃഷ്ണപ്രസാദ് വിളക്കുമാടം |
| | 3. | കാക്കാനി പൂവത്തോട് |
| | 4. | വെട്ടുകല്ലേൽ വിളക്കുമാടം |
| | 5. | ഞൊണ്ടിമാക്കൽ വിളക്കുമാടം |
| | 6. | പിണമറുകിൽ, പൈക |
| | 7. | തെക്കേടത്ത് വിളക്കുമാടം |
| | 8. | മൊളോപ്പറമ്പിൽ വിളക്കുംമരുത് |
| | 9. | കളപ്പുരയിൽ ഇടമറ്റം |
| | 10. | മറ്റത്തിൽ ഇടമറ്റം |
| | 11. | കെ.റ്റി. തോമസ്, കല്ലേലിക്കുന്നേൽ, ഇടമറ്റം. |

| ഇനവിവരം | ക്രമനമ്പർ | പേര് |
|---|---|---|
| പ്രിന്റിംഗ് | 1. | വർഷാ പ്രിന്റേഴ്സ് പൈക |
| | 2. | സെന്റ് മേരീസ് പ്രിന്റേഴ്സ് പൈക |
| | 3. | സി.ആർ.എം. പ്രിന്റേഴ്സ് ഓശാന |
| | 4. | സ്ക്രീൻ പ്രിന്റിംഗ് മണിക്കൊമ്പേൽ |
| പ്ലാസ്റ്റിക് | 1. | G.G.P. പ്ലാസ്റ്റിക് ഇൻഡസ്ട്രീസ് വിളക്കുമാടം |

പട്ടിക 2

കടകൾ

| | | എണ്ണം |
|---|---|---|
| 1. | റബർകടകൾ | 22 |
| 2. | സ്വർണ്ണക്കടകൾ | 4 |
| 3. | ജൗളിക്കടകൾ | 6 |
| 4. | ഇരുമ്പുകട | 4 |
| 5. | ഇറച്ചിക്കടകൾ | 2 |
| 6. | മത്സ്യം | 4 |
| 7. | പച്ചക്കറി | 6 |
| 8. | സ്പെയർ പാർട്സ് | 3 |
| 9. | സ്റ്റേഷനറി | 6 |
| 10 | ഹോട്ടൽ | 22 |
| 11 | വാച്ച്, ക്ലോക്ക് | 1 |
| 12 | പലചരക്ക് | 46 |
| 13 | മുറുക്കാൻ | 59 |
| 14 | രാസവളം | 3 |
| 15 | പൊതുവിതരണകേന്ദ്രം | 8 |
| 16 | മാവേലിസ്റ്റോർ പൈക | 1 |
| 17 | കൺസ്യൂമർ | 1 |

വ്യാവസായികമേഖലയിലാകമാനം 600 ഓളം പേർ പണിയെടുക്കുന്നു. കച്ചവടസ്ഥാപനങ്ങളിൽ 700 പേർക്ക് തൊഴിലാളികളുണ്ട്.

പത്ത് റബർ പുകപ്പുരകളിലായി ഏകദേശം 500 ടണ്ണോളം ഷീറ്റ് റബർ ഉയർന്ന ഗ്രേഡാക്കി മാറ്റുന്നു. ഇതുമൂലം കൃഷിക്കാർക്ക് പത്തുലക്ഷത്തോളം രൂപാ അധികവരുമാനം ലഭിക്കുന്നു. തൊഴിൽ മേഖലയിൽ 7½ ലക്ഷത്തോളം രൂപയും കൂടുതലായി ലഭിക്കുന്നു. പ്രതിദിനം 7 ടണ്ണോളം ക്രംബ് റബർ പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്നു. ഇടമറ്റം കേന്ദ്രമായി വട്ടവയലിൽ വി.ജെ. ഫ്രാൻസീസിന്റെയും വിമലാ ഫ്രാൻസീസിന്റെയും ഉടമസ്ഥതയിൽ പ്രോഗ്രസീവ് ഡിസ്ട്രിബ്യൂട്ടേഴ്സ്, പ്രോഗ്രസീവ് ഏജൻസീസ് എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

പട്ടിക 3

**ഗ്രാമസഭകളിൽ ഉയർന്ന പുതിയ വ്യവസായ നിർദ്ദേശങ്ങൾ**

1. മീനച്ചിൽ പഞ്ചായത്തിൽ വൻകിട റബർഫാക്ടറി വേണം.
2. കടലാസ്, പ്ലാസ്റ്റിക് കവർ നിർമ്മാണം.
3. കറി പൗഡർ, അരിപ്പൊടി, ഗോതമ്പുപൊടി നിർമ്മിച്ച് പായ്ക്കറ്റുകളിൽ വീടുകളിൽ എത്തിക്കുക
4. പ്ലാസ്റ്റിക് ജാർ നിർമ്മാണം
5. സദ്യകൾ നടത്തുക.
6. പെർഫ്യൂം നിർമ്മാണം.
7. ബസ്, ലോറി ബോഡി ബിൽഡിംഗ്
8. ഫ്ലോപ്പി ഡിസ്ക് (ഫോട്ടോസ്റ്റാറ്റിനു പകരം)

പട്ടിക 4

**പുതിയ വ്യവസായ നിർദ്ദേശ പട്ടിക**

1. പഞ്ചായത്തിൽ ഒരു റബറധിഷ്ഠിത വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കണം.

   ഇതിൽ റബ്ബർ മിക്സിംഗ് മിൽ, റബർതടി സംസ്കരണം, റബർ ബുഷ് നിർമ്മാണം, ഫോം റബർ നിർമ്മാണം, റബർ ബാൻഡ്, ഇലാസ്റ്റിക് ത്രഡ് പശ നിർമ്മാണം, ബലൂൺ, ഗ്ലൗസ്, ഫിംഗർ ക്യാപ്പ് ഇവ ഉൾപ്പെടുത്തണം. ടയർ റീട്രേഡിംഗ് വിജയകരമായി നടക്കും.
2. മണ്ണും ഇതര ജ്വലനവസ്തുക്കളും ചകിരിച്ചോറും ചേർത്തു ചുട്ടെടുക്കുന്നതും തൂക്കം കുറ

ഞ്ഞതും ഉറപ്പുള്ളതുമായ ഇഷ്ടിക നിർമ്മാണം.

3. സംസ്കരിച്ച റബ്ബർതടികൊണ്ടുള്ള ഫർണിച്ചർ നിർമ്മാണം
4. കാലിത്തീറ്റ, കോഴിത്തീറ്റ നിർമ്മാണ വ്യവസായം
5. ഉപ്പേരി നിർമ്മാണം
6. പർപ്പടക നിർമ്മാണം
7. സ്കൂൾ ബാഗ് നിർമ്മാണം
8. ഹവായ് ചെരുപ്പ് നിർമ്മാണം
9. അലുമിനിയപാത്ര നിർമ്മാണം
10. വാഴനാര് ടോയ്സ്, മാല നിർമ്മാണം, ജൈവ വസ്തുക്കൾ കൊണ്ടുള്ള കരകൗശലവസ്തുക്കൾ
11. വേസ്റ്റ് ന്യൂസ് പേപ്പർ പൾപ്പ് ഉപയോഗിച്ച് പ്രതിമാനിർമ്മാണവും കട്ടിയുള്ള കൂടുകൾ, കരകൗശല ഉൽപ്പന്നങ്ങൾ, ഹാർഡ്ബോർഡ്, ആൽബം ഇവയുടെ നിർമ്മാണം
12. പ്ലാസ്റ്റിക് ബട്ടൺസ് നിർമ്മാണം
13. കുട, നോട്ട്ബുക്ക് നിർമ്മാണം
14. ബാഗ്, റെയിൻകോട്ട് തുടങ്ങിയ റെക്സിൻ ഉൽപ്പന്നങ്ങളുടെ നിർമ്മാണം
15. കിടക്ക നിർമ്മാണം
16. ജൈവവളം നിർമ്മിക്കൽ
17. പൈകയിൽ പഞ്ചായത്ത് ഉടമസ്ഥതയിൽ വലിയ ഗോബർഗ്യാസ് പ്ലാന്റ്
18. മീനച്ചിലാറിന്റെ സമീപസ്ഥ വാർഡുകളായ 1,2,4,9 വാർഡുകൾ കേന്ദ്രീകരിച്ച് ഡിസ്റ്റിൽഡ് വാട്ടർ നിർമ്മാണ വ്യവസായം.
19. തുകൽ ചെരുപ്പ് നിർമ്മാണം
20. റബ്ബർ ടാപ്പിംഗിനുള്ള കത്തി, ചില്ല്, കമ്പി, ടാപ്പിംഗ് ലൈറ്റ്, റയിൻ ഗാർഡിംങ്ങ് ഉപകരണം ഇവ നിർമ്മിക്കുക.
21. തെങ്ങുകയറ്റയന്ത്രം നിർമ്മിക്കൽ
22. തൂമ്പ, കോടാലി തുടങ്ങിയവയുടെ കൈ നിർമ്മിക്കൽ
23. പായ്, കുട, കുട്ട, ചൂൽ ഇവ നിർമ്മിക്കൽ
24. പേന റീഫിൽ നിർമ്മാണം
25. ചക്ക, ഇതര പഴവർഗ്ഗങ്ങൾ സംസ്കരിക്കൽ
26. തീറ്റപ്പുൽ സംസ്കരണം
27. വാഴനാര് സംസ്കരിച്ച് ബാഗ് നിർമ്മാണം
28. ഇരുമ്പുകസേര, മേശ, അലമാര നിർമ്മാണം
29. പ്ലാസ്റ്റിക് കസേര, ടീപ്പോയ്, മററുപകരണങ്ങൾ നിർമ്മാണം.
30. ഇലക്ട്രിക്കൽ സ്വിച്ച് നിർമ്മാണം
31. ചൂരൽ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്ന് ഫർണിച്ചറും മറ്റുപകരണങ്ങളും നിർമ്മിക്കൽ
32. പ്ലാസ്റ്റിക് കപ്പ് നിർമ്മാണം
33. ഫയൽ നിർമ്മാണം
34. സാമ്പ്രാണി നിർമ്മാണം
35. വനിതകൾക്കുള്ള വ്യവസായസംരഭം
36. വ്യവസായ പരിശീലനകേന്ദ്രം
37. സ്പ്രേയിംഗ് മെഷീൻ
38. ചക്കപ്പഴം സംസ്കരിച്ച് ചെമ്മീൻ തീററ
39. എമർജൻസി ലാമ്പ്
40. ഓഫ്സെററ് പ്രസ് സ്ഥാപിക്കുക

അടുത്ത 5 വർഷത്തേയ്ക്ക് വ്യാവസായിക സ്ഥാപനങ്ങൾ ഉണ്ടാക്കാനുള്ള വിശദമായ മാസ്റ്റർപ്ലാൻ ആവശ്യമുണ്ട്. മുകളിൽ പറഞ്ഞിരിക്കുന്ന വ്യവസായലിസ്റ്റിൽ ഊന്നി സ്വകാര്യ, സഹകരണ, പൊതുമേഖലാ ,സാദ്ധ്യതകളാണ് ആരായേണ്ടത്. വനിതാ വ്യവസായികസംഘങ്ങൾക്കുള്ള ആനുകൂല്യങ്ങൾ പ്രയോഗത്തിൽ വരുത്തണം. റബ്ബർബോർഡ്, ഖാദി ബോർഡ്, കേന്ദ്ര മാനവ ശേഷി മന്ത്രാലയം, സന്നദ്ധസംഘടനകൾ എന്നിവ ചേർന്ന് പഞ്ചായത്തിന്റെ 4 മേഖലകളിലായി മിനിമം 200 പേർ വീതമെങ്കിലും പങ്കെടുക്കുന്ന മേഖലാ ഏകദിന സെമിനാറുകൾ നടത്തണം. തമിഴ്നാട് മോഡലിൽ ഇലക്ട്രിസിറ്റി ബാങ്ക്, ലൈസൻസിങ്ങ് ഏജൻസി, വിപണന ഏജൻസി ഇവർ സംരഭകരെ തേടിച്ചെല്ലുന്ന സമീപനം ഉണ്ടാകണം. ഭാഗികമായി തൊഴിലുള്ള വീട്ടമ്മമാർ, ചെറുകിട കർഷകർ എന്നിവരുടെ ഒഴിവുസമയങ്ങൾ പ്രയോജനപ്പെടുത്താൻ അവരുടെ വീടുകൾ കേന്ദ്രീകരിച്ചുള്ള കുടിൽവ്യവസായ അസംബ്ലിംങ്ങ് കേന്ദ്രങ്ങൾ ആവശ്യമാണ്.

വിദ്യാഭ്യാസകേന്ദ്രങ്ങളിൽ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള വാർഷിക വ്യാവസായിക സെമിനാറുകൾ കൂടുതൽ ഗുണം ചെയ്യും. പഞ്ചായത്തിൽ 9-ാം പദ്ധതി ക്കാലത്ത് വിപ്ലവകരമായ വ്യാവസായികവളർച്ചയ്ക്ക് ചുരുങ്ങിയ പ്രയത്നമേ ആവശ്യമുള്ളൂ.

5-6

# ഗതാഗതം, ഊർജ്ജം

## റോഡുകൾ

പുരോഗതിയിലേക്കുള്ള മനുഷ്യന്റെ പ്രയാണത്തിൽ റോഡുകൾ വഹിക്കുന്ന പങ്ക് വളരെ സുപ്രധാനമാണ്. ദീർഘവീക്ഷണവും സാമൂഹ്യപ്രതിബദ്ധതയും ഉള്ള ജനനായകരും അവരോടൊപ്പം ചേർന്ന മനുഷ്യപ്രയത്നശേഷിയും സർവ്വോപരി ബഹുജനങ്ങളുടെ ത്യാഗമനോഭാവവും റോഡുകളുടെ ആവിർഭാവത്തിന് എല്ലാ പ്രദേശങ്ങളിലും പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

1800-കളുടെ അവസാനത്തിലായിരുന്നു ഈ പഞ്ചായത്തിലൂടെ ആദ്യത്തെ റോഡ് കടന്നു വന്നത്. ഇന്നത്തെ സ്റ്റേറ്റ് ഹൈവേയായ മൂവാറ്റുപുഴ - പുനലൂർ റോഡിൽ 7 km. ദൂരം (മീനച്ചിൽ പഞ്ചായത്തിനെ പാലാ മുനിസിപ്പാലിറ്റിയിൽ നിന്നും വേർതിരിക്കുന്ന കടയം മുതൽ എലിക്കുളം പഞ്ചായത്തിന്റെ അതിർത്തിയായ പൈക വരെ) ഈ പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്. 1927-ൽ ഈ റോഡിലൂടെ പാലാ ശ്രാമ്പിക്കൽക്കാരുടെ വകയായ U.M.S. ബസ്സ് പാലാ - മുണ്ടക്കയം ആയി സർവ്വീസ് ആരംഭിച്ചു. പിന്നീട് 1900-കളുടെ ആരംഭത്തിൽ ഭരണങ്ങാനം - വിളക്കുമാടം - പൈക, ഭരണങ്ങാനം -ഇടമറ്റം - വാഴമറ്റം എന്നീ റോഡുകൾ പൗരപ്രമുഖരുടെ നേതൃത്വത്തിൽ നിർമ്മിക്കുകയും ചെയ്തു.

## പ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ

റോഡുകൾക്കൊന്നും പഞ്ചായത്തിലെ വാഹനബാഹുല്യത്തിനുസൃതമായി വീതിയോ സൈൻ ബോർഡുകളോ, സീബ്രാലൈൻ ഉൾപ്പെടെയുള്ള ട്രാഫിക് നിർദ്ദേശങ്ങളോ ഓടകളോ നിലവിലില്ല. റോഡുകളുടെ ഭാഗികമായ (ഇടവിട്ടിടവിട്ട്) ടാറിംഗും ഓടകളുടെ അഭാവവും വിവിധ ഡിപ്പാർട്ടുമെന്റുകളുടെ (Water Authority, Telephone) പരസ്പരബന്ധമില്ലാത്ത പ്രവർത്തനങ്ങളും ഈ റോഡുകളെല്ലാം എന്നും പൂർണ്ണമായി ഗതാഗതയോഗ്യമല്ലാതാക്കിത്തീർക്കുന്നു. ടാർ റോഡുകളിൽ വെള്ളം കെട്ടിനിൽക്കാതെ ഇരുവശങ്ങളിലേക്കുമായി ഒഴുകിപ്പോകുന്നതിന് ഉതകുന്ന തരത്തിൽ ഓവൽ ഷേയ്പുകളിൽ ടാറിംഗ് നടത്തുകയും കൊടുംവളവുകളിൽ നിർദ്ദിഷ്ഠമായ ചരിവുകൾ ഉണ്ടാക്കുകയും, ടാർ റോഡും മണ്ണുനിരപ്പുമായി ലവൽ വ്യത്യാസം ഉണ്ടാകാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ റോഡുകൾ ദീർഘകാലം നിലനില്ക്കുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും കഴിയുമായിരുന്നു. ചെറിയ ചെറിയ അറ്റുകുറ്റപ്പണികൾ യഥാസമയം നടക്കാതെ വരുന്നതുകൊണ്ട് സൂചികൊണ്ട് എടുക്കേണ്ടത് തൂമ്പായ്ക്ക് എടുക്കേണ്ട തരത്തിലേയ്ക്ക് റോഡിന്റെ അവസ്ഥ മാറുന്നു. റോഡുകളുടെ നിർമ്മാണ പുനർനിർമ്മാണ പ്രവർത്തനങ്ങൾ കാലാവസ്ഥയ്ക്കനുസരിച്ച് മുൻകൂട്ടിപ്ലാൻ ചെയ്ത് നടത്താത്തതും ആവശ്യത്തിന് നിർമ്മാണ സാമഗ്രികൾ ഉപയോഗിക്കാത്തതും വേണ്ടത്ര തവണ റോളിംഗ് നടത്താത്തതും റോഡിന്റേ ശോച്യാവസ്ഥയ്ക്ക് കാരണമായി വിദഗ്ദ്ധന്മാർ ചൂണ്ടിക്കാട്ടുന്നു.

റോഡ് നിർമ്മിക്കുന്ന അവസരത്തിൽ ഗുണഭോക്താക്കൾക്കുണ്ടായിരുന്ന വിറും വാശിയും പിന്നീട് റോഡിന്റെ സംരക്ഷണത്തിൽ ഉണ്ടായിട്ടില്ല. നമ്മുടെ റോഡുകളിൽ പലപ്പോഴും ഉണ്ടാകുന്ന ചെറിയ തകരാറുകൾ പോലും പരിഹരിക്കുന്നതിന്, (വെള്ളം കെട്ടിനിൽക്കുന്നത് ഒഴുക്കിക്കളയുന്നതിനോ മൺറോഡുകളിലെ കുഴികൾ നികത്തുന്നതിനോ) ആരും തയ്യാറാകുന്നില്ല അത്തരം തകരാറുകൾക്കെല്ലാം പരിഹാരം കാണേണ്ടത് പഞ്ചായത്തിന്റെയോ സർക്കാരിന്റെയോ ചുമതലയായി കണ്ട് അവനവന്റെ ഉത്തരവാദിത്വത്തിൽ നിന്നും പിന്മാറുന്നതുകൊണ്ട് 'ചിരങ്ങുനുള്ളി സമുദ്രമാക്കുന്ന' അവസ്ഥ സംജാതമാകുന്നു. ആവശ്യമായ കലുങ്കുകളോ വീതിയോ ഇല്ലാതെ തന്നെ നടത്തുന്ന ടാറിംഗ് വളരെ പെട്ടെന്ന് പൊളിയുന്നതിനും അതുവഴി റോഡുകൾ ഗതാഗതയോഗ്യമല്ലാതായിത്തി

## നിലവിലുള്ള P.W.D. റോഡുകൾ

| പേര് | ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്ന ദൂരം | കലുങ്കുകളും പാലങ്ങളും | | | സംരക്ഷണഭിത്തി ആവശ്യമുള്ളത് |
|---|---|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കേണ്ടത് | ആവശ്യമുള്ളത് | |
| മൂവാറ്റുപുഴ- പുനലൂർ (സ്റ്റേറ്റ് ഹൈവേ) | 7km. | 16 | 7 | 7 | 500m |
| ഭരണങ്ങാനം- ഇടമറ്റം - വാഴമറ്റം | 4km. | 14 | 11 | 3 | 750m |
| ഭരണങ്ങാനം - വിളക്കുമാടം - പൈക | 6km. | 20 | 8 | 3 | 300m |
| ഇടമറ്റം - കിഴപറയാർ - പാലാ | 6km. | 13 | 4 | 5 | 300m |
| പൈക - പിണ്ണാക്കനാട് | 2km. | 3 | 3 | | |
| ഇടമറ്റം - തിടനാട് | 3km. | 8 | 3 | 2 | 250m |
| വിളക്കുംമരുത് - തോടനാൽ | 2km. | 1 | | | |
| പൈക - കൊഴുവനാൽ | 3km | 3 | | 2 | |

രുന്നതിനും ഇടയാകുന്നു പ്രളയ ദുരിതാശ്വാസനിധിയിൽ നിന്നും വരൾച്ചാദുരിതാശ്വാസനിധിയിൽ നിന്നും പണമെടുത്ത് ടാറിംഗ് നടത്തുന്ന പഞ്ചായത്ത് റോഡുകൾ റീടാർ ചെയ്യുവാൻ പഞ്ചായത്തിന് പണമില്ലാത്തതും നിയമപരമായി അവകാശമില്ലാത്തതും റോഡുകളുടെ സംരക്ഷണത്തെ പ്രതികൂലമായി ബാധിച്ചു. വീതി കുറഞ്ഞ പാലങ്ങളും ബലക്ഷയമുള്ള കലുങ്കുകളും റോഡിന്റെ പരിതാപകരമായ അവസ്ഥയെ ഉർത്തിക്കാണിക്കുന്നു. ആവശ്യത്തിന് ഓടകൾ ഇല്ലാത്തതും മലിനജലം റോഡിലൂടെ നിറഞ്ഞൊഴുകുന്നതും വിദ്യാർത്ഥികൾക്കും യാത്രക്കാർക്കും വ്യാപാരി വ്യവസായികൾക്കും റോഡിനിരുവശങ്ങളിലായി താമസിക്കുന്ന തദ്ദേശവാസികൾക്കും വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്.

പഞ്ചായത്തിലെ റോഡുകളുടെ സംരക്ഷണവും അറ്റുകുറ്റപ്പണികളുടെ ചുമതലയും തൊഴിൽ രഹിതരായ ചെറുപ്പക്കാരെ ഉൾപ്പെടുത്തിയുള്ള ഒരു സംഘത്തെ ഏല്പിക്കണം. പഞ്ചായത്ത് റോഡുകൾക്ക് കുറഞ്ഞത് 6 മീറ്ററെങ്കിലും വീതി ഉണ്ടെന്നു ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു. നിലവിലുള്ള സ്വകാര്യ റോഡുകൾ പഞ്ചായത്ത് ഏറ്റെടുത്ത് വികസന പ്രവർത്തനങ്ങൾ നടത്തണം. ഒന്നോ രണ്ടോ വ്യക്തികളുടെ സ്വാർത്ഥതാല്പര്യംമൂലം വികസനം അത്യാവശ്യമായിട്ടുള്ള റോഡുകളിൽ അവ സാദ്ധ്യമല്ലാതെ വന്നാൽ പരിഹരിക്കുന്നതിനു വേണ്ട നിയമനിർമ്മാണമുണ്ടാക്കണം. റോഡു പുറം പോക്കുകളുടെ കടന്നാക്രമണം അവസാനിപ്പിക്കുകയും അവിടെ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുകയും ചെയ്യണം. നിലവിലുള്ള നിയമം ലംഘിച്ചു കൊണ്ടുള്ള പുതിയ കെട്ടിട നിർമ്മാണപ്രവർത്തനങ്ങൾ പഞ്ചായത്തതിർത്തിയിൽ നടക്കുന്നുണ്ടെങ്കിൽ അവയെ നിയന്ത്രിക്കുവാൻ കർശന നടപടി ഉണ്ടാകണം. വീതികുറവുള്ളതും ബലക്ഷയമുള്ളതുമായ പാലങ്ങൾ പൊളിച്ചുകളഞ്ഞ് പുതിയവ നിർമ്മിക്കണം. ആവശ്യമുള്ള സ്ഥലങ്ങളിൽ സംരക്ഷണഭിത്തികൾ കെട്ടുകയും കലുങ്കുകളും പാലങ്ങളും നിർമ്മിക്കുകയും ചെയ്യണം. ടാറിംഗ് നടത്തിയിട്ടില്ലാത്ത എല്ലാ പഞ്ചായത്തു റോഡുകളും ടാറിംഗ് ചെയ്യുകയും യഥാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുകുയും വേണം. എല്ലാ റോഡുകൾക്കും ഓടകൾ നിർബ്ബന്ധിതമാക്കണം. റോഡിലേയ്ക്ക് ഇറങ്ങി നില്ക്കുന്ന ടെലിഫോൺ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിയിട്ട് ഗതാഗതം സുഗമമാക്കണം. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ യോജിച്ചുള്ള പ്രവർത്തനം പഞ്ചായത്തിന്റെ അനുമതിയോടുകൂടി നടത്തണം. ട്രാഫിക് നിയന്ത്രണങ്ങൾ കർശനമാക്കണം. രാഷ്ട്രീയ പാർട്ടികളുടെ കൊടിമരങ്ങളും പരസ്യബോർഡുകളും റോഡ് കൈയ്യേറാത്തവിധത്തിൽ സ്ഥാപിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നല്കണം.

നമ്മുടെ പഞ്ചായത്തിലെ കുടുംബങ്ങളിൽ പകുതിയിലധികം പേർക്കും റോഡ് സൗകര്യം ഇല്ല എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പഴയ കൂട്ടുകുടുംബരീതി മാറുകയും ആളുകളുടെ ഇടയിലുണ്ടായിരുന്ന പരസ്പര സഹകരണ മനോഭാവവും കൂട്ടായ്മയും നഷ്ടമാവുകയും ചെയ്തിരിക്കുന്ന ഈ സാഹചര്യത്തിൽ എല്ലാ കുടുംബങ്ങൾക്കും റോഡുസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുവാനുള്ള ധാർമ്മിക ഉത്തരവാദിത്വം നമുക്കുണ്ട്. ഒരു ഓട്ടോ

## നിലവിലുള്ള പഞ്ചായത്ത് റോഡുകൾ

| പേര് | ദൂരം | വീതി | കലുങ്കുകളും പാലങ്ങളും | | സംരക്ഷണഭിത്തി ആവശ്യമുള്ളവ | ടാറിംഗ് |
|---|---|---|---|---|---|---|
| | | | ആവശ്യമുള്ളത് | നിലവിലുള്ളത് | | |
| കിഴപറയാർ - കിഴതടിയൂർ | 1530m | 4m | - | 2 | | 300m |
| പാലാക്കാട് - കിഴപറയാർ | 870m | 4m | 1 | 1 | | |
| പാട്ടുപാറ - മൂക്കൻതോട്ടംകടവ് | 1010m | 4.5m | 1 | 2 | | 700m |
| കിഴപറയാർ - ഇലവനാൽകടവ് (അസ്സീസി കടവ്) | 1050m | 4.5m | 2 | 3 | | 400m |
| കിഴപറയാർ - തറപ്പേൽകടവ് | 2000m | 8m | 1 | 5 | | 2000m |
| കിഴപറയാർ - പുളിയ്ക്കത്തടം | 410m | 4m | 1 | 1 | | |
| ചീങ്കല്ല് - പങ്കപ്പാട് | 900m | 8m | 1 | 3 | | റീടാറിംഗ് അത്യാവശ്യം |
| ഞാറയ്ക്കവയൽ- കോളഭാഗത്തുവയൽ (ചീങ്കണ്ണി) | 1200m | 5m | 2 | 4 | | |
| ഇടമറ്റം (വള്ളോംകുളം) - പാലാക്കാട് 12-ാം മൈൽ | 3000m | 4.5m | 1 | 10 | | റീടാറിംഗ് അത്യവശ്യം |
| പുത്തൻശബരിമല - തണ്ണിപ്പാറ (മുട്ടിയാനിക്കുന്ന്) | 1500m | 4.5m | 1 | 5 | 200m | 1200m |
| വള്ളോംകുളം - ചിലമ്പിൽ | 960m | 5.5m | 1 | 2 | | നടത്തിയിട്ടില്ല |
| പൊന്മല - തൂങ്കുഴി | 1400m | 4.5m | 2 | 5 | | |
| മഴുവഞ്ചേരി - പാറത്തോട് | 3000m | 6m | 4 | 6 | | 400m |
| തറപ്പേൽകടവ് - ഇലവനാൽകടവ് | 1000m | 5.5m | 1 | 2 | | പൂർണ്ണം |
| ഇലവനാൽകടവ് - ചീങ്കണ്ണി (അസ്സീസി കടവ്) | 750m | 6m | 1 | 2 | | |
| രാജീവ് ദശലക്ഷം ഹൗസിംഗ് കോളനി-മുകളേൽപീടിക (പറകൊട്ടിമല | 750m | 4m | | 2 | | |
| വിളക്കുമാടം - കാഞ്ഞിരത്താനം | 1170m | 5m | 5 | | 100m | മുഴുവൻ ടാർചെയ്യണം |
| വിലങ്ങുപാറ - വട്ടോളി | 1010m | 8m | 1 | | | മുഴുവൻ ടാർചെയ്യണം |
| പുന്നെലം - പാറമറ്റം | 700m | 8m | 2 | | | 220m ടാർ ചെയ്തു. ബാക്കി ടാർചെയ്യണം |
| ഇടമറ്റം - പൂവത്തോട് | 1255m | 5.5-8 | 3 | 1 | | 350m, 8m വീതിയിൽ ഉള്ളഭാഗം ടാർചെയ്തു ബാക്കി ടാർചെയ്യണം |
| ചിലമ്പൻകുന്നേൽ- പുത്തൻപുരയ്ക്കൽ | 1300m | 4 | | 3 | | മുഴുവൻ ടാർചെയ്യണം |
| പൂവത്തോട് - ചാത്തൻകുളം | 2400m | 8m | | | | റീടാറിംഗ് അത്യവശ്യം |
| പുളിയ്ക്കൽപീടിക - നെടുവേലി | 1000m | 5m | | 1 | | മണ്ണ് റോഡ് |
| വിളക്കുമാടം - ചാത്തൻകുളംകവല | 2000m | 8m | | | | 1250m ടാർ ചെയ്തത് |
| ചാത്തൻകുളം - വട്ടപ്പാറ | 1200m | 4.5m | | | | ടാറിംഗ് വേണം |
| വിളക്കുമാടം - വാഴമറ്റം | 1080m | 4.5m | | | | 1080m |
| ചെറുപുഷ്പം - മാപ്പലക | 1400m | 4m | | 2 | | |
| വരിയ്ക്കാനിക്കൽ - മേടയ്ക്കൽ | 675m | 5m | | 1 | | മെറ്റലിംഗ് കഴിഞ്ഞു |
| വിളക്കുമാടം - മേടയ്ക്കൽ - വട്ടപ്പാറ | 1590m | 4m | | | | 300m |

## നിലവിലുള്ള പഞ്ചായത്ത് റോഡുകൾ

| പേര് | ദൂരം | വീതി | കലുങ്കുകളും പാലങ്ങളും | | സംരക്ഷണഭിത്തി ആവശ്യമുള്ളവ | ടാറിംഗ് |
|---|---|---|---|---|---|---|
| | | | ആവശ്യമുള്ളത് | നിലവിലുള്ളത് | | |
| പൂവത്താനി - കരിമരുതുംകുന്ന് | 960m | 4m | 3 | 2 | | നടത്തിയിട്ടില്ല |
| പൂവരണി കരിമരുതുംകുന്ന് | 1000m | 3m | | 1-1 | | നടത്തിയിട്ടില്ല |
| നെല്ലാലപൊയ്ക - മാമ്പുഴകടവ് | 1380m | 5m | 3 | 2 | | റീടാറിംഗ് അത്യവശ്യം |
| പൈക - കൊണയാവ് | 900m | 5m | 1 | 1 | | തുടങ്ങിയിട്ടില്ല |
| വലിയകൊട്ടാരം - മരോട്ടിപ്പാറ | 600m | 4m | | 1 | | തുടങ്ങിയിട്ടില്ല |
| പച്ചാത്തോട് - കൊച്ചുകൊട്ടാരം | 1445m | 4.5m | 2 | 2 | | പൂർത്തിയായിട്ടില്ല |
| പച്ചാത്തോട് - വലിയകൊട്ടാരം | 2185m | 5.5m | 1 | 1 | | പൂർത്തിയായിട്ടില്ല |
| വലിയകൊട്ടാരം - വരിയ്ക്കമൊന്തടം | 790m | 4.5m | | 1 | | പൂർത്തിയായിട്ടില്ല |
| തഴവേലി - കൊച്ചുകൊട്ടാരം | 805m | 4.5m | 3 | | | 805m |
| പുന്നത്തുറ - വാകമല | 1000m | 3m | 1 | | | തുടങ്ങിയിട്ടില്ല |
| ഫാമിലിവെൽഫെയർ സെന്റർ | 1200m | 5m | | | | |
| തഴവേലി - മൊളോപ്പറമ്പ് | 400m | 4.5m | | | | |
| വിളക്കുംമരുത് - വട്ടോത്തുകുന്ന് - പാലാക്കാട് | 1210m | 4.5m | | 1-1 | | 200m ടാറിംഗ് ഉള്ളൂ |
| ഈറ്റത്തോട് - പാലാക്കാട് | 2000m | 4.5m | | 2 | | 297m |
| പൂവരണി - കളത്തൂർ | 940m | 4.5m | | 1 | | |
| മുകളേൽപീടിക - മുട്ടിയാനിക്കുന്ന് - പാലാക്കാട് - ചെറുപുഷ്പം (ചെറുപുഷ്പം - പാലാക്കാട് - വാഴമറ്റം - പാലാക്കാട്) | 3675m | 5m | 2 | 10 | | 750m |
| പഴേപറമ്പിൽ - മുനിസിപ്പൽ ലിമിറ്റ് | 1140m | 4.5m | | 2 | | മുഴുവൻ ടാർചെയ്യണം |
| കല്ലേക്കുളം - പൂവത്താനി | 560m | 4.5m | | 4 | | |
| പാലാക്കാട് - കണ്ണാടിയുറുമ്പ് | 1200m | 4.5m | | 2 | 100m | മുഴുവൻ ടാർചെയ്യണം |
| കുറ്റില്ലം - കണ്ണാടിയുറുമ്പ് | 500m | 65m | 2 | 1 | 250m | |
| പാലാക്കാട് - പാറപ്പള്ളി | 500m | 6m | 2 | 1 | 300m | |
| തൂങ്കുഴി - രാജീവ് ദശലക്ഷം - മുകളേൽപീടിക (പറകെട്ടിമല) | 1000m | 4m | | 3 | | |

രിക്ഷയെങ്കിലും വീട്ടുവളപ്പിൽ വരെ എത്തുന്നതിനുള്ള സംവിധാനം എല്ലാ കുടുംബങ്ങൾക്കും അത്യാവശ്യമാണ്. ഇതിനായി റോഡ് സൗകര്യം മൗലികാവകാശമായി പ്രഖ്യാപിക്കണം.

## ശബരിമലതീർത്ഥാടനം

ഹൈന്ദവരുടെ പ്രമുഖ തിത്ഥാടനകേന്ദ്രമായ ശബരിമലയ്ക്ക് ആദ്യകാലങ്ങളിൽ ജനങ്ങൾ കാൽനടയായി പോയിരുന്നു എങ്കിൽ ഇപ്പോൾ ആയിരക്കണക്കിനു വാഹനങ്ങളിലാണ് പോയിവരുന്നത്. വർദ്ധിച്ചു വരുന്ന വാഹനബാഹുല്യം നിയന്ത്രിക്കുന്നതിനായി പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ സംവിധാനം ഉണ്ടാക്കുകയും ഓട്ടോ ടാക്സി സ്റ്റാൻഡുകൾ സ്ഥാപിക്കുകയും ചെയ്യണം. ഓട്ടോകൾക്കും മറ്റു ടാക്സിവാഹനങ്ങൾക്കും പാർക്കുചെയ്യാൻ നിഷ്കർഷിച്ചിരിക്കുന്ന സ്ഥലങ്ങളിൽ അവ പാർക്ക്ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. ഒരു കാലത്ത് പതിനായിരക്കണക്കിന് അയ്യപ്പഭക്തന്മാർ ഈശ്വരദർശനം നടത്തി സായൂജ്യമടഞ്ഞിരുന്ന പുത്തൻശബരിമല ശ്രീ ധർമ്മശാസ്താ

ക്ഷേത്രവും പാലായുമായി ബന്ധിപ്പിക്കുന്ന പാലാ കിഴപറയാർ ഇടമറ്റം, തിടനാട് കാഞ്ഞിരപ്പള്ളി റോഡോ അല്ലെങ്കിൽ പാലാ കിഴപറയാർ ഇടമറ്റം ചാത്തൻകുളം ചെമ്മലമറ്റം കാഞ്ഞിരപ്പള്ളി റോഡോ വീതി കൂട്ടി ഗതാഗതയോഗ്യമാക്കിത്തീർത്താൽ പാലായിൽ വന്നിട്ട് ശബരിമലക്കുപോകുന്ന അയ്യപ്പഭക്തന്മാർക്ക് പുത്തൻശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിൽ ദർശനം നടത്തുന്നതിനും കുറഞ്ഞദൂരത്തിൽ യാത്രചെയ്യുന്നതിനും കഴിയും.

വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ പാദസ്പർശം കൊണ്ട് പുളകിതയായ ഭരണങ്ങാനവുമായി നമ്മുടെ പഞ്ചായത്തിനെ ബന്ധിപ്പിക്കുന്ന 3 പ്രധാന കടത്തുകൾ നിലവിലുണ്ട്. ഈ കടത്തുകളിലെ കടത്തുകാർ കൃത്യനിഷ്ഠമായും ഉത്തരവാദിത്വപരമായും തങ്ങളുടെ ജോലികൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും അങ്ങനെ ചെയ്യാത്ത പക്ഷം അവരെ നിയന്ത്രിക്കുവാൻ അതതു ഗ്രാമസഭകളെ ചുമതലപ്പെടുത്തുകയും വേണം.

1989 ൽ കൊണ്ടുവന്ന കേന്ദ്ര മോട്ടോർ വാഹന നിയമ ഭേദഗതിയുടെ പരിണിതഫലമായി ഉൾപ്രദേശങ്ങളിലെ യാത്രാസൗകര്യം കുറയുന്നതിനും പ്രധാന റോഡുകളിലെ വാഹനത്തിരക്ക് കൂടുന്നതിനും അതുവഴി വാഹനാപകടങ്ങൾ വർദ്ധിക്കുന്നതിനും ഇടയായിട്ടുണ്ട്. ആയതിനാൽ പ്രധാനറോഡുകളിൽക്കൂടിയുള്ള പെർമിറ്റുകൾ കൂടുതൽ നല്കാതെ ബസുകളുടെ മത്സര ഓട്ടം ഒഴിവാക്കുന്നതിന് കുറഞ്ഞത് 10 മിനിട്ടെങ്കിലും സമയ ദൈർഘ്യം പാലിച്ചുകൊണ്ട് പെർമിറ്റുകൾ റീഷെഡ്യൂൾ ചെയ്യുകയും വേണം.

പുണ്യചരിതയായ അൽഫോൻസാമ്മയുടെ ഭൗതികാവശിഷ്ടം സ്ഥിതിചെയ്യുന്ന ഭരണങ്ങാനം ഇന്ന് കേരളത്തിലെ മാത്രമല്ല ഭാരതത്തിലെ തന്നെ നാനാജാതിമതസ്ഥരുടെ ശ്രദ്ധയാകർഷിച്ചുകൊണ്ടിരിക്കുന്ന ഒരു തീർത്ഥാടനകേന്ദ്രമാണ്. കോട്ടയത്ത് ട്രെയിനിൽ എത്തുന്ന തീർത്ഥാടകർക്ക് ഭരണങ്ങാനവുമായി കുറഞ്ഞ ദൂരത്തിൽ ബന്ധിപ്പിക്കുന്ന ഭരണങ്ങാനം ഇടമറ്റം പൈക കൊച്ചുകൊട്ടാരം കോട്ടയം റോഡോ ഭരണങ്ങാനം ഇടമറ്റം വള്ളോംകുളം ചിലമ്പിൽകുന്ന് വിളക്കുംമരുത് തോടനാൽ റോഡോ വീതികൂട്ടി ടാറ് ചെയ്ത് ഗതാഗതയോഗ്യമാക്കിത്തീർക്കണം.

പൈക മാർക്കറ്റിന്റെ നാലുവശവും ഭിത്തി ഉയർത്തിക്കെട്ടി ഗെയിറ്റ് ഇട്ട് സംരക്ഷിക്കേണ്ടതാണ്. വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ജലം ലഭ്യമാക്കുകയും ചെയ്യണം.

**പഞ്ചായത്ത് ഏറ്റെടുക്കേണ്ട റോഡുകൾ**

**1-ാം വാർഡ്**
കരയോഗമന്ദിരം - കുന്നേൽ ക്ഷേത്രം റോഡ്
**3-ാം വാർഡ്**
പൊന്മല - കോട്ടേമാപ്പലക റോഡ്
മുകളേൽപീടിക - മരോട്ടിപ്പാറ കോളനി
പടിഞ്ഞാറേക്കര - പൊതുശ്മശാനം റോഡ്
പങ്കപ്പാട് ക്ഷേത്രം - ആശാൻകുന്ന് റോഡ്
**6-ാം വാർഡ്**
വാഴമറ്റം ലക്ഷംവീട് - കൊരട്ടി റോഡ്
പുളിയ്ക്കച്ചുണ്ട - വാഴമറ്റം റോഡ്
വലിയപറമ്പ് - വാഴമറ്റം റോഡ്
വലിയപറമ്പ് - മുളങ്ങാശ്ശേരി റോഡ്
**7-ാം വാർഡ്**
പന്തലാനി-മുതിരിപ്പാറ-കൊങ്ങേലക്കടവ് റോഡ്
**8-ാം വാർഡ്**
ചരള - വള്ളോങ്കയം റോഡ്
ഹെൽത്ത്സെന്റർ-വയലേമുറി-പാലാക്കാട് റോഡ്

**പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ**

**1-ാം വാർഡ്**
നീലിയറ - മൂക്കൻതോട്ടം കടവ് റോഡ്
മൂക്കൻതോട്ടം - പുളിയ്ക്കക്കുന്ന് കോളനി റോഡ്
**2-ാം വാർഡ്**
ഇടമറ്റം - വരകപ്പള്ളി റോഡ്
പുത്തൻശബരിമല - കല്ലോലിക്കുന്നേൽ
മേച്ചേരിയകത്ത് - മാനാന്തടം റോഡ്
**3-ാം വാർഡ്**
കോട്ടേമാപ്പലക - തണ്ണിപ്പാറ റോഡ്
മണ്ഡപത്തിൽ - കോട്ടേമാപ്പലക റോഡ്
**4-ാം വാർഡ്**
ചിലമ്പൻകുന്നേൽ - പോത്തൻകുന്ന് റോഡ്
**8-ാം വാർഡ്**
ലക്ഷംവീട് - ഹെൽത്ത്സെന്റർ റോഡ്

# ഊർജ്ജം

മീനച്ചിൽ പഞ്ചായത്തിലെ 4036 വീടുകളിൽ 3000 ത്തോളം വീടുകളിൽ വൈദ്യുതി സൗകര്യം എത്തിച്ചേർന്നിട്ടുണ്ടെങ്കിലും പല വീടുകളിലും സന്ധ്യയായാൽ വോൾട്ടേജ് ക്ഷാമം വളരെ രൂക്ഷമായി അനുഭവപ്പെടുന്നു. ആവശ്യത്തിന് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാതിരിക്കുന്നതും റബ്ബർ തോട്ടങ്ങളിൽകൂടി ലൈൻ വലിച്ചിരിക്കുന്നിടങ്ങളിൽ യഥാസമയം ടച്ചിംഗ് വെട്ടാതിരിക്കുന്നതുമൂലമുണ്ടാകുന്ന പ്രസരണനഷ്ടവും ഇതിന് കാരണമായി പറയാം.

ഇവിടെയുള്ള വീടുകളിൽ പാചകാവശ്യത്തിന് വൈദ്യുതി ഉപയോഗിക്കുന്നവയൊന്നുമില്ല. ഗ്യാസ് കണക്ഷനുള്ള 112 വീടുകൾ മാത്രമേ പഞ്ചായത്തിൽ ആകെയുള്ളു. മണ്ണെണ്ണ പാചകാവശ്യത്തിന് ഉപയോഗിക്കുന്ന വീടുകളും തുലോം കുറവാണ്. ബഹുഭൂരിപക്ഷം കുടുംബങ്ങളും വിറകിനെത്തന്നെയാണ് പാചകാവശ്യത്തിന് ആശ്രയിക്കുന്നത്. പരിഷത്ത് അടുപ്പുകളായ പുകയില്ലാത്ത അടുപ്പുകൾ ആദ്യകാലത്ത് ഉപയോഗിക്കാൻ ആരംഭിച്ചവർ പോലും പിൽക്കാലത്ത് അവയിൽ നിന്ന് പിൻവാങ്ങുന്നതായിട്ടാണ് കാണുവാൻ കഴിഞ്ഞത്. റബ്ബർ ഷീററ് പുക കൊള്ളിക്കേണ്ടി വരുന്നതാണ് ഇതിനു പ്രേരിപ്പിച്ച പ്രധാന ഘടകം. വിറക് അടുത്തുള്ള റബ്ബർതോട്ടത്തിൽ നിന്നും മററും ശേഖരിക്കുന്നവരാണ് ചെറിയ തുണ്ടുഭൂമികളിൽ താമസിക്കുന്നവരിൽ ബഹുഭൂരിപക്ഷവും.

വിറക് വിലയ്ക്കു വാങ്ങുന്ന പ്രവണതയും ഇവിടെ തീരെ കുറവാണ്. കേടാവുന്ന റബ്ബർ മരങ്ങളും മററു പാഴ്മരങ്ങളും വിറകിനായി ഉപയോഗിക്കുകയും തെങ്ങിൽ നിന്നു കിട്ടുന്ന ചൂട്ട്, മടൽ, കൊതുമ്പ്, ചകിരി, ചിരട്ട എന്നിവയും ഗാർഹികാവശ്യത്തിന് ഉപയോഗിക്കുന്നതായിട്ട് കാണുവാൻ കഴിയും. ചുരുക്കത്തിൽ പുക ലഭിക്കുന്ന വിറകടുപ്പുകളാണ് ഈ പഞ്ചായത്തിൽ കൂടുതലായി ആളുകൾ ഉപയോഗിക്കുന്നത്.

കാർഷികാവശ്യത്തിന് പമ്പുസെററ് ഉപയോഗിക്കുന്നവരുടെ എണ്ണവും തീരെ കുറവാണ് നമ്മുടെ പഞ്ചായത്തിൽ. ഡ്രിപ്പ് ഇറിഗേഷൻ പോലുള്ള നൂതന സംരംഭങ്ങളിലൂടെ നമ്മുടെ കൃഷിയിടങ്ങളിലെ ആദായം വർദ്ധിപ്പിക്കുവാൻ കഴിയുമെങ്കിലും ചെറിയ ചെറിയ തുണ്ടുഭൂമികളായ കൃഷിയിടങ്ങളിൽ പരസ്പരസഹകരണമില്ലാതെ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് വളരെ വലിയ സാമ്പത്തികബാദ്ധ്യത ഉണ്ടാക്കുമെന്നുള്ളതാണ് ഇതിനു കാരണം.

പാചകാവശ്യത്തിന് ബയോഗ്യാസ് ഉപയോഗിക്കുന്ന വീടുകളും തീരെ കുറവു തന്നെയാണ്. തീററപ്പുല്ലിന്റെ അഭാവവും കാലിത്തീററയുടെ വില വർദ്ധനയും കന്നുകാലി വളർത്തലിനു തന്നെ ഭീഷണിയായിക്കൊണ്ടിരിക്കുകയാണ് എന്നുള്ളതാണ് ഈ രംഗത്തുള്ള പ്രധാന വെല്ലുവിളി. കൂടുതൽ ജനങ്ങളെ കാലി വളർത്തലിനു പ്രേരിപ്പിക്കുകയും അതോടൊപ്പം ബയോഗ്യാസ് പ്ലാന്റുകൾ 50% സബ്സിഡിയോടുകൂടി സ്ഥാപിച്ചുകൊടുക്കുകയും ചെയ്താൽ ജനങ്ങളെ ഈ രംഗത്തേക്ക് കൂടുതലായി ആകർഷിക്കാം.

## പ്രശ്നങ്ങൾ

1. എല്ലാ വീടുകളിലും വൈദ്യുതി സൗകര്യം എത്തിച്ചേർന്നിട്ടില്ല.
2. വോൾട്ടേജ് ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു.
3. വ്യാവസായികാവശ്യത്തിന് സമയത്ത് വൈദ്യുതി കണക്ഷൻ ലഭിക്കുകയോ, ആവശ്യത്തിനുള്ള വോൾട്ടേജ് ലഭ്യമാവുകയോ ചെയ്യുന്നില്ല.
4. ബയോഗ്യാസ് പ്ലാന്റുകളുടെ എണ്ണം തീരെ കുറവാണ്.
5. I.O.C യുടെ പുതിയ പാചക വാതക കണക്ഷൻ പഞ്ചായത്തതിർത്തിക്കുള്ളിൽ ഇന്ന് ലഭ്യമല്ല.
6. വിവിധ K.S.E.B. സ്റ്റേഷനുകളുടെ പ്രവർത്തനമേഖലയാണ്
7. കറന്റ് ചാർജ്ജ് അടയ്ക്കുവാനുള്ള അസൗകര്യം

## നിർദ്ദേശങ്ങൾ

1. എല്ലാ വീടുകളും യുദ്ധകാലാടിസ്ഥാനത്തിൽ വൈദ്യുതീകരിക്കുക
2. റോഡുകളിൽക്കൂടി നിലവിലുള്ള വൈദ്യുതി ലൈൻ പുനക്രമീകരിക്കുക. വർഷത്തിൽ രണ്ടു പ്രാവശ്യം എങ്കിലും ടച്ചിംഗ് വെട്ടുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക്

പഞ്ചായത്തിലെ സർവ്വീസ് സേനയുടെ കീഴിൽ നടപ്പിലാക്കുക. ട്രാൻസ്ഫോർമറുകൾ കൂടുതലായി സ്ഥാപിക്കുക.

3. വ്യാവസായികാവശ്യത്തിന് പുതിയ കണക്ഷന് അപേക്ഷ സമർപ്പിക്കുന്ന വ്യവസായ സംരംഭകർക്ക് 30 ദിവസത്തിനകം കണക്ഷൻ നൽകുന്നുവെന്ന് ഉറപ്പു വരുത്തുക. ആവശ്യത്തിന് വോൾട്ടേജ് ലഭ്യമാക്കുകയും വേണം.

4. കന്നുകാലി വളർത്തലിന് ആളുകളെ പ്രേരിപ്പിക്കുകയും ബയോഗ്യാസ് പ്ലാന്റുകൾ 50% സബ്സിഡിയോടുകൂടി സ്ഥാപിച്ചുകൊടുക്കുകയും ചെയ്യുക.

5. പഞ്ചായത്തിലൊരു പാചക വാതക ഏജൻസി സ്ഥാപിക്കുക

6. പൈക KSEB സബ്സ്റ്റേഷന്റെ കീഴിൽ ഈ പഞ്ചായത്തിലെ മുഴുവൻ പ്രവർത്തനങ്ങളും കൊണ്ടുവരുക.

7. പഞ്ചായത്തിൽ രൂപീകരിക്കുന്ന സർവ്വീസ് സേനയുടെ നേതൃത്വത്തിൽ കറണ്ട് ചാർജ്ജ് വീടുകളിൽ നിന്ന് ശേഖരിച്ച് ആഫീസിൽ എത്തിച്ചു കൊടുക്കുക.

8. വഴിവിളക്കുകൾ ഇല്ലാത്ത മുഴുവൻ പഞ്ചായത്ത് റോഡുകളിലും വഴിവിളക്കുകൾ സ്ഥാപിക്കേണ്ടതാണ്. പഞ്ചായത്തിലെ പ്രധാനകേന്ദ്രങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കണം. PWD റോഡുകളിൽ ഒന്നിടവിട്ട പോസ്റ്റുകളിൽ ട്യൂബ് ലൈററുകൾ സ്ഥാപിക്കണം.

9. സൗരോർജ്ജ വിളക്കുകളും അടുപ്പുകളും സബ്സിഡിയോടുകൂടി വിതരണം ചെയ്യുകയും ഊർജ്ജ ഉത്പാദനരംഗത്ത് ചെറിയ സൗരോർജ്ജപ്ലാന്റുകൾ സ്ഥാപിക്കുകയും ചെയ്യുക.

5-7

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

കാട്ടിൽ അലഞ്ഞുതിരിഞ്ഞ് അവിടെ സുലഭമായി ലഭിച്ചിരുന്ന കായ്കനികളും കിഴങ്ങുവർഗ്ഗങ്ങളും യഥേഷ്ടം ഭക്ഷിച്ചിരുന്ന ആദിമമനുഷ്യൻ അവന്റെ വിശ്രമസമയങ്ങളിൽ പ്രകൃതിയുടെ പ്രതിലോമ ശക്തികളിൽ നിന്നും വന്യജീവികളുടെ മൃഗീയാക്രമണത്തിൽനിന്നും മോചനം നേടുന്നതിന് മരപ്പൊത്തുകളിലും ഗുഹകളിലും അഭയസങ്കേതങ്ങൾ കണ്ടെത്തി. ആളുകളുടെ എണ്ണത്തിലെ വർദ്ധനവിന്റെ പരിണിത ഫലമായുണ്ടായ ഭക്ഷണദൗർലഭ്യം കൃഷി ചെയ്യുന്നതിനും, കൃഷി സംരക്ഷിക്കാൻ കൃഷിയിടങ്ങളിൽ വിശ്രമത്താവളങ്ങൾ കണ്ടെത്തുന്നതിനും, അവ ശേഖരിച്ചുവെയ്ക്കാൻ കളപ്പുരകൾ ഉണ്ടാക്കുന്നതിനും അവനെ നിർബന്ധിപ്പിച്ചു. അങ്ങനെ ഇന്നത്തെ വീട് എന്ന സ്വപ്നത്തിന്റെ പ്രാകൃതരൂപം രൂപം കൊണ്ടു.

കൂട്ടുകുടംബസമ്പ്രദായം നിലനിന്നിരുന്ന ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ നാലുകെട്ടും നടുമുറ്റവും സർപ്പക്കാവും തുളസിത്തറയും അറയും നിറയും നിലവറയും ഒക്കെയുളം വാസ്തുകലാശില്പത്തിന്റെ ഉത്തമദൃഷ്ടാന്തങ്ങളോടൊപ്പം ആശ്രതർക്കും അടിയാന്മാർക്കും അന്തിയുറങ്ങുന്നതിന് ധാരാളം ചെറ്റക്കുടിലുകളും ഇവിടെ ദൃശ്യമായിരുന്നു.

ആകെയുള്ള കുടുംബങ്ങളിൽ ഇരുനില കോൺക്രീറ്റ് കെട്ടിടങ്ങൾ ഉള്ളവർ 66 ഉം സ്വന്തം ഭൂമിയിൽ വാസയോഗ്യമായ മറ്റുവീടുകളുള്ളവർ 3045 ഉം അറ്റകുറ്റപ്പണികൾ ആവശ്യമുള്ള ബലക്ഷയമുള്ള വീടുകളിൽ താമസിക്കുന്നവർ 354 ഉം വാസയോഗ്യമായ വീടുകളുള്ള റോഡുപുറമ്പോക്ക് നിവാസികളും തോട്ടുപുറമ്പോക്കു നിവാസികളും ഭൂരഹിതരായ 313 കുടിൽ നിവാസികളും ഉണ്ട്.

ഒരു നേരത്തെ ആഹാരം കണ്ടെത്തുന്നതിനുവേണ്ടി പകലന്തിയോളം പാടുപെടുന്ന പട്ടിണിപ്പാവങ്ങൾ അവിടെ വസിക്കുന്ന 100 ലക്ഷംവീടുകളിലായി 40ൽ അധിക കുടുംബങ്ങൾ, അഥവാ കൂട്ടുകുടുംബങ്ങൾ താമസിക്കുന്നു.. മഴ പെയ്താൽ ഉടൻ ചോർന്നൊലിക്കുന്ന കാലപ്പഴക്കം കൊണ്ട് നാളുകളെണ്ണി കഴിയുന്നു ഒറ്റമുറിയും അടുക്കളയും മാത്രമുള്ള ഇത്തരം കുടുംബങ്ങളിൽ വിവാഹപ്രായമെത്തിയ പെൺകുട്ടികളും സ്ത്രീകളും കൊച്ചുകുഞ്ഞുങ്ങളുമുൾപ്പെടെയുള്ളവർ നരകയാതനയനുഭവിച്ചുകൊണ്ടാണ് കഴിഞ്ഞുകൂടുന്നതെന്ന് പറഞ്ഞാൽ അതൊട്ടും അതിശയോക്തിയാവില്ല.

അർദ്ധപട്ടിണിക്കാരും മുഴുപ്പട്ടിണിക്കാരുമടങ്ങുന്ന രാജീവ് ദശലക്ഷം കോളനിയിലെ 50 കുടുംബങ്ങൾക്കും വിവിധകോളനികളിലും കോളനി സ്വഭാവമുള്ള പ്രദേശങ്ങളിലുമായി താമസിക്കുന്ന 500 ഓളം കുടുംബങ്ങൾക്കും ആവശ്യമായ പ്രാഥമിക സൗകര്യങ്ങളോ പശ്ചാത്തല സൗകര്യങ്ങളോ ഇല്ലായെന്നുള്ളത് ഈ രംഗത്ത് എടുത്തു പറയേണ്ട മറ്റൊരു ന്യൂനതയാണ്.

തുണ്ടുഭൂമി കൈവശമുള്ള സ്വന്തമായി വീടു നിർമ്മിക്കുവാൻ സാമ്പത്തികശേഷിയില്ലാത്ത നിരവധി കുടുംബങ്ങൾ നമ്മുടെയിടയിലുണ്ട്. ഭവനനിർമ്മാണ വായ്പ ലഭ്യമാവുന്നതിന് വേണ്ടിവരുന്ന നടപടിക്രമങ്ങൾ ദൈനംദിന ജീവിതത്തിന് അന്നന്ന് കൂലിവേലയ്ക്ക് പോകേണ്ടിവരുന്ന ഇത്തരം കുടുംബങ്ങളെ അവയിൽ നിന്ന് പിന്തിരിപ്പിക്കുന്നു.

കെട്ടിട നിർമ്മാണത്തിനാവശ്യമായ തടിയുൾപ്പെടെയുടെ അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യവും, വിദഗ്ദത്തൊഴിലാളികളുടെ കുറവും കെട്ടിടനിർമ്മാണ രംഗത്ത് കോൺക്രീറ്റ് കെട്ടിടങ്ങളുടെ സ്വാധീനം വർദ്ധിപ്പിക്കുന്നുണ്ട്. ചെലവു കുറഞ്ഞ നിർമ്മാർണശൈലിക്ക് പ്രചാരണം ലഭിച്ചുവരുന്നുണ്ടെങ്കിൽപോലും ഈ രംഗത്തും വിദഗ്ദ്ധത്തൊഴിലാളികളുടെ അഭാവം ഒരു പ്രശ്നമായി

നിലനില്ക്കുന്നു. പഞ്ചായത്തിലെ വളരെച്ചെറിയൊരു ന്യൂനപക്ഷം സാമ്പത്തികശേഷി പ്രകടിപ്പിക്കുന്നതിന് വേണ്ടി അനാവശ്യച്ചെലവുകൾ കൂടിയ

| കൂലി നിരക്ക് | | |
|---|---|---|
| | ആൺ | പെൺ |
| വിദഗ്ദത്തൊഴിലാളികൾ | 150 രൂപ | |
| അവിദഗ്ദത്തൊഴിലാളികൾ | 100 രൂപ | 80 രൂപ |

കോൺക്രീറ്റ് മണിമന്ദിരങ്ങൾ നിർമ്മിക്കുന്നു.

### പ്രശ്നങ്ങൾ

1. ഭൂരഹിതരും, വാസയോഗ്യമായ വീടില്ലാത്തവരുമായ റോഡ് തോട് പുറം പോക്കു നിവാസികളും മതിയായ താമസസൗകര്യമില്ലാത്ത ലക്ഷം വീടുകളിലും മറ്റുകോളനികളിലും, കോളനി സ്വഭാവമുള്ള പ്രദേശങ്ങളിലും താമസിക്കുന്ന അധിക കുടുംബങ്ങൾ അഥവാ കൂട്ടുകുടുംബങ്ങൾ, ഭൂമി വാങ്ങാൻ ശേഷി

### കെട്ടിട നിർമ്മാണ സാമഗ്രികൾ ഉല്പാദിപ്പരിക്കുന്ന സംരംഭങ്ങൾ

| 1. | സ്ഥാപനത്തിന്റെ പേര് സ്ഥലം | ഉല്പന്നങ്ങൾ |
|---|---|---|
| 2. | എബിസ്കാസ്റ്റിണ്ട് വിളക്കുമാടം | ഹോളോബ്രിക്സ്, കട്ടിള, ജനൽ, ക്രാസി, മെറ്റൽ |
| 3. | റോസാൻ ഇടമറ്റം | ഹോളോബ്രിക്സ് |
| 4. | ഏർത്തയിൽ ബ്രിക്സ് മീനച്ചിൽ | സിമന്റ് കട്ട, കട്ടിള, ജനൽ, ക്രാസി |
| 5. | A.B.C മീനച്ചിൽ | സിമന്റ് കട്ട, കട്ടിള, ജനൽ, ക്രാസി |
| 6. | തെക്കുംതല പാറപ്പള്ളി | സിമന്റ് കട്ട |

### 1.14(a) കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ (1995-96)
Ref.E

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽക്കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം — ഒരു നിലയുള്ള കെട്ടിടങ്ങൾ | | | | വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| I | 344 | 2 | 18 | 279 | 33 | 14 | 1 |
| II | 313 | 5 | 28 | 269 | 9 | 7 | 4 |
| III | 439 | 8 | 66 | 265 | 22 | 86 | 82 |
| IV | 505 | 6 | 21 | 427 | 44 | 13 | 1 |
| V | 515 | 7 | 29 | 404 | 59 | 23 | NIL |
| VI | 424 | 11 | 24 | 318 | 38 | 44 | 29 |
| VII | 478 | 9 | 23 | 395 | 21 | 39 | 1 |
| VIII | 537 | 13 | 66 | 384 | 72 | 15 | 27 |
| IX | 484 | 5 | 52 | 304 | 15 | 113 | 20 |
| ആകെ | 4039 | 66 | 327 | 3045 | 313 | 354 | 165 |

യില്ലാത്തവരായ മറ്റു കുടുംബങ്ങൾ ഇവയെല്ലാം കൂടി കുടുമ്പോൾ ഏതാണ്ട് അഞ്ഞൂറിനടുത്ത് കുടുംബങ്ങൾ സ്വന്തമായി ഭൂമിവാങ്ങാൻ നിവൃത്തിയില്ലാത്തവരായുണ്ട്.

2. കുടികിടപ്പവകാശം കിട്ടാനർഹതയുള്ള എന്നാൽ ഭൂവുടമയുമായി ഒരു തർക്കത്തിന് തയ്യാറില്ലാത്ത അൻപതോളം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്.
3. കെട്ടിട നിർമ്മാണസാമഗ്രികളായ തടി, കമ്പി, ഇഷ്ടിക, ഓട് എന്നിവയുടെ വില അനുദിനം വർദ്ധിച്ചു വരുന്നു.
4. കെട്ടിട നിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ദരായ തൊഴിലാളികളുടെ എണ്ണം നാൾ ചെല്ലുന്തോറും കുറഞ്ഞുവരുന്നു.
5. ഭവനനിർമ്മാണവായ്പാ സൗകര്യം കുറഞ്ഞവ്യവസ്ഥയിൽ നല്കുന്ന ഏജൻസികൾ ഒന്നും തന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. K.S.H.B-ന്റെ താഴ്ന്ന വരുമാനക്കാർക്കുള്ള ഭവന നിർമ്മാണവായ്പ ലഭ്യമാക്കുവാൻ കാലതാമസകൂടുതലും നടപടിക്രമങ്ങൾ താങ്ങാനാവത്തതുമാകുന്നു.
6. ഭവനനിർമ്മാണ വായ്പകൾ എടുക്കുന്നവർ കൃത്യസമയത്ത് തിരിച്ചടക്കുന്നില്ല. അതുകൊണ്ടുതന്നെ വായ്പസൗകര്യം എണ്ണത്തിൽ പരിമിതപ്പെടുന്നു.
7. ഭവനനിർമ്മാണത്തിനു കിട്ടുന്ന വായ്പയും ഗ്രാന്റും മതിയാവാതെ വരുന്നതുകൊണ്ടും സമയത്തിനു കിട്ടാതെ വരുന്നതുകൊണ്ടും ദുർബ്ബലവിഭാഗക്കാരായ ആളുകളുടെ വീടുകൾ പണിതീരാത്ത വീടുകളായി കിടക്കുന്നു.
8. കെട്ടിട നിർമ്മാണ രംഗത്ത് അനാവശ്യ ധൂർത്തും പ്രകടിപ്പിക്കുന്ന ഒരു ചെറിയ ന്യൂനുപക്ഷം വളർന്നു വരുന്നു.
9. ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണത്തിന് വിദഗ്ദത്തൊഴിലാളികളെ കിട്ടുവാൻ പ്രയാസം അനുഭവപ്പെടുന്നു.
10. നിലവിലുള്ള ഹൗസിങ്ങ് കോളനിയായ 100 ലക്ഷം വീടുകൾ കാലപ്പഴക്കം കൊണ്ട് ബലക്ഷയമുള്ളവയായി തീർത്തിരിക്കുന്നു.യ
11. കോളനികളിലും കോളനി സ്വഭാവമുള്ള പ്രദേശങ്ങളിലും താമസിക്കുന്നരുടെയിടയിൽ തൊഴിലില്ലായ്മ രൂക്ഷമായി അനുഭവപ്പെടുന്നു.
12. ടി പ്രദേശത്ത് വിറക് ഉൾപ്പെടെ പാചകയാവശ്യത്തിന് ഉപയോഗിക്കുന്ന ഇന്ധനങ്ങൾക്ക് ദാരിദ്ര്യം അനുഭവിക്കുന്നു.
13. സാധാരണക്കാരന് വരുമാനമാർഗ്ഗമാകാവുന്ന ആടുമാടുകളുടെ വളർത്തലിനെ പ്രതികൂലമായി ബാധിക്കുന്നവിധത്തിൽ പച്ച പുല്ലിന് ക്ഷാമം അനുഭവപ്പെടുന്നു ഇത്തരം പ്രദേശങ്ങളിൽ
14. കോളനികളും കോളനിസ്വഭാവമുള്ള പ്രദേശങ്ങളും സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങളുടെ കേന്ദ്രമായി ചിലപ്പോഴെങ്കിലും മാറാറുണ്ട്.
15. സ്വന്തമായി തുണ്ടുഭൂമിയുള്ള ഭവനരഹിതരും നിർദ്ധനരുമായ 200-ലേറെ കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്.

## നിർദ്ദേശങ്ങൾ

1. 25000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള (വരുമാനം തിട്ടപ്പെടുത്തുന്നത് സത്യസന്ധമാകുമ്പോൾ) ഭൂരഹിതരായ കുടുംബൾക്ക് മുൻഗണനാക്രമത്തിൽ സൗജന്യമായി ഭൂമി വാങ്ങിക്കൊടുക്കുകയും, വീടുവയ്ക്കുന്നതിന് ലളിതമായ വ്യവസ്ഥകളിൽ വായ്പാസൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക. റോഡ് പുറമ്പോക്ക് നിവാസികളെ കഴിവതും കോളനികളായിട്ടല്ലാതെ യുദ്ധകാലാടിസ്ഥാനത്തിൽ പുനഃരധിവസിപ്പിക്കുകയും തോട് പുറമ്പോക്കിൽ താമസിക്കുന്നവർക്ക് ഭൂമി പതിച്ചു നല്കി ഭവനനിർമ്മാണ വായ്പാസൗകര്യം ലഭ്യമാവുന്നതിനുള്ള സാഹചര്യം ഒരുക്കുകയും വേണം.
2. കുടികിടപ്പവകാശം കിട്ടാൻ അർഹതയുള്ളവരുടെ ഒരു ലിസ്റ്റ് പഞ്ചായത്തിൽ സ്വരൂപിക്കുകയും അതാത് ഭൂഉടമകളുമായി സംസാരിച്ച് പ്രശ്നപരിഹാരം സാധ്യമാക്കുകയുംചെയ്യുക.
3. ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണശൈലി പ്രചരിപ്പിക്കുകയും റബർത്തടി ആവശ്യമായ പ്രോസസ് നടത്തി കെട്ടിടനിർമ്മാണത്തിന് ഉപയുക്തമാക്കുന്നതിനുള്ള സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിലുള്ള യൂണിറ്റ് പഞ്ചായത്തിൽ പ്രവർത്തനം ആരംഭിക്കുക. വർഷകാലത്ത് പഞ്ചായത്തിന്റെ അനുമതിയോടുകൂടി മീനച്ചിലാറ്റിൽ നിന്നും മണൽവാരുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ ദ്രുതഗതിയിലാക്കുക. അനധികൃത മണൽ വാരൽ തടയുന്നതിനും ഇതുമൂലം കഴിയും. വിലകു

റഞ്ഞ, പ്രദേശികമായി ധാരാളം ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്നതിന് പ്രേരിപ്പിക്കുക. താഴ്ന്ന വരുമാനക്കാർക്ക് പണ്ടു സിമന്റിന് നിലവിലുണ്ടായിരുന്നതുപോലെ ക്വോട്ടാ സമ്പ്രദായം എല്ലാ തരത്തിലുമുള്ള കെട്ടിടനിർമ്മാണ സാമഗ്രികൾക്കും ഏർപ്പെടുത്തുക.

4 അഭ്യസ്ഥവിദ്യരായ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ തൊഴിൽ സേന രൂപീകരിച്ച് വേണ്ട പരിശീലനം നല്കുക.

5. ഭവന നിർമ്മാണവായ്പകൾക്ക് അപേക്ഷ സമർപ്പിക്കേണ്ടതും മുൻഗണനാക്രമം നിശ്ചയിക്കേണ്ടതും ആയ പ്രവർത്തനങ്ങൾ പഞ്ചായത്ത് കമ്മറ്റിക്കാണെന്ന് വ്യവസ്ഥ ചെയ്യുകയും പഞ്ചായത്ത് കമ്മിറ്റി ആവശ്യമായ പരിശോധനകൾക്കുശേഷം നല്കുന്ന ലിസ്റ്റനുസരിച്ച് വായ്പാ സൗകര്യം ഏർപ്പെടുത്തുക.

6. ഭവനനിർമ്മാണ വായ്പലഭ്യമായിട്ടുള്ള കുടുംബങ്ങളിൽ സേവിംഗ്സ് ബോക്സുകൾ സ്ഥാപിക്കുകയും, പഞ്ചായത്തിൽ രൂപീകരിക്കുന്ന തൊഴിൽ സേനയുടെ സർവ്വീസ് വിഭാഗം അവ ശേഖരിച്ച് നിശ്ചിതസ്ഥാപനങ്ങളിൽ തിരിച്ച് അടയ്ക്കുന്നതിന് സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക. വായ്പകൾ കൃത്യസമയത്ത് തിരിച്ചടക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഗുണഭോക്താക്കളെ ബോധവത്ക്കരിക്കുകയും ചെയ്യുക.

7. വർദ്ധിച്ചു വരുന്ന കെട്ടിട നിർമ്മാണച്ചെലവുകൾക്കാനുപാതികമായി മതിയായ വായ്പത്തുക നല്കുക. പണിപൂർത്തിയാവാതെ കിടക്കുന്ന വീടുകൾക്ക് അവപൂർത്തികരിക്കാൻ ആവശ്യമായ സഹായം ഉടനടി നല്കുക.

8. കെട്ടിട നിമ്മാണരംഗത്ത് അനാവശ്യ ധൂർത്ത് പ്രകടപ്പിക്കുന്ന ആളുകൾക്ക് ഇന്ന് റവന്യു അധികാരികൾ ഏർപ്പെടുത്തിയിരിക്കുന്ന നികുതി കാലോചിതമായി പരിഷ്കരിക്കുകയും അവശേഖരിക്കുന്നതിന് ഗ്രാമം പഞ്ചായത്തിനെ ചുമതലപ്പെടുത്തുകയും ചെയ്യുക. ഈ തുക റവന്യു വകുപ്പ് പിരിച്ചുകൊണ്ടിരിക്കുന്ന നടപടി അഴിമതിക്ക് വഴി തെളിക്കുകയും പഞ്ചായത്തിന്റെ ധനാഗമമാർഗ്ഗത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

9. നിർമ്മിതി കേന്ദ്രയുടെ നേതൃത്വത്തിൽ താല്പര്യമുള്ള തൊഴി രഹിതരായ ചെറുപ്പക്കാർക്ക് പരിശീലനം നല്കുക.

10. ലക്ഷം വീടുകൾ പുതുക്കുപണിയുന്നതിന് വായ്പയും സബ്സിഡിയും നല്കുക.

11. കോളനിപ്രദേശങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാകും വിധത്തിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ അവരുടെ സഹകരണത്തിലും മേൽനോട്ടത്തിലും ആരംഭിക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കുക.

12. സൗരോർജ്ജ അടുപ്പുകൾ സൗജന്യനിരക്കിൽ സംഭാവന ചെയ്യുക.

13. തീറ്റപ്പുൽകൃഷി ഉർജ്ജതപ്പെടുത്തുക.

14. കോളനികളിലും കോളനിസ്വഭാവമുള്ള പ്രദേശങ്ങളിലു രാത്രികാലങ്ങളിൽ കൂടുതൽ വെളിച്ചം ലഭ്യമാവുന്ന സോഡിയും പേപ്പർ ലാമ്പുകളോ, സൗരോജ്ജ വിളക്കുകളോ സ്ഥാപിച്ച് അവിടം പ്രകാശപൂരിതമാക്കുക. ടി പ്രദേശത്തെ താമസക്കാരുടെ സാംസ്കാരിക നിലവാരം ഉയർത്തിക്കൊണ്ടുവരുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ അതാത് പ്രദേശങ്ങളിൽതന്നെ ആരംഭിക്കുകയും അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക. ഇത്തരം കുടുംബങ്ങളുടെ വരുമാനവർദ്ധനവിന് ഉതകുന്ന വിധത്തിലുള്ള പദ്ധതികൾക്ക് രൂപം നല്കുക.

15. സ്വന്തമായി തുണ്ടുഭൂമി കൈവശമുള്ള ഭവനരഹിതരും നിർദ്ധനരുമായ കുടുംബങ്ങൾക്ക് വീടുവയ്ക്കുന്നതിന് സാമ്പത്തികസഹായം നല്കണം

## ക്ഷേമപ്രവർത്തനങ്ങൾ

"ബലവാൻ അനീതി ചെയ്യാൻ ഇടയുണ്ട്. ബലമില്ലായെന്നു കണ്ടാൽ അനീതി ചെയ്യാതെ നിവൃത്തിയുമില്ല. അപ്പോൾ അനീതി ഇല്ലാതിരിക്കുവാൻ എന്തുവേണം? ഒന്നുകിൽ ആർക്കും ആരേക്കാളും ബലം ഇല്ലാതിരിക്കണം. അല്ലെങ്കിൽ ബലവാന് അചഞ്ചലമായ നീതി ബോധം വേണം? ആദ്യത്തേത് നടപ്പില്ല. കാരണം ജീവികൾ പ്രകൃത്യ ഭിന്നബലക്കാരാണ്; മനുഷ്യന്റെ കാര്യത്തിൽ ആർജ്ജിതബലം പ്രതിജനഭിന്നവുമാണ്. മനുഷ്യൻ മനുഷ്യനെ മാത്രമല്ല ഒന്നിനേയും ബലത്തിന്റെ കാര്യത്തിൽ അനാവശ്യമായി ദ്രോഹിച്ചുകൂടാ എന്ന വിജ്ഞാനം സഹജഭാവമായി വരണം. എനിക്ക് എന്ന ചിന്ത വളരെ വളരെ കുറയണം."

(C. രാധാകൃഷ്ണൻ - മുൻപേ പറക്കുന്ന പക്ഷികൾ)

ഇന്ന് ഭൂമിയിലുള്ള മനുഷ്യർക്കെല്ലാം ഭയം കൂടാതെയും പ്രാഥമികാവശ്യങ്ങൾ മുടക്കാതെയും ജീവിക്കാനുള്ള വക ധാരാളമായി ശാസ്ത്രം നേടിക്കൊടുത്തു കഴിഞ്ഞിട്ടുണ്ട്. എങ്കിലും അത് ഒരു യാഥാർത്ഥ്യമായി നമുക്ക് അനുഭവപ്പെടുന്നില്ല. എന്തുകൊണ്ട്? മുൻപേ പറഞ്ഞകാര്യങ്ങളാണ് ഇതിന് ഉപോൽബലകമായി നിൽക്കുന്നത്.

വികസനം എന്നാൽ സമഗ്രമായ ഒരു യാഥാർത്ഥ്യം എന്ന് നാം നേരത്തെ കണ്ടു. ഇവിടെ ആ യാഥാർത്ഥ്യം അനുഭവവേദ്യമാകുന്നില്ല. ഈ യാഥാർത്ഥ്യത്തിലേക്കുസമൂഹത്തെ ഒന്നാകെ കൊണ്ടുവരുന്നതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പലതുമാണ് സാമൂഹ്യക്ഷേമപദ്ധതികൾ.

യശ:ശരീരനായ മുൻ പ്രധാനമന്ത്രി കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഇന്ത്യൻ പാർലമെൻറിൽ ഇപ്രകാരം പറഞ്ഞു. ഇവിടെ വികസനപ്രവർത്തനങ്ങൾക്കായി ചിലവഴിക്കുന്ന ഓരോ രൂപയുടേയും വെറും 15 പൈസ മാത്രമാണ് അത് അർഹിക്കുന്നവരുടെ കൈകളിലെത്തുന്നത്. ഇന്ന് അതുവീണ്ടും 10 പൈസയായി കുറഞ്ഞു വെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

സാമൂഹ്യക്ഷേമരംഗത്ത് ദുർബല ജനവിഭാഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ജീവിത നിലവാരം ഉയർത്തിക്കൊണ്ടുവരുന്നതിനും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിവിധ ധനകാര്യസ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടത്തുന്ന വായ്പാപദ്ധതികളും, അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ, അവശതയനുഭവിക്കുന്ന മാറാരോഗികൾ, വിധവകൾ, വികലാംഗർ, ആലംബഹീനരും വാർദ്ധക്യ കാലരോഗങ്ങൾക്ക് അടിമപ്പെട്ടവരുമായ കർഷകർ, കർഷക തൊഴിലാളികൾ എന്നിവർക്കുവേണ്ടി സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന ക്ഷേമപദ്ധതികൾ- തൊഴിലാളി തൊഴിലുടമാ സഹകരണത്തോടെ ക്ഷേമനിധിബോർഡുവഴി നടപ്പിലാക്കുന്ന പദ്ധതികൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ എന്നിവ വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എന്നിവയാണ് ഇന്ന് നില വിലുള്ളത്.

## ഐ.ആർ.ഡി.പി.

1992 മുതൽ 97 വരെയുള്ള കാലഘട്ടത്തിൽ ഇടമറ്റം, പൂവരണി വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർ നടത്തിയ സർവ്വേപ്രകാരം 1367 കുടുംബങ്ങൾ ദാരിദ്രരേഖക്കുതാഴെയുള്ളതായി കണ്ടെത്തി.

### പ്രശ്നങ്ങൾ

ഐ.ആർ.ഡി.പി. പദ്ധതിയുടെ വരുമാനപരിധി വളരെ കുറവാണ്. അർഹരായ എല്ലാവരും ഐ.ആർ.ഡി.പി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. അനർഹരായ ചിലരെങ്കിലും ഉൾപ്പെട്ടിട്ടുമുണ്ട്.

ദേശസാത്കൃത ബാങ്കുകൾ ഈ സ്കീം അനുസരിച്ച് വായ്പ നല്കുന്നതിന് മടി കാണിക്കുകയും സഹകരണബാങ്കുകൾ ജാമ്യം ആവശ്യപ്പെടുകയും ചെയ്യുന്നു. അർഹതയുള്ളവർക്ക് അവസരങ്ങൾ നിഷേധിക്കാതെയും അനർഹർ അവസരം മുതലെടുക്കാതെയും നീതിപൂർവ്വകമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ചെയ്യണം. സമയത്തിനും ആവശ്യത്തിനും വായ്പകൾ ലഭ്യമാക്കുന്നില്ല. ഐ.ആർ.ഡി.പി. വായപയെടുത്ത് തുടങ്ങിയ പല പദ്ധതികളും മുടങ്ങിക്കിടക്കുന്നു. ഉദ്യോഗസ്ഥരുടെ അനാസ്ഥയും ചിലയിടങ്ങളിൽ അനുഭവപ്പെടുന്നുണ്ട്. അഡീഷണൽ ചാർജ് കൊടുക്കുന്നതുവഴി വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർക്ക് പൊതുജനങ്ങൾക്ക് ഉപകാരപ്രദമായി ജോലി ചെയ്യുവാൻ സാധിക്കാതെ വരുന്നു.

### നിർദ്ദേശങ്ങൾ

1. വരുമാനപരിധി 35,000 രൂപയെങ്കിലുമാക്കി ഉയർത്തണം. താഴ്ന്ന വരുമാനക്കാർക്ക് നല്കുന്ന എല്ലാ ആനുകൂല്ല്യങ്ങൾക്കും ഈ വരുമാന പരിധി ബാധകമാക്കണം. അല്ലാതെ വരുമ്പോൾ യഥാർത്ഥ അവകാശികൾക്കു പോലും ആനുകൂല്യങ്ങൾ കിട്ടുന്നതിലേക്കായി കൈക്കൂലി കൊടുക്കേണ്ടതായ സ്ഥിതിവിശേഷം സംജാതമാകും. നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവുമൂലം 100 രൂപാ വരെ പ്രതിദിനം വരുമാനമുള്ള കുടുംബങ്ങൾക്ക് താഴ്ന്ന ജീവിത നിലവാരത്തിലെ കഴിഞ്ഞു കൂടുവാൻ കഴിയുകയുള്ളു.
2. ഐ.ആർ.ഡി.പി. വായ്പകൾ നല്കുന്നതിലേക്കായി ബാങ്കുകൾക്ക് നിശ്ചയിച്ചിരിക്കുന്ന തുക വർദ്ധിപ്പിക്കുകയും ഗുണഭോക്താക്കളുടെ ലിസ്റ്റ് അതാത് ബാങ്കുകളിലും ഗ്രാമപഞ്ചായത്തുകളിലും പ്രസിദ്ധീകരിക്കുകയും ചെയ്യണം. ഐ.ആർ.ഡി. പി. വായ്പ തിരിച്ചടച്ച് പൂർത്തിയാക്കുന്നവർക്ക് വീണ്ടും സഹായം നൽകുക.

## IRDP സർവ്വേ - ദാരിദ്ര്യരേഖയുടെ താഴെയുള്ളവരുടെ വിവരം

| ആകെ വാർഡുകൾ | ആകെ കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തികസഹായം ലഭിച്ചവർ | സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖയുടെ മുകളിലെത്തിയവർ | സഹായം ലഭിച്ചവരുൾപ്പെടെ നിലവിൽ ദാരിദ്ര്യരേഖയുടെ താഴെയുള്ള കുടടുംബങ്ങൾ |
|---|---|---|---|---|
| 9 | 1367 | 215 | 75 | 1292 |

## D.W.C.R.A. യൂണിറ്റുകൾ

| Sl. No. | ആരംഭിച്ച വർഷം | തൊഴിൽ സംരഭത്തിന്റെ ഇനം | പ്രവർത്തിക്കുന്ന അംഗങ്ങൾ | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1 | 1994-95 | റെഡിമെയ്ഡ് യൂണിറ്റ് | 10 | നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു |
| 2 | 1994-95 | പന്നിവളർത്തൽ യൂണിറ്റ് | 10 | നല്ലരീതിയിൽ പ്രവർത്തിക്കുന്നു |
| 3 | 1995-96 | ഹോംസ്വീറ്റ്സ് യൂണിറ്റ് ഹോട്ടൽ | 10 | പ്രവർത്തനം നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകാ സാധിക്കുന്നില്ല. |

## ട്രൈസം തൊഴിൽപരിശീലനം നേടിയവരുടെ വിവരം

| Sl.No. | പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം |
|---|---|---|---|
| 1. | റേഡിയോ & ടി.വി. മെക്കാനിസം | 3 | 3 |
| 2. | കംപോസിംഗ് | 3 | 3 |
| 3. | ഫൈബർ വർക്ക് | 2 | 2 |
| 4. | ഓട്ടോ മെക്കാനിസം | 1 | 1 |
| 5. | ഫാൻസി വർക്ക് | 2 | 2 |
| 6. | ബ്യൂട്ടീഷൻ കോഴ്സ് | 3 | 3 |
| 7. | എംബ്രോയ്ഡറി | 21 | 21 |
| 8. | ഇലക്ട്രിക്കൽ വർക്ക് | 1 | 1 |
| 9. | ഷീറ്റ് മെറ്റലിംഗ് | 1 | 1 |
| 10. | ആശാരിപ്പണി | 1 | 1 |
| | ആകെ | 38 | 38 |

## ടൂൾകിറ്റ് പരിപാടി

| Sl.No. | കൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി അർഹതയുള്ളവരുടെ എണ്ണം |
|---|---|---|---|
| 1. | 55 | 4 പേർക്ക് (1996-97) | 51 |

## C.R.S.P. കക്കൂസുകൾ സംബന്ധിച്ച്

| ആവശ്യമായ കുടുംബങ്ങളുടെ എണ്ണം | ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം | പണി പൂർത്തീകരിച്ചിട്ടുള്ളവയുടെ എണ്ണം | പൂർത്തിയാകാത്തവയുടെ കാരണം എണ്ണം |
|---|---|---|---|
| 48 | 38 | 10 | 96-97-ൽ അനുവദിച്ചതാണ്. പണികൾ നടന്നുവരുന്നു. |

### അംഗൻവാടികളുടെ വിവരം

| Sl.No. | അംഗൻവാടി No. | പേര് | കെട്ടിടം ഉള്ളത് | കെട്ടിടം ഇല്ലാത്തത് | സ്ഥലം ഉള്ളത് | സ്ഥലം ഇല്ലാത്തത് | കക്കൂസ് ഉള്ളത് | കക്കൂസ് ഇല്ലാത്തത് |
|---|---|---|---|---|---|---|---|---|
| 1 | 69 | കിഴപറയാർ | 1 | - | 1 | - | 1 | |
| 2 | 70 | ഇടമറ്റം നോർത്ത് | | 1 | | 1 | | 1 |
| 3 | 71 | സോഷ്യൽ വെൽ ഫെയർ,പൂവരണി | 1 | | 1 | | 1 | |
| 4 | 72 | വള്ളേറ്റം കയം | പണി നടക്കുന്നു | | 1 | | 1 | |
| 5 | 73 | മുട്ടിയാനിക്കുന്ന് | 1 | | 1 | | 1 | |
| 6 | 74 | കൊച്ചുകൊട്ടാരം | മോശം | | 1 | | 1 | |
| 7 | 75 | നിർമ്മലാ മഹിളാസമാജം പാലാക്കാട് | 1 | | 1 | | 1 | |
| 8 | 76 | കുറ്റില്ലം | 1 | | 1 | | 1 | |
| 9 | 77 | മുകളേൽ പീടിക | 1 | | 1 | | 1 | |
| 10 | 78 | വിളക്കുമാടം | | 1 | | 1 | | 1 |
| 11 | 79 | കാഞ്ഞിരത്താനം | 1 | | 1 | | 1 | |
| 12 | 80 | പാറപ്പള്ളി | 1 | | 1 | | 1 | |
| 13 | 81 | വലിയകൊട്ടാരം | 1 | | 1 | | 1 | |
| 14 | 82 | പാലാക്കാട് | പണി നടക്കുന്നു | | 1 | | | 1 |
| 15 | 83 | ചാത്തൻകുളം | 1 | | 1 | | | പണിയുന്നു |
| 16 | 84 | ഇടമറ്റം കോളനി | 1 | | 1 | | 1 | |
| 17 | 85 | പൂവരണി നോർത്ത് | 1 | | 1 | | 1 | |
| 17 | | പണി തീർന്ന കെട്ടിടങ്ങൾ | 12 | | 15 | 2 | 13 | 3+1 |
| | | പണിയുന്നവ | 3 | | | | | |

3. ഐ.ആർ.ഡി.പി. വായ്പകളുടെ കാര്യത്തിൽ സഹകരണബാങ്കുകളുടെ നിയമം ഭേദഗതി ചെയ്യണം. വസ്തുജാമ്യമോ മതിയായ ആൾ ജാമ്യമോ ഇല്ലാതെതന്നെ ആരംഭിക്കുന്ന പദ്ധതികളുടെ ജാമ്യത്തിൽ വായ്പകൾ ലഭ്യമാക്കണം.
4. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു നൽകുന്ന ഐ.ആർ.ഡി.പി. വായ്പകൾ തിരിച്ചടക്കുന്നതിന് ഒരുവർഷമെങ്കിലും കാലതാമസം അനുവദിക്കുക.
5. പഞ്ചായത്തു മെമ്പർമാരുടെ നേതൃത്വത്തിൽ പുതിയ സർവ്വേ നടത്തി ലിസ്റ്റ് ഗ്രാമസഭകളിൽ ചർച്ചചെയ്ത് അംഗീകരിക്കണം. സർവ്വേ നടത്തുന്നതോടൊപ്പം ആളുകളുടെ താല്പര്യവും മുൻപരിചയവും ചോദിച്ചറിഞ്ഞ് പദ്ധതികർക്ക് രൂപകല്പന ചെയ്യണം.
6. വി.ഇ.ഒ. ഓഫീസുകളിൽ സഹായത്തിനായി ഒരു അസിസ്റ്റൻറിനെ കൂടി നിയമിക്കുകയും ഓഫീസിൽ എല്ലാ ദിവസവും ആൾ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.
7. ഐ.ആർ.ഡി.പി. ഗുണഭോക്താക്കളുടെ സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനും ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ സഹായി ക്കുന്നതിനുമായി ഒരു പ്രത്യേക സമിതി രൂപീകരിക്കണം.

## D.W.C.R.A

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനു വേണ്ടി പത്തോ അതിലധികമോ വനിതകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരഭമാണ് D. W. C. R. A.

### പ്രശ്നങ്ങൾ

1. ഈ യൂണിറ്റുകളിലേയ്ക്ക് തിരഞ്ഞെടുക്കുന്നവർ ഒരേ താല്പര്യമുള്ളവരല്ല. കൂട്ടായ താല്പര്യത്തേക്കാൾ വ്യക്തിതാല്പര്യങ്ങൾക്ക് ഇവർ മുൻഗണന നൽകുന്നു.
2. സമയത്തിനും ആവശ്യത്തിനും സഹായം ലഭിക്കുന്നില്ല.
3. ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സാധിക്കാതെ വരുന്നു.
4. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനാസ്ഥയും ഇതിനെ പ്രതികൂലമായി ബാധിക്കുന്നു.

### നിർദ്ദേശങ്ങൾ

1. തൊഴിലുകളിൽ താല്പര്യവും മുൻപരിചയവും ഉള്ളവരെ കണ്ടെത്തി ആവശ്യമായ പരിശീലനവും പ്രോത്സാഹനവും നല്കണം.
2. ബാങ്കുകളുമായി ആദ്യം തന്നെ ധാരണയിലെത്തി നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പദ്ധതികൾ നടപ്പിൽ വരുത്തണം.
3. സർക്കാർ സംരംഭങ്ങളിലൂടെയും പഞ്ചായത്തിൽ രൂപീകരിക്കുന്ന തൊഴിൽ സർവ്വീസ് സേനയുടെ സഹകരണത്തോടെയും വില്പന നടത്തണം.
4. V.E.O. യുടെ പ്രവർത്തനം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെടുത്തിയാവണം.
5. ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം എളുപ്പത്തിൽ ലഭ്യമാക്കണം.

## TRYSEM

18 മുതൽ 35 വയസ്സുവരെയുള്ള യുവതീ യുവാക്കൾക്ക് V.E.O. സർക്കിൾവഴി സ്വയംതൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം.

### പ്രശ്നങ്ങൾ

1. പരിശീലനം ലഭിച്ച് തൊഴിലവസരങ്ങൾ തേടുന്നവർക്ക് തൊഴിൽചെയ്ത് അവരുടെ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയുന്നില്ല.
2. പരിശീലനകാലാവധി കുറവാണ്.
3. പരിശീലകർക്ക് നൽകുന്ന സ്റ്റൈപ്പൻഡ് അപര്യാപ്തമാണ്.

### നിർദ്ദേശങ്ങൾ

1. ഓരോ ഗ്രാമത്തിനും അനുയോജ്യമായ രീതിയിൽ താല്പര്യമുള്ള ആളുകൾക്ക് പരിശീലനം നൽകണം.
2. പരിശീലനം ലഭിച്ച ആളുകളെ ഉൾപ്പടുത്തി വേണം ഇതര പദ്ധതികൾ ആരംഭിയ്ക്കാൻ. പ്രോജക്ടുകളിൽ ജോലിക്കാരെ നിയമിക്കുമ്പോൾ ഇവർക്ക് മുൻഗണന നൽകണം.
3. പരിശീലനം പ്രാദേശികാടിസ്ഥാനത്തിൽ നടത്തുകയും സ്റ്റൈപ്പൻറ് തുക വർദ്ധിപ്പിക്കുകയും ചെയ്യണം.

## ടൂൾ കിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിൽ ഉപകരണങ്ങൾ V.E.O. സർക്കിളുകൾ വഴി ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾ കിറ്റ്.

പ്രശ്നങ്ങൾ

1. ഈ പദ്ധതിയെക്കുറിച്ച് തൊഴിലാളികൾ അജ്ഞരാണ്.
2. തൊഴിലുപകരണങ്ങൾ യഥാസമയം വിതരണം ചെയ്യുന്നില്ല.
3. അർഹതയവർക്ക് അവസരങ്ങൾ നഷ്ടപ്പെടുകയും അനർഹർ ആനുകൂല്യങ്ങൾ തട്ടിയെടുക്കുകയും ചെയ്യുന്നു.

നിർദ്ദേശങ്ങൾ

1. ഈ പദ്ധതിയെക്കുറിച്ച് അർഹരായവരുടെ ഇടയിൽ ബോധവൽക്കരണം നടത്തണം.
2. ഗുണഭോക്താക്കളുടെ വിവരങ്ങൾ ഗ്രാമസഭകളിൽ ചർച്ച ചെയ്ത് അംഗീകരിക്കണം.
3. ഉപകരണങ്ങൾ യഥാസമയം വിതരണം ചെയ്യുവാൻ ബന്ധപ്പെട്ട അധികൃതർ പരമാവധി ശ്രദ്ധിക്കണം.

## C.R.S.P.

ദാരിദ്ര്യരേഖയുടെ താഴെയുള്ളവർക്ക് കക്കൂസു നിർമ്മിക്കുന്നതിന് ആവശ്യമായ ധനസഹായം നൽകുന്ന പദ്ധതിയാണ് C.R.S.P.

പ്രശ്നങ്ങൾ

നിശ്ചിത സമയപരിധിയ്ക്കുള്ളിൽ കക്കൂസുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ വരുന്നു. നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനയും വർദ്ധിച്ച കൂലിച്ചിലവും കക്കൂസുകളുടെ നിർമ്മാണത്തിന് ദോഷകരമായി ബാധിക്കുന്നു. പണി പൂർത്തിയായിക്കഴിഞ്ഞാൽ നിർദ്ദിഷ്ട തുക കിട്ടുവാൻ കാലതാമസം നേരിടുന്നു.

നിർദ്ദേശങ്ങൾ

1. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് നല്കുന്ന സഹായമായതുകൊണ്ട് മണ്ണുപണി ഒഴിച്ച് മറ്റ് ഒന്നും ഗുണഭോക്താക്കളിൽ നിന്നും പ്രതീക്ഷിക്കരുത്.
2. നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവിനും കൂലിച്ചിലവിനും ആനുപാതികമായി സഹായധനം വർദ്ധിപ്പിക്കണം.
3. ഗ്രാമസഭകളിൽ അതാത് വാർഡുകളിൽ നടത്തിയിട്ടുള്ള ചിലവുകളെക്കുറിച്ച് ഇനം തിരിച്ച് കണക്കുകൾ അവതരിപ്പിക്കണം.
4. നിർമ്മാണ പണികൾ തൊഴിൽ സേനയെ ഏൽപ്പിക്കുകയും ചെയ്യുക.

## വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ സഹായ ധനം

പ്രശ്നങ്ങൾ

1. ഈ ആനുകൂല്യം നേടിയെടുക്കുന്നതിനായി ആവശ്യമുള്ളതിൽ കവിഞ്ഞ നൂലാമാലകൾ നില നിൽക്കുന്നു.
2. ആവശ്യമുള്ള സമയത്ത് ധനസഹായം ലഭ്യമാകുന്നില്ല.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തു കമ്മിറ്റികൾ മുഖാന്തിരം ഈ ആനുകൂല്യം വിതരണം ചെയ്യുക. ഫോർമാലിറ്റികൾ കുറയ്ക്കുകയും ഗ്രാമസഭയിൽ ചർച്ച ചെയ്ത് ഗുണഭോക്താക്കളെ തീരുമാനിക്കണം. ടി ആനുകൂല്യം വിവാഹാവശ്യത്തിന് തന്നെ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.

## ഗർഭിണികൾക്കുള്ള പ്രസവരക്ഷാ സഹായം

പ്രശ്നങ്ങൾ

1. ഈ പദ്ധതി ഇതുവരെ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.
2. സഹായം ആവശ്യമായ സമയത്ത് ആനുകൂല്യം കിട്ടുന്നില്ല.
3. ഡോക്ടർമാർ സർട്ടിഫിക്കറ്റുകൾ നൽകുവാൻ മടിക്കുന്നു.
4. ഫോർമാലിറ്റികൾ കൂടുതലാണ്.

നിർദ്ദേശങ്ങൾ

1. പദ്ധതി ഉടൻ നടപ്പിലാക്കുകയും ആദ്യം അപേക്ഷകൾ നല്കിയിട്ടുള്ളവർക്ക് ഉടനടി ധനസഹായം നൽകുകയും ചെയ്യണം. അംഗൻവാടികളിൽ നിന്ന് നല്കുന്ന കൺഫേം സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ നിന്ന് ധനസഹായം ആവശ്യസമയത്ത് തന്നെ ലഭ്യമാക്കണം.

## വിധവാ പെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികൾ ഉണ്ട് എന്ന കാരണത്താൽ ഈ ആനുകൂല്യം അർഹരായ എല്ലാവർക്കും ലഭിക്കുന്നില്ല. ഇതിനു മാറ്റം

വരുത്തി ഗ്രാമസഭയുടെ ശുപാർശയുടെ അടസ്ഥാനത്തിൽ വരുമാനം മാനദണ്ഡമായി എടുത്ത് ഈ പെൻഷൻ ലഭ്യമാക്കണം.

## വികലാംഗ പെൻഷൻ

വികലാംഗ പെൻഷൻ പഞ്ചായത്തിലെ ഏക പ്രൈമറി ഹെൽത്ത് സെൻററായ കിഴപറയാറ്റിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റിൻെറ അടിസ്ഥാനത്തിൽ ഗ്രാമസഭയിൽ ചർച്ച ചെയ്ത് അർഹതയുള്ളവർക്ക് നല്കണം.

## കർഷകതൊഴിലാളി പെൻഷൻ

അർഹരായ ധാരാളം പേർക്ക് ഈ ആനുകൂല്യം ലഭിക്കാതെ വരുന്നു. അനർഹരായ ചിലരെങ്കിലും ഈ ആനുകൂല്യം കൈപ്പറ്റുന്നുമുണ്ട്. ആയതിനാൽ ഓരോ വാർഡിലേയും പെൻഷൻ ലഭിക്കുന്നവരുടേയും ലഭിയ്ക്കാൻ അർഹതയുള്ളവരുടേയും ലിസ്റ്റ് ഗ്രാമസഭയിൽ ചർച്ച ചെയ്ത് തീരുമാനിക്കണം.

## തൊഴിലില്ലായ്മ വേതനം

അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതരായ ചെറുപ്പക്കാരുടെ പേര് രജിസ്റ്റർ ചെയ്യുന്ന എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് പാലായിലാണ് പ്രവർത്തിക്കുന്നത്. അവിടെ നിന്നാണ് തൊഴിലില്ലായ്മ വേതനം വിതരണം ചെയ്യുന്നതും.

### പ്രശ്നങ്ങൾ

തൊഴിലില്ലായ്മ വേതനം ലഭിക്കാൻ അർഹതയുള്ളവർക്ക് ചിലർക്കെങ്കിലും ലഭിക്കാതെ വരികയും അനർഹരായിട്ടുള്ള ധാരാളം പേർക്ക് ലഭിക്കുകയും ചെയ്യുന്നു.

### നിർദ്ദേശങ്ങൾ

തൊഴിൽ രഹിതരായ ആളുകളുടെ പേര് പഞ്ചായത്ത് തലത്തിൽ രജിസ്റ്റർ ചെയ്യുകയും തൊഴിലില്ലായ്മ വേതനം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് പഞ്ചായത്തുകളെ ചുമതലപ്പെടുത്തുകയം വേണം. തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്ന ആളുകളുടെ സേവനം സന്നദ്ധപ്രവർത്തനത്തിന് വിട്ടുകിട്ടുന്നതിന് വേണ്ട നിയമ നിർമ്മാണം ഉണ്ടാവണം.

## അംഗൻ വാടികൾ

ഭാരതത്തിലെ സ്ത്രീകളുടേയും കുട്ടികളുടേയും വളർച്ചയ്ക്കും വികസനത്തിനും ആവശ്യമായ വിവിധ പദ്ധതികളിലൂടെയുള്ള സേവനങ്ങൾ അവരവരുടെ ഗ്രാമങ്ങളിൽ തന്നെ എത്തിച്ചു കൊടുക്കുക എന്നുള്ളതാണ് അംഗൻ വാടിയുടെ ഉദ്ദേശ്യം. ളാലം ബ്ലോക്കിൽ അംഗൻവാടികൾ ആദ്യമായി തുടങ്ങിയത് നമ്മുടെ പഞ്ചായത്തിലാണ്. അതിൽ ആദ്യത്തേത് ആറാം വാർഡിൽ മുട്ടിയാനിക്കുന്നേലും.

### പ്രശ്നങ്ങൾ

1. പ്രീ പ്രൈമറി വിദ്യാഭ്യാസ രംഗത്ത് ഇംഗ്ലീഷ് മീഡിയങ്ങളുടെ അതിദ്രുതമായ നുഴഞ്ഞുകയറ്റം കാരണം അംഗൻവാടികളുടെ പ്രാധാന്യം കുറഞ്ഞു വരുന്നു.
2. വനിതാ ജീവനക്കാരായതിനാൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ തീരെ കുറവാണ്. വർദ്ധിച്ചു വരുന്ന ജീവിതച്ചിലവ് കണക്കാക്കുമ്പോൾ ഈ രംഗത്ത് പ്രവർത്തിക്കുന്ന വനിതകൾക്ക് ലഭിയ്ക്കുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ തീരെ അപര്യാപ്തമാണ്.
3. മറ്റു പ്രീ പ്രൈമറി സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ധാരാളമായി കളിപ്പാട്ടങ്ങൾ ലഭിക്കുമ്പോൾ അംഗൻവാടികളിലെ കുട്ടികൾക്ക് ഒന്നുമില്ലാത്ത അവസ്ഥയാണ്.
4. സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്ത അംഗൻവാടികൾ വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതു മൂലം വാടക ഇനത്തിലുള്ള ചിലവും ജീവനക്കാർ വഹിക്കേണ്ടി വരുന്നു.

### നിർദ്ദേശങ്ങൾ

1. ഇംഗ്ലീഷ് മീഡിയങ്ങളുടെ ദൂഷ്യവശങ്ങളെപ്പറ്റി അമ്മമാർക്ക് ബോധവൽക്കരണം നടത്തണം.
2. അംഗൻവാടി ജീവനക്കാർക്ക് ലഭിക്കുന്ന ഓണറേറിയം കാലോചിതമായി വർദ്ധിപ്പിക്കണം.
3. അംഗൻവാടി കുട്ടികൾക്കായി കളിപ്പാട്ടങ്ങൾ ലഭ്യമാക്കണം.
4. അംഗൻവാടി കുട്ടികൾക്കായി വിവിധ കായിക കലാമത്സരങ്ങൾ സംഘടിപ്പിക്കുകയും പഞ്ചായത്തു തലത്തിൽ പ്രോത്സാഹിപ്പിക്കുകയും വേണം. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻ വാടികൾക്ക് പഞ്ചായത്ത് മുൻകൈ എടുത്ത് സ്ഥലം ഉണ്ടാക്കുവാൻ ശ്രമിക്കണം. ചുരുക്കത്തിൽ അംഗൻവാടികൾ പ്രി പ്രൈമറി

സ്കൂളുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ പഞ്ചായത്തുതലത്തിൽ ആരംഭിക്കണം.

## 7. അവശകലാകാരന്മാർക്കുള്ള പെൻഷൻ

അർഹരായ ആളുകളുടെ ലിസ്റ്റ് ഗ്രാമ സഭകളുടെ അംഗീകാരത്തോടുകൂടി രൂപക ല്പനചെയ്ത് പെൻഷനുകൾ ഓരോ വിഭാഗ ത്തിലും അർഹതപ്പെട്ടവർക്ക് പൂർണ്ണമായും നല്കുക.

## കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

ഈ രംഗത്ത് പണിയെടുക്കുന്ന എല്ലാ തൊഴിലാളികളും അംഗങ്ങളല്ല. കാരണം രജിസ്റ്റർ ചെയ്യുന്നത് കോട്ടയത്താണ്. പഞ്ചായത്തു തലത്തിൽ ഇതിനുള്ള സംവിധാനം ഉണ്ടാക്കണം.

## കൈത്തൊഴിലാളി വിദഗ്ദത്തൊഴിലാളി ക്ഷേമനിധി

തയ്യൽ, ബാർബർ, കൊല്ലന്മാർ, മരം കയറ്റ ക്കാർ, ബീഡിതൊഴിലാളികൾ, വാച്ച് സൈക്കിൾ റിപ്പയർമാർ, തേങ്ങ വെട്ടി ഉണങ്ങുന്നവർ, ഫോട്ടോഗ്രാഫർമാർ എന്നിവർക്ക് ക്ഷേമനിധി ഉണ്ടെങ്കിലും മീനച്ചിൽ പഞ്ചായത്തിലെ അധികമാരും ഈ ക്ഷേമനിധിയിൽ അംഗങ്ങളായി ചേർന്നിട്ടില്ല. അതത് ഗ്രാമസഭകൾക്ക് കീഴിലുണ്ടാക്കാവുന്ന അയല്ക്കൂട്ടങ്ങൾ വിളിച്ച് ചേർത്തുകൊണ്ട് നടത്തുന്ന ബോധവത്ക രണത്തിലൂടെ ഈ രംഗത്ത് പണിയെടുക്കുന്നവരെ ക്ഷേമനിധിയിൽ അംഗങ്ങ ളാക്കാം. പഞ്ചായത്ത് തലത്തിൽ രജിസ്ട്രേഷൻ നടത്താനുള്ള സൗകര്യം ഉണ്ടായിരിക്കണം. ചെറുകിട റബ്ബർ തോട്ടങ്ങളിലെ റബ്ബർ വെട്ടുകാരെയും ഈ മേഖലയിൽ ഉൾപ്പെടുത്തണം.

## പൊതുവിതരണം

പൊതുവിതരണരംഗത്ത് പൈകയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറും 9 റേഷൻ ഷാപ്പുകളുമാണ് ഉള്ളത്.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിൻെറ ഒരു മൂലയിൽ പ്രവർത്തി ക്കുന്ന മാവേലി സ്റ്റോർ ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന സാധാരണക്കാർക്ക് അപ്രാപ്യ മാണ്.
2. ക്യൂ സമ്പ്രദായം ആളുകളെ മാവേലിസ്റ്റോറുക ളിൽനിന്ന് അകറ്റി നിർത്തുന്നു.
3. റേഷൻഷാപ്പുകളിൽനിന്നു ലഭിക്കുന്ന ഭക്ഷ്യവ സ്തുക്കൾ കാലപ്പഴക്കംമൂലം ഉപയോഗശൂന്യമാ യവയാണ്.
4. കുത്തരിയോട് ആഭിമുഖ്യമുള്ള പ്രദേശങ്ങളിൽ ചാക്കരി അഥവാ പുഴുക്കലരി ലഭിക്കുന്നു.
5. താഴ്ന്ന വരുമാനക്കാർക്ക് നൽകുന്ന ആനുകൂ ല്യത്തിന്റെ മറവിൽ തിരിമറി നടക്കുന്നു.
6. കാർഡ് ഉടമസ്ഥർക്ക് കൃത്യമായ അതിർവര മ്പുകളില്ല.
7. പുതിയ കാർഡുകൾ ലഭിക്കുന്നതിനും പേര് കൂട്ടിച്ചേർക്കുന്നതിനും ബുദ്ധിമുട്ട് അനുഭവപ്പെ ടുന്നു.
8. റേഷൻ ഷോപ്പ് ഉടമകളും സിവിൽ സപ്ലൈസ് ഉദ്യഗസ്ഥന്മാരും ചേർന്ന് തിരിമറി നടത്തുന്നു.

### നിർദ്ദേശങ്ങൾ

1. മാവേലി സ്റ്റോർ പഞ്ചായത്തിൻെറ കേന്ദ്രത്തി ലേയ്ക്ക് പ്രവർത്തനം മാറ്റുകയും അവയോട നുബന്ധിച്ച് പഞ്ചായത്തിലുള്ള റേഷൻ ഷോപ്പുകളുടെ ഹോൾസെയിൽ വിതരണകേന്ദ്രം സ്ഥാപിക്കുകയും ക്യൂ സമ്പ്രദായം അവസാനി പ്പിക്കുന്നതിന് സൂപ്പർമാർക്കറ്റുകളുടെ പ്രവർ ത്തനശൈലി നടപ്പിലാക്കുകയും ചെയ്യണം. മൊബൈൽ മാവേലിസ്റ്റോർ ആരംഭിക്കണം.
2. റേഷൻ ഷോപ്പുകളിൽ ഓരോ പ്രദേശത്തിനും അനുയോജ്യമായ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നതിനും അവ കാലപ്പഴക്കം മൂലം ഉപയോഗശൂന്യമായവ അല്ലെന്ന് ഉറപ്പ വരുത്തു ന്നതിനും കഴിയണം.
3. റേഷൻ ഷോപ്പുകളിൽക്കൂടി ലഭിക്കുന്ന പുഴുക്കലരിക്കു പകരം കുത്തരിയോ നെല്ലോ വിതരണം ചെയ്യുന്നത് ഉചിതമായിരിക്കും.
4. റേഷൻ കടകളിൽ രണ്ടു തരം കാർഡ് ഏർപ്പെടുത്തുന്നതിന് പകരം I.R.D.P. ലിസ്റ്റിൽ ഉൾപ്പടുന്നവർക്ക് പ്രത്യേക സബ്സിഡി പഞ്ചായത്തുതലത്തിൽ വിതരണം ചെയ്യുന്നതാ യിരിക്കും കൂടുതൽ അഭികാമ്യം.
5. എല്ലാ വാർഡുകളുടെയും പ്രവർത്തനകേന്ദ്ര ത്തിൽ റേഷൻ ഷോപ്പുകൾ സ്ഥാപിക്കുകയും പ്രവർത്തനമേഖല വീട്ടുനമ്പരുകളുടെ അടിസ്ഥാ നത്തിൽ നിജപ്പെടുത്തുകയും ഇതര പഞ്ചായത്തിലെയോ പ്രവർത്തനമേഖല യിലെയോ താമസക്കാർ ഇഷ്ടപ്പെട്ട റേഷൻ ഷോപ്പുകളിലെകാർഡുടമകളായി കടന്നു വരുന്ന

സാഹചര്യം ഒഴിവാക്കുകയും ചെയ്യണം.

6. പുതിയ റേഷൻ കാർഡുകളുടെ അപേക്ഷ സ്വീകരിക്കുന്നതും വിതരണം നടത്തുന്നതും പഞ്ചായത്ത് കേന്ദ്രീകരിച്ചാരിക്കണം. താലൂക്ക് സപ്ലൈ ഓഫീസിൽ അനുഭവപ്പെടുന്ന തിരക്കും കാലതാ മസവും ഇതുവഴി ഒഴിവാക്കുവാൻ സാധി ക്കുന്നതിനോടൊപ്പം പൊതുജനങ്ങളുടെ ബുദ്ധിമുട്ട് താരതമ്യേന കുറയ്ക്കുവാനും കഴിയും.

7. റേഷൻ ഷോപ്പുകളിലെ ബിൽബുക്കുകൾ എല്ലാ തിങ്കളാഴ്ച ദിവസങ്ങളിലും പഞ്ചായത്തുകളിൽ ഹാജരാക്കുകയും സ്റ്റോക്കു വിവരം അതിനോ ടൊപ്പം അറിയിക്കുകയും വേണം.

5-8

# സംസ്കാരം

ഒരു തലമുറയിൽ നിന്ന് മറ്റൊരു തലമുറയിലേയ്ക്ക് കൈമാറുന്ന മൂല്യബോധത്തെയും ആചാരാനുഷ്ഠാനങ്ങളെയും വിശ്വാസപ്രമാണങ്ങളെയും ജീവിതരീതികളെയും അതാതുകാലഘട്ടത്തിലെ സംസ്കാരമെന്ന പദംകൊണ്ട് അർത്ഥമാക്കുന്നു. ഇവ രൂപീകരിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും നവീകരിക്കുന്നതിനും നിലനിർത്തുന്നതിനും സഹായകരമായി പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളെ സാംസ്കാരിക പാരമ്പര്യത്തിന്റെ പ്രതീകങ്ങളായും വ്യക്തികളെ അതാതുകാലഘട്ടത്തിലെ സാംസ്കാരിക നായകന്മാരായും കണക്കാക്കുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെയോ നവോത്ഥാനപ്രസ്ഥാനത്തിന്റെയോ അലയടികൾ കാര്യമായി കടന്നുവരാതിരുന്ന ഈ പ്രദേശം കാർഷികരംഗത്ത് നവാനവങ്ങളായ പരീക്ഷണനിരീക്ഷണങ്ങൾക്കും സാഹസിക പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയിരുന്ന വ്യക്തികളുടെ നാടായിരുന്നു. ചുരുക്കത്തിൽ കാർഷിക സംസ്കാരത്തിനുടമകളായി യാഥാസ്ഥിതികരും സമ്പന്നരുമായ ആളുകളായിരുന്നു നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇവിടെ കൂടുതലായുണ്ടായിരുന്നത്. ഭക്ഷ്യോത്പാദനരംഗത്ത് സ്വയം പര്യാപ്തത കൈവരിക്കാൻ കഴിഞ്ഞിരുന്ന ഈ പ്രദേശത്തെ കർഷകരും കർഷകത്തൊഴിലാളികളും തോളോടുതോൾ ചേർന്ന് നടത്തിയ സാഹസിക പ്രവർത്തനങ്ങളിലൊന്നായിരുന്നു പൊന്നൊഴുകുംതോട് നെൽകൃഷിക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിനുവേണ്ടി ദിശമാറ്റി വിട്ടത്. 1902-കേരളത്തിലാദ്യമായി റബ്ബർ കൃഷി ആരംഭിച്ചു. 1910-കളിൽ മീനച്ചിൽ പഞ്ചായത്തതിർത്തിക്കുള്ളിലും റബ്ബർ കൃഷി ആരംഭിച്ചിരുന്നുവെന്ന് പറയുമ്പോൾ കാർഷിക രംഗത്തെ നമ്മുടെ അന്വേഷണബുദ്ധി എത്രയോ ശ്രേഷ്ഠമായിരുന്നുവെന്ന് കാണാൻ കഴിയും. റബ്ബർ കൃഷി വ്യാപിച്ചതോടുകൂടി ഭക്ഷ്യോത്പാദനരംഗത്ത് നമ്മൾ നേരിടുന്ന വെല്ലുവിളി മനസ്സിലാക്കിക്കൊണ്ട് സമ്മിശ്രകൃഷി സമ്പ്രദായത്തിലേക്ക് തിരികെ പോകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും രാസവളത്തിന്റെ അമിതോപയോഗത്തിലൂടെ മണ്ണിന്റെ അമ്ലത വർദ്ധിക്കുന്നത് കണ്ടറിഞ്ഞ് ജൈവവള പ്രയോഗത്തിന്റെ സാദ്ധ്യതകളെക്കുറിച്ച് ഉറക്കെ ചിന്തിക്കുന്നതിന് മുമ്പോട്ടുവന്നിരിക്കുന്ന കെ.റ്റി. തോമസ് കുരുവിനാക്കുന്നേലിനെപ്പോലുള്ള കാർഷിക വിദഗ്ദ്ധർ ഇന്നും നമ്മുടെയിടയിൽ കൃഷിയോടുള്ള ആഭിമുഖ്യം നിലനില്ക്കുന്നുവെന്നതിന്റെ ഉത്തമ ദൃഷ്ടാന്തങ്ങളാണ്.

കാർഷിക സംസ്കാരത്തിലടിയുറച്ച് വിശ്വസിക്കുന്ന ഹിന്ദു ക്രിസ്ത്യൻ സമുദായംഗങ്ങൾ മതമൈത്രിയോടും സഹകരണമനോഭാവത്തോടും ഇടകലർന്ന് ജീവിക്കുന്ന ഇവിടെ ഭാരതത്തിലെ ഇതരപ്രദേശങ്ങളിൽ ജാതിവ്യവസ്ഥയുടെ പരിണിതഫലമായി താഴ്ന്ന ജാതിക്കാരന് ഈശ്വരദർശനം നിഷേധിച്ചിരുന്ന ഒരു കാലഘട്ടത്തിൽ തിരുവിതാംകൂർ - കൊച്ചി - മലബാർ എന്നീ സ്വതന്ത്രരാജ്യങ്ങളിലെ ഹീനജാതിക്കാരെന്ന് പറഞ്ഞ് ആക്ഷേപിച്ചിരുന്ന ഇന്നത്തെ പട്ടികജാതി വിഭാഗത്തിൽപെട്ട പുലയസമുദായംഗങ്ങൾക്ക് ഈശ്വരദർശനത്തിനും അവരുടെ ജീവിത സമ്പാദ്യമായ നെല്ലും ആടും കോഴിയും കാഴ്ച വസ്തുക്കളായി കൊണ്ടുവരുന്നതിനും അവസരം ഒരുക്കി കൊടുത്തിരുന്ന പുത്തൻ ശബരിമല അമ്പലം മീനച്ചിൽ പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് ഇന്നും സ്ഥിതി ചെയ്യുന്നു. കുറ്റനാൽ കടവ് പമ്പയായും മുശാരക്കളം ഭസ്മക്കുളമായും മൂശാരക്കുന്ന് കരിമലയായും കരുതിയിരുന്ന പുത്തൻശബരിമലയിൽ, ശബരിമലയിൽ മകരവിളക്ക് തെളിയുന്ന അതേദിവസം തന്നെ പതിനായിരക്കണക്കിന് അവർണ്ണരും സവർണ്ണരും ഒത്തുചേർന്ന് നൂറ്റാണ്ടുകൾ മുമ്പുമുതൽ കൊണ്ടാടിയിരുന്ന മകരവിളക്ക് മഹോത്സവം ഈ നാടിന്റെ മാത്രമല്ല അന്യദേശങ്ങളുടെ കൂടി ഉത്സവമായിരുന്നു. ഹിംസ്രജന്തുക്കളുടെ സാമീപ്യംപോലും തൃണവൽഗണിച്ചിരുന്ന അയ്യപ്പഭക്ത

ന്മാരും പുലിയും കടുവയുമടങ്ങുന്ന കാട്ടുജന്തുക്കളും ഒപ്പം നിന്നുകൊണ്ട് ആർപ്പുവിളിമുഴക്കുന്ന പള്ളിനായാട്ട് ഇന്നും ഓർമ്മയിൽ സൂക്ഷിക്കുന്ന പോയതലമുറയിലെ അവശേഷിക്കുന്ന പിതാമഹന്മാർ അന്നത്തെ നമ്മുടെ മതസഹിഷ്ണതയുടെയും വിശാലചിന്താഗതിയുടെയും ഉത്തമോദാഹരണമായി പുത്തൻ ശബരിമലയിലെ മകരവിളക്കുമഹോത്സവത്തെ കാണുന്നു. താഴ്ന്ന ജാതിക്കാർക്ക് ശബരിമലയിൽ പ്രവേശനം ലഭിച്ചതോടുകൂടിയും ശബരിമലയിലേക്കുള്ള തീർത്ഥയാത്ര താരതമ്യേന സുഗമമായിത്തീരുകയും ചെയ്തതോടുകൂടിയും പുത്തൻ ശബരിമല പഴയകാല നഷ്ടപ്രതാപങ്ങളെ അയവിറക്കുന്ന ഒരു പുത്തൻ പ്രവണതയ്ക്ക് കീഴ്പ്പെട്ടു.

പൈക കപ്പേളയിൽ ഡിസംബർ മാസത്തിലെ രണ്ടാം വാരത്തിൽ നടന്നുവരുന്ന അമലോത്ഭവമാതാവിന്റെ ജൂബിലിത്തിരുന്നാളാണ് ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാനമായ പള്ളിപ്പെരുന്നാൾ.

ഈ നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടത്തിൽതന്നെ പഞ്ചായത്തതിർത്തിക്കുള്ളിൽ ഗ്രന്ഥശാലകളും വായനശാലകളും നല്ലനിലയിൽ പ്രവർത്തിച്ചിരുന്നു. അനൗപചാരിക വിദ്യാഭ്യാസത്തിന് വേദിയൊരുക്കിയിരുന്ന ഈ ഗ്രന്ഥശാലകളോടനുബന്ധിച്ച് നിരവധി സാമൂഹ്യപ്രസ്ഥാനങ്ങളും ജനനായകരും ജന്മം കൊണ്ടു. മീനച്ചിൽ സർവ്വീസ് സഹകരണബാങ്ക് എന്ന ആശയം ആദ്യമെ അങ്കുരിക്കുന്നത് സ്വദേശാഭിമാനി ഗ്രന്ഥശാല പ്രവർത്തകരിൽ നിന്നായിരുന്നുവെന്ന് ബാങ്കിന്റെ ആദ്യകാലപ്രവർത്തകരിൽ ഒരാളായിരുന്നു തോമസ് തുരുത്തിയിൽ അഭിപ്രായപ്പെടുന്നു.

സ്വദേശാഭിമാനി ഗ്രന്ഥശാല മീനച്ചിൽ താലൂക്കിലെ തന്നെ ഏറ്റവും പഴക്കമുള്ള ഒന്നോ രണ്ടോ ഗ്രന്ഥശാലകളിൽ ഒന്നായിരുന്നുവെന്ന് ഇന്നും ഈ ഗ്രന്ഥശാലയെ സ്വന്തം മക്കളോടെന്നപോലെ വാത്സല്യത്തോടുക്കൂടി നോക്കികാണുന്ന ശ്രീ അവിരാ സ്കറിയ പുലിക്കുന്നേൽ, ഈ ഗ്രന്ഥശാലയ്ക്ക് സ്വദേശാഭിമാനി എന്ന് നാമകരണം ചെയ്ത് ആദ്യകാല പ്രവർത്തനങ്ങളിൽ മുന്നിട്ടുനിന്നിരുന്നു ശ്രീ. ജോസഫ് പുലിക്കുന്നേൽ എന്നിവർ അനുസ്മരിക്കുന്നു. 1952-ലായിരുന്നു സ്വദേശാഭിമാനി ഗ്രന്ഥശാല എന്നപേരിൽ രജിസ്ട്രേഷൻ ലഭിച്ചിരുന്നതെങ്കിൽ പോലും അതിനു പതിറ്റാണ്ടുകൾക്കുമുമ്പ് ഇടമറ്റം പള്ളിക്ക് സമീപം പ്രവർത്തിച്ചിരുന്ന സർക്കാർ വക പെൺപള്ളിക്കൂടത്തിലെ അദ്ധ്യാപകനായിരുന്ന തിരുവല്ലാക്കാരൻ വർഗീസ് സാറിന്റെ താല്പര്യത്തിലും മേൽനോട്ടത്തിലും ഗ്രാമീണഗ്രന്ഥശാല എന്ന പേരിൽ ഈ ഗ്രന്ഥശാല പ്രവർത്തനം ആരംഭിച്ചിരുന്നു. ആദ്യകാലഘട്ടത്തിൽ ഒട്ടുവളരെ സാമൂഹ്യമാറ്റങ്ങൾക്ക് നേതൃത്വം നല്കുന്നതിൽ മുൻപന്തിയിൽ നിന്നിരുന്ന സ്വദേശാഭിമാനി ഗ്രന്ഥശാല ഇടയ്ക്ക് പ്രവർത്തകർ തമ്മിലുണ്ടായ അഭിപ്രായവ്യത്യാസവും ആളുകളുടെ ഇടയിലെ താല്പര്യക്കുറവും മൂലം ഏതാണ്ട് ഇരുപതോളം വർഷക്കാലം പ്രവർത്തനരഹിതമായിരുന്നു. 1990-കളുടെ ആരംഭത്തിൽ ഇടമറ്റം പ്രദേശത്തുള്ള എതാനും ചെറുപ്പക്കാരുടെ അശ്രാന്തപരിശ്രമം ഒന്നുകൊണ്ടു മാത്രമാണ് വീണ്ടും ഈ ഗ്രന്ഥശാലയുടെ പ്രവർത്തനം പുനഃരാംഭിക്കാൻ സാധിച്ചത്. ഇടമറ്റത്തുനിന്ന് ഏതാണ്ട് അര മുക്കാൽ കിലോമീറ്റർ അകലത്തിൽ കാക്കനാട്ടു ഭാഗത്ത് വായനശാലയ്ക്ക് സ്വന്തമായി മൂന്നു സെന്റ് സ്ഥലം കിടപ്പുണ്ടെങ്കിലും ടൗണിന്റെ പ്രധാനഭാഗത്തുനിന്ന് പ്രവർത്തനം മാറ്റിയാൽ ആളുകൾക്ക് വന്നുപോകാൻ അനുഭപ്പെടുന്ന ബുദ്ധിമുട്ടുമൂലം വീണ്ടും നിലച്ചുപോകാൻ സാദ്ധ്യതയുള്ളതുകൊണ്ട് മീനച്ചിൽ താലൂക്കിലെ തന്നെ ഏറ്റവും പഴക്കമുള്ള ഈ ഗ്രന്ഥശാല പഞ്ചായത്ത് അതിന്റെ ആസ്തിബാദ്ധ്യതകളോടുകൂടി ഏറ്റെടുത്ത് തദ്ദേശവാസികളുടെ മേൽനോട്ടത്തിലും സഹകരണത്തിലും നടത്തിക്കൊണ്ടുപോകണമെന്നാണ് ഗ്രന്ഥശാലാപ്രവർത്തകർ ഇന്നാവശ്യപ്പെടുനത്

## കലാ-സഹിത്യ പ്രവർത്തനം

അമ്പലങ്ങളുടെ നാടായിരുന്ന മീനച്ചിൽ പഞ്ചായത്തിന് ഇന്ന് അന്യംനിന്നുകൊണ്ടിരിക്കുന്ന ഐവർകളി എന്ന അനുഷ്ഠാനകല (ആണുങ്ങൾ ഒത്തുചേർന്ന് അമ്പലങ്ങളോടുനുബന്ധിച്ച് നടത്തുന്ന ഏതാണ്ട് തിരുവാതിരകളിയോട് സാമ്യമുള്ള ഒരു സംഗീത നൃത്തരൂപം) ചവിട്ടുനാടകം (ക്രിസ്ത്യൻ സമുദായത്തിൽ പള്ളികളോടുബന്ധിച്ച് നടത്താറുള്ള ഒരു നൃത്തരൂപം) ഓണംതുള്ളൽ, കുറത്തിയാട്ടം, അമ്മാനംകളി, നോക്കുകുത്തി, കാളകളി എന്നിവയ്ക്കും നൃത്ത സംഗീത നാടകങ്ങൾക്കും സാമന്യം നല്ല വേരോട്ടമുണ്ടായിരുന്ന ഒരു ഭൂതകാലം അവശേഷിക്കുന്നു.

കേരളത്തിലങ്ങോളമിങ്ങോളം ജനശ്രദ്ധയാകർഷിച്ച ആദ്യസാമൂഹ്യനാടകങ്ങളിലൊന്നായ 'ചാക്കോച്ചന്റെ പുനർവിവാഹം' പൂവരണിക്കരയിലെ മാപ്പിളക്കുന്നേൽ മത്തായി മാപ്പിള രചിച്ച

## അമ്പലങ്ങളും പ്രധാന ഉത്സവങ്ങളും

| ക്രമമ്പർ | അമ്പലത്തിന്റെ പേരും സ്ഥലവും | ഉത്സവം | മാസം |
|---|---|---|---|
| 1 | ശ്രീധർമ്മശാസ്താ ക്ഷേത്രം പുത്തൻശബരിമല ഇടമറ്റം | മകരവിളക്ക് | ജനുവരി |
| 2 | ദേവീക്ഷേത്രം, പൊന്മല, ഇടമറ്റം | കുംഭഭരണി | ഫെബ്രുവരി -മാർച്ച് |
| 3 | പങ്കപ്പാട്ട് ശിവക്ഷേത്രം ഇടമറ്റം | ശിവരാത്രി മഹോത്സവം | ഫെബ്രുവരി -മാർച്ച് |
| 4 | പാറാമറ്റംകാവ്, വിലങ്ങുപാറ, ഇടമറ്റം | മീനപൂരം | ഏപ്രിൽ |
| 5 | കാവുങ്കൽ, വിളക്കുമാടം | പത്താമുദയം | ഏപ്രിൽ മെയ് |
| 6 | ചാമുണ്ഡേശ്രി ക്ഷേത്രം, പൈക | പൈകപ്പൂരം | ഏപ്രിൽ മെയ് |
| 7 | പൂവരണി അമ്പലം | തിരുവാതിര | ജനുവരി |
| 8 | പൂവരണി വൈയ്ക്കര ക്ഷേത്രം | | |

## പള്ളികളും പ്രധാനതിരുനാളുകളും

| ക്രമനമ്പർ | പേരും സ്ഥലവും | സ്ഥാപിച്ച വർഷം | പ്രധാനതിരുനാൾ | മാസം |
|---|---|---|---|---|
| 1 | സെന്റ് സേവ്യേഴ്സ് ചർച്ച് വിളക്കുമാടം | 1849 | വി. ഫ്രാൻസീസ് സേവ്യർ | ഡിസംബർ |
| 2 | സെന്റ് മൈക്കിൾസ് ചർച്ച് ഇടമറ്റം | 1869 | സെന്റ് സെബാസ്റ്റ്യൻസ് | ജനുവരി |
| 3 | സെന്റ് തോമസ് ചർച്ച് പൂവത്തോട് | 1887 | സെന്റ് സെബാസ്റ്റ്യൻസ് | ജനുവരി ഫെബ്രുവരി |
| 4 | സേക്രട്ട് ഹാർട്ട് ചർച്ച് പൂവരണി | 1891 | തിരുഹൃദയത്തിരുനാൾ | ജനുവരി |
| 5 | സെന്റ് ജോസഫ്സ് ചർച്ച് പൈക | 1901 | അമലോത്ഭവതിരുനാൾ | ഡിസംബർ |
| 6 | ഗ്രിഗോറിയോസ് ചർച്ച് കിഴപറയാർ | 1927 | വിശുദ്ധ ഗ്രിഗോറിയോസ് | |
| 7 | ചെറുപുഷ്പം പള്ളി പാലാക്കാട് | 1984 | കൊച്ചുത്രേസ്യാപുണ്യവതി | ജനുവരി |

തായിരുന്നു. ജ്യോതിശാസ്ത്രരംഗത്തെ നിരവധി ഗ്രന്ഥങ്ങളുടെ കർത്താവായ അപ്പി പാറേക്കാട്ട്, സി.ററി.തോമസ് ചരളയിൽ, ജി.ററി. നരിപ്പാറ, ഫാ.ഹെർമൻ ഒ.സി.ഡി. ഞൊണ്ടിമാക്കൽ, പ്രൊഫ. ഡി. സെബാസ്ററ്യൻ തകടിയേൽ ((ഇദ്ദേഹത്തിന്റെ കീഴിൽ ലക്ചറർ ആയിരുന്നു കോഴിക്കോട് ദേവ ഗിരി കോളജിൽ സുകുമാർ അഴീക്കോട്.) കുര്യാക്കോസ് ഇടമററം (റവ.ഡോ. കുര്യാക്കോസ് കൊട്ടാരത്തുംകുഴി) എന്നിവർ പോയ തലമുറയിലെ ഇവിടെ നിന്നുള്ള പ്രമുഖരായിരുന്നുവെങ്കിൽ ആധുനിക ചെറുകഥാകൃത്തുക്കളിൽ ഏററവും ശ്രദ്ധേയനായ സക്കറിയ ഇടമററം മുണ്ടാട്ടുചുണ്ടയിൽ കുടുംബാംഗമാണ്. ജോസഫ് പുലിക്കുന്നേൽ, ഇടമററം രത്നപ്പൻ, രാമചന്ദ്രൻ കുന്നപ്പള്ളി, വിളക്കുമാടം രാഘവൻ, പി.എൻ. നാരായണൻ നായർ വിളക്കുമാടം, വിളക്കുമാടം വിജയൻ, ചരിത്രാന്വേഷകനായ തോമസ് മാത്യു കൊട്ടാരത്തുംകുഴി എന്നിവർ നമ്മുടെ അഭിമാനം കാത്തുസൂക്ഷിക്കുന്ന

## സംസാകാരികേന്ദ്രങ്ങൾ

| ക്രമനമ്പർ | പേര് | സ്ഥലം | സ്ഥാപിച്ച വർഷം | കെട്ടിടം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1 | സ്വദേശാഭിമാനി ഗ്രന്ഥശാല | ഇടമറ്റം | 1930കളിൽ | ഇല്ല | ഒരുവിധം നന്നായി പ്രവർത്തിക്കുന്നു. |
| 2 | മീനച്ചിൽ പബ്ലിക് ലൈബ്രറി | മീനച്ചിൽ | 1951 | സ്വന്തം | നന്നായി പ്രവർത്തിക്കുന്നു |
| 3 | ചെറുപുഷ്പം വായനശാല | മീനച്ചിൽ | 1948 | സ്വന്തം | ഒരുവിധം പ്രവർത്തിക്കുന്നു |
| 4 | ഗ്രാമീണ ഗ്രന്ഥശാല | പൂവരണി | 1987 | സ്വന്തം | |
| 5 | വിദ്യാഭവൻ | മുകളേൽ പീടിക | | സ്വന്തം | നന്നായി പ്രവർത്തിക്കുന്നു |
| 6 | പീപ്പിൾസ് ലൈബ്രറി | വിളക്കുമാടം | | സ്വന്തം | മന്ദീഭവിച്ചുകിടക്കുന്നു |
| 7 | ഗ്രാമീണഗ്രന്ഥശാല | പാലാക്കാട് | | സ്ഥലമുണ്ടായിരുന്നു | പ്രവർത്തനം നിലച്ചു |
| 8 | ഗ്രാമീണ ഗ്രന്ഥശാല | പാറപ്പള്ളി | | | പ്രവർത്തനം നിലച്ചു |
| 9 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്റ്റ്യൻ സ്റ്റഡീസ് | ഓശാനാ മൗണ്ട് ഇടമറ്റം | | സ്വന്തം | നന്നായി പ്രവർത്തിക്കുന്നു |
| 10. | ഇൻഡ്യൻ ഡാൻസ് എൻസിമ്പിൾ | ഇടമറ്റം | 1960 | ഇല്ല | ഒരുവിധം പ്രവർത്തിക്കുന്നു |
| 11. | അംബികാ നൃത്തകലാലയം | ഇടമറ്റം | 1959 | ഇല്ല | പ്രവർത്തനമാരംഭിച്ചു. |

അപൂർവ്വം ചിലരാണ്. യശശരീരനായ കുര്യൻ (കുഞ്ഞേട്ടൻ നരിതൂക്കിൽ) ചെറിയത് തെക്കേവയലിൽ, റ്റി.റ്റി. ജോർജ് തകടിയേൽ പൂവരണി തുടങ്ങിയവർ നമുക്ക് നാടകാഭിനയരംഗത്ത് ആദ്യ കാലഘട്ടത്തിൽ അഭിമാനിക്കാവുന്ന സംഭാവനകൾ നേടിത്തന്നുവെങ്കിൽ ആർട്ടിസ്റ്റ് സുകു ഇടമററം, മോഹനകുമാർ കിഴിഞ്ഞൻകുഴിയിൽ, ഡോ. ജോയി സെബാസ്ററ്യൻ ചക്കാല, കുര്യാക്കോസ് നെല്ലിക്കുന്നേൽ, അപ്പച്ചൻ മുണ്ടാട്ട്, ഡിജോ കാപ്പൻ, അഡ്വ. പി.ററി. ജോസഫ് പുത്തൻപുര, പി.ററി. ജോസഫ് പൊട്ടനാനി, ജോയി കുഴിപ്പാല, ജോഷി നെല്ലിക്കുന്നേൽ, ആന്റോ നെല്ലിക്കുന്നേൽ എന്നിവർ പിൽക്കാലഘട്ടങ്ങളിൽ നമ്മുടെ അഭിമാനം കാത്തുരക്ഷിച്ചവരാണ്. സജികുമാർ വിളക്കുമാടം നൃത്തരംഗത്ത് നിരവധി പ്രതിഭകളെ കണ്ടെത്തി ശിക്ഷണം നൽകിക്കൊണ്ടിരിക്കുകയും ഈ രംഗത്ത് കൂടുതൽ പഠനം നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇന്നും ഇടമററം കെ.റ്റി.ജെ.എം. ഹൈസ്കൂളിലെ ഡ്രോയിംഗ് അദ്ധ്യാപകനായ ആർട്ടിസ്ററ് സുകു ഇടമററത്തിന്റെ ശിക്ഷണത്തിൽ നിരവധി കലാകാരന്മാരും കലാകാരികളും ഈ രംഗത്തേക്ക് കടന്നുവരുന്നുണ്ട്. ഇക്കഴിഞ്ഞ ഉപജില്ലാ സ്കൂൾ യുവജനോത്സവത്തിൽ കലാപ്രതിഭ പട്ടം ലഭിച്ച വി.എസ് അനുലാൽ ഇവരിലേറ്റവും ശ്രദ്ധിക്കപ്പെടേണ്ട വ്യക്തിത്വത്തിനുടമയാണ്. ഏററവും വലിയ വിരോധാഭാസം ഇവരൊന്നും ഈ രംഗത്ത് സ്ഥായിയായി പിടിച്ചുനിൽക്കാൻ ശ്രമം നടത്തുന്നില്ലായെന്നതാണ്.

അരനൂറ്റാണ്ടുകൾക്കു മുമ്പ് ഈ പ്രദേ

ശത്ത് ഒരുപക്ഷേ ആളുകൾ ആദ്യം കേട്ടിട്ടുള്ള കഥാപ്രസംഗം വിളക്കുമാടം ഇ.എസ്. നാരായണൻനായരുടേതാവും. മീനച്ചിൽ പഞ്ചായത്തിന്റെ മൂന്നാമത്തെ പ്രസിഡന്റായിരുന്ന അഡ്വ.എൻ.എ.എബ്രാഹം, എസ്.ജെ. ഓടയ്ക്കൽ; പൂവരണി പൊന്നൂസ് തൊടുകയിൽ; ഇടമററം ശ്രീധരൻ എന്നിവർ കഥാപ്രസംഗരംഗത്ത് ആദ്യകാലങ്ങളിൽ ഇവിടെ നിന്ന് ശ്രദ്ധിക്കപ്പെട്ടവരായിരുന്നു. ഇന്ന് ആ പാരമ്പര്യം കാത്തു സൂക്ഷിക്കുന്നത് കുമാരി സതീദേവി, ശ്രീലേഖ (സ്റ്റാൻഡിംഗ് കമ്മിററി ചെയർമാൻ എ.പി.ശ്രീധരൻ സാറിന്റെ മകൾ) എന്നിവർ മാത്രമാണ്. കുന്നപ്പിള്ളിൽ നാരായണപിള്ള സാംസ്കാരിക രംഗത്ത് ഒട്ടനവധി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നു. സംസ്കൃത ഭാഷാപണ്ഡിതനും ഗ്രന്ഥകാരനും കാഥികനുമായിരുന്ന ശ്രീ. എം.സി. നായർ മുറിഞ്ഞാറയെയും ഈയവസരത്തിൽ പ്രത്യേകം സ്മരിക്കുന്നു.

ശാസ്ത്രീയസംഗീത രംഗത്ത് നിരവധി പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനം നൽകിക്കൊണ്ടിരിക്കുന്ന ചക്യാങ്കൽ പി.കെ.രാഘവനാചാരി, വിളക്കുമാടം നിവാസികളായ ചെല്ലപ്പൻ ഭാഗവതർ, ഗോപാലൻ ഭാഗവതർ, തങ്കപ്പൻ ഭാഗവതർ, വടക്കേ ഓലിക്കൽ മിനി മണിയൻ, പാലാ സി.കെ. രാമചന്ദ്രൻ(AIR), വി.എസ്. പ്രസാദ് പൂവരണി, ശശികല പൂവരണി, എസ്. ശ്രീകല കാർത്തികഭവൻ പൂവരണി എന്നിവർ സംഗീതാഭിരുചിയുള്ള ചുരുക്കം ചിലരിൽപെടുന്നു. ഇവർക്കും മുമ്പേ ശാസ്ത്രീയ സംഗീതരംഗത്ത് ഏറെ അറിയപ്പെട്ടിരുന്നയാളാണ് നടയ്ക്കൽ കുഞ്ഞാശാൻ പൂവരണി.

ഇന്ത്യൻ വോളിബോൾ രംഗത്തെ ത്രിമൂർത്തികളിലൊരാളായിരുന്ന ഡോ. ജോർജ്ജ് മാത്യു നമ്മുടെ അഭിമാനമാണ്. അദ്ദേഹം അതുല്യനായ ഒരു മിമിക്രി ആർട്ടിസ്റ്റ്കൂടിയാണ്. മഹാത്മാഗാന്ധി യൂണിവേഴ്സിററിയുടെ വോളിബോൾ ടീമിൽ അംഗമായിരിക്കുന്ന ജിജോ വർഗ്ഗീസ് കൊച്ചുപുരയ്ക്കൽ വോളിബോൾ രംഗത്തെ നമ്മുടെ പുത്തൻ പ്രതീക്ഷയാണ്. പോയ കാലത്ത് അത്‌ലററിക്സ് രംഗത്ത് വളരെ പ്രതീക്ഷകളുണർത്തിയ പൊന്നപ്പൻ, കുര്യാക്കോസ് നെല്ലിക്കുന്നേൽ, ജയാ.സി.നായർ (പഞ്ചായത്ത് മെമ്പർ ററി.ആർ. കമലമ്മയുടെ മകൾ), ബേബി തോമസ് മറ്റപ്പള്ളിൽ, കെ.ജെ. ദേവസ്യാ കുന്നപ്പള്ളിൽ എന്നിവരെയും ഇക്കഴിഞ്ഞ സാഫ് ഗെയിംസിൽ പങ്കെടുത്ത് വെള്ളി മെഡൽ കരസ്ഥമാക്കിയ ജിബിമോൾ എബ്രഹാം പൂവത്താനി, നിഷാ ഫിലിപ് ആയില്യക്കുന്നേൽ, ജയ്മോൾ തോമസ് പഴേപറമ്പിൽ മുതൽപേരെയും കായികരംഗത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഓർമ്മിക്കാതെ കടന്നുപോകാനാവില്ല. ഇൻഡ്യൻ കായികരംഗത്ത് നിരവധി താരങ്ങളെ സംഭാവന ചെയ്യുന്നതിൽ നിർണ്ണായക പങ്കു വഹിച്ച പാലാ അൽഫോൻസാ കോളജിലെ ഫിസിക്കൽ വകുപ്പുമേധാവി സുമതി എസ്. നായർ വിളക്കുമാടം പുത്തൻപുരയ്ക്കൽ കുടുംബാംഗമാണ്. (എൻ.എസ്.എസ് ഡയറക്ടർ ബോർഡ് അംഗം വി. രാധാകൃഷ്ണപ്രസാദിന്റെ സഹോദരി) 1938-ൽ കിഴപറയാറ്റിൽ തറപ്പേൽ ഈപ്പൻ മാണിയുടെ നേതൃത്വത്തിൽ ഒരു ബാൻഡ്സെറ്റ് പ്രവർത്തനമാരംഭിച്ചു.

കലാ കായിക സാഹിത്യരംഗങ്ങളിലെ നിരവധി പ്രതിഭകൾക്ക് ജന്മം നല്കുവാൻ ഈ നാടിനു കഴിഞ്ഞുവെങ്കിലും അവരുടെയൊക്കെ യോജിച്ച ഒരു പ്രവർത്തനത്തിലൂടെ പുത്തൻതലമുറയെ ഈ രംഗത്തേക്കു കൈ പിടിച്ചുകൊണ്ടുവരാൻ ആവുന്നില്ലായെന്നതാണ് സാംസ്കാരിക രംഗത്ത് നാം നേരിടുന്ന ഏററവും വലിയ വെല്ലുവിളി. എങ്ങിനെയും പണമുണ്ടാക്കുക എന്നത് ജീവിതലക്ഷ്യമായി കാണുന്ന ഒരു തലമുറയാണ് ഇന്നത്തേതെന്ന് വേദനയോടുകൂടി ഓർക്കുവാനും അത് നമ്മുടെ സാംസ്കാരിക പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചുവെന്ന് ഓർമ്മിപ്പിക്കുവാനും ഈ അവസരം ഉപയോഗിക്കുന്നു.

പ്രതിഭകളെ സ്കൂൾതലത്തിൽ കണ്ടെത്തി അവർക്ക് പഞ്ചായത്ത് തലത്തിൽ ആവശ്യമായ പ്രോത്സാഹനം നല്കുവാൻ കഴിയുകയും ആവശ്യമായ കളിസ്ഥലഉപകരണ സൗകര്യങ്ങൾ സ്കൂളുകൾ, ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ എന്നിവയോടനുബന്ധിച്ച് സംഘടിപ്പിക്കുകയും വായനശാലകളും ക്ലബ്ബുകളും നിലവിലില്ലാത്ത പ്രദേശങ്ങളിൽ അവ പുതുതായി രൂപീകരിക്കുകയും ചെയ്താൽ സാംസ്കാരിക രംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നല്കുവാൻ നമുക്ക് കഴിയും. ഒപ്പം മീനച്ചിൽ പഞ്ചായത്ത് ആസ്ഥാനമായ ഇടമറ്റത്ത് ഒരു സാംസ്കാരിക നിലയം സ്ഥാപിച്ച് പഞ്ചായത്തിൽ ഈ രംഗത്ത് താൽപര്യമുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് സാഹിത്യ - സാമൂഹിക - സാംസ്കാരിക നായകരെ പരിചയപ്പെടുത്തിക്കൊണ്ടുള്ള സെമിനാറുകളും ചർച്ചാക്ലാസ്സുകളും നടത്തുകയും ഇതരപ്രവർത്തനപരിപാടികൾക്ക് രൂപം നൽകുകയും ചെയ്യണം.

## പ്രശ്നങ്ങൾ

1 വായനാശീലം നഷ്ടമായിക്കൊണ്ടിരിക്കുന്നു
2 ക്ലബ്ബുകളുടെയും വായനശാലകളുടെയും പ്രവർത്തനം നല്ലരീതിയിൽ നടക്കുന്നില്ല. മിക്കതിനും സ്വന്തമായി സ്ഥലവും കെട്ടിടവുമില്ല
3 കലാകായികപ്രതിഭകൾ ആ രംഗത്ത് ഉറച്ചു നിൽക്കുന്നില്ല
4 ചെറുപുഷ്പവായനശാലയോടനുബന്ധിച്ചുള്ള പഞ്ചായത്ത്വക സാംസ്കാരികനിലയത്തിന്റെ പ്രവർത്തനം ആശാവഹമല്ല.
5 അന്യദേശക്കാരായ ലൈബ്രേറിയന്മാർക്ക് വൈകുന്നേരങ്ങളിൽ ലൈബ്രറി സൗകര്യം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് കഴിയുന്നില്ല
6 കലാകാരന്മാർക്ക് അവരുടെ മികവ് പ്രദർശിപ്പിക്കുന്നതിന് വേദികളില്ല. ഗ്രാമോത്സവങ്ങൾ ചടങ്ങു മാത്രമായി പര്യവസാനിക്കുന്നു.
7 ആവശ്യത്തിനു കളിക്കളങ്ങളോ ഹെൽത്ത് ക്ലബ്ബുകളോ എന്തിനേറെ പറയുന്നു, പഞ്ചായത്തിന് പൊതുകളിക്കളമോ ഇല്ല.
8 കോളനികളും കോളനിസ്വഭാവമുള്ള പ്രദേശങ്ങളും സാംസ്ക്കാരിക തകർച്ചക്ക് ഇടവരുത്തുന്നു.

## നിർദ്ദേശങ്ങൾ

1 പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളായ ഇടമറ്റം, പൈക, കിഴപറയാർ, വിളക്കുമാടം, പൂവത്തോട്, പാലാക്കാട്, പാറപ്പള്ളി, ചാത്തൻകുളം, പൂവരണി, കൊച്ചുകൊട്ടാരം എന്നിവിടങ്ങളിൽ പ്രവർത്തനപരിധി നിശ്ചയിച്ചുകൊണ്ട് വായനശാലകളും ലൈബ്രറികളും സ്ഥാപിക്കുക. പഞ്ചായത്തിന്റെ പ്രവർത്തനകേന്ദ്രമായ ഇടമറ്റത്തും പൈകയിലും ഓരോ സാംസ്ക്കാരിക നിലയങ്ങൾ കൂടി സ്ഥാപിക്കുകയും ഇവയോടനുബന്ധിച്ച് ചർച്ചാക്ലാസ്സുകളും ബോധവൽക്കരണസെമിനാറുകളും ഡിബേറ്റുകളും സംഘടിപ്പിക്കുകയും ചെയ്യണം. ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പഞ്ചായത്തുതലത്തിൽ ഒരു സാംസ്ക്കാരിക സമിതി ഉണ്ടാക്കണം. വായനശാലയോടനുബന്ധിച്ച് സർക്കുലേറ്റിംഗ് ലൈബ്രറി സംവിധാനം ഏർപ്പെടുത്തുകയും ബാലവേദികൾ ആരംഭിക്കുകയും ചെയ്യണം.
2 പ്രവർത്തനം നിലച്ചതും മന്ദീഭവിച്ചുകിടക്കുന്നതുമായ ക്ലബ്ബുകളും വായനശാലകളും പുനരുദ്ധരിക്കുകയോ പഞ്ചായത്ത് ഏറ്റെടുത്ത് അതാതു പ്രദേശത്തെ ജനങ്ങളുടെ സഹകരണത്തോടെയും മേൽനോട്ടത്തിലും നടത്തിക്കൊണ്ടുപോകുകയും ചെയ്യണം. ആവശ്യമായ സ്ഥലവും കെട്ടിടവും ഇവയ്ക്ക് സമ്പാദിക്കുന്നതിന് സാമ്പത്തിക സഹായം നൽകണം.
3 കലാകായിക പ്രതിഭകൾ ആരംഗത്ത് ഉറച്ചു നിൽക്കുന്നതിനുവേണ്ടി സാംസ്ക്കാരികനിലയങ്ങളോടനുബന്ധിച്ച് അവർക്ക് ജീവനോപാധി അഥവാ തൊഴിൽ കണ്ടെത്തുകയും ചെയ്യണം. ഇതിനായി കലാകായിക പരിശീലന കേന്ദ്രം ആരംഭിക്കാവുന്നതാണ്.
4 ചെറുപുഷ്പ വായനശാലയോടനുബന്ധിച്ചുള്ള സാംസ്ക്കാരിക നിലയത്തിന്റെ പ്രവർത്തനം ജനകീയ സമിതിയെ ഏൽപ്പിക്കുകയും തദ്ദേശവാസിയായ ലൈബ്രേറിയനെ നിയമിക്കുകയും ചെയ്യണം.
5 ഒരു കാരണവശാലും ക്ലബ്ബുകളുടെയും വായനശാലകളുടെയും പ്രവർത്തനം നടത്തിക്കൊണ്ടുപോകുന്നതിന് നിയമിക്കുന്ന താൽക്കാലിക ലൈബ്രേറിയന്മാർ അവയുടെ പ്രവർത്തനപരിധിക്ക് പുറത്തുള്ളവരായിരിക്കരുത്. കഴിവതും ഒരു കിലോമീറ്റർ ചുറ്റളവിൽ തന്നെയുള്ളവരായിരിക്കണം.
6 ഗ്രാമോത്സവങ്ങൾ നടത്തുന്നതിന് ഗ്രാമ-ബ്ലോക്ക് - ജില്ലാ - സംസ്ഥാന കലണ്ടർ പ്രസിദ്ധീകരിക്കണം.
7 സ്കൂളുകളോടനുബന്ധിച്ചുള്ള കളിക്കളങ്ങൾ പൊതുജനത്തിനുകൂടി ഉപയോഗിക്കുവാനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കുകയും അവയോടനുബന്ധിച്ച് ഹെൽത്ത് ക്ലബ്ബുകൾ സ്ഥാപിക്കുകയും ചെയ്യണം. പഞ്ചായത്തിന് എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ ഒരു പൊതു കളിക്കളം യുദ്ധകാലാടിസ്ഥാനത്തിൽ നിർമ്മിക്കണം.
8 കോളനികളിലും കോളനി സ്വഭാവമുള്ള പ്രദേശങ്ങളിലും ചിൽഡ്രൻസ് പാർക്കുകളും ഹെൽത്ത് ക്ലബ്ബുകളും വയനശാലകളും കമ്മ്യൂണിറ്റി ഹാളുകളും ഉൾപ്പെടുന്ന സാംസ്ക്കാരികനിലയം സ്ഥാപിക്കുകയും അവയുടെ പ്രവർത്തനം സൂക്ഷ്മനിരീക്ഷണത്തിൽ ഉൾപ്പെടുത്തുകയും വേണം.
9. കലാസാഹിത്യരംഗത്തെ കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് പ്രോത്സാഹനം നൽകുക

5-9



# വനിതാക്ഷേമം

മനുഷ്യചരിത്രത്തിന്റെ ആരംഭം മുതൽ സ്ത്രീകൾക്ക് മാന്യമായ സ്ഥാനം സമൂഹത്തിൽ നൽകിയിരുന്നിട്ടുള്ളതായി സമൂഹത്തിൽ കാണുവാൻ കഴിയും. പ്രകൃതിയിലേയ്ക്കും മറ്റു ജീവജാലങ്ങളിലേയ്ക്കും മനുഷ്യരിലേയ്ക്കുമൊക്കെ തിരിഞ്ഞുനോക്കുമ്പോൾ ചരിത്രത്തിന്റെ പുരോഗതിക്കും സമൂഹത്തിന്റെ നിലനില്പിനും കുടുംബങ്ങളുടെ സുസ്ഥിരതയ്ക്കും അടുത്ത തലമുറയെ വളർത്തിയെടുക്കുന്നതിനും നിർണ്ണായകസംഭാവനകൾ സ്ത്രീകൾ നൽകിയിട്ടുള്ളതായി കാണുവാൻ കഴിയും. സ്ത്രീകൾ അബലകളാണ് എന്നുള്ള ചൊല്ല് ഉണ്ടെങ്കിൽപ്പോലും നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും സുസ്ഥിതിക്കും പുരുഷന്മാരെ വെല്ലുന്ന വ്യക്തിപ്രാഗത്ഭ്യം തെളിയിച്ച വനിതകൾ നമ്മുടെ ഇടയിലുണ്ട്. വിമോചനസമരത്തിൽ പങ്കെടുത്ത മീനച്ചിൽ പഞ്ചായത്തുകാരായ കല്യാണിക്കുട്ടിയമ്മ വരകപ്പള്ളിലും അന്നമ്മ ജോസഫ് കുരുവിനാക്കുന്നേലും നമുക്ക് മാർഗ്ഗദീപമാകേണ്ടവരാണ്. ആധീരവനിതകളുടെ കാലടികളെ പിന്തുടർന്ന് ഗാന്ധിജിയുടെ 'ഗ്രാമസ്വരാജ്' എന്ന സുന്ദരസങ്കല്പം സാക്ഷാത്ക്കരിക്കുവാൻ ജനകീയാസൂത്രണപ്രസ്ഥാനത്തിലൂടെ വനിതകളുടെ മുന്നേറ്റം അനിവാര്യമാണ്.

ഇങ്ങിനെയൊക്കെയാണെങ്കിലും നമ്മുടെ സമൂഹത്തിലെ ഏറ്റവും അവഗണിക്കപ്പെടുന്ന ഒരു വിഭാഗമായി സ്ത്രീകൾ മാറിയിട്ടുണ്ട്. അടുക്കളയുടെ 4 ചുവരുകൾക്കുള്ളിൽ തളച്ചിട്ടിരുന്ന സ്ത്രീകൾക്ക് അല്പമെങ്കിലും മോചനം നൽകുവാൻ വനിതാസംവരണം ഇടയാക്കിയിട്ടുണ്ട്. എന്നിരുന്നാലും സ്ത്രീയുടെ പ്രധാന കടമ കുടുംബപരിപാലനവും ശിശുസംരക്ഷണവും ആണെന്നുള്ള വസ്തുത നാം അവഗണിക്കുവാൻ പാടുള്ളതല്ല. സമൂഹത്തിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് കർത്തവ്യനിർവ്വഹണത്തിനിടയിലും തങ്ങളുടെ കുട്ടികൾ, കുടുംബം എന്നൊക്കെയുള്ള ചിന്തകൾ വേട്ടയാടിക്കൊണ്ടിരിക്കും. സ്ത്രീകൾ ഒരേസമയം അമ്മയായും ഭാര്യയായും സഹോദരിയായും ദാസിയായും പ്രവർത്തിക്കുമ്പോൾ അവളുടെ ത്യാഗമനോഭാവവും അർപ്പണബുദ്ധിയും സേവനതല്പരതയും ആണ് എടുത്തുകാണിക്കുന്നത്. ജനസംഖ്യയിൽ 49.68% സ്ത്രീകൾ അധിവസിക്കുന്ന ഒരു പഞ്ചായത്താണ് മീനച്ചിൽ. (8047/16197).

## വസ്ത്രധാരണം

ഭാരതസ്ത്രീകൾ തൻ 'ഭാവശുദ്ധി'യെപ്പറ്റി കവികളും കലാകാരന്മാരും വളരെയധികം പുകഴ്ത്തിയിട്ടുള്ളതാണ്. ആദിമമനുഷ്യൻ നഗ്നനായിരുന്നു. എന്നാൽ കാലക്രമത്തിൽ അവർക്ക് ലജ്ജാശീലം ഉണ്ടാവുകയും മറയ്ക്കേണ്ടതായ ശരീരഭാഗങ്ങൾ മറച്ചുകൊണ്ടുള്ള വസ്ത്രധാരണരീതി ഉണ്ടാവുകയും ചെയ്തു. നമ്മുടെ ക്രിസ്ത്യൻ വനിതകൾ ഉപയോഗിച്ചിരുന്ന ചട്ടയും മുണ്ടും ബുദ്ധമതസന്യാസിനികളിൽ നിന്നു നാം സ്വീകരിച്ചതാണ്. സെക്സ് അപ്പീൽ കുറയ്ക്കുന്നതിനുവേണ്ടിയാണ് അവർ ആ രീതി അവലംബിച്ചത്. സെറ്റുടുത്ത് കയ്യിൽ നിലവിളക്കുമേന്തി പൂമുഖവാതില്ക്കൽ നില്ക്കുന്ന മലയാളിമങ്കയുടെ ചിത്രം മായാതെ മനുഷ്യന്റെ ഹൃദയത്തിൽ നിൽക്കുന്നു.

എന്നാൽ ഇന്ന് പാശ്ചാത്യസംസ്ക്കാരത്തിന്റെ കടന്നുകയറ്റത്തോടുകൂടി വസ്ത്രധാരണത്തിലുള്ള നമ്മുടെ ശാലീനതയും കുലീനത്വവും പോയ്മറഞ്ഞു. മലയാളവനിതകളെ മറ്റുള്ളവരിൽനിന്നു വ്യത്യസ്തയാക്കിയിരുന്നത് അവളുടെ വേഷവിധാനങ്ങളിലെ കുലീനതയും ശാലീനതയുമായിരുന്നു. ഇന്നത്തെ നവീന വേഷവിധാനങ്ങൾ സ്ത്രീകളെ പ്രദർശനവസ്തുക്കൾ ആക്കുന്ന രീതിയിലേയ്ക്ക് തരംതാണിരിക്കുന്നു. ഇതായിരിക്കാം സ്ത്രീകൾക്ക് ഇന്ന് അനുഭവിക്കേണ്ടിവരുന്ന ചില സാമൂഹികതിന്മകൾക്ക് പ്രധാനകാരണവും. അതുകൊണ്ട് വസ്ത്രധാരണരംഗത്ത് പണ്ടുണ്ടായിരുന്ന കുലീനത

യും ശാലീനതയും തിരിച്ചുകൊണ്ടുവരുവാൻ വർദ്ധിച്ച തോതിലുള്ള ബോധവത്ക്കരണം ആവശ്യമാണ്.

## സ്ത്രീധന സമ്പ്രദായവും സ്ത്രീപീഡനവും

ഒരു നാണയത്തിന്റെ 2 വശങ്ങളാണ് ഇവ. മനുഷ്യരെ മൃഗങ്ങളിൽ നിന്നും മറ്റു ജീവജാലങ്ങളിൽ നിന്നും വ്യത്യസ്തനാക്കുന്നത് അവന്റെ ചിന്താശക്തിയും വിവേകവും ആണ്. എന്നാൽ ഇന്ന് മനുഷ്യൻ മൃഗങ്ങളേക്കാൾ അധ:പതിച്ചിരിക്കുന്നു. പെൺകുട്ടികൾക്ക് ജന്മം പോലും നിഷേധിക്കപ്പെടുന്ന ഒരു യുഗത്തിലാണ് നാമിപ്പോൾ. സ്ത്രീ ഇല്ലായെങ്കിൽ കുടുംബവും സമൂഹവും ഇല്ല എന്നുള്ള വസ്തുതയെപ്പോലും ഇക്കൂട്ടർ മറക്കുന്നു. കുടുംബങ്ങളിൽപ്പോലും ആൺ പെൺ തിരിച്ചുള്ള ജീവിതരീതി ഇന്നും നിലനില്ക്കുന്നു. ആൺകുട്ടികൾക്ക് സ്ഥാനകൂടുതൽ, അവിടെയും പെൺകുട്ടികൾ അവഗണിക്കപ്പെടുന്നു. കാലാകാലങ്ങളായി നടന്നുവരുന്ന ഈ അവഗണനയ്ക്കു ന്യായീകരണമായി പറയുന്നത് സ്ത്രീ മറ്റു കുടുംബങ്ങളിൽ ചെല്ലേണ്ടവളാണ് എന്നുള്ളതാണ്. ഇതു ചെയ്യുന്നത് അമ്മയാണ്. അന്യവീട്ടിൽ ചെന്ന് ജീവിക്കുന്നതിന് അവളെ രൂപപ്പെടുത്തുകയാണ് ിതിലൂടെ ചെയ്യുന്നത് എങ്കിൽപോലും പരിണിതഫലം വളരെ ഭീകരമാണ്. കുടുംബങ്ങളിൽ അർഹിക്കുന്ന സ്നേഹവും പരിഗണനയും അംഗീകാരവും കിട്ടേണ്ട പ്രായത്തിൽ കിട്ടാതെവരുമ്പോൾ അതു നേടിയെടുക്കുന്നതിനുള്ള വ്യഗ്രതയിൽ അവൾക്ക് പലതും, ജീവിതംവരെ നഷ്ടപ്പെടുന്നു.

വർദ്ധിച്ചുവരുന്ന സ്ത്രീധന സമ്പ്രദായവും സ്ത്രീകൾക്കു ഭീഷണിയായിത്തീർന്നിട്ടുണ്ട്. ഒരു വസ്തു വാങ്ങുമ്പോൾ, വാങ്ങിക്കുന്നയാൾ ആരിൽനിന്നു വാങ്ങിക്കുന്നുവോ അയാൾക്ക് വില കൊടുക്കേണ്ടി വരും.എന്നാൽ സ്ത്രീയെ ലഭിക്കുന്ന പുരുഷന് സ്ത്രീയോടൊപ്പം ഒരു വലിയ തുക ലഭിക്കുന്നു. എന്തൊരു വിരോധാഭാസം! വലിയ തുക സ്ത്രീധനമായി കൊണ്ടുവന്നാലും പ്രശ്നങ്ങൾക്ക് പരിഹാരമാകുന്നില്ല. ഇതിന്റെ മറുഭാഗമാണ് സ്ത്രീപീഡനങ്ങൾ. സ്ത്രീകൾ സമൂഹത്തിന്റെ ഭാഗമാണെന്നും പുരുഷന്റെയൊപ്പം സ്ഥാനം അവൾക്ക് ഉണ്ടെന്നും സമൂഹത്തെ ബോദ്ധ്യപ്പെടുത്തേണ്ടതായിട്ടുണ്ട്. ഒപ്പം സഹനത്തിന്റെയും ക്ഷമയുടെയും മൂർത്തിമത്ഭാവമായ സ്ത്രീകൾ മനസ്സു വച്ചാൽ നടക്കാത്തതായി ഒന്നും ഇല്ല എന്ന വസ്തുതയും നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ശരിയായ രീതിയിലൂടെയുള്ള സാമൂഹ്യ ബോധവത്ക്കരണത്തിലൂടെ മാത്രമേ സ്ത്രീധനസമ്പ്രദായത്തിനറുതിവരുത്തുവാൻ കഴിയുകയുള്ളൂ. സ്ത്രീപീഢനം അവസാനിപ്പിക്കുവാൻ കഴിയുകയുള്ളൂ.

## പ്രശ്നങ്ങൾ നിർദ്ദേശങ്ങൾ

### കൃഷി

കുടുംബങ്ങളുടെയും സമൂഹത്തിന്റെയും സാമ്പത്തികഭദ്രതയ്ക്ക് സ്ത്രീകൾക്ക് നിർണ്ണായക പങ്കുവഹിക്കുവാൻ കഴിയേണ്ടതാണ്. വനിതകൾക്ക് സ്വയംതൊഴിലിനും വരുമാനത്തിനുമായി എല്ലാ വീടുകളിലും അടുക്കളത്തോട്ടങ്ങൾ നിർമ്മിക്കുകയും അതിനാവശ്യമായ വിത്തും വളവും പഞ്ചായത്തിൽനിന്നു നൽകുകയും ചെയ്യുക. അതുവഴി അവരുടെ അലസത മാറ്റുന്നതിനും കുടുംബത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കും. ഒപ്പം തന്നെ അവരുടെ ആരോഗ്യം നിലനിർത്തുവാനും സാധിക്കും. പുഷ്പകൃഷിയും വാനില കൃഷിയും പ്രോത്സാഹിപ്പിക്കുകയും സഹകരണാടിസ്ഥാനത്തിൽ നടത്തുകയും ചെയ്യണം.

### വ്യവസായം

നിലവിലുള്ള വനിതാവ്യവസായ സംരംഭങ്ങൾ പുനരുദ്ധരിക്കുന്നതിനാവശ്യമായ ഫണ്ടുകൾ രൂപീകരിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. ട്രൈസം പരിശീലനത്തിൽ നമ്മുടെ പഞ്ചായത്തിൽനിന്നും 24 വനിതകൾ പങ്കെടുത്തിട്ടുണ്ട്. അവരെ ഉൾപ്പെടുത്തിവേണം പുതിയ വനിതാസംരംഭങ്ങൾ ആരംഭിക്കാൻ.

### വനിതാ തൊഴിൽസേന

നമ്മുടെ ഉല്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയും ഉല്പന്നങ്ങൾ പ്രാദേശികമായി ത്തന്നെ വിറ്റഴിക്കുന്ന രീതിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. ഇതിനായി തൊഴിൽരഹിതരായ വനിതകളെ ഉൾപ്പെടുത്തി ഒരു തൊഴിൽസേന രൂപീകരിക്കണം. അവർ കമ്മീഷൻ വ്യവസ്ഥയിൽ ഉല്പന്നങ്ങൾ വിറ്റഴിച്ചാൽ നമ്മുടെ ചെറുകിട വ്യവസായ സംരംഭങ്ങൾളുടെ വിപണനരംഗത്ത് ആശാവഹമായ പുരോഗതി കൈവരിക്കാൻ കഴിയും.

### ബോധവത്ക്കരണം

വിവിധ വകുപ്പുകളിൽനിന്നും വനിതകളുടെ സംരംഭങ്ങൾക്ക് നല്കിവരുന്ന ആനുകൂല്യ

പഞ്ചായത്തിൽ നിലവിലിരിക്കുന്ന യൂണിറ്റുകൾ

| Sl. No. | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം അംഗങ്ങൾ | പ്രവർത്തിക്കുന്ന സംബന്ധിച്ച് | പ്രവർത്തനക്ഷമത |
|---|---|---|---|---|
| 1. | റെഡിമെയ്ഡ് യൂണിറ്റ് വിളക്കുംമരുത് | 1994-95 | 10 | പുരോഗമിക്കുന്നു |
| 2. | പന്നിവളർത്തൽ യൂണിറ്റ് ഇടമറ്റം | 1994-95 | 10 | നല്ല രീതിയിൽ പ്രവർത്തിക്കുന്നു |
| 3. | ഹോം സ്വീറ്റ്സ് യൂണിറ്റ് ഹോട്ടൽ, പൈക | 1995-96 | 10 | പ്രവർത്തനം മന്ദഗതിയിലാണ് |

ങ്ങളെപ്പറ്റി ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുകയും ആനുകൂല്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ വനിതകളെ പ്രാപ്തരാക്കുകയും ചെയ്യണം.

### തൊഴിൽ പരിശീലനം

വനിതകൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി ഒരു വനിതാ തൊഴിൽ പരിശീലനകേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കണം. എല്ലാ വാർഡുകളിലും മഹിളാസമാജങ്ങൾ ആരംഭിക്കുകയും നിലവിലുള്ള മഹിളാസമാജങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും ആരോഗ്യപരിപാലനക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യണം. വനിതകളുടെ സംരംഭങ്ങൾക്ക് N.O.C. എളുപ്പത്തിൽ ലഭ്യമാക്കണം.

### സംരംക്ഷണം

അനാഥരും വികലാംഗരുമായ ഒറ്റപ്പെട്ട വനിതകൾക്ക് ഒരു സംരക്ഷണകേന്ദ്രം ആരംഭിക്കണം. കൂടാതെ ഈ പഞ്ചായത്തിൽ ഒരു വനിതാ ഹോസ്റ്റലും ആരംഭിക്കണം.

### സ്വാശ്രയസംഘം

വനിതകളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ ഒരു സ്വാശ്രയസംഘം രൂപീകരിക്കണം.

### കുടിൽ വ്യവസായം

കുടിൽവ്യവസായമായി കോഴി, പശു, ആട് മുതലായവയുടെ വളർത്തൽ വ്യാപകമാക്കണം.

### വനിതാദിനം

വനിതാദിനത്തോടനുബന്ധിച്ച് വനിതകൾക്കായി പ്രത്യേകം പരിപാടികൾ സംഘടിപ്പിക്കണം. സമൂഹത്തിലെ എല്ലാരംഗത്തും സ്ത്രീപങ്കാളിത്തം ഉറപ്പുവരുത്തണം.

### മദ്യപാനം

സമൂഹത്തിൽ ഇന്നു നിലനില്ക്കുന്ന മൂല്യച്യുതിക്ക് കാരണം മദ്യപാനം - മയക്കുമരുന്ന് മുതലായവയാണ്. ഇതിന്റെ തിക്തഫലങ്ങൾ കൂടുതലായി അനുഭവിക്കേണ്ടിവരുന്നത് സ്ത്രീകളാണ്. ഈ പീഡനങ്ങളിൽനിന്നു മോചനം ലഭിക്കുന്നതിനുവേണ്ടി ചാരായനിരോധനം ഫലപ്രദമാക്കുകയും സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുകയും ചെയ്യണം.

### തെരഞ്ഞെടുപ്പ് സംവരണം

ഏതെങ്കിലും പ്രത്യേക വാർഡോ മണ്ഡലമോ സംവരണം ചെയ്യുന്ന രീതി ഉപേക്ഷിച്ച് സ്ത്രീകളുടെ എണ്ണത്തിനെ ആസ്പദമാക്കി വിവിധ വാർഡുകളിലെയും മണ്ഡലങ്ങളിലെയും സ്ത്രീവോട്ടർമാരെ സംയോജിപ്പിച്ചുകൊണ്ട് അവരെമാത്രം പങ്കെടുക്കാനനുവദിക്കുന്ന തെരഞ്ഞെടുപ്പ് സമ്പ്രദായം നടപ്പിലാക്കണം.

5-10



# സഹകരണ മേഖല

പരസ്പര സഹകരണത്തിന്റെയും സൗഹാർദ്ദത്തിന്റെയും കേളീരംഗമായ ഈ ഗ്രാമത്തിൽ സഹകരണപ്രസ്ഥാനത്തിന്റെ മുകുളങ്ങൾ ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽതന്നെയുണ്ടായിരുന്നു. മീനച്ചിലാറിന്റെയും മീനച്ചിൽ കർത്താക്കന്മാരുടെയും പേരും പെരുമയും കൊണ്ട് കേളികേട്ട ഈ ഭൂപ്രദേശത്തെ കുടുംബങ്ങൾതന്നെ സഹകരണത്തിന്റെ പ്രതീകങ്ങളായ കൂട്ടുകുടുംബങ്ങളായിരുന്നു. മാറ്റാൾ പണിയും കൂട്ടുകൃഷിയും പൂണ്ടൻകിളയും വള്ളംകളിയും കപ്പവാട്ടും പുരകെട്ടും കിണർതേകലുമൊക്കെ ഗ്രാമീണ സഹകരണപ്രസ്ഥാനങ്ങളുടെ അടിക്കല്ലുമായിരുന്നു. ഇന്നത്തെ സമൂഹത്തിന് ചിന്തിക്കുവാൻ കഴിയാത്ത പരസ്പര സഹായ സഹകരണമായിരുന്നു അന്നിന്റെ പ്രത്യേകതയും. ഇന്നുള്ളതു സ്മാരകങ്ങളും വപ്രശോഭിത ഓർമ്മകളും

## സഹകരണചരിത്രം

### 1. 1822-ാം നമ്പർ ഇടമറ്റം ചെറുപുഷ്പ കത്തോലിക്കാ പരസ്പര സഹായ സംഘം 9-9-1104 (1928)

ഈ താലൂക്കിലെതന്നെ ആദ്യത്തെ സഹകരണ സ്ഥാപനമായിരുന്നു പൂവത്തോട് കേന്ദ്രമായി 29-9-1104- ൽ ആരംഭിച്ച ഈ സംഘം. ശ്രീ. അവിരാസ്കറിയാ പുലിക്കുന്നേൽ ആദ്യ പ്രസിഡന്റും ശ്രീ. എം.റ്റി. ഫ്രാൻസീസ് (അപ്പച്ചൻ) മണിയാക്കുപാറ ആദ്യ സെക്രട്ടറിയുമായിരുന്നു. ശ്രീ കുഞ്ഞച്ചൻ പേരേക്കാട്ടിലിന്റെ ഉത്സാഹത്തിലും ഉപദേശത്തിലും ശ്രീ ഉലഹന്നൻ മത്തായി പൊട്ടനാനി, ശ്രീ. സി.സി. സെബാസ്റ്റ്യൻ ശരണകുന്നേൽ, ശ്രീ. ദേവസ്യാ ദേവസ്യാ മണിയാക്കുപാറ, ശ്രീ. കുരുവിള ദേവസ്യാ ഞായർകുളം, ശ്രീ ദേവസ്യാ മത്തായി തുരുത്തിയിൽ ശ്രീ. ചാക്കോ തോമസ് കാവുങ്കൽ തുടങ്ങിയവരൊക്കെ പ്രാരംഭകാല പ്രവർത്തകരുമായിരുന്നു. റേഷൻകടയും നൂൽനൂൽപ്പും കോഴിവളർത്തലും ഒക്കെയായിരുന്നു ബാങ്കിംഗ് കൂടാതെ ഈ സംഘത്തിന്റെ പ്രവർത്തനമേഖലകൾ. 1996-ൽ കെ. 271-ാം നമ്പർ മീനച്ചിൽ സർവീസ് സഹകരണബാങ്കിൽ ഈ സംഘത്തെ ലയിപ്പിക്കുംവരെ ഈ സംഘം നല്ലനിലയിൽ പ്രവർത്തിച്ചു.

### 2. കെ. 2882 പൂവരണി വിവിധോദ്ദേശ സഹകരണസംഘം 6-2-1124 (1948)

ശ്രീ. ജോസഫ് ജോസഫ് കാഞ്ഞമല പ്രസിഡന്റും ശ്രീ ജോസഫ് ജീരകത്ത് സെക്രട്ടറിയുമായി ഈ സംഘം 6-2-1124 ൽ രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചു. ശ്രീ മത്തായി ജോസഫ് മാളിയേക്കൽ, ശ്രീ മത്തായി ജോസഫ് ഈറ്റത്തോട്ട്, ശ്രീ വർക്കി തോമസ് മുളോപ്പറമ്പിൽ എന്നിവർ ആദ്യകാല പ്രസിഡന്റുമാരും ശ്രീ പി.ജെ. തോമസ് പുത്തൻപുരയ്ക്കൽ, ശ്രീ വി.എം. തോമസ് വാകമല, ശ്രീ എൻ.ടി. മത്തായി നടയ്ക്കൽ, ശ്രീ റ്റി.ജെ. ദേവസ്യ തെക്കേൽ, ശ്രീ ഈ.എം. തോമസ് ഈറ്റത്തോട്ട്, ശ്രീ. പി.എം. തോമസ് പുല്ലാട്ട് എന്നിവർ ആദ്യകാല സെക്രട്ടറിമാരും ആയിരുന്നു. 27-12-1961-ൽ സർവീസ് സഹകരണസംഘമായും 3-5-1996ൽ കെ. 2882-ാം നമ്പർ പൂവരണി സർവീസ് സഹകരണ ബാങ്കായും രജിസ്റ്റർ ചെയ്തു നല്ലനിലയിൽ പ്രവർത്തിച്ചുവരുന്ന ബങ്കിന്റെ ഇപ്പോഴത്തെ പ്രസിഡന്റ് ശ്രീ. എം.എം. അബ്രാഹം മാപ്പിളക്കുന്നേലും സെക്രട്ടറി ശ്രീ ജോസഫ് ആഗസ്തി ചിറയിലുമാണ്. ബാങ്കിന് ഇപ്പോൾ പൈകയിലും മീനച്ചിലും ബ്രാഞ്ചുകളുണ്ട്.

### 3. 2826 വിളക്കുമാടം കോ - ഓപ്പറേറ്റീവ് സൊസൈറ്റി 1124 - (1948)

ശ്രീ ഭാസ്കരൻ നായർ ചാവടിയിൽ പ്രസിഡന്റും ശ്രീ ശ്രീധരൻ നായർ കൊണ്ടൂപറമ്പിൽ സെക്രട്ടറിയുമായി ഈ സൊസൈറ്റി രജിസ്റ്റർ ചെയ്തു. വളരെ പെട്ടെന്നുതന്നെ ഈ സംഘത്തിന് സ്വന്തം സ്ഥലവും കെട്ടിടവും ഉണ്ടാക്കുവാൻ കഴിഞ്ഞു. റേഷൻ കടയും ജൗളിക്കടയും നൂൽനൂൽപ്പും കോഴി വളർത്തലുമൊക്കെ ഈ സംഘത്തിന്റെ മറ്റു പ്രധാന മേഖലകളായിരുന്നു. ശ്രീ വേലായുധൻ ചെട്ട്യാർ മുണ്ടാട്ട്, ശ്രീ ഗോപാലൻ നായർ വടക്കേകൊട്ടാരത്തിൽ, ശ്രീ നാരായണൻ പൊങ്ങപ്പാറ, ശ്രീ എ.എൻ. ഫിലിപ്പ് ഞൊണ്ടിമാക്കൽ, ശ്രീ റ്റി.റ്റി. വർഗീസ് തേവർകോട്ടയിൽ എന്നിവർ ആരംഭ കാല പ്രവർത്തകരും പ്രസിഡന്റുമാരുമായിരുന്നു. വിളക്കുമാടം മൾട്ടി പർപ്പസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയായും തുടർന്ന് വിളക്കുമാടം സർവീസ് സഹകരണബാങ്കായും പ്രവർത്തിച്ചു. 17-2-1955 മുതൽ 1966-ൽ ഈ ബാങ്കിനെ കെ. 271 മീനച്ചിൽ സർവീസ് സഹകരണബാങ്കിൽ ലയിപ്പിക്കുംവരെ ശ്രീമതി കെ.എൻ. ലീലാമണിയമ്മയായിരുന്നു സെക്രട്ടറി.

### 4. 4279-ാം നമ്പർ മീനച്ചിൽ വില്ലേജ് സർവീസ് സഹകരണ ബാങ്ക് ഇടമറ്റം 14-12-1958

14-12-1958 ൽ ഇടമറ്റം കെ.റ്റി.ജെ.എം. സ്കൂളിൽ ചേർന്ന സഹകാരികളുടെ യോഗം ശ്രീ ഡോമിനിക് തോമസ് കുരുവിനാക്കുന്നേൽ പ്രസിഡന്റും ശ്രീ പി.എസ് സ്കറിയാ സെക്രട്ടറിയുമായി ഈ ബാങ്കിന് രൂപം കൊടുത്തു. ഇതിനും വളരെ നാളുകൾക്കു മുമ്പ് വിലങ്ങുപാറ കുഴിമറ്റം കണ്ടത്തിൽ (പേരേക്കാട്ട്) ശ്രീ പാപ്പച്ചന്റെ കരിമ്പുകളത്തിൽ നടന്ന ആലോചനകളാണ് ബാങ്കിന്റെ രൂപം സ്വീകരിച്ചത്. ശ്രീ പി.എസ് ജോസഫിന്റെയും (ജോസഫ് പുലിക്കുന്നേൽ) ശ്രീ. എം.കെ.കേശവൻനായർ വരകപ്പള്ളിലിന്റെയും ശ്രീ കുറുവച്ചൻ പനമുക്കിലിന്റെയും ശ്രീ ഔസേപ്പച്ചൻ പുലിക്കുന്നേലിന്റെയും (കളപ്പുരയ്ക്കൽ) ശ്രീ റ്റി.എം. തോമസ് തുരുത്തിയുടെയും ശ്രീ കുട്ടിച്ചൻ പുലിക്കുന്നേലിന്റെയും (തോണിപ്പാറ) പേരുകൾ എടുത്തുപറയേണ്ടവയാണ്. സ്കൂളിലും വരകപ്പള്ളിൽ വൈദ്യശാലയിലുമൊക്കെ ഭരണസമിതിയോഗങ്ങൾ ചേർന്നിരുന്നു. ബാങ്കിനു പുറമേ റേഷൻ കടയും കൺസ്യൂമർ വിഭാഗവും നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. 26-5-1963 ൽ ബാങ്കിന്റെ ഇന്നുള്ള ഓഫീസ് കെട്ടിടം അന്നത്തെ കേരള ഗവർണറും പിന്നീട് ഇൻഡ്യൻ പ്രസിഡന്റുമായിരുന്ന ബഹുമാനപ്പെട്ട ശ്രീ വി.വി. ഗിരി ഉദ്ഘാടനം ചെയ്തു. സ്വന്തമായി ഓഫീസ്കെട്ടിടമുണ്ടായിരുന്ന ജില്ലയിലെ ചുരുക്കംചില ബാങ്കുകളിലൊന്നായി നമ്മുടെ ബാങ്കും.

3-5-1966ൽ കെ 2826 വിളക്കുമാടം സർവീസ് സഹകരണബാങ്കും, 1882-ാം നമ്പർ ഇടമറ്റം ചെറുപുഷ്പ കത്തോലിക്കാ പരസ്പര സഹായസംഘവും 4279-ാം നമ്പർ മീനച്ചിൽ സർവീസ് സഹകരണബാങ്കും ലയിപ്പിച്ച് കെ. 271-ാം നമ്പർ മീനച്ചിൽ സർവീസ് സഹകരണബാങ്കായി പ്രവർത്തിച്ചുവരുന്നു. 1966-70 കാലഘട്ടത്തിൽ കേരളത്തിലെ എണ്ണപ്പെട്ട സഹകരണ ബാങ്കുകളിൽ ഒന്നായിത്തീർന്നു. ബാങ്കിന് ഇപ്പോൾ വിളക്കുമാടത്തും പൂവരണിയിലും കിഴപറയാറിലും ബ്രാഞ്ചുകളുണ്ട്. ഇപ്പോൾ അഡ്വ. ജോസ് ടോം പുലിക്കുന്നേൽ പ്രസിഡന്റും ശ്രീ റ്റി.ജെ. മാത്യു സെക്രട്ടറിയുമാണ്.

ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽത്തന്നെ നമ്മുടെ പഞ്ചായത്തിൽ സഹകരണപ്രസ്ഥാനങ്ങൾ ആരംഭിക്കുകയും അവ നല്ലനിലയിൽ പ്രവർത്തിക്കുകയും ചെയ്തിരുന്നു. രാഷ്ട്രീയ വർഗ്ഗീയ അതിപ്രസരമില്ലാതെ ഏകകണ്ഠമായി ഭരണസമിതി തെരഞ്ഞെടുക്കപ്പെടുകയും, ഭരണസമിതിയുടെയും ജീവനക്കാരുടെയും നാട്ടുകാരുടെയും യോജിപ്പോടുകൂടിയുള്ള നിസ്വാർത്ഥപരിശ്രമങ്ങളും അക്കാലത്തെ സഹകരണപ്രസ്ഥാനങ്ങളെ ഉന്നതിയിൽനിന്നു ഉന്നതിയിലേക്കു നയിച്ചു. അതുവഴി നമ്മുടെ നാടിനെയും.

## 1969 ന് ശേഷം

1904ൽ ഒരു സഹകരണനിയമം രൂപീകരിച്ചു. 1969 മെയ് 15 നാണ് കേരളസഹകരണസംഘം ആക്ട് 1969 നിലവിൽ വന്നത്. ജൂലൈ 14 ന് അത് പ്രാബല്യത്തിൽ വന്നു. അക്കാലഘട്ടത്തിലൊന്നും നമ്മുടെ പഞ്ചായത്തിൽ പുതിയ സംഘങ്ങളൊന്നും രജിസ്റ്റർ ചെയ്തില്ല.

a) 25-8-83-ൽ പൂവരണി കേന്ദ്രമാക്കി കെ. 715-ാം നമ്പർ മീനച്ചിൽ പട്ടികജാതി സർവീസ് സഹകരണസംഘം ആരംഭിച്ചു. ശ്രീ. എ.പി. ശ്രീധരൻ കാർത്തികഭവൻ പ്രസിഡന്റും ശ്രീ കെ.റ്റി. അയ്യപ്പൻ, ശ്രീ പി.ഡി. കുട്ടപ്പൻ, ശ്രീ. വി.ആർ ചെല്ല

പ്പൻ തുടങ്ങിയവർ ആദ്യ ഭരണസമിതി അംഗങ്ങളുമായിരുന്നു. സർക്കാരിന്റെ ധനസഹായത്തിൽ ഒരു ലോറിയും തടിമില്ലും പവർ ടില്ലറും സ്പ്രെയറുമൊക്കെ സംഘം വാങ്ങിച്ചുവെങ്കിലും സംഘത്തിന്റെ പ്രവർത്തനം അധികനാൾ നീണ്ടുനിന്നില്ല. ഓഫീസ് പോലുമില്ലാത്ത അവസ്ഥയിൽ എത്തിനിൽക്കുന്ന സംഘത്തിന്റെ മേൽപറഞ്ഞ ആസ്ഥികളെക്കുറിച്ച് ഇപ്പോൾ വിവരം ലഭ്യമല്ല.

b) 12-8-86 ൽ പൂവരണി തന്നെ കേന്ദ്രമാക്കി മീനച്ചിൽ തൂലൂക്ക് പട്ടികജാതി പട്ടികവർഗ്ഗ മോട്ടോർ ട്രാൻസ്പോർട്ട് സഹകരണസംഘം രജിസ്ട്രർ ചെയ്തുവെങ്കിലും യാതൊരുവിധ പ്രവർത്തനങ്ങളും നടത്തിയില്ല. പാലാ ആർ.ഡി.ഓ. പ്രസിന്റും ശ്രീ കെ.എസ്. കുമാരൻ, ശ്രീ. എ.പി. ശ്രീധരൻ കാർത്തികഭവൻ എന്നിവർഭരണസമിതിഅംഗങ്ങളിൽ ചിലരുമായിരുന്നു.

c) 28-7-89-ൽ വിളക്കുമാടം കേന്ദ്രമായി കെ 792-ാം നമ്പർ കൺസ്യൂമർ സഹകരണസംഘം രൂപീകൃതമായി. ശ്രീ. കെ.ജെ. സെബാസ്റ്റ്യൻ കൊരട്ടിയായിരുന്നു ആദ്യ പ്രസിഡന്റ്. അധികകാലം നല്ലനിലയിൽ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ ഈ സംഘത്തിനും കഴിഞ്ഞില്ല.

d) 1991 ൽ കെ.വി. ഇൻഡ് (കെ.) 193-ാം നമ്പരായി മീനച്ചിൽ പഞ്ചായത്ത് സെറി കൾച്ചർ സഹകരണസംഘം രജിസ്റ്റർ ചെയ്തുവെങ്കിലും പ്രവർത്തിക്കുകയുണ്ടായില്ല.

e) 1991 ൽ തന്നെ വിളക്കുമാടത്തും പൂവരണിയിലും ഓരോ ക്ഷീരോല്പാദന സഹകരണസംഘങ്ങൾ ആരംഭിച്ചുവെങ്കിലും കുറച്ചുകാലം മാത്രമേ പ്രവർത്തിച്ചുള്ളൂ. കർഷകരുടെയും ഡിപ്പാർട്ടുമന്റിന്റെയും സഹകരണമില്ലായ്മയും പ്രവർത്തകരുടെ അഭാവവും നിമിത്തം സംഘങ്ങളുടെ പ്രവർത്തനം സതുടർന്നുകൊണ്ടുപോകാൻ കഴിഞ്ഞില്ല.

## സഹകരണസ്ഥാപനങ്ങൾ പരാജയകാരണങ്ങൾ

നമ്മുടെ പഞ്ചായത്തിലെ മുഴുവൻ മിച്ച സമ്പാദ്യങ്ങളും നമ്മുടെ പ്രദേശത്തെ ബാങ്കുകളിൽത്തന്നെ നിക്ഷേപിക്കുവാൻ ജനങ്ങൾ തയ്യാറാകണം. ബാങ്കിന്റെ സാമ്പത്തിക വളർച്ച തീർച്ചയായും സമൂഹത്തിന്റെ ഉന്നമനത്തിന് അഭിവാജ്യഘടകമാണ്. പരസ്പരസഹകരണം നിർമ്മാണരംഗത്തും കൃഷിയിലും വിപണനരംഗത്തും നിക്ഷേപരംഗത്തും ഉണ്ടാകണം. സർവീസ് ബാങ്കുകളുടെ അടിത്തറയിളക്കുന്ന പ്രതിഭാസമായി കുടിശിക മാറിയിരിക്കുന്നു. ഈ രംഗത്ത് ഒരു മാറ്റം ഉണ്ടാക്കുവാൻ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കണം.

ഭരണസമിതിയുടെയും ജീവനക്കാരുടെയും ഉൽസാഹക്കുറവും അർപ്പണബോധമില്ലായ്മയും ജനങ്ങളുടെ സഹകരണക്കുറവുമാണ് പ്രധാന പരാജയ കാരണങ്ങൾ. സമഗ്ര ഗ്രാമവികസനമെന്ന സ്വപ്നം സാക്ഷാൽക്കരിക്കുവാൻ സഹകരണസ്ഥാപനങ്ങളുടെ സ്ഥാപനവും വളർച്ചയും അനിവാര്യമാണ്.

## ചില നിർദ്ദേശങ്ങൾ

നമ്മുടെ എല്ലാ വാർഡിലെയും ഗ്രാമസഭകളിൽ നിന്നും ഉണ്ടായ പൊതു വികാരം ശക്തമായ സഹകരണപ്രസ്ഥാനങ്ങളുടെ (പ്രത്യേകിച്ച് കാർഷിക വിപണനമേഖലയിൽ) രൂപീകരണത്തിന് മുൻതൂക്കം നൽകണമെന്നതാണ്. കൂട്ടായ പരിശ്രമത്തിലൂടെ യുക്തമായ സ്ഥലങ്ങളിൽ താഴെപ്പറയുന്ന സഹകരണപ്രസ്ഥാനങ്ങൾ ആരംഭിക്കേണ്ടതാണ്.

1. **ഗ്രൂപ്പ് ഫാമിംഗ് സഹകരണസംഘം**

   വിവിധ നെൽപാടങ്ങളിലെ പാടശേഖരക്കമ്മററികളെ വിളിച്ചുചേർത്ത് സംഘം രൂപീകരിക്കാം.

2. **യൂണിററ് അടിസ്ഥാനത്തിൽ വ്യവസായ വികസന സഹകരണ സംഘം**

   വിവിധ ചെറുകിട വ്യവസായങ്ങളെ ഏകോപ്പിപ്പിച്ച് ഒരു വ്യവസായ വികസനസഹകരണസംഘം രൂപീകരിച്ചാൽ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് വിപണനരംഗത്തും മൂലധനസ്വരൂപണത്തിനും സഹായമെത്തിക്കാൻ കഴിയും.

3. ഈ പഞ്ചായത്തതിർത്തിയിലെ കാർഷികോല്പന്നങ്ങളുടെ വിപണനത്തിൽ നിന്നും ഇടനിലക്കാരെ ഒഴിവാക്കുവാനും അർഹതപ്പെട്ട വില കർഷകർക്ക് ലഭ്യമാക്കുവാനും കഴിയും വിധം ഒരു ജനറൽ മാർക്കററിംഗ് സഹകരണസംഘത്തിന് രൂപം കൊടുക്കേണ്ടതാണ്.

4. ഇപ്പോൾ പ്രവർത്തനം മന്ദീഭവിച്ച് കിടക്കുന്ന കൺസ്യൂമർ സഹകരണസംഘത്തെ

പുനർജ്ജീവിപ്പിച്ച് പഞ്ചായത്ത് മുഴുവൻ പ്രവർത്തനം വ്യാപിപ്പിക്കുക.

5. വിളക്കുമാടത്തും പൂവരണിയിലും മൃതാവസ്ഥയിലുള്ള ക്ഷീര സഹകരണസംഘങ്ങളെ പുനരുദ്ധരിക്കുകയും ഒരു വാർഡിന് ഒന്ന് എന്ന തോതിൽ ക്ഷീരോല്പാദന സംഘങ്ങൾ രൂപീകരിക്കുകയും വേണം. ഒരു മിൽക്ക് ചില്ലിംഗ് പ്ലാന്റിന്റെ സാധ്യതയും പരിശോധിക്കാവുന്നതാണ്.

6. ഔഷധ ചെടികളുടെ കൃഷിയും പരിപാലനവും ഔഷധനിർമ്മാണവും പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു സഹകരണസംഘം രൂപീകരിക്കണം. ബോധവൽക്കരണരംഗത്ത് ക്രിയാത്മകമായി പ്രവർത്തിക്കാൻ കഴിയും.

7. വനിതകളുടെ കൂട്ടായ്മയും സ്വാശ്രയശീലവും വളർത്തുന്നതിനും മററും ഉതകും വിധം മഹിളാസമാജങ്ങളുടെ നേതൃത്വത്തിൽ വനിതാസഹകരണസംഘം രൂപീകരിക്കണം. ഈ സംഘത്തിന് ചെറിയ തയ്യൽ യൂണിററുകളും, നെയ്ത്തുശാലകളും വസ്ത്രനിർമ്മാണ യൂണിററുകളും ഏകോപിപ്പിക്കുവാൻ കഴിയും.

കൺസ്യൂമർ സംഘങ്ങളും ക്ഷീരോല്പാദകസംഘങ്ങളും നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണബാങ്കുകൾ പോലും വളരെ ശക്തമായ നിലയിലാണെന്ന് പറയുവാൻ കഴിയില്ല. കിടമത്സരങ്ങളും രാഷ്ട്രീയാതിപ്രസരവും പ്രവർത്തകരുടെ ആത്മാർത്ഥതക്കുറവും വളർച്ച മുരടിക്കുവാൻ ഇടയാക്കിയിട്ടുണ്ട്.

നിരവധി സഹകരണവികസനനിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ ഉയർന്നുവെങ്കിലും സഹകരണത്തിന്റെ വില ഇനിയും മനസ്സിലാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ആരംഭത്തിലുള്ള ആത്മാർത്ഥതയും സഹകരണവും നടത്തിപ്പിൽ പിന്നീട് അധികമാരും കാണിക്കാറില്ലാത്തതും നമ്മുടെ സംഘങ്ങൾ ഉർദ്ധശ്വാസം വലിക്കുവാൻ കാരണമായിട്ടുണ്ട്.

സർവ്വീസ്, സഹകരണം എന്നീ പദങ്ങളുടെ അർത്ഥം അന്വർത്ഥമാക്കും വിധം നമുക്കൊരുമിച്ച് മുന്നോട്ടുപോകാം. സഹകരണത്തിലൂടെ ജീവിത വിജയവും സാമൂഹികപ്രതിബദ്ധതയും നമുക്ക് ഊട്ടിയുറപ്പിക്കാം.



5-11

# പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം

കേരളത്തിലെ ആദിമ നിവാസികൾ ആഫ്രിക്കയിൽ നിന്നും വന്ന നീഗ്രോ വർഗ്ഗക്കാരായിരുന്നു എന്ന് നരവംശശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ഇടുക്കി ജില്ലയിലെ ഊരാളികളും മലബാറിലെ പന്നിയന്മാരും മറ്റും ഈ വിഭാഗത്തിന്റെ പിന്തുടർച്ചക്കാരാണ്. പിന്നീട് ഇവിടെയെത്തിയ പ്രോട്ടോ ആസ്ട്രോലോയിഡുകൾ നിഗ്രിറ്റോകളെ പിന്തള്ളി ഇവിടെ താമസമുറപ്പിച്ചു. ആധുനിക കേരളസംസ്ഥാനത്തിന് ബീജവാപം ചെയ്തത് ഈ രണ്ടു വർഗ്ഗക്കാരാണ്. മീനച്ചിൽ താലൂക്കിൽപ്പെടുന്ന മീനച്ചിൽ പഞ്ചായത്ത് പ്രാചീനകാലത്ത് ഈ വർഗ്ഗക്കാരുടെ വിഹാരരംഗമായിരുന്നു. ഈ പഞ്ചായത്തിലെ പുലയരും പറയരും ഈ വിഭാഗത്തിന്റെ പിൻമുറക്കാരാണ് 'പുല' എന്നാൽ ഭൂമി എന്നും 'പുലയർ' എന്നാൽ കൃഷിക്കാർ എന്നുമാണ് അർത്ഥം എന്ന് ഭാഷാപണ്ഡിതർ അഭിപ്രായപ്പെടുന്നു.

മീനച്ചിൽ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 4.74% പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരാണ്. അവരുടെ എണ്ണം 768 ആണ്. സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കാവസ്ഥയിലാണ് ഈ വിഭാഗം. നൂറ്റാണ്ടുകളോളം അടിമത്തത്തിൽ കഴിഞ്ഞിരുന്ന ഈ വിഭാഗത്തിന്റെ മനസ്സുകളിൽ ഇന്നും അടിമത്തചിന്താഗതി നിലനില്ക്കുന്നു. സ്വതന്ത്ര്യം കിട്ടി വർഷങ്ങൾ കഴിഞ്ഞിട്ടും മറ്റു വിഭാഗങ്ങളുടെ പുരോഗതിയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ പുരോഗതിയും തമ്മിൽ അജഗജാന്തര വ്യത്യാസം ഇന്നും നിലനിൽക്കുന്നു. പത്രങ്ങളും മറ്റു വാർത്താവിനിമയ മാർഗ്ഗങ്ങളും ഈ വിഭാഗത്തിന്റെ പുരോഗതിക്കായി സർക്കാർ ചെയ്യുന്ന കാര്യങ്ങൾ വിളിച്ചുപറയുന്നുണ്ട്. എങ്കിലും ഇവരുടെ കൈകളിൽ അവയൊന്നും എത്താറില്ല എന്നുള്ളത് വസ്തുതയാണ്. പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ എത്തിപ്പിടിക്കുവാൻ വയ്യാത്ത വ്യവസ്ഥകൾ ആണ് ഇതിന് കാരണം. പട്ടിണിക്കാരായ - കൂലിപ്പണിക്കാരായ ഇവർക്ക് അതിനായി മിനക്കെടുവാൻ സമയം കിട്ടില്ല. മിനക്കെട്ടാൽ അന്ന് ആ കുടുംബം പട്ടിണിയാകും.

ഈ വിഭാഗത്തിൽപ്പെട്ട ചെറുപ്പക്കാരിൽ ഭൂരിപക്ഷവും വിദ്യാസമ്പന്നരാണ്. എസ്.എസ്.എൽ.സി.ക്കാർ, ബിരുദധാരികൾ, ബിരുദാനന്തരബിരുദം നേടിയവർ, സാങ്കേതികവിദ്യാഭ്യാസം നേടിയവർ എന്നിങ്ങനെ. അവർ ഒരു തൊഴിലുനുവേണ്ടി കാത്തിരിക്കുകയാണ് - മഴ കാക്കുന്ന വേഴാമ്പലിനെപ്പോലെ.

ശ്രീ നാരായണഗുരു, അയ്യങ്കാളി തുടങ്ങിയ സാമൂഹികപരിഷ്കർത്താക്കളുടെ സ്വാധീനം ഈ വിഭാഗത്തിന്റെ സാമൂഹികചിന്തയിൽ മാറ്റം വരുത്തിയിട്ടുണ്ട്. സമൂഹത്തിലെ മറ്റ് വിഭാഗക്കാർക്ക് ഇവരോടുള്ള സമീപനത്തിലും മാറ്റം ദൃശ്യമാണ്.

ഈ രാജ്യത്തിലെ വിവിധ രാഷ്ട്രീയ പാർട്ടികളിലായി ഇവർ ചിതറിക്കിടക്കുന്നു. ഭരണഘടന അനുവദിച്ചിട്ടുള്ള സംവരണാനുകൂല്യങ്ങളിലൂടെ കുറെയാളുകൾ സർക്കാർ ജീവനക്കാരായിട്ടുണ്ട്. അവരിലുള്ള അപകർഷതാബോധംകൊണ്ട് സ്വന്തം ആളുകളുടെ പുരോഗതിയ്ക്കായി

ഒന്നും ചെയ്യുന്നില്ല എന്നു മാത്രമല്ല സ്വന്തക്കാരെ തങ്ങളിൽനിന്നു അകറ്റിനിർത്താനുള്ള ശ്രമം നടത്തുന്നതായും കാണുവാൻ കഴിയും. പട്ടികവിഭാഗക്കാർ എന്നും അലസ മനോഭാവക്കാരാണ്. 'അണ്ണാറക്കണ്ണനും തന്നാലായത്' എന്നപോലെ ഈ വിഭാഗക്കാർക്കും തങ്ങളുടെ രാജ്യത്തിന്റെ പുരോഗതിക്കായി തങ്ങളാലാവുന്ന സംഭാവനകൾ നല്കുവാൻ സാധിക്കും എന്ന് ബോദ്ധ്യപ്പെടുത്തത്തക്കവിധത്തിലുള്ള ബോധവല്ക്കരണം ആവശ്യമാണ്.

## എസ്.സി./എസ്.റ്റി. കോളനി ഇടമറ്റം

മീനച്ചിൽ പഞ്ചായത്തിലെ ഏക എസ്.സി.എസ്.റ്റി. കോളനി ഇടമറ്റം പുത്തൻശബരിമല അമ്പലത്തിനു സമീപത്തുള്ള ലക്ഷംവീടു കോളനിയാണ്. ഇവിടെയുള്ള 30 വീടുകളിൽ 20 ഉം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ആളുകൾ താമസിക്കുന്നവയാണ്. അതായത് മൂന്നിൽ രണ്ടു ഭാഗം വീടുകളും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ആളുകളുടേതാണ്. ഇതൊക്കെയാണെങ്കിലും നാളിതുവരെ ഈ പ്രദേശത്തിന് അർഹതയ്ക്കൊത്ത പരിഗണന ലഭിച്ചിട്ടില്ലായെന്നുള്ളത് ഒരു വസ്തുതയാണ്. പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ T.V. ഉൾപ്പെടെയുള്ള ദൃശ്യ ശ്രാവ്യ മാദ്ധ്യമങ്ങൾ സൗജന്യമായി നല്കുമെന്നും വായനശാല, തൊഴിൽസംരംഭങ്ങൾ എന്നിവ ആരംഭിക്കുമെന്നും കാലാകാലങ്ങളിൽ വിവിധ സർക്കാരുകൾ പറയുന്നുണ്ടെങ്കിലും നാളിതുവരെ ഇത്തരത്തിലുള്ള യാതൊരുവിധ പ്രവർത്തനങ്ങളും ഇവിടെയുണ്ടായിട്ടില്ല.

## പ്രശ്നങ്ങൾ

### ഭൂമി

നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരിപക്ഷം ആളുകൾക്കും സ്വന്തമായി കിടപ്പാടമില്ല. 5,10 സെന്റിൽ കൂടുതലുള്ള ആളുകളുടെ എണ്ണം തുലോം കുറവാണ്. റോഡു പുറമ്പോക്കിലും തോട് പുറമ്പോക്കിലും ഇന്നും താമസിക്കുന്നവരാണ്. അത്തരക്കാർക്ക് സ്വന്തമായി ഭൂമിയും നൽകുന്നതിനുള്ള പദ്ധതി അനിവാര്യമാണ്.

### വീട്

ഈ പഞ്ചായത്തിൽ പട്ടികജാതിക്കാരിൽ ഭൂരിഭാഗം പേർക്കും വീടുകൾ ഉണ്ട്. ഇത് സർക്കാരിന്റെ ഗ്രാന്റ് ഉപയോഗിച്ച് നിർമ്മിച്ചവയാണ്. ഈ വീടുകളുടെ പണി പൂർത്തീകരിക്കുവാൻ ആയിട്ടില്ല എന്നു കാണുന്നു. കാരണം ഭവനനിർമ്മാണത്തിനായി ചെലവഴിച്ച ഫണ്ടിന്റെ കുറവുതന്നെയാണ്. ഇനിയും വീടില്ലാത്ത പട്ടികവിഭാഗത്തിന് വീട് വച്ചു കൊടുക്കേണ്ടതാണ്. ഇതിനായി വിനിയോഗിക്കുന്ന തുക കാലഘട്ടത്തിനനുസരിച്ച് വർദ്ധിപ്പിക്കേണ്ടതുമാണ്. നിലവിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി സാമ്പത്തികസഹായം കൊടുക്കണം.

### സാനിട്ടറി സൗകര്യം

പരിസരമലിനീകരണം എല്ലാ ജീവജാലങ്ങളെയും ദോഷകരമായി ബാധിക്കും. സർക്കാരിൽ നിന്നും ഗ്രാന്റ് ഉപയോഗിച്ച് പണിത പല വീടുകൾക്കും സാനിട്ടറി സൗകര്യങ്ങൾ ഇല്ല. ഇത് അവരുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കും. പട്ടികജാതി വിഭാഗത്തിൽപ്പെട്ട എല്ലാ കുടുംബങ്ങൾക്കും എത്രയും വേഗം കക്കൂസുകൾ നിർമ്മിച്ചുകൊടുക്കേണ്ടതാണ്. പ്രത്യേകിച്ച് പട്ടികജാതി കോളനികളിലും ലക്ഷം വീടുകളിൽ താമസിക്കുന്ന പട്ടിക വിഭാഗങ്ങൾക്കും.

### കുടിവെള്ളം

കുടിവെള്ളക്ഷാമം ഈ വിഭാഗത്തെ ബാധിക്കുന്ന ഒരു വലിയ പ്രശ്നമാണ്. സ്വന്തമായി കിടപ്പാടമുള്ള എല്ലാ കുടുംബങ്ങൾക്കും കിണർ കുഴിക്കുന്നതിനുള്ള സാമ്പത്തികസഹായം നല്കണം. അങ്ങനെ ജലലഭ്യത ഇല്ലാത്ത സ്ഥലങ്ങളിൽ പൈപ്പുകളിലൂടെ വെള്ളം എത്തിച്ചുകൊടുക്കുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം. പട്ടികജാതി കോളനികളിലും ലക്ഷംവീട് കോളനികളിലും ഇത്തരം പരിപാടികൾ നിർബന്ധിതമാക്കണം.

### വൈദ്യുതി

വൈദ്യുതി ഇല്ലാത്ത പട്ടികവിഭാഗക്കാർക്ക് യുദ്ധകാലാടിസ്ഥാനത്തിൽ വൈദ്യുതി എത്തിച്ചു കൊടുക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കണം. ഇത് അവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസകാര്യങ്ങൾക്കും ആവശ്യമാണ്. വൈദ്യുതീകരണത്തിനുള്ള സാമ്പത്തികസഹായം നല്കുന്നതിനൊപ്പം വൈദ്യുതി ലൈൻ വലിക്കുന്നതിനുള്ള സഹായങ്ങളും പഞ്ചായത്തുതലത്തിൽ ചെയ്തുകൊടുക്കണം.

### വിദ്യാഭ്യാസം

ഇന്ന് വിദ്യാഭ്യാസരംഗത്ത് പിന്നോക്കമാണ്

ഈ വിഭാഗത്തിൽപ്പെട്ടവർ. വിദ്യാഭ്യാസരംഗത്തെ കൊഴിഞ്ഞുപോക്കലിനുള്ള കാരണം കണ്ടുപിടിച്ച് വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് സൗകര്യങ്ങൾ ഏർപ്പെടുത്തണം. ഓരോരുത്തരുടെയും അഭിരുചിക്കനുസരിച്ച് വിദ്യാഭ്യാസം നല്കുന്നതിനുള്ള സാഹചര്യം എല്ലാ സ്കൂളുകളിലും ഉണ്ടാകണം.

### തൊഴിൽ

സ്ഥിരമായ ഒരു തൊഴിലിന്റെ അഭാവം ഈ വിഭാഗത്തെ അലട്ടുന്ന ഒരു പ്രശ്നമാണ്. അഭ്യസ്തവിദ്യരായവർക്ക് തൊഴിൽപരിശീലന സൗകര്യങ്ങൾ അതാതു പഞ്ചായത്തുകളിൽ ഉണ്ടാകണം. ചെറുകിട വ്യവസായങ്ങൾക്കും മറ്റ് സ്വയംതൊഴിൽ പദ്ധതികൾക്കും ഉള്ള വായ്പാപദ്ധതികൾ ഉദാരമാക്കണം. വിദ്യാഭ്യാസയോഗ്യതയ്ക്കനുസരിച്ചുള്ള തൊഴിൽ ലഭിക്കുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വ്യാപകമാക്കണം. ഈ പഞ്ചായത്തിലുള്ള പട്ടികജാതി സർവ്വീസ് സഹകരണസംഘത്തിന്റെ പ്രവർത്തനം പുനസ്ഥാപിക്കണം. മീനച്ചിൽ താലൂക്ക് പട്ടികജാതി / പട്ടികവർഗ്ഗ മോട്ടോർ ട്രാൻസ്പോർട്ട് സഹകരണസംഘം പ്രാവർത്തികമാക്കാനുള്ള സംവിധാനം ഉണ്ടാക്കണം. കോഴിവളർത്തൽ, ആടുവളർത്തൽ തുടങ്ങി കുടുംബം കേന്ദ്രമാക്കിയുള്ള തൊഴിലുകൾ ആവിഷ്കരിക്കതി ഐ.ആർ.ഡി.പി. വായ്പ തിരിച്ചടക്കാൻ തുടങ്ങുന്നതിന് ഒരുകൊല്ലത്തെ സാവകാശം നൽകണം.

### ആരോഗ്യം

ഈ വിഭാഗക്കാരുടെ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തേണ്ടതുണ്ട്. മദ്യം വർജ്ജിക്കുന്നതിനുള്ള നടപടി ഉണ്ടാകണം. രോഗപരിശോധനാക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും ഉണ്ടാകണം

### വനിതാക്ഷേമം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകളുടെ ക്ഷേമത്തിനായി വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കണം. മെഴുകുതിരിനിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം തുടങ്ങിയവയ്ക്ക് ആവശ്യമായ സാമ്പത്തികസഹായം നല്കുന്നതോടൊപ്പം ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണനസൗകര്യവും ഏർപ്പെടുത്തണം. ടെലഫോൺ ബൂത്തുകൾ, ഫോട്ടോസ്റ്റാറ്റ് സെന്ററുകൾ മുതലായവ തുടങ്ങുന്നതിനുള്ള സാമ്പത്തികസഹായം നൽകണം. ഓരോ കുടുംബത്തിനും ഓരോ നിശ്ചിത എണ്ണം കോഴികളേയും അവയെ വളർത്തുന്നതിനുള്ള കോഴിക്കൂടുകളും ആവശ്യമായ അളവിൽ ഉണ്ടാക്കിക്കൊടുക്കണം. തൊഴിൽ സംബന്ധമായും ആരോഗ്യകരമായ കുടുംബജീവിതത്തിനും ആവശ്യമായ ബോധവത്ക്കരണം നടത്തുകയും വേണം.

### കലാ - കായിക - സാംസ്കാരിക രംഗം

കലാ - കായിക രംഗങ്ങളിൽ ശോഭിക്കുന്നവർ ഇക്കൂട്ടത്തിലുണ്ട്. അവരുടെ പ്രോത്സാഹനത്തിനായി കലാ കായിക ക്ലബ്ബുകൾ രൂപീകരിക്കുകയും വേദികൾ ഒരുക്കുകയും ചെയ്യണം. ഈ വർഗ്ഗങ്ങളുടെ ഇടയിലുള്ള പ്രാചീന കലകൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്. പട്ടികജാതി കോളനികളിൽ വായനശാലകൾ ഉണ്ടാക്കണം.

### ക്ഷേമപദ്ധതികൾ

പട്ടികജാതി വിഭാഗക്കാരെ ഉദ്ധരിക്കുന്നതിനുവേണ്ടി ധാരാളം ക്ഷേമപദ്ധതികളുണ്ട്. ഇത് കൂടുതൽ കാര്യക്ഷമമാക്കണം. ഇതിന്റെ ആനുകൂല്യങ്ങൾ എല്ലാവരിലും എത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ പഞ്ചായത്തുതലത്തിൽ ഉണ്ടാക്കുകയും നിലവിലുള്ള വ്യവസ്ഥകളിൽ അയവു വരുത്തുകയും വേണം. പഞ്ചായത്തുതലത്തിൽ പട്ടികജാതി / പട്ടികവർഗ്ഗ ക്ഷേമ സെൽ രൂപീകരിച്ചാൽ നന്നായിരിക്കും.

### യാത്രാസൗകര്യം

സഞ്ചാരയോഗ്യമായ വഴികളുടെ ദൗർലഭ്യം ഇക്കൂട്ടരെ അലട്ടുന്ന പ്രശ്നമാണ്. അതുകൊണ്ട് ഇവർ താമസിക്കുന്ന കോളനികളിലേക്കും ഇവരുടെ വീടുകളിലേക്കും ഒരു ഓട്ടോറിക്ഷയെങ്കിലും കയറ്റുന്നതിനുള്ള വഴികൾ ഉണ്ടാക്കിക്കൊടുക്കാൻ പഞ്ചായത്തുതലത്തിൽ നടപടികൾ സ്വീകരിക്കണം.

ചുരുക്കത്തിൽ ഈ പദ്ധതികൾ പ്രായോഗികമാക്കി അവരെ സമൂഹത്തിലെ മറ്റു വിഭാഗക്കാരോടൊപ്പം ഉയർത്തിക്കൊണ്ടുവരേണ്ടതാണ്.

### എസ്.സി./എസ്.റ്റി. കോളനിയിലെ പ്രശ്നങ്ങൾ

1. ഒരു മേൽക്കൂരയ്ക്കു കീഴെ രണ്ടു കുടുംബങ്ങൾ താമസിക്കുന്നു.
2. നിലവിലുള്ള വീടുകൾ കാലപ്പഴക്കംകൊണ്ട് ബലക്ഷയമുള്ളതായി തീർന്നിരിക്കുന്നു.
3. ഒരു മുറിയും അടുക്കളയും മാത്രമുള്ള കുടുംബങ്ങളിലായി 11 കുടുംബങ്ങൾ അധികം താമ

സിക്കുന്നു.

4. തൊഴിലില്ലായ്മ രൂക്ഷമായി അനുഭവപ്പെടുന്നു.
5. സ്ത്രീകളുടെയിടയിലുള്ള തൊഴിലില്ലായ്മ വളരെ രൂക്ഷം.
6. പരിസരശുചിത്വത്തിന് നേരെ വെല്ലുവിളിയുയരുന്നു.
7. ചീട്ടുകളിയുൾപ്പെടെയുള്ള സദാചാരവിരുദ്ധപ്രവർത്തനങ്ങൾ ഏറിവരുന്നു.
8. ചില വീടുകളിലെ വൈദ്യുതി കണക്ഷൻ വിഛേദിച്ചിരിക്കുന്നു.
9. പൊതുശ്മശാനത്തിലേക്ക് യാത്രാസൗകര്യം കുറവാണ്.
10. കുട്ടികൾക്ക് ആവശ്യത്തിന് കളിക്കളങ്ങളോ മുതിർന്നവർക്ക് ഹെൽത്ത് ക്ലബ്ബുകളോ ഇല്ല.
11. കലാ കായിക സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികളില്ല.
12. പാചകാവശ്യത്തിനുള്ള ഇന്ധനക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു.
13. നിത്യോപയോഗസാധനങ്ങൾക്കനുഭവപ്പെടുന്ന ദൗർലഭ്യം
14. വേനൽക്കാലത്ത് കുടിവെള്ള പ്രശ്നം രൂക്ഷമായി അനുഭവപ്പെടുന്നു.

## നിർദ്ദേശങ്ങൾ

1. ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗവിഭാഗക്കാർക്ക് 5 സെന്റ് എങ്കിലും സ്വന്തമായ ഭൂമി വാങ്ങുന്നതിന് മതിയായ മുഴുവൻ സാമ്പത്തിക സഹായവും സൗജന്യമായി നല്കണം.
2. കാർഷിക വൃത്തിയോട് താല്പര്യമുള്ള ഇക്കൂട്ടർക്ക് ഭൂമി വാങ്ങുന്നതിന് ഭൂമിയുടെ ഈടിന്മേൽ ആവശ്യമായ വായ്പാസഹായം ലഭ്യമാക്കണം. ടി വായ്പത്തുക കുറഞ്ഞ പലിശയ്ക്ക് നല്കുകയും ഭൂമി വാങ്ങി ആദ്യത്തെ ഒരുവർഷത്തിനുശേഷം തിരിച്ചടവ് ആരംഭിച്ചാൽ മതിയെന്നും വ്യവസ്ഥ വയ്ക്കണം ഈ ഒരു വർഷക്കാലം പലിശ ഈടാക്കുവാനും പാടില്ല.
3. വീടുകൾ വയ്ക്കുനതിന് മതിയായ ഭവന നിർമ്മാണവായ്പകൾ പലിശരഹിതമായി നല്കണം. വായ്പകൾ തിരിച്ചടയ്ക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.
4. പട്ടികജാതി- പട്ടികവർഗവിഭാഗത്തിൽപെട്ട അഭ്യസ്ഥവിദ്യരായ എല്ലാവർക്കും തൊഴിലോ മാന്യമായ മറ്റു വരുമാനമാർഗ്ഗമേ ഉണ്ടെന്ന് ഉറപ്പുവരുത്തണം.
5. അങ്ങനെ ചെയ്താൽ വിദ്യാഭ്യാസം കൊണ്ട് യാതൊരു ഗുണമില്ലായെന്ന ചിന്താഗതി രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും മനസ്സിൽ നിന്ന് ഓടിയൊളിക്കുകയും വിദ്യാഭ്യാസരംഗത്തുനിന്നുള്ള കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കുവാനും ഇടവരുത്തും.
6. പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗക്കാരുടെ തൊഴിൽ സഹകരണം സംരംഭങ്ങൾ അവരുടെ മേൽക്കോയ്മയിൽ ഇതരവിഭഗങ്ങളുമായി സഹകരിച്ച് നടപ്പാക്കണം.
7. മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള ബോധവത്ക്കരണവും ചികിത്സാ രീതികളും ഈ വിഭാഗത്തിൽപെട്ടവർക്ക് ലഭ്യമാക്കണം.
8. രോഗനിർണ്ണയത്തിനും വിദഗ്ധചികിത്സയ്ക്കും അവസരം ലഭ്യമാക്കണം. വാർഡുകൾതോറും വിദഗ്ദ്ധ ഡോക്ടർമാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള രോഗനിർണ്ണയക്യാമ്പുകൾ വർഷത്തിൽ രണ്ടു തവണയെങ്കിലും നടത്തണം.
9. ഗ്രാമസഭകൾ ശുപാർശചെയ്യുന്ന വ്യക്തികൾക്ക് ലഭിക്കുന്ന വൈദ്യസഹായത്തിന് ആവശ്യമായ സന്ദർഭങ്ങളിൽ വേണ്ടിവരുന്ന ചിലവുകൾ പൂർണ്ണമായും സ്വകാര്യശുപത്രിയിലാണെങ്കിലും സർക്കാർ ഏറ്റെടുക്കണം.അങ്ങനെ ചെയ്താൽ മാത്രമേ തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾക്ക് ആ വിഭാഗത്തിനോട് കുറും താല്പര്യവും നിലനിർത്തുവാനും അവരുടെ മാത്രം ക്ഷമത്തിനുവേണ്ടി പ്രവർത്തിക്കുവാനും സാധിക്കുകയുള്ളൂ.

**എസ്.സി./എസ്.റ്റി. കോളനി നിർദ്ദേശങ്ങൾ**

1. ഒരു മേൽക്കൂരയ്ക്കു കീഴെ ഒരു കുടുംബം വരാവുന്ന രീതിയിൽ വീടുകൾ പുനനിർമ്മിക്കുകയും അതിനുവേണ്ടി 30 കുടുംബങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് ഒരു സ്വയം സഹായ സഹകരണസംഘവും ഹൗസിംഗ് സൊസൈറ്റിയും രൂപീകരിക്കുകയും ചെയ്യുക.
2. അധികകുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.
3. ചെറുകിടവ്യവസായങ്ങളും കുടിൽ വ്യവസാ

യങ്ങളും ആരംഭിക്കണം.

4. സ്ത്രീകൾക്കും കുട്ടികൾക്കും വിശ്രമസമയത്ത് സാമ്പത്തികനേട്ടം ഉണ്ടാക്കുവാൻ കഴിയുന്ന ചെറുകിടവ്യവസായങ്ങൾ ആരംഭിക്കണം.
5. ജൈവവളനിർമ്മാണത്തിന് ഉപയോഗിക്കാവുന്ന തരത്തിലുള്ള കമ്പോസ്റ്റുകുഴികൾ സ്ഥാപിക്കുക. എല്ലാ വീടുകളിലും വൃത്തിയും വെടിപ്പുമുള്ള കക്കൂസ് സൗകര്യമുണ്ടെന്ന് ഉറപ്പുവരുത്തണം. പഞ്ചായത്തിൽനിന്ന് കക്കൂസ് നിർമ്മിക്കുവാൻ 2000 രൂപ ധനസഹായം നല്കിയെങ്കിലും 7 കുടുംബങ്ങൾ ഇനിയും അവ പൂർത്തീകരിച്ചിട്ടില്ല. അവ പൂർത്തീകരിക്കാൻ വേണ്ട നടപടികൾ അധികസാമ്പത്തികസഹായം ഉൾപ്പെടെയുണ്ടാവണം.
6. ബോധവത്ക്കരപണവും ചർച്ചാക്ലാസ്സുകളും സംഘടിപ്പിക്കുകയും വിശ്രമസമയങ്ങളിൽ ഏർപ്പെടുന്നതിന് വിനോദോപാധികൾ കണ്ടെത്തുകയും ചെയ്യണം.
7. എല്ലാ വീടുകളിലും സൗരോർജ്ജവിളക്കുകൾ സ്ഥാപിക്കുകയും സൗരോർജ്ജവൈദ്യുതിയുത്പാദിപ്പിക്കുന്നതിന് ഒരു യൂണിറ്റുതന്നെ സ്ഥാപിക്കുന്നതും അഭികാമ്യമായിരിക്കും. ഇതൊന്നും സാധ്യമല്ലെങ്കിൽ എല്ലാ വീടുകളിലും വൈദ്യുതി കണക്ഷൻ പുനസ്ഥാപിച്ചുകൊടുക്കണം.
8. പുത്തൻശബരിമല- തണ്ണിപ്പാറ - മുട്ടിയാനിക്കുന്ന് - ശ്മശാനറോഡ് വീതികൂട്ടി ടാർ ചെയ്യണം.
9. നിലവിലുള്ള അംഗൻവാടിയോടനുബന്ധിച്ച് ഒരു ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കണം. മുതിർന്നവർക്ക് ആരോഗ്യപരിപാലനത്തിനു വേണ്ട ഹെൽത്ത് ക്ലബ്ബുകളും ഇതിനോടനുബന്ധിച്ച് പ്രവർത്തിപ്പിക്കാം.
10. വായനശാല, ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കമ്മ്യൂണിറ്റി ഹാൾ എന്നിവ ഉൾപ്പെടുന്ന സാംസ്കാരികനിലയം സ്ഥാപിക്കണം.
11. സൗരോർജ്ജഅടുപ്പുകൾ സൗജന്യനിരക്കിൽ വിതരണം ചെയ്യണം.
12. ഒരു കൺസ്യൂമർ സ്റ്റോർ ആരംഭിക്കണം
13. മിനി വാട്ടർ സപ്ലൈ സ്കീം ആരംഭിക്കണം.

## പൊതുനിർദ്ദേശങ്ങൾ

1. തെരഞ്ഞെടുപ്പുകളിൽ സംവരണം ചെയ്തിട്ടുള്ള സീറ്റിലേക്ക് അതാത് വിഭാഗങ്ങളിൽപെട്ടവർക്ക് ജനസംഖ്യാനുപാതികമായി ഏരിയാ നിശ്ചയിച്ച് വോട്ടവകാശം ഏർപ്പെടുത്തുക. ഉദാ. പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിന് ആ വിഭഗത്തിൽപെട്ട പഞ്ചായത്തിലെ മുഴുവൻ വോട്ടർമാരുടെയും അഭിപ്രായം ആരായുന്നതിനും ഇതരവിഭാഗത്തിൽപെട്ടവർക്ക് അഭിപ്രായം രേഖപ്പെടുത്തുന്നതിന് അവകാശം സിദ്ധിക്കാതിരിക്കുകയും ചെയ്യണം. സംസ്ഥാനത്തെ നിയമസഭയിലേക്ക് തെരഞ്ഞെടുപ്പ് നടത്തുമ്പോൾ ഈ വിഭാഗത്തിൽപെട്ട ആളുകളുടെ പ്രതിനിധികളെ ജില്ലാ അടിസ്ഥാനത്തിലോ അഥവാ മൂന്നോ നാലോ നിയോജക മണ്ഡലങ്ങളേ കൂട്ടിച്ചേർത്തുകൊണ്ട് മതിയായ ജനസംഖ്യ വിഭാഗത്തിൽ കിട്ടുന്ന മുറക്ക് മണ്ഡലങ്ങൾ രൂപപ്പെടുത്തണം.
2. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് കൃഷിഭൂമി കൈവശമില്ല.
3. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ചെറിയ ഒരു ന്യൂനപക്ഷത്തിനുമാത്രമേ വാസയോഗ്യമായ വീടുകൾ ഉള്ളൂ.
4. പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപെട്ട അഭ്യസ്ഥവിദ്യരായവർക്കു പോലും തൊഴിൽ ലഭിക്കുന്നില്ല.
5. പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപെട്ട കുട്ടികൾ വിദ്യാഭ്യാസം പൂർത്തിയാക്കാതെ വരുന്നു.
6. പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപെട്ട ആളുകൾ ചേർന്ന് രൂപം കൊടുക്കുന്ന തൊഴിൽ സഹകരണ സംരംഭങ്ങൾ അകാലചരമമടയുന്നു.
7. ഈ വിഭാഗത്തിൽപെട്ട ആളുകളുടെയിടെയിൽ മദ്യപാനാസക്തി നിലനില്ക്കുന്നു.
8. രോഗനിർണ്ണയം പ്രാരംഭത്തിൽ കണ്ടെത്താനാവുന്നില്ല സാമ്പത്തിക പരാധീനമൂലം പലപ്പോഴും ഗുണമേന്മയുള്ള ചികിത്സ ലഭിക്കുന്നില്ല.

5-12

# വിഭവസമാഹരണം

കാർഷിക മേഖലയായ മീനച്ചിൽ ഗ്രാമ പഞ്ചായത്തിന്റെ വിസ്തീർണ്ണം 15.49 ചതുരശ്ര കിലോമീറ്ററാണ്. വിസ്തീർണ്ണത്തിന്റെ 70%ത്തിലധികവും റബ്ബർ കൃഷിയിൽ അധിഷ്ഠിതമായ പ്രദേശമാണിത്. പൊതുവേ കാർഷിക മേഖലയാണെങ്കിലും തെങ്ങ്, കമുക്, നെല്ല് സുഗന്ധവിള, കൊക്കൊ എന്നിവയും കൃഷി ചെയ്തുവരുന്നു. ഭൂപ്രകൃതിയനുസരിച്ചു മീനച്ചിൽ ഒരു മലമ്പ്രദേശത്തേയോ മലഞ്ചെരുവിനേയോ, ഓർമ്മിപ്പിക്കുന്നു. സമ്മിശ്ര വിള സമ്പ്രദായം കൈവിട്ട് ഏകവിളസമ്പ്രദായത്തിലേക്ക് പൂർണ്ണമായും ശ്രദ്ധതിരിച്ചുകൊണ്ടിരിക്കുന്ന നാടാണ് മീനച്ചിൽ.

കാർഷിക രംഗത്ത് ഈ നാട് അഭുതപൂർവ്വമായ വളർച്ചയാണ് 1950-കൾക്കുശേഷം കൈവരിച്ചിരിക്കുന്നത്. സ്ഥിതിവിവരകണക്കുകൾ മീനച്ചിലിന്റെ വളർച്ചയിൽ അതാണു സൂചിപ്പിക്കുന്നത്. അതിന്റെ പ്രധാനകാരണം, കൃഷിയോട് തദ്ദേശവാസികൾക്കുള്ള ആഭിമുഖ്യമാണ്. അഭ്യസ്ഥവിദ്യർ, സർക്കാർ ജോലിക്കുവേണ്ടി വൈറ്റ് കോളർ മനോഭാവം ജീവിതവ്രതമായി കരുതുമ്പോൾ, ബിരുദ-ബിരുദാനന്തരബിരുദധാരികൾ കുറച്ചെങ്കിലും ഇവിടെ കൃഷിയിടങ്ങളിൽ കർമ്മോന്മുഖരായിരിക്കുന്ന കാഴ്ച കാണുവാൻ കഴിയും. ഞാൻ കൃഷിക്കാരനാണ്, എനിക്കിന്ന വിദ്യാഭ്യാസയോഗ്യതയുണ്ട് എന്നു പറയുന്ന കാര്യത്തിൽ യാതൊരു വിമുഖതയും കാണിക്കുന്നില്ല എന്നതും എടുത്തു പറയേണ്ടതുതന്നെ. പൊതുവേ കൃഷിയേയും കൃഷി കാര്യങ്ങളേയും പുച്ഛത്തോടെ വീക്ഷിക്കുന്നവർക്ക് മീനച്ചിൽ ഒരു മാതൃകയും മാർഗ്ഗദർശിയും ആണെന്ന കാര്യത്തിൽ എതിരഭിപ്രായത്തിനു വഴിയില്ല. അദ്ധ്വാനശീലവും കൃഷിയെ ക്കുറിച്ചുള്ള നൂതന അറിവും കൈമുതലാക്കികൊണ്ട് ജീവിതവിജയം കൈവരിക്കുന്നതിൽ ഈ പ്രദേശം വ്യതിരിക്തമായ ഒരു പന്ഥാവുതന്നെ വെട്ടിത്തെളിച്ചിരിക്കുന്നു.

കാർഷികവിളകളുടെ വിലയിടിവ് കൃഷിക്കാരന്റെ മുതുകത്തു കയറ്റിവച്ചിരിക്കുന്ന നുകമാണ്. വിയർപ്പൊഴുക്കി മണ്ണിൽ പൊന്നു വിളിയിക്കുമ്പോൾ അതിനു വിയർപ്പിന്റെ വിലപോലും ലഭിക്കാത്ത അവസ്ഥ.

പൊതുയാത്രാസൗകര്യം കുറവുള്ള സ്ഥലമാണു മീനച്ചിൽ. തൊട്ടടുത്ത് പാലായും പൊൻകുന്നവും പേരുകേട്ട സ്ഥലങ്ങളായി സ്ഥിതിചെയ്യുമ്പോൾ കോട്ടയത്തേക്കും എറണാകുളത്തേക്കും ഏതു സമയത്തും ചെന്നെത്താവുന്നവിധം വാഹനം ലഭിക്കും. ഏഴു കിലോ മീറ്റർ ദൂരം സ്റ്റേറ്റ് ഹൈവേ മീനച്ചിൽ പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശത്തുകൂടി കടന്നുപോകുന്നു. മീനച്ചിലാറും മീനച്ചിൽതോടും പൊന്നൊഴുകുംതോടും പാറപ്പള്ളി തോടും ഈ സ്ഥലത്തിന്റെ വിഭവശേഷിയെ സമ്പുഷ്ടമാക്കുന്ന അതിപ്രധാനമായ ഘടകമാണ്. ഇരുപത്തിയഞ്ചു കി.മീറ്ററിലധികം പി.ഡബ്ളിയു.ഡി. റോഡും മെറ്റൽ റോഡും മൺ റോഡുകളും ഉൾപ്പെടെ ഏകദേശം യാത്രാ സൗകര്യമുള്ള അറുപതു കി. മീറ്ററോളം റോഡ് മീനച്ചിൽ പഞ്ചായത്തിലുണ്ട്. അത് കൃഷിയേയും വിളയേയും തമ്മിൽ ബന്ധിപ്പിക്കുന്ന ക്രയവിക്രയം നടത്തുന്നതിനുള്ള അത്യന്താപേക്ഷിത ഘടകമായി നിലകൊള്ളുന്നു.

മീനച്ചിൽ ഗ്രാമ പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗം കെട്ടിടനികുതി മാത്രമാണ്. തൊഴിൽ നികുതിയും കാർഷിക തൊഴിൽ നികുതിയും കൂടിക്കൂട്ടിയാൽ 3.5 ലക്ഷം രൂപയിൽ അധികരിക്കുകയില്ല. പിന്നെ ആശ്രയം സർക്കാർ ഗ്രാന്റുകളെയാണ്. സർക്കാർ ഗ്രാന്റുകൾക്ക് ഭരണപ്രതിപക്ഷഭേദം കൂടാതെ ഭരണാധികാരികളെ ആശ്രയിക്കാതിരിക്കാൻ ഇന്നും കഴിഞ്ഞിട്ടില്ല. സർക്കാർ ഗ്രാന്റുകൾ വിവേചനം കൂടാതെ പഞ്ചായത്തുകൾക്കു കിട്ടുവാൻവേണ്ട നടപടിക്രമം പൂർത്തിയാക്കേണ്ടിയിരിക്കുന്നു. പ്രഖ്യാപനങ്ങളിൽ വ്യാമോ

പട്ടിക-1

## വരുമാനത്തിലെ വദ്ധന, വ്യതിയാനം

| | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| കെട്ടിട നികുതി | 121101.10 | 178882.00 | 187015.00 | 199005.00 |
| തൊഴിൽ നികുതി | 88070.00 | 96825.00 | 116385.00 | 153390.00 |
| ലൈസൻസ് ഫീസ് | 3346.00 | 2980.00 | 4735.00 | 5108.00 |
| അൺടൈഡ് ഫണ്ട് | | | | |
| J.R.Y ഗ്രാന്റുകൾ, സംഭാവന ഡിപ്പോസിറ്റ് | 1135416 | 833012.00 | 835827 | 1106365 |
| ആകെ | 1347933.10 | 1111699.00 | 1134492.35 | 1463871.80 |

പട്ടിക 2

## ചെലവ്

| | ഇനം | തുക |
|---|---|---|
| 1 | ഭരണം | 613859.25 |
| 2 | പൊതുമരാമത്ത് | 408957.00 |
| 3 | വിദ്യാഭ്യാസം | 11192.00 |
| 4 | ജനവിതരണം, പൊതുജനാരോഗ്യം | 1000.00 |
| 5 | തെരുവുവിളക്കുകൾ | 43636.00 |
| 6 | മറ്റുള്ളവ | 431161.85 |
| | ആകെ | **Rs.1509806.10** |

പട്ടിക 3

## പൊതു സാമ്പത്തിക നില

| | പൊതുകണക്ക് | മൂലധനകണക്ക് | കടം സംബന്ധിച്ച കണക്ക് |
|---|---|---|---|
| വരവ് | 1463871.80 | 99000.00 | 140555.20 |
| ചെലവ് | 1509806.10 | 51868.00 | 396574.00 |

പട്ടിക 4

| | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| വരവ് | 1349462.13 | 1037506.27 | 1208483.30 | 1463871.80 |
| ചെലവ് | 716040.93 | 1372588.60 | 1445018.70 | 1509806.10 |
| വ്യത്യാസം | 633421.20 | - 335082.33 | - 236535.40 | - 45934.30 |

ഹിതരായി പദ്ധതികൾക്കു രൂപം നൽകി കാത്തിരിക്കേണ്ടുന്ന ദുർഗതി മറ്റു പഞ്ചായത്തുകളെപ്പോലെ ഇവിടെയും സുലഭമാണ്. തനതു വരുമാനം കൊണ്ട് ജീവനക്കാർക്കു ശമ്പളം പോലും നൽകാനാവാത്ത അവസ്ഥയാണിന്നുള്ളത്. പ്രഖ്യാപനത്തിനുശേഷം നാളുകൾ താണ്ടിക്കഴിഞ്ഞെത്തുന്ന ഗ്രാന്റുകൾ വികസനപ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു.

## മണൽ

മീനച്ചിൽ ആറ്റിലെ മണൽ ലേലം ചെയ്തു കൊടുത്തിരുന്നപ്പോൾ, അത് പഞ്ചായത്തിന്റെ തനതു വരുമാനത്തെയും പുരോഗതിയെയും സാരമായി സ്വാധീനിക്കുകയും ചെയ്തിരുന്ന ഒരു പ്രധാനഘടകമായിരുന്നു. എന്നാൽ മണൽ ലേലം കോടതിയിടപെട്ട് നിർത്തലാക്കിയതോടുകൂടി, പഞ്ചായത്തിന്റെ ഏറ്റവും വലിയ വരുമാനമാർഗ്ഗങ്ങളിലൊന്നാണ് നിന്നു പോയത്. എന്നാൽ അനധികൃതമായി ഇന്നും മണൽ വാരൽ നടന്നുവരുന്നു എന്നത് പകൽപോലെ സത്യവുമാണ്. പഞ്ചായത്തുകൾക്ക് അതിന്റെ നാമമാത്രമായ അധികാരത്തിലൂടെ ഇതിനെ നിയന്ത്രിക്കുവാനോ, ഫലപ്രദമായ ശിക്ഷാനടപടികൾ സ്വീകരിക്കുവാനോ കഴിയുന്നില്ല. മാത്രവുമല്ല, പൂർണ്ണമായും മണൽവാരൽ നിരോധിക്കുന്നത് നമ്മുടെ പഞ്ചായത്തിലെ സാധാരണക്കാരന്റെ വീട് എന്ന സ്വപ്നത്തെ പ്രതികൂലമായി ബാധിക്കും. കാരണം കെട്ടിടനിർമ്മാണത്തിലെ അനിവാര്യഘടകമാണല്ലോ മണൽ.

## വ്യവസായം

റബ്ബർ അധിഷ്ഠിതവ്യവസായത്തിന് ഈ മേഖല കാര്യമായ സംഭാവനകൾ നൽകിയിട്ടില്ല. ഒരു റബ്ബർ പാൽ സംസ്കരണ ഫാക്ടറിയും ഒരു ക്രംബ് ഫാക്ടറിയും ഒരു ക്രിപ്പുമില്ലും ഒരു റബ്ബർ ബാൻഡ് കമ്പനിയും ഇവിടെ പ്രവർത്തിക്കുന്നു. റബർ റോളർ ഉൽപാദനഫാക്ടറി രണ്ടെണ്ണം ഈ പഞ്ചായത്തിലുണ്ട്. ഹോളോബ്രിക്സ് നിർമ്മാണം, തീപ്പെട്ടി, പ്ലാസ്റ്റിക് കണ്ടെയ്നർ ഉൽപാദനകേന്ദ്രം, വുഡൺ സ്വിച്ച് ബോക്സ് നിർമ്മാണം, മ്യൂസിക്കൽ ഇൻസ്ട്രമെന്റ് നിർമ്മാണം, തുടങ്ങി ചെറുതും വലുതുമായ ഒട്ടനവധി ഉൽപ്പാദനക്ഷമമായ പ്രവൃത്തികൾ നടന്നു വരുന്നു. സ്വയം തൊഴിൽ സംരംഭമെന്നവിധം, സിമന്റ് കട്ടള, ജനൽ ഇവ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദിപ്പിച്ചു വിപണനം നടത്തുന്ന രണ്ടു യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

റബ്ബർ നേഴ്സറികൾ ഈ പ്രദേശത്തിന്റെ ഒരു മുഖമുദ്രയാണ്. ആറു നേഴ്സറികൾ ഇവിടെ പ്രവർത്തിക്കുന്നു. ഇതു മൂലം പ്രത്യക്ഷത്തിലും പരോക്ഷമായും ഒട്ടുവളരെ ആളുകൾക്ക് തൊഴിൽ നേടിക്കൊടുക്കുവാൻ കഴിയുന്നുണ്ട്.

## തൊഴിൽ നികുതി

കാർഷികാദായ തൊഴിൽ നികുതി മുൻകാലങ്ങളിൽ പഞ്ചായത്തിൽ സ്വീകരിച്ചിരുന്നത് യാതൊരു മാനദണ്ഡവും കണക്കാക്കാതെ 'വായിൽ തോന്നിയതു കോതക്കു പാട്ട്' എന്ന വിധത്തിലായിരുന്നു. ഹെക്ടറുകൾ കണക്കിനു സ്ഥലത്തു കൃഷിചെയ്ത് വമ്പൻ വരുമാനമുണ്ടാക്കിയിരുന്നവർക്കും ചെറുകിടകർഷകർക്കും ഒരേ മാനദണ്ഡത്തിൽ നികുതി ചുമത്തുകയെന്നത് നീതീകരിക്കാവുന്നതായിരുന്നില്ല. പക്ഷേ, ഇവിടെ മുൻകാലങ്ങളിൽ അങ്ങനെയാണു സംഭവിച്ചിരുന്നത്.

## കെട്ടിട നികുതി

പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ ഏറിയ പങ്കും കെട്ടിട നികുതിയിനത്തിൽ ലഭിക്കുന്നതാണ്. മീനച്ചിൽ പഞ്ചായത്തിലെ ഒൻപതു വാർഡുകളിലായി 4039 കെട്ടിടങ്ങളാണുള്ളത്. ഇതിൽ 2700-ഓളം കെട്ടിടങ്ങൾ നികുതിയുള്ളവയാണ്. കെട്ടിട നികുതിയിനത്തിൽ പഞ്ചായത്തിന്റെ 1992-93 മുതലുള്ള വരുമാനം പട്ടിക 1-ൽ വിവരിക്കുന്നു. ഓരോ വർഷവും കെട്ടിട നികുതിയിനത്തിൽ വർദ്ധനവുണ്ട്.

## ലൈസൻസ്ഫീസ്

ഏറിയും കുറഞ്ഞും നിൽക്കുന്ന സ്ഥിരതയില്ലാത്ത കണക്കുകളാണ് ലൈസൻസ് ഫീസിന്റെ പിരിവു സൂചിപ്പിക്കുന്നത്. സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നത് മൂലം ഉണ്ടാകുന്ന ധനനഷ്ടമാണിതെന്നു പറയുവാൻ കഴിയില്ല. വരുമാനത്തിന്റെ ഏറ്റക്കുറച്ചിലുകൾ പട്ടിക 1-ൽ നിന്നു തന്നെ വ്യക്തമാണ്. ഇതിനു കാരണം, വ്യാപാരികൾ സ്വമനസാലെ ലൈസൻസ് എടുക്കുന്നതിനു വേണ്ടി ബോധവാന്മാരല്ല എന്നതാണ്. കൂടാതെ ശാസ്ത്രീയമായ നികുതിയല്ല ഈ രംഗത്തു നിശ്ചയിച്ചിരുന്നത് എന്നത് ഒരു പോരായ്മയാണ്.

## വിനോദനികുതി

വിനോദനികുതിയിനത്തിൽ വരുമാനമില്ലാത്ത അപൂർവ്വം ചില പഞ്ചായത്തുകളിൽ ഒന്നാണ് മീനച്ചിൽ ഗ്രാമ പഞ്ചായത്ത്.

## മറ്റുധനാഗമ മാർഗ്ഗങ്ങൾ

മറ്റുയാതൊരു വരുമാനമാർഗ്ഗവും ഇല്ലാത്ത സ്ഥിതിയാണു പഞ്ചായത്തിന്റെ ദുർഗതി. മീനച്ചിൽ പഞ്ചായത്തിന്റെ വകയായി, VII-ാം വാർഡിൽ പൈകയിൽ സ്ഥിതിചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സാണ് വരുമാനമാർഗ്ഗത്തിൽ ശ്രദ്ധിക്കാവുന്ന ഒരു ആശാമാർഗ്ഗം. 13 മുറികളിൽ നിലവിൽ നാലുമുറികൾ മാത്രമേ വാടകയ്ക്കു പോയിട്ടുള്ളു. ഇവ വാടകയ്ക്ക് എടുക്കുവാൻ ആളുകൾ തയ്യാറാവാത്തതിന്റെ പ്രധാന കാരണം അശാസ്ത്രീയമായ രീതിയിലുള്ള ഇതിന്റെ നിർമ്മാണം തന്നെ. വായു പോലും കടക്കുവാൻ നിർവാഹമില്ലാത്തവിധം പണിതീർത്തിരിക്കുന്ന ഈ മുറികൾക്ക് വാടകക്കാരെ കിട്ടുവാൻ ഏറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഇവ, വാടകയ്ക്കു കൊടുത്താൽ കിട്ടുമായിരുന്ന വരുമാനം അതുകൊണ്ട് നഷ്ടമാകുന്നു. ഓരോ വർഷവും ഈ കെട്ടിടം പണിയുവാൻ വേണ്ടി റൂറൽ ഡവലപ്പ്മെന്റ് ബോർഡിൽ നിന്നും വായ്പ യെടുത്തിരിക്കുന്ന വകയിൽ പ്രതിവർഷം 4 ലക്ഷത്തിലേറെ രൂപ മറ്റുവരുമാനങ്ങളിൽ നിന്നുമെടുത്തു തിരിച്ചടയ്ക്കേണ്ട സ്ഥിതിയാണിന്നുള്ളത്.

## ഓട്ടോറിക്ഷാസ്റ്റാൻഡ്

മീനച്ചിൽ പഞ്ചായത്തിന്റെ വ്യാപാര കേന്ദ്രമെന്നു വിശേഷിപ്പിക്കാവുന്ന പൈകയിൽ ഏകദേശം ഇരുപത്തിയഞ്ചോളം ഓട്ടോറിക്ഷകൾ ഉണ്ട്. ഇവയ്ക്ക് പഞ്ചായത്തുവകയായ സ്റ്റാൻഡ് നിലവിലില്ല. റോഡിന്റെ സൈഡിൽകിടന്നു മറ്റുവാഹനങ്ങൾക്കും യാത്രക്കാർക്കും ബുദ്ധിമുട്ട് ഉണ്ടാക്കുന്നത് ഒഴിവാക്കുന്നതിനായി, പഞ്ചായത്തുഷോപ്പിംഗ് കോംപ്ലക്സിന്റെ ഇരുവശങ്ങളിലായി ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്ത് പാർക്കിംഗ് സൗകര്യം ചെയ്തു കൊടുത്താൽ അത് അഭികാമ്യവും, ഓരോ ഓട്ടോക്കും പഞ്ചായത്തിൽ നിന്നും ചെറിയ ഫീസ് നിശ്ചയിച്ചാൽ പഞ്ചായത്തിന് അതൊരു വരുമാനവും ആകും.

## മാർക്കറ്റ്

പഞ്ചായത്തിന്റെ വകയായി പൈകയിൽ, പഞ്ചായത്തു വക ഒരു മാർക്കറ്റ് പ്രവർത്തിച്ചു വരുന്നു. ഇത് ഓരോ വർഷവും ലേലം ചെയ്തു കൊടുക്കാറാണു പതിവ്. മാർക്കറ്റിൽ സ്ലോട്ടറിംഗ് ഹൗസും പ്രവർത്തിച്ചു വരുന്നു. ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളെല്ലാം തുറന്നു പ്രവർത്താനമാരംഭിക്കുകയും മറ്റും ചെയ്താൽ മാർക്കറ്റിന്റെ പ്രസക്തി വർദ്ധിക്കുകയും അതുവഴി പഞ്ചായത്തിനു കൂടുതൽ വരുമാനം ലഭിക്കുവാനും ഇടയുണ്ട്.

## ബാങ്കുകൾ

മീനച്ചിൽ ഗ്രാമ പഞ്ചായത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ഒരു ശാഖയും ഫെഡറൽ ബാങ്കിന്റെ ഒരു ശാഖയും കോട്ടയം ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖയും പ്രവർത്തിച്ചുവരുന്നു. കൂടാതെ പൂവരണി കോ-ഓപ്പറേറ്റീവ് ബാങ്കും മീനച്ചിൽ സർവ്വീസ് സഹകരണബാങ്കും പ്രവർത്തിക്കുന്നു. ഇവയ്ക്കെല്ലാം പുറമെ സ്വകാര്യ ഫൈനാൻസിയേഴ്സുകളും പ്രവർത്തിച്ചുവരുന്നു. നിക്ഷേപങ്ങളുമായി വിലയിരുത്തുമ്പോൾ അവയിൽ എത്രശതമാനം പഞ്ചായത്തിൽ വായ്പയായി കൊടുത്തിട്ടുണ്ടെന്ന് വിലയിരുത്തുവാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് പ്രദേശത്തുനിന്നും ലഭിക്കുന്ന നിക്ഷേപങ്ങളിൽ 75% ത്തോളമെങ്കിലും വായ്പയായി നൽകുവാൻ ശ്രദ്ധിക്കുകയും ശ്രമിക്കുകയുമാണെങ്കിൽ പഞ്ചായത്തിൽ കൂടുതൽ ചെറുകിടവ്യവസായങ്ങൾ ആരംഭിക്കുവാനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിൽക്കുവാനും കഴിയും.

പഞ്ചായത്തിൽ നിന്നും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ പൈകശാഖയിലേക്കും, ഫെഡറൽ ബാങ്കിന്റെ ബ്രാഞ്ചിലേക്കും അവരുടെ പ്രവർത്തനറിപ്പോർട്ടും മറ്റും രേഖപ്പെടുത്തി അയച്ചു തരണമെന്നു കാണിച്ച് പ്രസിഡന്റ് അയച്ച കത്തിന് യാതൊരുവിധ പ്രതികരണവും ലഭിച്ചില്ല എന്നത് ജനകീയസൂത്രണപരിപാടികളോടുള്ള നഗ്നമായ അവഹേളനമാണെന്ന് ഈ അവസരത്തിൽ എടുത്തുപറയേണ്ടിയിരിക്കുന്നു.

## ചെലവുകൾ

പ്രത്യുത്പ്പാദനപരമായ ആവശ്യങ്ങൾക്കായി ചെലവുകൾ വളരെ വിരളമായേ നടത്തിയിരുന്നുള്ളൂ എന്നത് എടുത്തുപറയേണ്ടകാര്യമാണ്. കാരണം പഞ്ചായത്തിന്റെ വരുമാനപരിധിക്കുള്ളിൽ നിന്നുകൊണ്ട് അതിനു കഴിയുകയില്ല എന്നതുതന്നെ.

വരവിൽ ഭരണത്തിനാണ് ഏറിയപങ്കും ചെലവഴിക്കുന്നതെന്ന് പട്ടിക 2-ൽ വ്യക്തമാകുന്നു. ഭരണമെന്നുപറയുമ്പോൾ ഉദ്യോഗസ്ഥ ചെലവുകൾ, പ്രസിഡന്റ്, മെമ്പറന്മാരുടെ സിറ്റിംഗ് ഫീസ് മുതലായവയാണ്. വരുമാനത്തിന്റെ ഏകദേശം 42% ഇതിനുവേണ്ടി മാറ്റിവയ്ക്കേണ്ടി വരുന്നു. പൊതുമരാമത്തിനായി 28%, വിദ്യാഭ്യാസം, പൊതു

## പൊതുമരാമത്തു പണി സംബന്ധിച്ച ചെലവുകൾ

| പണിയുടെ ഇനം | എസ്റ്റിമേറ്റ് തുക | യാർത്ഥചിലവ് ഗ്രാന്റ് തുക | പഞ്ചായത്ത് ഫണ്ട് | ആകെ |
|---|---|---|---|---|
| റോഡ് | 350000.00 | 311597.00 | — | 311597.00 |
| തോട് | — | — | — | — |
| കെട്ടിടം | 166950.00 | 141129.00 | — | 141129.00 |
| നടപ്പാലം | 100000.00 | 85192.00 | — | 85192.00 |
| മറ്റുള്ളവ | 50000.00 | 48079 | — | 48079.00 |
| **ആകെ** | 666950.00 | 585997 | — | 585997 |

ജനാരോഗ്യം തെരുവുവിളക്കുകൾ എന്നിവയ്ക്കായി **25%** തുകയും നീക്കി വയ്ക്കേണ്ടിവരുന്നു എന്നത് മുൻകാല സ്ഥിതി വിവരകണക്കുകളിൽ നിന്നു വ്യക്തമാണ്. ഇതിൽ പൊതുമരാമത്തിനായി അൺ ടൈഡ് ഫണ്ട്, ജെ. ആർ വൈ. ഫണ്ടുകൾ വിനി യോഗിച്ചിട്ടുണ്ട് റോഡ് മെയിന്റനൻസ് ജോലി കൾക്കായി 5000 രൂപ വീതം ചിലവഴിച്ചുകൊ ണ്ടുള്ള റിപ്പയർ വർക്കുകൾ എല്ലാ വാർഡുകളി ലും നടത്തിയിട്ടുണ്ട്.. റോഡിൽ മണ്ണിടുമ്പോൾ അതൊരു താൽക്കാലിക ഓട്ടയടയ്ക്കൽ എന്ന നിലയിലേയ്ക്കു മാത്രമേ എത്തുന്നുള്ളൂ. ഒരു മഴ വന്നാൽ റോഡ് പഴയപടി കുണ്ടുംകുഴിയുമായി തീരുന്ന അവസ്ഥയാണുള്ളത് ഇത്തരം ജോലി കൾ ഒരു കണക്കിനു പാഴ്വേലയും പഞ്ചായത്തു ഫണ്ട് പാഴാക്കുകയുമാണ്. പഞ്ചായത്തിന്റെ വിഭ വചോർച്ച അടയ്ക്കുന്നതിന് റോഡ് സംരക്ഷണം അനി വാര്യമാണ്. മഴക്കാലം തുടങ്ങുന്നതിനു മുൻപേ റോഡിന്റെ ജോലികൾ മുഴുമിപ്പിക്കേണ്ടത് പാഴ്ചി ലവ് ഒഴിവാക്കുവാൻ സഹായിക്കും.

### വൈദ്യുതി

വ്യാവസായിക വളർച്ചയ്ക്ക് വൈദ്യതി അവിഭാജ്യഘടകമാണ്. വൈദ്യതിയുടെ കുറവ് എല്ലാവിധത്തിലും വ്യാവസായിക വളർച്ചയെ തളർത്തുകയാണ്. പുതിയ സംരംഭങ്ങളിലേക്ക് ഇറ ങ്ങിത്തിരിക്കുന്നവർക്ക് ഈ വെല്ലുവിളിയെ ഫല പ്രദമായി നേരിടാൻ കഴിയാത്ത അവസ്ഥയാണ്.

### മനുഷ്യാദ്ധ്വാനം

ഏതൊരു പ്രവർത്തനത്തിന്റേയും ഏറ്റ വും പ്രധാനമായ വിഭവം മനുഷ്യവിഭവം തന്നെയാണ്. പഞ്ചായത്തിലെ 9 വാർഡുകളിലെയും ഗ്രാമ സഭകളിൽ മനുഷ്യാദ്ധ്വാനം വികസപ്രവർത്ത നങ്ങൾക്കു സംഭാവന നൽകാമെന്നുള്ള പ്രഖ്യാ പനംുണ്ടായിയെന്നത് ജനകീയാസൂത്രണപ്രസ്ഥാന ത്തിലൂടെ മീനച്ചിൽ പഞ്ചായത്തിന്റെ സമഗ്രവിക സനത്തിന് വഴിതെളിക്കും എന്നു കരുതാം.

### പ്രശ്നങ്ങൾ

1. വരുമാനത്തിൽ കവിഞ്ഞ ഭരണച്ചിലവ് സർക്കാർ ഗ്രാന്റുകൾ പോലും താത്ക്കാലി കമായി ഭരണനിർവ്വഹണത്തിനായി വഴി മാറി ച്ചിലവിടുന്നു.
2. നികുതിനിർണ്ണയത്തിലും പിരിവിലും അശാ സ്ത്രീയതയും കാര്യക്ഷമതയില്ലായ്മയും പൊതുജനയെതിർപ്പും നിലനിൽക്കുന്നു.
3. ലൈസൻസ് പുതുക്കുന്നകാര്യത്തിൽ സ്ഥാപ നങ്ങൾ ഉദാസീന മനോഭാവം വെച്ചു പുലർ ത്തുന്നു.
4. വിനോദനികുതിയിനത്തിൽ ഒരു പൈസപോ ലും വരുമാനമില്ല.
5. മണൽവാരൽ നിരോധിച്ചതുമൂലം വരുമാനന ഷ്ടം ഉണ്ടായിരുക്കുന്നു.
6. ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ആവശ്യ ക്കാരില്ലാതെ ഒഴിഞ്ഞുകിടക്കുന്നു.
7. വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഇല്ല.

## നിർദ്ദേശങ്ങൾ

1. ഭരണച്ചിലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ഒന്നുകിൽ ജീവനക്കാരുടെ ശമ്പളം, അവരെ നിയമിക്കുകയും നിയന്ത്രിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന സംസ്ഥാനസർക്കാർ തന്നെ നല്കണം. അല്ലാത്തപക്ഷം ഓരോ പഞ്ചായത്തിലും ആവശ്യമായ ജീവനക്കാരുടെ എണ്ണത്തെയും അവരുടെ ശമ്പളത്തെയും കുറിച്ച് തീരുമാനമെടുക്കുന്നതിന് അതാത് പഞ്ചായത്ത് കമ്മറ്റികൾക്ക് അധികാരം നല്കണം. ആദ്യം കേൾക്കുമ്പോൾ അല്പം അരോചകമായിത്തോന്നുമെങ്കിലും അതാത് പ്രദേശങ്ങളിൽ നിന്ന് ഉള്ളവർ അതാത് പഞ്ചായത്തുകളിൽ ജീവനക്കാർ ആയിരിക്കുന്നത് ജനകീയാസൂത്രണത്തിന്റെയും ഗ്രാമസഭകളുടെയും ഈ കാലഘട്ടത്തിൽ കാര്യക്ഷമത വർദ്ധിക്കുന്നതിന് ഇടയാക്കും. ഇന്ന് വിവിധ പഞ്ചായത്തുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ ഇതിനായി അവരവരുടെ പഞ്ചാത്തുകളിൽ തന്നെ കേന്ദ്രീകരിപ്പിച്ചാൽ മകതി. സർക്കാർ ഗ്രാന്റുകൾ ഒരു കാരണവശാലും വഴിമാറിച്ചിലവിടുന്നതിന് അനുവദിക്കാൻ പാടില്ല.
2. പഞ്ചായത്ത് ഏർപ്പെടുത്തുന്ന വിവിധ നികുതി സമ്പ്രദായങ്ങളോട് ബഹുജനങ്ങൾ പുറംതിരിഞ്ഞുനില്ക്കുന്നതിന് പ്രധാനകാരണം തങ്ങൾ നല്കുന്ന നികുതിപ്പണത്തിന് തക്കതായ സേവനം അവർക്ക് തിരികെ പഞ്ചായത്തിൽനിന്ന് കിട്ടുന്നില്ലായെന്നുള്ള തോന്നലാണ്. പഞ്ചായത്തിന്റെ നികുതി വരുമാനത്തിൽ 50% എങ്കിലും വികസന പ്രവർത്തനങ്ങളിലൂടെ അതാതു പഞ്ചായത്തുകളിൽ തന്നെ ചെലവിടുന്നുവെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താനായാൽ ന്യായമായ നികുതി പഞ്ചായത്തുകൾക്ക് നല്കുന്നതിന് ബഹുജനങ്ങൾ സ്വമേധയാ തയ്യാറാവും. കെട്ടിട നികുതി നിർണ്ണയത്തിന്റെയും പിരിവിന്റെയും കാര്യത്തിൽ ചർച്ചകൾ ഗ്രാമസഭകളിൽ കൂടി നടത്തുന്നതിനും അതാത് ഗ്രാമസഭകളുടെ പ്രവർത്തനപരിധിയിൽപെടുന്ന ആളുകളേയും കുടുംബങ്ങളെയും കുറിച്ച് ഇക്കാര്യത്തിലുള്ള വിശദാംശങ്ങൾ അവിടെ വെളിപ്പെടുത്തുന്നതിനു തയ്യാറായാൽ അഴിമതികുറയ്ക്കുന്നതിനും ശാസ്ത്രീയത കൈവരിക്കുന്നതിനും കഴിയും.
3. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധസ്ഥാപനങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തികൊണ്ടുള്ള സെമിനാറുകൾ ആഗസ്റ്റ് ഫെബ്രുവരി മാസങ്ങളിൽ നടത്തണം. ഇത്തരം സെമിനാറുകളിലൂടെ പരസ്പരവിശ്വാസം കൈവരിക്കുന്നതിനും പ്രശ്നപരിഹാരം കണ്ടെത്തുന്നതിനും കഴിയും.
4. പഞ്ചായത്തിൽ ഒരു ഓപ്പൺതീയറ്ററും അതിനോടനുബന്ധിച്ച് ഒരു ചിൽഡ്രൽസ് പാർക്കും സ്ഥാപിച്ച് പ്രവേശനം പാസുമൂലം നിയന്ത്രിച്ചാൽ പഞ്ചായത്തിനതൊരു വരുമാനമാർഗ്ഗമാകും. പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ സ്റ്റേജുകൾ പണിതീർത്ത് വാടകയ്ക്കു കൊടുക്കാവുന്നതാണ്.
5. വർഷകാലങ്ങളിൽ മീനച്ചിലാറ്റിലെ മണൽ വാരുന്നതിനും അതിന്മേൽ പഞ്ചായത്തിന് നികുതിയേർപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുക.
6. ആവശ്യമെങ്കിൽ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ പുനഃക്രമീകരിക്കുകയും മാർക്കറ്റ് മാറ്റി സ്ഥാപിക്കുകകയും ചെയ്യണം
7. പൈകയിലെ മാർക്കറ്റ് മാറ്റിസ്ഥാപിക്കുമ്പോൾ ലഭ്യമാകുന്ന സ്ഥലത്ത് ടാക്സി സ്റ്റാൻഡ് നിർമ്മിക്കണം.
8. ഇടമറ്റത്ത് ഷോപ്പിംഗ് കോംപ്ലക്സും ഓഫീസും സാംസ്കാരികനിലയവും ഉൾപ്പെടുന്ന ഒരു ബഹുനില കെട്ടിടം പണിത് താഴത്തെനില വാടകയ്ക്ക് നല്കാവുന്നതാണ്.

## ജീവിതം

ജനിക്കുക! ജനിപ്പിക്കുക! മരിക്കുക! - തീർന്നോ?

## മനുഷ്യജീവിതം

സാമൂഹ്യപുരോഗതി ലക്ഷ്യമാക്കിയുള്ള ഒന്നായിരിക്കണം.
അതിനുവേണ്ടിയുള്ളതാവണം മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങളും.

## സാമൂഹ്യപുരോഗതി

അവസാനത്തവന്റെ ജീവിതനിലവാരം ഉയർത്തുന്നതിനും പ്രാഥമി കാവശ്യങ്ങൾ നിറവേറ്റുന്നതിനും ഉതകുന്നതായിരിക്കണം അപ്പോൾ

## വികസനം

സമഗ്രമായ യാഥാർത്ഥ്യമായി അനുഭവപ്പെടും അനുഭവപ്പെടണം.

## അഴിമതി

ഇന്ന് ഏറെ ഉപയോഗിക്കപ്പെടുന്ന വാക്ക്
സമൂഹത്തെ മറന്ന് തന്നിലേക്കും തന്റെ കുടുംബത്തിലേക്കും സാമൂ ഹ്യപുരോഗതിക്കായി പ്രവർത്തിക്കേണ്ടവർ ഉൾവലിഞ്ഞതിന്റെ തിക്തഫലം
അഴിമതി ഉന്മൂലനം ചെയ്ത് സാമൂഹ്യപുരോഗതി കൈവരിക്കാൻ പൊതുജനനിലയെന്തെന്നറിഞ്ഞ് ജനപങ്കാളിത്തത്തോടെ പദ്ധതി കൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് കേരളത്തിന്റെ
9-ാം പദ്ധതി - ജനകീയപദ്ധതി നിർണ്ണായകപങ്കുവഹിക്കട്ടെ.
പോരായ്മകൾ ഏറെയുണ്ട്...
പാളിച്ചകൾ സംഭവിച്ചിട്ടുണ്ട്.... എങ്കിലും...
മീനച്ചിൽ ഗ്രാമപഞ്ചായത്തിനെ
സമഗ്രവികസനത്തിന്റെ പാതയിലേക്ക് നയിക്കുന്നതിന്
പുതിയൊരു തുടക്കത്തിന് നാന്ദിയാകുന്ന ഈ കൈപ്പുസ്തകം

## മീനച്ചിൽ ഗ്രാമപഞ്ചായത്ത് വികസനരേഖ 1996

അതിലെ തെറ്റുകുറ്റങ്ങൾ പൊറുത്ത്
ക്രിയാത്മകമായ ചർച്ചയ്ക്കും വിമർശനത്തിനും വഴിമരുന്നിടുമെന്ന പ്രത്യാശയിൽ
ബഹുജനസമക്ഷം വിനയപുരസ്സരം സമർപ്പിക്കുന്നു.

സി.വി.ജോൺ
ജനറൽ കൺവീനർ